സാമ്പത്തിക പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് മാത്രമേ കാര്യങ്ങൾ ചെയ്യാൻ കഴിയൂ. എങ്കിലും കടലാക്രമണം ഉണ്ടായ സ്ഥലങ്ങളിൽ താൽക്കാലികമായിട്ട് അത് തടയാനുള്ള ചില ക്രമീകരണങ്ങൾ ഞങ്ങൾ ചെയ്തിട്ടുണ്ട്

V റിപ്പോർട്ട് സമർപ്പണം

പരിസ്ഥിതി കമ്മിറ്റിയുടെ നാലാമത് റിപ്പോർട്ട്

ശ്രീ. കെ. കെ. നായർ : സർ, പരിസ്ഥിതി സമിതിയുടെ നാലാമത് റിപ്പോർട്ട് ചെയർമാനുവേണ്ടി ഞാൻ സമർപ്പിക്കുന്നു.

അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഇരുപതാമത് റിപ്പോർട്ട്

ശ്രീ. എ. സുജനപാൽ : അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഇരുപതാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

VI ധനകാര്യം

2003-2004 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനാഭ്യർത്ഥന നമ്പർ	ധനാഭ്യർത്ഥനയുടെ പേര്	ബഡ്ജറ്റ് എസ്റ്റിമേറ്റ് 2003-2004				
		18-3-2003-ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക		സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക		
		റവന്യൂ (രൂപ)	മൂലധനം (രൂപ)	റവന്യൂ (രൂപ)	മൂലധനം (രൂപ)	ആകെ (രൂപ)
(1)	(2)	(3)	(4)	(5)	(6)	(7)
XXXVII	വ്യവസായങ്ങൾ	65,53,84,000	21,15,67,000	1,3,10,767,000	42,31,33,000	1,73,39,00,000

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) : സർ, വ്യവസായങ്ങൾ എന്ന XXXVII -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2003-04 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ) : സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) : വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയെ സംബന്ധിക്കുന്ന ചട്ടം 236(3) അനുസരിച്ചുള്ള പ്രസ്താവന ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ,

വ്യവസായങ്ങൾ എന്ന് XXVII -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,73,39,00,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ്.

(ആഗോള നിക്ഷേപ സംഗമത്തിനുശേഷം തുടർനടപടിയെന്നോണം ഇതുവരെ ഒരു വ്യവസായം പോലും യാഥാർത്ഥ്യമാക്കാൻ കഴിയാതെ പോയതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ബിനോയ് വിശ്വം : സർ,

വ്യവസായങ്ങൾ എന്ന XXVII -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,73,39,00,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ്.

(മത്സ്യത്തൊഴിലാളികളുടേയും മറ്റ് ജനവിഭാഗങ്ങളുടെയും പ്രതിഷേധം വകവയ്ക്കാതെ കരിമ്മണൽ ഖനന തീരുമാനവുമായി മുന്നോട്ടുപോകുന്നതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. നാരായണൻ : സർ,

വ്യവസായങ്ങൾ എന്ന് XXVII -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,73,39,00,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ്.

(കൈത്തറി വ്യവസായത്തെയും അതിൽ ജീവിതമാർഗ്ഗം കണ്ടെത്തുന്ന തൊഴിലാളികളേയും സംരക്ഷിക്കുന്നതിനുള്ള യാതൊരു നടപടിയും സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : സർ,

വ്യവസായങ്ങൾ എന്ന XXVII -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,73,39,00,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സംസ്ഥാനത്തുള്ള പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിച്ച് നിലനിർത്തുന്നതിനുള്ള യാതൊരു ശ്രമവും നടത്താതിരിക്കുന്നതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. രാധാകൃഷ്ണൻ : സർ,

വ്യവസായങ്ങൾ എന്ന XXXVII -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക്കകൊള്ളിച്ചിട്ടുള്ള 1,73,39,00,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ്.

(ആഗോള നിക്ഷേപ സംഗമത്തിലവതരിപ്പിച്ച പദ്ധതികൾ നടപ്പിലാക്കാൻ കഴിയാത്തതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി : സർ,

വ്യവസായങ്ങൾ എന്ന XXXVII -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക്കകൊള്ളിച്ചിട്ടുള്ള 1,73,39,00,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ്.

(നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭകരമാക്കുന്നതിനും ലാഭത്തിലുള്ളവയെ കൂടുതൽ ലാഭകരമാക്കുന്നതിനും ഉള്ള പ്രവർത്തനങ്ങളിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. വി. കുഞ്ഞിരാമൻ : സർ,

വ്യവസായങ്ങൾ എന്ന XXXVII -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക്കകൊള്ളിച്ചിട്ടുള്ള 1,73,39,00,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ്.

(ആർ.സി. ചൗധരി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളെ സ്വകാര്യവൽക്കരിക്കുകയോ അടച്ചു പൂട്ടുകയോ ചെയ്യുവാനുള്ളതായി പറയപ്പെടുന്ന നടപടിയെക്കുറിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : സർ,

വ്യവസായങ്ങൾ എന്ന XXXVII -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക്കകൊള്ളിച്ചിട്ടുള്ള 1,73,39,00,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ആഗോള നിക്ഷേപ സംഗമത്തിന്റെ പേരിൽ കോടിക്കണക്കിന് രൂപ ചെലവാക്കിയതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ,

വ്യവസായങ്ങൾ എന്ന XXXVII -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,73,39,00,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ്.

(കശുവണ്ടി വികസന കോർപ്പറേഷന്റേയും, കാപ്പക്സിന്റേയും അടഞ്ഞുകിടക്കുന്ന ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കാൻ നടപടി എടുക്കാത്തതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. പി. മോഹനൻ : സർ,

വ്യവസായങ്ങൾ എന്ന XXXVII -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,73,39,00,000 കയിൽ നിന്ന് ഒരു നൂറ് ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. കെ. ചന്ദ്രൻ : സർ,

വ്യവസായങ്ങൾ എന്ന XXXVII -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,73,39,00,000 കയിൽ നിന്നു ഒരു നൂറ് ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. കെ. ദേവകുമാർ : സർ,

വ്യവസായങ്ങൾ എന്ന XXXVII -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,73,39,00,000 കയിൽ നിന്ന് ഒരു നൂറ് ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. സി. കബീർ : സർ,

വ്യവസായങ്ങൾ എന്ന XXXVII -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,73,39,00,000 കയിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. കെ. ജയചന്ദ്രൻ : സർ,

വ്യവസായങ്ങൾ എന്ന XXXVII -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,73,39,00,000 കയിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മത്തായി ചാക്കോ : സർ,

വ്യവസായങ്ങൾ എന്ന XXXVII -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,73,39,00,000 കയിൽ നിന്ന് ഒരു നൂറു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. കെ. സി. മമ്മത് കോയ : സർ,

വ്യവസായങ്ങൾ എന്ന XXXVII -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,73,39,00,000 കയിൽ നിന്ന് ഒരു നൂറു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. എ. അസീസ് : സർ,

വ്യവസായങ്ങൾ എന്ന XXXVII -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,73,39,00,000 കയിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. കെ. ദേവകുമാർ : സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുകയാണ്. യു.ഡി.എഫ്. ഗവൺമെന്റിന്റെ പ്രവർത്തനം വ്യവസായമേഖലയെ അക്ഷരാർത്ഥത്തിൽ ഒരു ശവപ്പറമ്പാക്കിമാറ്റിയെന്നതാണ് സത്യം അവകാശവാദങ്ങളൊക്കെത്തന്നെ അടിസ്ഥാനരഹിതമാണെന്ന് പരിശോധിച്ചാൽ ബോദ്ധ്യപ്പെടാൻ കഴിയും. ഇന്ന് കയർ, കശുവണ്ടി, കൈത്തറി, ചെത്ത് തുടങ്ങിയ പരമ്പരാഗത മേഖലകളിൽ 12 ലക്ഷം തൊഴിലാളികൾ തൊഴിൽരഹിതരായിരിക്കുന്നു എന്നതാണ് വസ്തുത. 46 ലക്ഷം കുടുംബാംഗങ്ങൾ തൊഴിൽരഹിതരായിട്ടുണ്ട്. കഴിഞ്ഞ ദിവസം വ്യവസായ വകുപ്പുമന്ത്രി ഈ

LIBRARY ARCHIVES Kerala Legislative Assembly

സഭയിൽ പറഞ്ഞത് രണ്ട് വർഷമായി കശുവണ്ടി മേഖലയിൽ എന്ത് ചെയ്യണമെന്നതിനെ സംബന്ധിച്ച് ഞങ്ങൾ ആലോചിച്ചു കൊണ്ടിരിക്കുകയാണെന്ന്. 23 തോട്ടങ്ങൾ അടച്ചുപൂട്ടിയതിന്റെ പേരിൽ 23000 പേർക്ക് തൊഴിൽ നഷ്ടപ്പെടുകയും 18 പേർ ആത്മഹത്യ ചെയ്യുകയും ചെയ്തു. ഈ രണ്ടു വർഷത്തിനുള്ളിൽ എന്നത് ഒരു സർക്കാരിനു എങ്ങനെ അഭിമാനിക്കാൻ കഴിയും എന്നത് ഈ സന്ദർഭത്തിൽ പരിശോധിക്കപ്പെടേണ്ടുന്ന കാര്യമാണ്. ഇവിടെ ഈ അവകാശവാദങ്ങൾ ഉന്നയിക്കുമ്പോൾ ഒരു ഇൻഡസ്ട്രിയൽ പോളിസി നിങ്ങൾ ഡിക്ളയർ ചെയ്തിട്ടുണ്ട്. ഇൻഡസ്ട്രിയൽ പോളിസിയിൽ നിങ്ങൾ പറഞ്ഞിരിക്കുന്നത് ഒന്ന് വായിച്ചു നോക്കാൻ ഈ ഡിമാന്റ് ചർച്ചയിൽ മറുപടി പറയുമ്പോഴെങ്കിലും ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി തയ്യാറാകുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. പതിനെട്ടാമത്തെ പേജിൽ സമയക്കുറവുള്ളതുകൊണ്ട് എല്ലാം ഞാൻ വായിക്കുന്നില്ല, for creating safetyness for employees and budgetary suport for infrastructure എങ്ങനെയിരിക്കുന്നു ഇൻഫ്രാസ്ട്രക്ച്ചറും തൊഴിലാളികളുടെ ക്ഷേമവും ഒന്ന് പരിശോധിക്കുമോ ? കേരളത്തിൽ അടച്ചുപൂട്ടിയ വ്യവസായങ്ങൾ എത്രയാണ് ? കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിൽ എഫ്.എ.സി.ടി. ഉൾപ്പെടെ 8 എണ്ണം വിൽക്കാൻ വച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രി ഇതിൽ മുൻകൈയെടുത്തിട്ടുണ്ട്, അതിനെ കാണാതിരിക്കാൻ ഞാൻ ശ്രമിക്കുന്നില്ല. ബാക്കിയുള്ളതിനെ സംബന്ധിച്ച് വസ്തുതാപരമായി പരിശോധിക്കുമ്പോഴാണ് അടച്ചുപൂട്ടപ്പെട്ട സ്ഥാപനങ്ങളുടെ എണ്ണം, അത് ഒരിക്കലും നമുക്ക് അംഗീകരിക്കാൻ പറ്റാത്ത സ്ഥിതിയാണ്. 52 പൊതുമേഖലാസ്ഥാപനങ്ങൾ 2 വർഷംകൊണ്ട് അടച്ചുപൂട്ടിയില്ലേ ? സ്വകാര്യസ്ഥാപനങ്ങൾ 252 എണ്ണം. ജില്ല തിരിച്ചുള്ള ലിസ്റ്റ് സമയം തന്നാൽ ഞാൻ വായിക്കാൻ തയ്യാറാണ്. ഈ അടച്ചുപൂട്ടിയ പൊതുമേഖലാസ്ഥാപനങ്ങളിൽ പലതും വൈദ്യുതി ചാർജ് കൂടിയതിന്റെ പേരിൽ അടച്ചുപൂട്ടിയതല്ലേ ? ഇൻഫ്രാസ്ട്രക്ചർ വർദ്ധിപ്പിക്കാൻ ഇടവും വലവും ഇരിക്കുന്നല്ലോ ! ബഹുമാനപ്പെട്ട ടി. എം. ജേക്കബ്, പറഞ്ഞു ഡൊമസ്റ്റിക് പർപ്പസിനുള്ള വെള്ളത്തിന്റെ വില വർദ്ധിപ്പിക്കുകയില്ലെന്ന്. എന്നു പറഞ്ഞാൽ വ്യവസായ ആവശ്യത്തിനുള്ള വെള്ളത്തിന്റെ വില വർദ്ധിപ്പിക്കുന്നുണ്ട്. തൊട്ടുപുറകിൽ ഇരിക്കുന്ന വിദ്യുച്ഛക്തി വകുപ്പുമന്ത്രി കറണ്ട് ചാർജ് വർദ്ധിപ്പിച്ചതുകാരണം പാലക്കാട് ജില്ലയിൽ ഒരു വ്യവസായി വൈദ്യുതി ചാർജ് അടയ്ക്കാതെ രാജ്യം വിട്ടു. അങ്ങേയ്ക്ക് നിഷേധിക്കാമോ ? എന്നിട്ട് ഞങ്ങളോട് പറയുകയാണ് പ്രതിപക്ഷം സഹകരിക്കണം എന്ന്. വികസനത്തിന് പ്രതിപക്ഷം എതിരാണത്രേ. വൈദ്യുതി ചാർജ് ഒരുവശത്ത് വർദ്ധിപ്പിക്കുന്നു. മറുഭാഗത്ത് വെള്ളത്തിന്റെ ചാർജ് വർദ്ധിപ്പിക്കുന്നു. ഇതാണ് ഇൻഫ്രാസ്ട്രക്ചറിനെ സഹായിക്കുന്നത്. സ്വകാര്യസ്ഥാപനങ്ങൾ 252 എണ്ണമാണ് പൂട്ടിയത്. നിങ്ങൾ ഇവിടെ 'ജിം' നടത്തിയതല്ലേ ? അതിനെപ്പറ്റി ഞാൻ പിന്നെപ്പറയാം. രാജാക്കന്മാരെക്കാൾ വലിയ രാജഭക്തിയല്ലേ നിങ്ങൾ ഇവിടെ കാണിക്കുന്നത് ? പൊതുമേഖലാസ്ഥാപനങ്ങൾ എവിടെയാണ് ? ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് ഉൾപ്പെടെയുള്ള ഒരു കമ്മിറ്റിയിൽ വ്യവസായ

LIBRARY ARCHIVES Kerala Legislative Assembly

വകുപ്പുമന്ത്രിപറഞ്ഞു ചൗധരി കമ്മിറ്റി റിപ്പോർട്ട് അപ്രോച്ച് പേപ്പർ മാത്രമാണ്, സർക്കാർ അത് എടുക്കുന്നില്ല, രാഷ്ട്രീയ തീരുമാനം എടുത്തു, ഉപസമിതി ചർച്ച ചെയ്യുന്നു. എന്നൊക്കെ ഉപസമിതിയുടെ റിപ്പോർട്ടിൽ പറയുന്നത് ചൗധരി കമ്മിറ്റി 5 എണ്ണം വിൽക്കാൻ വച്ചിരിക്കുന്നു, 25 എണ്ണം ലിസ്റ്റ് ചെയ്തു. 2005 മാർച്ച് 31 ന് മുമ്പ് 25 പൊതുമേഖലാസ്ഥാപനങ്ങളിൽ 5 എണ്ണം വിൽക്കാൻ വച്ചിരിക്കുകയാണ്. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ യു.ഡി.എഫ്. ചെയ്തത് എന്താണ് ? ചൗധരി കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിങ്ങൾ 5 എണ്ണം വിൽക്കാൻ കമ്പോളത്തിൽ വച്ചിരിക്കുന്നു. അതുപോലെതന്നെ പൊതുമേഖലാസ്ഥാപനം കേന്ദ്രം കൈകാര്യം ചെയ്യുന്നത്, ഒറ്റ ഉദാഹരണം ഞാൻ പറയാം. കൊല്ലത്തെ മീറ്റർ കമ്പനി . കേരളത്തിലെ ബ്ലൂചിപ്സ് കമ്പനിയിൽപ്പെടുന്നു എന്നു വിശേഷിപ്പിക്കാവുന്ന ഒരു കമ്പനിയാണ്, തർക്കം ഉണ്ടാകുമെന്നു തോന്നുന്നില്ല. അടച്ചുതീർത്ത ഓഹരിമൂലധനം 356 ലക്ഷം രൂപ. 16 വർഷമായി ലാഭത്തിൽ പ്രവർത്തിക്കുന്ന സർക്കാർ സ്ഥാപനമാണ്. 2001 - 02 ലെ ലാഭം 338 ലക്ഷം രൂപ. ഗ്യാരന്റി കമ്മീഷനായും ടാക്സായും പ്രതിവർഷം സർക്കാരിലേയ്ക്ക് വരുന്നത് 350 ലക്ഷം രൂപ. കരുതൽ ധനമായി കമ്പനിക്കുള്ളത് 7 കോടി രൂപ. 31-3-2002-ലെ മീറ്റർ കമ്പനിയുടെ ആസ്തി 1031 ലക്ഷം രൂപ. 52 വർഷത്തെ പഴക്കമുള്ള ഈ സ്ഥാപനം 2001 ജനുവരി മാസം 31-ാം തീയതി സർക്കാരും കെ.എസ്.ഇ.ബി.യും കൂടി ഒരു എഗ്രിമെന്റ് ഉണ്ടാക്കി. 2004 ഫെബ്രുവരി മാസംവരെ 520 രൂപ ക്രമത്തിൽ അവിടെ ഉൽപ്പാദിപ്പിക്കുന്ന എല്ലാ മെക്കാനിക്കൽ കിറ്റുകളും വാങ്ങിക്കൊള്ളാമെന്ന് പറഞ്ഞു. നിങ്ങൾ അധികാരത്തിൽ വന്നു ആ എഗ്രിമെന്റ് ക്യാൻസൽ ചെയ്തു. സത്യമല്ലേ ? തമിഴ്നാട്, ആന്ധ്ര, ഒറീസ, കർണ്ണാടകം, ഡൽഹി, മഹാരാഷ്ട്ര, ഗുജറാത്ത്, എന്നീ സംസ്ഥാനങ്ങൾ പറഞ്ഞു ഈ സാധനം കൊള്ളത്തില്ല എന്ന്. ഇവിടെ 15 രൂപയ്ക്ക് ഇലക്ട്രോണിക് വാച്ച് കിട്ടും 15 രൂപയ്ക്ക് ആ വാച്ച് ആരെങ്കിലും വാങ്ങിക്കെട്ടുമോ. എന്റെ അച്ഛൻ വാങ്ങിച്ചുവച്ച മീറ്ററാണ് കഴിഞ്ഞ 15 വർഷമായി ഇപ്പോഴും എന്റെ വീട്ടിൽ ഉപയോഗിക്കുന്നത്. നിങ്ങൾ ഇപ്പോൾ പറയുന്നു ഇലക്ട്രോണിക് മീറ്റർ വയ്ക്കണമെന്ന്. എന്നിട്ട് ചെയ്തത് എന്താണ്. ഇതൊരു പരാജയമാണെന്നു കണ്ട് മറ്റ് സംസ്ഥാനങ്ങൾ നിർത്തലാക്കിയപ്പോൾ ഇവിടെ ഇലക്ട്രോണിക് മീറ്റർ നടപ്പിലാക്കാൻ തീരുമാനിച്ചു. 901.16 രൂപയ്ക്ക് യു.പി.യിലെ സ്വകാര്യസ്ഥാപനമായ ഇലക്ട്രോണിക്സ് എനർജി എക്യുപ്മെന്റ്സ് എന്നു പറയുന്ന സ്ഥാപനത്തിന് സംസ്ഥാന വൈദ്യുതി ബോർഡ് ഉത്തരവ് കൊടുത്തു. മീറ്റർ കമ്പനിക്ക് കൊടുത്ത കാശ് എത്രയാണ് ? 382 രൂപ യു.പി.യിലെ സ്വകാര്യ കമ്പനിക്ക് 900 രൂപയ്ക്ക് നിങ്ങളുടെ ഗവൺമെന്റ് കൊടുത്തു. ഞാൻ ചലഞ്ച് ചെയ്യുന്നു. 382 രൂപ വച്ച് 5000 മീറ്ററിനു മാത്രമാണ് സർക്കാർ മീറ്റർ കമ്പനിക്ക് ഓർഡർ കൊടുത്തത് 5,69,37,000 രൂപ സ്വകാര്യ മീറ്റർ കമ്പനിയുടെ ഓർഡർ നടപ്പിലാക്കുകവഴി നഷ്ടത്തിലായി. വ്യവസായ വകുപ്പുമന്ത്രിക്ക് നിഷേധിക്കാൻ കഴിയുമോ. ഇപ്പോൾ മന്ത്രി ഒരു പ്രഖ്യാപനം നടത്തി 348 രൂപയ്ക്ക് മീറ്റർ കമ്പനികളിൽനിന്നു മേടിച്ചുകൊള്ളാം എന്ന്. 901 രൂപയ്ക്കാണ് യു.പി.യിലെ സ്വകാര്യമുതലാളിമാരിൽ

LIBRARY ARCHIVES Kerala Legislative Assembly

നിന്ന് മീറ്റർ വാങ്ങിയത്. 348 രൂപയ്ക്ക് മീറ്റർ വാങ്ങിച്ചാൽ നികുതികഴിച്ച് 282 രൂപ മീറ്റർ കമ്പനിക്ക് കിട്ടും. 400 രൂപവേണം മെറ്റീരിയൽ കോസ്റ്റിന്. അതിനുപുറമെ ജോലിക്കൂലി കൊടുക്കണം. 500 രൂപ ചെലവ് വരുന്ന ഇതിന് ഇപ്പോൾ ഓർഡർ എടുത്താൽ 3,69,80,000 രൂപ. മീറ്റർ കമ്പനിക്ക് നഷ്ടം വരും നിങ്ങളുടെ ഈ ഉത്തരവ് കാരണം. ഇത് എന്തിനുള്ള നീക്കമാണെന്നറിയാമോ ? ബ്ലൂചിപ്സ് ലിസ്റ്റിൽപ്പെട്ട ഈ കമ്പനി ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ഒന്നു ശ്രദ്ധിക്കണം. നിങ്ങളുടെ വകുപ്പിൽ നിന്നു ഒരു ഉത്തരവ് ഇറക്കിയിട്ടുണ്ട്. അങ്ങയുടെ വകുപ്പിൽ നിന്ന് ഇറക്കിയിരിക്കുന്ന ഉത്തരവ് 150 പേർക്ക് 350 ലക്ഷം രൂപകൊടുത്ത് വി.ആർ.എസ്.കൊടുത്തു പിരിച്ചുവിടുക, എന്നിട്ട് ഈ കമ്പനിയെ വിൽക്കാൻ പോവുകയാണ്. അങ്ങയുടെ വകുപ്പിൽനിന്നു 24-5-2003 - ന് ഉത്തരവ് ഇറക്കിയിരിക്കുകയാണ്. സർ, ഒരു 5 മിനിറ്റുകൂടിത്തരണം.

മി. സ്പീക്കർ : You have two minutes, രണ്ടു മിനിറ്റ് കൂടി ഉണ്ട്.

ശ്രീ. ടി. കെ. ദേവകുമാർ : സർ, 'ജിം'-ന്റെ കാര്യംകൂടി പറയാതെ പറ്റില്ല. അതാണ് എഴുതിയിരിക്കുന്നത്. 'ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ്' എന്ന കേന്ദ്ര പൊതുമേഖല സ്ഥാപനം ലാഭത്തിൽ പ്രവർത്തിക്കുന്ന കഞ്ചിക്കോട്ടെ യൂണിറ്റ് വിറ്റു കാശ് മേടിച്ചു കേന്ദ്ര ഗവൺമെന്റ്. നിങ്ങളോ ? ടെക്സ്റ്റയിൽ രംഗത്ത് ലാഭത്തിൽ പ്രവർത്തിക്കുന്ന കോട്ടയത്തെ മില്ല് കൊടുത്ത് കാശ് മേടിച്ചു . സത്യമല്ലേ ? ആ മില്ല് ഇന്നു തുടങ്ങണമെങ്കിൽ എത്രയായിരം രൂപവേണം ? 25000 സ്പിന്നുകളുള്ള ഒരു മില്ല് തുടങ്ങണമെങ്കിൽ 60 കോടി രൂപ വേണം. അത് നിങ്ങൾ തുച്ഛമായ വിലയ്ക്ക് വിൽക്കാൻ തയ്യാറായതല്ലേ ? ശ്രീ. ആര്യാടൻ മുഹമ്മദും ശ്രീ. താമരാക്ഷനും പറഞ്ഞു 6.33 കോടി രൂപ മുടക്കാമെങ്കിൽ അത് പുനരുദ്ധരിക്കാമെന്ന്. ലോക മാർക്കറ്റിൽ കോംപീറ്റ് ചെയ്യാമെന്ന്. മാറാട് കാര്യത്തിൽ ബി.ജെ.പി.യും മുസ്ലീംലീഗും രണ്ട് തട്ടിലാണെങ്കിലും വ്യവസായം കൈകാര്യം ചെയ്യുന്ന കാര്യത്തിൽ ഇവർ ഒരുതട്ടിലല്ലേ, അതല്ലേ നടത്തിക്കൊണ്ടിരിക്കുന്നത് ? 'ജിം' നടപ്പാക്കി. അതിനെക്കുറിച്ച് പറയാതെ പറ്റില്ല. ജിം-ന്റെ ബാക്കിപത്രം എന്താണ് ? നാട്ടുകാരും കോൺഗ്രസുകാരുമെല്ലാം ഒത്തുകൂവി. കരിമണൽ ഖനനം കൊണ്ടുവന്നിരിക്കുന്ന ആലപ്പുഴ തീരപ്രദേശത്ത് തൊട്ടപ്പുറത്തിരിക്കുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഹൃദയസൂക്ഷിപ്പുകാരൻ ശ്രീ. വി. എം. സുധീരൻ ആലപ്പുഴയുടെ എം.പി., അദ്ദേഹം പറയുന്നു കേരളത്തിലെ ഏറ്റവും വലിയ രാഷ്ട്രീയ അഴിമതിയാണ് ഇതെന്ന്. അത് അല്ലെന്ന് തെളിയിക്കേണ്ട ബാദ്ധ്യത അപ്പുറത്തിരിക്കുന്ന മുഖ്യമന്ത്രിക്കും വ്യവസായവകുപ്പ് മന്ത്രിക്കുമുണ്ട്. ശ്രീ. വി.എം. സുധീരൻ ഉന്നയിച്ച ആരോപണം തെറ്റാണെന്നു തെളിയിക്കാനുള്ള ബാദ്ധ്യത മുഖ്യമന്ത്രിക്കുണ്ട്. കരിമണൽ ഖനനത്തിന് കൊടുത്തിരിക്കുന്ന അനുമതി പിൻവലിക്കണമെന്നാണ് ഞങ്ങൾ ആവശ്യപ്പെട്ടത്. നിങ്ങൾ 'ജിം'ൽ ചെയ്തിരിക്കുന്നത് എന്താണ് ? 250 ഏക്കർ സർക്കാർ സ്ഥലം സ്വകാര്യ മുതലാളിമാർക്ക് കൊടുക്കുകയാണ് ചെയ്തത്. കൊച്ചി ഷൺമുഖം റോഡിലാണ് 60 ഏക്കർ സ്ഥലം. 150 കോടി രൂപയാണ് വില. അവിടുത്തെ ഒരു ഏക്കറിന്റെ

LIBRARY ARCHIVES Kerala Legislative Assembly

വില പത്തു കോടി രൂപയാണ്. 60 ഏക്കർ സ്ഥലമാകുമ്പോൾ എത്ര കോടി രൂപ വരും ? അതാണ് 150 കോടി രൂപയ്ക്ക് വിൽക്കുന്നത്. നിങ്ങൾ ഇവിടെ ഒരു പ്രത്യേക സാമ്പത്തിക മേഖലയുണ്ടാക്കുന്നു. ആർക്കു വേണ്ടി ? കേരളത്തിലെ 50 ലക്ഷം തൊഴിലില്ലാത്തവർക്കു വേണ്ടിയാണോ ? ജിം-ൽ ഉണ്ടാക്കിയ മുഴുവൻ പദ്ധതികൾക്കും, 250 ഏക്കർ സ്ഥലം നിങ്ങൾ തുച്ഛമായ വിലയ്ക്ക് എഴുതി കൊടുക്കുകയല്ലേ ? അതല്ലേ 'ജിം'-ന്റെ ബാക്കി പത്രം. അഞ്ച് കോടി രൂപ ചെലവഴിച്ചില്ലേ ? സബ്ജക്ട് കമ്മിറ്റിയിൽ നിങ്ങൾ എന്താണ് പറഞ്ഞത് ? കണക്ക് തരാമെന്നു പറഞ്ഞു. ഇതുവരെ കിട്ടിയിട്ടില്ല. അവിടെ എതിർത്തതു കൊണ്ടാണോ ? സദുദ്ദേശപരമായ പണിമുടക്കിനെ നിങ്ങൾ സ്വാഗതം ചെയ്യുന്നു എന്നു പറഞ്ഞു. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും ഉപനേതാവും പറഞ്ഞു 'ഞങ്ങൾ തകർക്കാൻ ശ്രമിച്ചത് ഏതാണെന്നു പറയണം' എന്ന്. പക്ഷേ നിങ്ങൾ ചെയ്ത ഏർപ്പാട് കേരളത്തിന്റെ പൊതു സ്വത്ത് ആളുകൾക്ക് വില്ക്കാൻ ശ്രമിക്കുന്നു. ക്യാബിനറ്റ് എടുത്ത തീരുമാനം റദ്ദ് ചെയ്യാൻ തയ്യാറാണോ ? അതിനെ സംബന്ധിച്ചിടത്തോളം ഭരണകക്ഷി നടത്തിയ അഴിമതി ആരോപണത്തെപ്പറ്റി വ്യക്തത ഉണ്ടാക്കുവാൻ നിങ്ങൾ ബാദ്ധ്യസ്ഥരാണ്. അതിന് വ്യക്തത ഉണ്ടാക്കുവാൻ നിങ്ങൾ തയ്യാറാകണം. മുഖ്യമന്ത്രിയും വ്യവസായ വകുപ്പുമന്ത്രിയും കൂടിയിരുന്നു ക്യാബിനറ്റ് എടുത്ത തീരുമാനം ഏറ്റവും വലിയ രാഷ്ട്രീയ അഴിമതിയാണെന്ന് പറഞ്ഞിരിക്കുന്നു. അദ്ദേഹം എം.പി.സ്ഥാനം രാജിവയ്ക്കുമെന്ന് ഭീഷണിപ്പെടുത്തിയിരിക്കുകയാണ്. ഞങ്ങളുടെ ആവശ്യം നിങ്ങളുടെ വില നിർണ്ണയം തിരുത്തണമെന്നുള്ളതാണ്. ആ ഉത്തരവ് റദ്ദ് ചെയ്യുന്നതോടൊപ്പം മൈനിംഗ് പോളിസിയും തിരുത്തണം. വിദേശ പ്രോഡക്ട്സ് നിറുത്തണം. വാല്യൂ ആഡഡ് പ്രോഡക്ട്സ് ഉണ്ടാക്കാം ; തൊഴിലവസരമുണ്ടാക്കാം. അല്ലാതെ രാജ്യത്തിന്റെ അതിരുവയ്ക്കലല്ല വ്യവസായ വികസനം. കേരളമിന്ന് എവിടെ ചെന്നെത്തിയിരിക്കുന്നു ? 'ജിം'ന്റെ ബാക്കിപത്രം നാല്പത് പദ്ധതികളാണല്ലോ അംഗീകരിച്ചിരിക്കുന്നത്. എത്രകോടിയോളമെന്ന് മറുപടിയിൽ വെളിപ്പെടുത്തണം. മന്ത്രിസഭ അംഗീകരിച്ച നാല്പത് പദ്ധതികൾക്ക് എത്ര കോടി രൂപയുടെ മുതൽമുടക്ക് വരും ; എത്ര പേർക്ക് തൊഴിൽ കിട്ടും എന്നുള്ളത് വെളിപ്പെടുത്താൻ തയ്യാറാകണം. ആഗോള നിക്ഷേപ സമാഹരണം, 'ജിം' എന്നു പറഞ്ഞ് നിങ്ങൾ നടത്തിയ മാമാങ്കം ഉണ്ടല്ലോ, ഈ മാമാങ്കം കേരളത്തിന്റെ പൊതുമുതൽ സ്വകാര്യ മുതലാളിമാർക്ക് കൊടുത്തു. 'ജിം'ൽ വച്ച പദ്ധതി മേശപ്പുറത്തു വയ്ക്കാമ്മോ ? നമുക്ക് ചർച്ച ചെയ്യാം. ആ പദ്ധതിയെ സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ സൂചിപ്പിച്ചല്ലോ. സ്വകാര്യ മെഡിക്കൽ കോളേജിനെ സംബന്ധിച്ച് ഉറപ്പ് കൊടുക്കാമ്മോ ? ആ പദ്ധതി ഇന്ന് കേരളത്തിന്റെ അഞ്ച് മെഡിക്കൽ കോളേജിന്റെ നൂറ് ഏക്കർ സ്ഥലം 91 കോടി രൂപയുടെ പ്രോജക്ടിന് നിങ്ങൾ മാറ്റി വച്ചിരിക്കുകയാണ്. കേരളത്തിലെ മുഴുവൻ രോഗികളെയും ഏറ്റെടുക്കാം. steady flow of patients എന്ന് എഴുതിവച്ചിട്ടുണ്ട്. എക്യുപ്മെന്റ്സ്, ഡോക്ടേഴ്സ്, സ്റ്റാഫ് ഇതെല്ലാം കൊടുക്കാമെന്നാണ് എഴുതി വച്ചിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ശ്രീ. ദേവകുമാർ ഇനി പറയുന്നതൊന്നും രേഖയിൽ കാണുകയില്ല. പബ്ളിഷ് ചെയ്യുകയുമില്ല.

ശ്രീ. ടി. കെ. ദേവകുമാർ : ഞാൻ ക്ളോസ് ചെയ്യുന്നു. കേരളത്തിന്റെ ഇന്നത്തെ വ്യവസായ അന്തരീക്ഷം ഈ രീതിയിലാക്കിയ ഗവൺമെന്റിന്റെ നയം തിരുത്താൻ തയ്യാറാകാത്തതുകൊണ്ടുതന്നെ ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുന്നു.

ശ്രീ. പി. ടി. തോമസ് : സർ, ഞാൻ ധനാഭ്യർത്ഥനയെ അനുകൂലിക്കുകയാണ്. ആവിയന്ത്രത്തിന്റേയും വെടിമരുന്നിന്റേയും കണ്ടുപിടിത്തത്തിനെത്തുടർന്ന് ആരംഭിച്ച വ്യവസായ വിപ്ളവം ഇന്ന് ഹ്യൂമൻ ജിനോ പ്രോജക്ടിന്റേയും ഇൻട്രാക്ട് ടി.വി.യുടെയുമൊക്കെ യുഗത്തിൽ എത്തി നിൽക്കുകയാണ്. അതോടൊപ്പം നാം ഓടിയെത്തിയില്ലെങ്കിൽ മനുഷ്യ സമൂഹത്തിൽ പിടിച്ചു നില്ക്കാൻ കഴിയാത്ത ഒരു സാഹചര്യം ഉണ്ടാകുമെന്ന ലോക യാഥാർത്ഥ്യം നാം തിരിച്ചറിയേണ്ടതായിട്ടുണ്ട്. ആൽഡക്സ് ഹക്സ്ലിയുടെ "ധീരനൂതന ലോകത്തിൽ"നിന്നും ബഹുദൂരം മുന്നോട്ട് പോയിരിക്കുകയാണ്. ഈ മാറ്റങ്ങളെ സ്വാംശീകരിക്കുവാൻ കഴിയാത്ത ആളുകൾ പിന്തളളപ്പെടും എന്നുളളതിന്റെ തെളിവാണ് സോവിയറ്റ് റഷ്യയിലുണ്ടായ വർത്തമാനകാല ദുരന്തമെന്ന് പറയുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. ലോകത്തിലെ ഏറ്റവും വലിയ വർക്ക്ഫോഴ്സ് എന്നു പറയുന്നത് ഇൻഡ്യയിലാണ്. 315 മില്ല്യനാണ് ജോലി എടുക്കുവാൻ കഴിയുന്നവരുടെ അംഗസംഖ്യ. നമ്മുടെ രാജ്യത്ത് അതിൽ കേവലം 9.4 ശതമാനം മാത്രമാണ് ഓർഗനൈസ്ഡ് സെക്ടറിലുളളത്. ആ ഓർഗനൈസ്ഡ് സെക്ടറിലുളള ആളുകളെ സംഘടിപ്പിക്കുവാൻ മാത്രമാണ് രാഷ്ട്രീയ പാർട്ടികളും സംഘടിത ട്രേഡ് യൂണിയനുകളും മുന്നോട്ടു വന്നിട്ടുളളത്. അൺ ഓർഗനൈസ്ഡ് സെക്ടറിലുളള ദശലക്ഷക്കണക്കിന് ആളുകളെ സംബന്ധിച്ച് ആരും പറയുന്നില്ല. അതുകൊണ്ടുതന്നെ അൺ ഓർഗനൈസ്ഡ് സെക്ടറിലുളള ആളുകളുടെ കാര്യം ദയനീയമാണ്. അവരെക്കൂടി ശ്രദ്ധിക്കാതെ മുന്നോട്ടു പോകുവാൻ കഴിയുകയില്ല. അതുകൊണ്ടാണ് ലോക പ്രശസ്തനായ ശ്രീ. അമർത്യാ സെൻ നമ്മുടെ നാട്ടിൽത്തന്നെ വന്ന് ചില സത്യങ്ങൾ പറഞ്ഞത്, സാമ്പത്തിക പരിഷ്ക്കരണത്തിൽ ഇടതുപക്ഷ പ്രസ്ഥാനം തുടരുന്നനയം തിരുത്തണമെന്നും അദ്ദേഹം ആവശ്യപ്പെട്ടതുമറക്കരുത്. 'എക്കണോമിക് ഡവലപ്മെന്റ് ആന്റ് സോഷ്യൽ ഓപ്പർച്ച്യൂണിറ്റി' എന്ന പുസ്തകത്തിൽ അദ്ദേഹം അടിവരയിട്ട് പറയുന്ന ഒരു കാര്യം ഇവിടെ ഇടതുപക്ഷം പുരോഗതിക്കെതിരായി നിൽക്കുന്നു അല്ലെങ്കിൽ സാമ്പത്തിക പരിഷ്ക്കരണത്തെ എതിർക്കുന്നു എന്നാണ്. 'ദാരിദ്ര്യവും ക്ഷാമവും' എന്ന പുസ്തകത്തിൽ അദ്ദേഹം മറ്റ് ചില കാര്യങ്ങൾ കൂടി പറയുന്നുണ്ട്. നമ്മുടെ രാജ്യത്തിന്റെ സാമ്പത്തിക പ്രശ്നം ത്വരിതപ്പെടുത്തിയിരിക്കുന്നതിനുളള പ്രധാനപ്പെട്ട കാരണങ്ങളായ പൗരസ്വാതന്ത്ര്യവും പത്രസ്വാതന്ത്ര്യവും ഒരു ജനാധിപത്യ രാജ്യത്തിന് അനുകൂലമായിട്ട് നല്കിയിട്ടും സോഷ്യൽ സെക്യൂരിറ്റി മെഷേഴ്സിൽ നമുക്ക് മുന്നോട്ടു പോകുവാൻ കഴിയാത്ത ഒരു നിലപാടിനെ സംബന്ധിച്ച് അദ്ദേഹം പറയുന്നുണ്ട്. ഇന്ന് നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായ മേഖലയുടെ സ്ഥിതി എന്താണ് ? കേരളത്തിലെ നൂറ്റിപ്പന്ത്രണ്ടോളം പൊതു മേഖലാ സ്ഥാപനങ്ങളിൽ മൂന്നുനാലെണ്ണം പ്രവർത്തിക്കുന്നില്ല. അവ പൂട്ടലിന്റെ വക്കിലാണ്. 17,429 കോടി രൂപ മൂലധന നിക്ഷേപമുള്ള നമ്മുടെ 112 പൊതുമേഖലാ സ്ഥാപനങ്ങളിലെല്ലാം കൂടി പണിയെടുക്കുന്നത് ഏകദേശം 1,24,500 ആളുകളാണ്. 124,500 ആളുകൾ പണിയെടുക്കുന്ന 17,425 കോടിയോളം രൂപ മുതൽമുടക്കുള്ള ഈ പൊതു മേഖലയെ രക്ഷിക്കുവാൻ വർഷാവർഷം 250 കോടി രൂപ, നമ്മുടെ ഖജനാവിലെ പാവങ്ങളുടെ പണം വീണ്ടും മുടക്കേണ്ടതുണ്ടോ ? മൂന്നരകോടി ജനങ്ങളിൽ 1,24,500 കഴിച്ചുള്ള ബാക്കിയുള്ളവർക്കു കൂടി കിട്ടേണ്ട പണം ഇവർക്ക് മാത്രമായി കൊടുക്കേണ്ടതുണ്ടോ ? ഞാൻ തൊഴിലാളി വിരുദ്ധനല്ല. നമ്മുടെ തൊഴിൽ മേഖല ദിനംതോറും കീഴോട്ട് പോകുമ്പോൾ ഇതിനുവേണ്ടി മാത്രമായിട്ട് വീണ്ടും പണം ചെലവഴിക്കണമെന്നാരെങ്കിലും പറയുമോ ? കെ.എസ്.ഇ.ബി ., കെ.എസ്.ആർ.ടി.സി., കാഷ്യൂ, വാട്ടർ അതോറിറ്റി എന്നിവയിലാണ് എൺപതിനായിരത്തോളം, തൊഴിലാളികൾ പണിയെടുക്കുന്നത് ട്രേഡ് യൂണിയൻ നേതാക്കൻമാരിൽ മഹാഭൂരിപക്ഷവും സംഘടിത തൊഴിലാളികൾക്ക് വേണ്ടി മാത്രമാണ് മുദ്രാവാക്യം മുഴക്കുന്നത്. മറ്റ് തൊഴിലാളികൾക്ക് വേണ്ടി അതായത് അസംഘടിത മേഖലയിലെ മഹാഭൂരിപക്ഷത്തിന് വേണ്ടി കാര്യമായി ആരും ഒന്നും ചെയ്യുന്നില്ല. 250 കോടിയോളം രൂപ ഓരോ വർഷവും ഈ സംഘടിതമേഖലയിലെ തൊഴിലാളികൾക്ക് വേണ്ടി മാത്രം എന്തിന് മാറ്റിവയ്ക്കണം ? അതാണോ സോഷ്യലിസം ? കെൽട്രോണിന്റെ അനുഭവം ഓർമ്മയില്ലേ ? സമരം കൊണ്ട് തകർന്നതല്ലേ ? കെൽട്രോൺ ലോകത്തിന് മാതൃകയാകേണ്ടിയിരുന്ന സ്ഥാപനമല്ലേ ? ആ കെൽട്രോണിന്റെ തകർച്ച കേരളത്തെ സംബന്ധിച്ച് ഒരു പുനഃചിന്തനത്തിന് വഴി തെളിക്കണം. അതിനുള്ള ഏറ്റവും സ്വതന്ത്രമായ നീക്കമാണ് കേരളാ ഗവൺമെന്റ് നടത്തുന്നത്. ഞാൻ അതിനുള്ള എല്ലാ പിന്തുണയും പ്രഖ്യാപിക്കുകയാണ്.

പൊതുമേഖലാ സ്ഥാപനങ്ങളുടെ ആഡിറ്റ് കൃത്യമായി നടക്കുന്നില്ല., മുപ്പത്തിയാറോളം സ്ഥാപനങ്ങളുടെ ആഡിറ്റ് നടന്നിട്ടേയില്ല. അവ സമയബന്ധിതമായി നടക്കണം. എല്ലാ വർഷത്തിലും ഓഡിറ്റ് നടത്തിയാലേ കൃത്യമായി സ്ഥാപനങ്ങൾ മുന്നോട്ട് കൊണ്ടുപോകാൻ പറ്റുകയുള്ളൂ. അന്ധമായ ട്രേഡ് യൂണിയനിസത്തിന്റെ പേരിൽ സ്ഥാപനങ്ങൾ തകർക്കുന്ന നിലപാടുകൾ മാറ്റണം. കേവലം നാലു ശതമാനം മാത്രമാണ് കേരളത്തിന്റെ കയറ്റുമതി വിഹിതം. ഈ നാലു ശതമാനം കൊണ്ട് നമുക്ക് മുന്നോട്ടു പോകാൻ കഴിയുമോ? ഇൻഡ്യയിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് നാം മുന്നോട്ടു പോകണ്ടേ ? കയറ്റുമതി വികസിപ്പിക്കുവാൻ വേണ്ടി, അടിസ്ഥാന വികസനത്തിനു വേണ്ടി നൂറു കോടി രൂപ ഈ ഗവൺമെന്റ് മാറ്റിവച്ചിരിക്കുന്നു. ഞാൻ അതിനെ സ്വാഗതം ചെയ്യുകയാണ്. അതുപോലെതന്നെ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എക്സ്പെർട്ട് മാനേജ്മെന്റ് സ്ഥാപിക്കുവാനുള്ള ബഡ്ജറ്റ് പ്രഖ്യാപനവും സ്വാഗതാർഹമാണ്. ഇൻഡ്യയുടെ മൊത്തം റബ്ബർ ഉല്പാദനത്തിന്റെ 98 ശതമാനം കേരളത്തിലാണ് ഉല്പാദിപ്പിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ഇൻഡ്യ ഉല്പാദിപ്പിക്കുന്ന 631,450 ടൺ റബ്ബറിൽ 580,000 ടൺ റബ്ബറും ഉല്പാദിപ്പിക്കുന്നത് കേരളത്തിലാണ്. ഏകദേശം 98 ശതമാനം. പക്ഷേ 98 ശതമാനം ഉല്പാദിപ്പിക്കുന്ന കേരളത്തിൽ പ്രോസസ് ചെയ്യുന്നത് കേവലം ഒരു ശതമാനം മാത്രമാണ്. വില കൂടുതൽ ലഭ്യമാക്കാനും കൂടുതൽ തൊഴിലവസരം കിട്ടാനും നാം കൂട്ടായി ശ്രമിക്കണം. ഇൻഡ്യയുടെ സിമെന്റ് ഉപയോഗത്തിന്റെ ശരാശരി എടുക്കുമ്പോൾ അഞ്ചാം സ്ഥാനം കേരളത്തിനുണ്ട്. 136 കിലോയാണ് കേരളത്തിലെ ആളോഹരി സിമെന്റ്.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

പക്ഷേ ഈ സിമെന്റ് മുഴുവൻ വീടുകൾ പണിയാൻ മാത്രമാണ് ഉപയോഗിക്കുന്നത്. കേരളത്തിൽ മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ കൂടുതൽ നടക്കുന്നില്ല. ഈ പോരായ്മ പരിഹരിക്കുന്നതിനുള്ള നിലപാട് ബഹുമാനപ്പെട്ട കേരളാ ഗവൺമെന്റ് എടുക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. സംസ്ഥാനത്തെ വാണിജ്യ ബാങ്കുകളിൽ അൻപത്തിയേഴായിരത്തിലധികം കോടി ഉറുപ്പിക നിക്ഷേപമുണ്ട്. ഇൻഡ്യയുടെ ശരാശരി സി.ഡി റേഷ്യോ എന്നു പറയുന്നത് 55.1 ശതമാനമാണ്. എന്നാൽ കേരളത്തിൽ അത് കേവലം 41 ശതമാനം മാത്രമേയുള്ളൂ. കേരളത്തിന് 41 ശതമാനമായിരിക്കുമ്പോൾ മഹാരാഷ്ട്രയിൽ 94 ശതമാനമാണ് സി.ഡി. റേഷ്യോ. തമിഴ്നാട്ടിൽ അത് 75 ശതമാനമാണ്. ആന്ധ്രയിൽ 61 ശതമാനമാണ്. കർണ്ണാടകയിൽപ്പോലും ഇപ്പോൾ 60 ശതമാനം ഉണ്ടായിരിക്കുന്നു. 1990-ൽ നാഷണലൈസ്ഡ് ബാങ്കുകളുടെ സി.ഡി.റേഷ്യോ കേരളത്തിൽ 63.38 ശതമാനമായിരുന്നുവെങ്കിൽ 2002-ൽ അത് 44.94 ശതമാനമായി കുറഞ്ഞു. പ്രൈവറ്റ് ബാങ്കുകളിൽ 52.2. ആയിരുന്നത് 38 ആയി കുറഞ്ഞു. വിദേശ ബാങ്കുകളിൽ 174 ശതമാനം നിക്ഷേപം വന്നത് ഇന്ന് 22 ശതമാനമായിരിക്കുന്നു. നമ്മുടെ ബാങ്കുകളിലെ ഭീമമായ നിക്ഷേപം ഉപയോഗപ്പെടുത്താൻ ഡബ്ല്യു.ടി.ഒ.യുടെയും വേൾഡ് ബാങ്കിന്റേയും എ.ഡി.ബി.യുടേയും ലോൺ ഉപയോഗപ്പെടുത്തുന്ന തോടൊപ്പം നമ്മുടെ ബാങ്കുകളിലെ നിക്ഷേപം കൂടി ഉപയാഗപ്പെടുത്താൻ ശ്രമിക്കണം.

2002-ലെ കണക്കനുസരിച്ച് തൊഴിലില്ലാത്ത ചെറുപ്പക്കാർ 39 ലക്ഷമാണ്. ഇവരുടെ ക്ഷേമത്തിനുവേണ്ടിയുള്ള പരിപാടികളാണ് 'ജിം'ൽ ആവിഷ്ക്കരിച്ചിരിക്കുന്നത്. കൂരിരുട്ടിൽ കത്തിച്ചു വച്ചിരിക്കുന്ന ഒരു തിരിനാളമാണ് 'ജിം'. അതിനെതിരായി ചില ആളുകൾ മുന്നോട്ട് വന്നിട്ടുണ്ട്. 26,000 കോടി രൂപയുടെ നിക്ഷേപത്തിന് 'ജിം'-ൽ ഉയർന്നുവന്നിരിക്കുന്നത്. അതിൽ 11,000 കോടിയുടെ നിക്ഷേപം എം.ഒ.യു. ഒപ്പിട്ടിരിക്കുന്നു. 2,000 കോടി രൂപയുടെ പ്രോജക്ടുകൾ തുടങ്ങാൻ കഴിഞ്ഞിരിക്കുന്നു. കേരളത്തിലെ ഇടതുകക്ഷികൾക്ക് ഇതു നിഷേധിക്കാൻ കഴിയുമോ ? ഡി.വൈ.എഫ്.ഐ. പ്രഖ്യാപിച്ചു ഞങ്ങൾ 'ജിം'മിനെ തടയുമെന്ന്, ഞങ്ങൾ അടിച്ച് പൊളിക്കുമെന്നൊക്കെ. കേരള മണ്ണിൽ അവരുടെ പൊടിപോലും കണ്ടില്ല. തടയാൻ പോയാൽ ഡി.വൈ.എഫ്.ഐ.ക്കാരനെ കേരള ജനത തടയും അതായിരുന്നു സ്ഥിതി. അവരെ അങ്ങോട്ട് കണ്ടില്ല. ജനുവരി 18, 19 ലോകം മുഴുവൻ കേരളത്തിലേക്ക് ഉറ്റുനോക്കിയ ദിനങ്ങളായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ആ നടപടിക്ക് നേതൃത്വം നൽകിയ കേരള ഗവൺമെന്റിനെ, വ്യവസായ വകുപ്പുമന്ത്രിയെ കലവറയില്ലാതെ അഭിനന്ദിക്കുകയാണ്. ലോകത്തിലെ 27 രാജ്യങ്ങളിൽ നിന്നായി 775 പ്രതിനിധികൾ പങ്കെടുത്ത 'ജിം' ഒരു വലിയ സംരംഭമായിരുന്നു. ഉടനെ ഇടതുപക്ഷം പറഞ്ഞു ലോക കുത്തകകൾ വരുന്നു, എം.എൻ.സി.കൾ വരുന്നു എന്ന്. ബഹുമാനപ്പെട്ട പ്രതിപക്ഷം മനസ്സിലാക്കണം ഇത് 544 കോടി രൂപയുടെ പ്രൊപ്പോസൽ മാത്രമാണ്. എം.എൻ.സി. 26,000 കോടിയിൽ ലോകത്തിലെ ബഹുരാഷ്ട്ര കുത്തകകളെന്ന് ഇന്ന് നിങ്ങൾ ആക്ഷേപിക്കുന്നവർ 'ജിം'ൽ വരുന്നത് കേവലം 544 കോടി രൂപ മാത്രമാണ്. കേരളത്തിലെയും, ഇൻഡ്യയിലെയും ഇൻഡ്യാക്കാരായ വിദേശികളുടേയും മുതൽമുടക്കാണ് വലുത്. അതിനെ നിങ്ങൾ എന്തിന് എതിർക്കണം? കേരളത്തിന്റെ മുഖച്ഛായ മാറ്റി കുറിക്കുവാൻ കഴിയുന്നതാണ്. ജിം-അതിനെ ഫലപ്രദമായി മുന്നോട്ട് കൊണ്ടുപോകണം. ഇത് വ്യവസായവകുപ്പിന്റെ വെറും പ്രഖ്യാപനങ്ങളല്ല. ബഡ്ജറ്റിൽ ഇതിനായി നിരവധി നിർദ്ദേശങ്ങൾ വച്ചിട്ടുണ്ട്. Industries Promotion Board chaired by The Chief Secretary, അതുപോലെതന്നെ കെ.എസ്.ഐ.ഡി.സി.-യെ സപ്പോർട്ട് ചെയ്യാൻ 25 കോടി രൂപ പ്രൊഫഷണൽ എഫിഷ്യൻസി വർദ്ധിപ്പിക്കാനുള്ള നടപടി, പരമ്പരാഗത മേഖലയെ സഹായിക്കൽ, തുടങ്ങിയ നിരവധി നടപടികൾ. അടുത്തകാലത്ത് കാഷ്യു സമരം ഒത്തുതീർന്ന സംഭവം അറിയാമല്ലോ? ഇത് കേരളത്തിന്റെ സമഗ്ര വ്യവസായ വികസനത്തിന് നേതൃത്വം നൽകുന്ന ഒരു ഗവൺമെന്റാണ്. ഇനി ഇടതുപക്ഷത്തിന്റെ മനോഭാവത്തിനാണ് മാറ്റം വരേണ്ടത്. ഞാൻ എന്റെ സ്നേഹിതൻ ശ്രീ. ദേവകുമാറിന്റെ കൊല്ലത്തെ മീററർ കമ്പനിയെപ്പറ്റിയുള്ള പ്രസംഗം ശ്രദ്ധിക്കുകയായിരുന്നു. എന്റെ സ്നേഹിതൻ ശ്രീ. ദേവകുമാർ ഇപ്പോൾ ഇവിടെയില്ല. മറ്റ് സ്നേഹിതൻമാർ പറഞ്ഞുകൊടുക്കാൻ വേണ്ടി ഞാൻ പറയുന്നു ഒരു മീറ്റർ കമ്പനിയും നിങ്ങളുടെ മനസ്സിന്റെ മനോഭാവം മാറ്റാതെ രക്ഷപ്പെടില്ല. എന്താണ് ഇവിടെ നടക്കുന്നത്? കഴിഞ്ഞ ദിവസം ഡബ്ല്യു.ടി.ഒ.യുമായി ബന്ധപ്പെട്ട ഒരു ചർച്ച കേരളത്തിൽ നടന്നു. ഞാനും അതിൽ പങ്കെടുക്കാൻ . പോയി. ഡബ്ല്യു.ടി.ഒ.യിൽ കേരളീയനായ ശ്രീ. ചന്ദ്രശേഖരനാണ് ഇൻഡ്യയുടെ ഗവർണ്ണർ. ഇൻഡ്യയിലെ ഒസെല്ലിന്റെ സെക്രട്ടറി ശ്രീ. എം. എസ്. മേനോൻ എന്നുപറയുന്ന മലയാളിയാണ്. ഞാൻ അദ്ദേഹത്തോട് സംസാരിച്ചു. ഏകദേശം പത്ത് വർഷക്കാലം ശ്രീ. എം. എസ്. മേനോൻ ശ്രീ. ജ്യോതിബസുവിന്റെ പ്രൈവറ്റ് സെക്രട്ടറിയായിരുന്നു. അദ്ദേഹം പറഞ്ഞു ശ്രീ. ജ്യോതിബസുവിന്റെ നിലപാട് കംപ്ലീറ്റ് മാറിയിരിക്കുന്നത്. കമ്മ്യൂണിസ്റ്റുകാർ ഒന്ന് കാണേണ്ടേ; മാർക്സിസ്റ്റുകാർ ഒന്ന് കാണട്ടേ; നാട്ടിൽ നിക്ഷേപം കൊണ്ടുവരാൻ പോകുന്നത് അപരാധമാണോ? പുറത്ത് പോകുന്നത് വിപ്ലവകരവും ഇവിടെ ആരെയെങ്കിലും വിളിച്ചുവരുത്തുന്നത് വലിയ അപരാധവുമാണെന്നാണ് പറയുന്നത്. ഇവിടെ ശ്രീ. രാജേന്ദ്രന്റെയൊക്കെ നേതാവ് ടി.വി.തോമസ് ജപ്പാനിൽ പോയപ്പോൾതൊട്ട് തുടങ്ങിയതാണ്. ടി.വി.തോമസിന്റെ നിലപാട് ഇന്ന് സി.പി.ഐ.പോലും ഉപേക്ഷിച്ചിരിക്കുകയാണ്. സി.പി.ഐ.ഉപേക്ഷിച്ചിരിക്കുന്നു ഞാൻ അത് തെളിയിക്കാം. സർക്കാർ ജീവനക്കാരുടെ സമരകാലത്ത് തൂപ്പ് ജോലിക്ക് ആളെ ക്ഷണിച്ചുകൊണ്ട് ഒരു

LIBRARY ARCHIVES Kerala Legislative Assembly

പരസ്യം വന്നു. ലക്ഷങ്ങളല്ലേ ഒഴുകി എത്തിയത് ബഹുമാനപ്പെട്ട രാജേന്ദ്രാ ! ലക്ഷങ്ങളാണ് ഓടിയെത്തിയത്. ആ തൊഴിലില്ലാപ്പടയുടെ മുമ്പിൽ നിങ്ങളുടെ ഈ പൊള്ളയായ പ്രത്യയശാസ്ത്ര ശാഠ്യങ്ങളുണ്ടല്ലോ. അത് തകർന്നുപോകും ഒരു സംശയവുമില്ല. കുന്തം കൊണ്ട് കുത്താൻ വരുമെന്ന് നിങ്ങൾ വിളിച്ച മുദ്രാവാക്യം ഇല്ലേ ? ആ മുദ്രാവാക്യം വിളിച്ച് അവർ വരും. നിങ്ങൾ സൂക്ഷിച്ച് ഇരിക്കുന്നത് നല്ലതാണ്. ഇതിനെയെല്ലാം മാർക്സിസ്റ്റുകാർ എതിർക്കുമ്പോൾ നിങ്ങളുടെ സ്വപ്ന സംസ്ഥാനമായ ബംഗാളിൽ എന്താണ് നടക്കുന്നത്? എന്റെ കൈയിലിരിക്കുന്നത് വേൾഡ് ബാങ്ക് പ്രോജക്ടിന്റെ റിപ്പോർട്ടാണ്. ബംഗാളിൽ വേൾഡ് ബാങ്ക് നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ. ശ്രീ. ജ്യോതിബസുവും ബംഗാളിലെ പുതിയ മുഖ്യമന്ത്രി ശ്രീ. ബുദ്ധദേവ് ഭട്ടാചാര്യയും കൂടി സംയുക്തമായി ഇൻഡ്യൻ ഇൻഡസ്ട്രീസ് സംഘടിപ്പിച്ച ഒരു യോഗത്തിൽ പറഞ്ഞു ബംഗാളിന്റെ വികസനം തകർത്തത് ഐരാവോയും മിലിറ്റന്റ് ട്രേഡ് യൂണിയനിസവുമാണെന്നാണ്. 'ഞങ്ങൾ പിന്മാറുന്നു', എന്ന് പറയാൻ നിങ്ങൾ തയ്യാറാണോ ? കരിമണൽ ഖനനത്തെപ്പറ്റി ഇപ്പോൾ ഇവിടെ പറയുന്നത് കേട്ടു. ബംഗാളിൽ കരിമണൽ ഖനനം നടത്തുന്നത് വിദേശ കുത്തക കമ്പനികളാണ്. മധുര മനോഹര മനോജ്ഞമാം ചൈന എന്ന് നിങ്ങൾ പാടിയില്ലേ ? ആ മധുര മനോഹര മനോജ്ഞമാം ചൈനയിൽ എന്താണ് നടക്കുന്നത് ? എന്റെ കൈയിലിരിക്കുന്നത് പീപ്പിൾസ് ഡെയ്ലിയുടെ ഒരു കോപ്പിയാണ്. അതിൽ പറഞ്ഞിരിക്കുന്നു..... (ബഹളം).....കേരളത്തിലും ഇൻഡ്യയിലും മുദ്രാവാക്യം വിളിച്ചാൽ പോര, ഇതുകൂടി മനസ്സിലാക്കണം ഇടതുനേതാക്കൾ. പ്രൈവറ്റ് ഇൻവെസ്റ്റുമെന്റിനെപ്പറ്റിയാണ് ചൈനപറയുന്നത്. പ്രൈവറ്റ് മുതലാളിമാരും പണിയെടുക്കുന്ന തൊഴിലാളികളെപ്പോലെ നമുക്ക് പ്രധാനപ്പെട്ടതാണെന്നു 16-ാം പാർട്ടി കോൺഗ്രസ്സിനെ ഉദ്ധരിച്ചു പീപ്പിൾസ് ഡെയ്ലി പറഞ്ഞിരിക്കുകയാണ്. നിങ്ങൾക്ക് ഒന്നും പറയാനില്ലേ ? കാലിക്കട്ട് യൂണിവേഴ്സിറ്റിയിൽ കമ്പ്യൂട്ടറിനെതിരെ സമരം നടത്തിക്കൊണ്ടിരിക്കുന്നു. പോയ യുഗത്തിൻ കുഴിമാടത്തിൽ കാവൽ നിൽക്കും മാർക്സിസ്റ്റുകളെ എന്ന് പണ്ട് ഒരു മുദ്രാവാക്യം ഉണ്ടായിരുന്നു. കാലം നിങ്ങൾക്ക് മാപ്പ് നൽകില്ല. കാലിക്കട്ട് യൂണിവേഴ്സിറ്റിയിൽ കമ്പ്യൂട്ടർ വിരുദ്ധ സമരം ഉദ്ഘാടനം സഖാക്കൾ നടത്തുന്നു. ശ്രീ. മത്തായി ചാക്കോ ഇവിടെ ഇല്ലായിരുന്നുവെങ്കിൽ ആ സമരം ഉദ്ഘാടനം ചെയ്തേനെ ! കാരണം അദ്ദേഹം സിൻഡിക്കേറ്റ് മെമ്പറാണ്. യു.എസ്. ഇൻവെസ്റ്റ്മെന്റ് മീറ്റ് എന്താ LDF-കാർ മറന്നുപോയോ ? ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇവിടെയില്ലോ ? ഞാൻ ചോദിക്കട്ടെ, നിങ്ങൾ പെരിയാർ വാട്ടർ സപ്ലൈ സ്കീമിനെപ്പറ്റി പറഞ്ഞില്ലേ ? നമുക്ക് പ്രിയപ്പെട്ട വെള്ളവും വായുവും വിൽക്കാൻ പോകുന്നു. നല്ല മുദ്രാവാക്യം, നല്ല പ്രസംഗം. ആരാണ് ഇത് തുടങ്ങിയത് ? ആരാണ് അതിന്റെ ജി.ഒ. ഇറക്കിയത് ? നിങ്ങൾക്ക് മറക്കാൻ കഴിയുമോ ? അതിന്റെ ജി.ഒ. ഇറക്കിയത് നിങ്ങളാണ്. G.O.(MS.) 34/97 dt. 29/3/97. മലമ്പുഴ ഡാമിന്റെ മുകളിൽ കയറി നിന്ന് കൈപിടിക്കാൻ നിങ്ങൾക്ക് നാണമില്ലേ ? വെള്ളം വിൽപ്പനയ്ക്കെതിരെ സമരം നടത്തുക രഹസ്യമായി ജി.ഒ. G.O.(Rt.) 627/99. ഇറക്കി.

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട കോടിയേരി അടക്കം ഈ ജി.ഒ. നമ്പർ എന്താണെന്ന് അറിയണം ? ജി.ഒ.(ആർ.ടി.)/627/99. അതിനകത്ത് പറയാത്തതും ശ്രീമതി സുശീലാഗോപാലൻ അംഗീകരിക്കാത്തതുമായ ഒരു കാര്യവും LDF-കാർ നിശ്ചയിച്ചിട്ടില്ല. അമേരിക്കൻ കംപനിക്ക് ട്രാൻസ്പോർട്ട് പ്രോജകട് നിങ്ങൾ അടിയറ വച്ചില്ലേ ? ഇന്ന് നിങ്ങൾ അത് എതിർക്കുകയാണ്. ഗോവർദ്ധനന്റെ യാത്രപോലെ നിങ്ങളുടെ പ്രതിപക്ഷ നേതാവ് യാത്ര ചെയ്യുകയാണ്, പ്ളാച്ചിമടയിലും, അതുപോലെ തന്നെ പെരുമാട്ടിയിലും കൊക്കക്കോളയും, പെപ്സിയും കൊടുക്കുമ്പോൾ ഈ പ്രതിപക്ഷ നേതാവ് എന്ത് ചെയ്തു. എ.ഡി.ബി. ലോണിന് അപേക്ഷിക്കുമ്പോൾ പ്രതിപക്ഷ നേതാവ് ഉണ്ടായിരുന്നില്ലേ ? നിങ്ങൾ എന്തു ചെയ്തു ? ഞങ്ങൾക്ക് അറിയാൻ താൽപ്പര്യമുണ്ട്. അതുപോലെതന്നെ മട്ടാഞ്ചേരിയിൽ ബി.ഒ.ടി. അടിസ്ഥാനത്തിൽ പാലം പണിതപ്പോൾ എൽ.ഡി.എഫ്. കൺവീനർ ആയിരുന്നില്ലേ ബഹുമാനപ്പെട്ട അച്ചുതാനന്ദൻ ? അന്നെന്താണ് അങ്ങ് ഒന്നും മിണ്ടാതിരുന്നത് ? ഇന്ന് നിങ്ങൾക്ക് വലിയ വിപ്ളവം. ഇന്ന് ശ്രീ. കുഞ്ഞാലിക്കുട്ടി പിൻതിരിപ്പൻ ഇന്നു നിങ്ങൾ വിദ്യാഭ്യാസ കച്ചവടത്തെപ്പറ്റി പറയുന്നല്ലോ. ലേലം വിളിച്ച് പ്ളസ് ടു നൽകിയതാരാണ് ? അന്നു എന്റെ സ്നേഹിതൻ ശ്രീ. ബിനോയ്, ശ്രീ. മത്തായി ചാക്കോ , എസ്.എഫ്.ഐ. യുടെ നേതാക്കൻമാരുൾപ്പെടെ ഇപ്പോൾ MLA മാരായിരിക്കുന്നവർ എവിടെ പോയിരിക്കുകയായിരുന്നു ? കേരളം നിശ്ചയദാർഢ്യത്തോടുകൂടിയാണ് മുന്നോട്ട് പോകുന്നത് അതിന് നേതൃത്വം നൽകുന്ന കരുത്തനായ വ്യവസായ വകുപ്പുമന്ത്രി, അതിന് ധീരമായി നേതൃത്വം നൽകുന്ന കേരളത്തിന്റെ ഏറ്റവും വലിയ സമ്പത്തായ ശ്രീ. എ. കെ. ആന്റണിയുടെ വ്യക്തിത്വം ഇവയെ ഉയർത്തിപ്പിടിച്ചുകൊണ്ട് മുന്നോട്ട് പോകാൻ നമുക്ക് കഴിയണം. ഈ ധനാഭ്യർത്ഥനയെ ഞാൻ പിന്തുണയ്ക്കുകയാണ്.

11.00 A.M.]

ശ്രീ. ബിനോയ് വിശ്വം : ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുകയാണ്. എതിർക്കുമ്പോൾ ഞാൻ ആലപ്പുഴയിലെ കയർ തൊഴിലാളി കുടുംബത്തിലെ കൊച്ചുകുട്ടി അമ്പാടിയുടെ മരണത്തിനു മുമ്പിൽ ഒരു തുള്ളി കണ്ണീർ പൊഴിക്കുകയാണ്. ഈ ധനാഭ്യർത്ഥനയെ എതിർക്കുമ്പോൾ കശുവണ്ടി മേഖലയിൽ പണിയെടുത്തു വന്ന, ഇന്ന് ജീവിതം തന്നെ വഴി മുട്ടി ആത്മഹത്യയെ ശരണം പ്രാപിക്കേണ്ടി വന്ന സഹോദരിമാരുടെ ഓർമ്മകൾക്കു മുമ്പിൽ കണ്ണീർ പൊഴിക്കുകയാണ്. ഈ ധനാഭ്യർത്ഥനയെ എതിർക്കുമ്പോൾ, യൂണിഫോം തുന്നാൻ പണം ഇല്ലാത്തതുകൊണ്ട് ആത്മഹത്യ ചെയ്യേണ്ടിവന്ന പീരുമേട്ടിലെ വേളാങ്കണ്ണിയുടെ ഓർമ്മയ്ക്കുമുമ്പിൽ തലകുനിക്കുകയാണ്. പരമ്പരാഗത വ്യവസായ മേഖലയിലെ 45 ലക്ഷം ജീവിതങ്ങൾക്കുള്ള സമസ്ത പ്രതീക്ഷകളേയും കൊട്ടി അടച്ചുകൊണ്ട് സർക്കാരിന്റെ സാമ്പത്തിക വ്യാവസായിക നയങ്ങൾ നിൽക്കുകയാണ്. എതിർക്കാതിരിക്കാൻ കഴിയുകയില്ല. ഈ സഭയ്ക്ക് സമൂഹത്തോട് എന്തെങ്കിലും ബാദ്ധ്യതയുണ്ടെങ്കിൽ ഇവിടെ ഉറപ്പിച്ച് പറയണം. പരമ്പരാഗത വ്യവസായ മേഖലയോട് ഗവൺമെന്റ് കാണിക്കുന്ന കൊടിയ അനീതിയെ തുറന്ന് എതിർക്കാൻ വൈകി. യു.ഡി.എഫ്.ന്റെ

LIBRARY ARCHIVES Kerala Legislative Assembly

മാനിഫെസ്റ്റോയിൽ ആണയിട്ട് പറയുന്നുണ്ട് മാനിഫെസ്റ്റോയിൽ മാത്രമല്ല യു.ഡി.എഫ്. ന്റെ ബജറ്റുകളിലും പറയുന്നുണ്ട്-പരമ്പരാഗത മേഖലയ്ക്കുള്ള ഒരുപാട് അധര വ്യായാമങ്ങൾ ! വെള്ളത്തിൽ വരച്ച വര പോലെ അവയെല്ലാം മാഞ്ഞുപോയി. പരമ്പരാഗത മേഖലയിലെ വ്യവസായങ്ങളെ സമ്പൂർണ്ണമായും തകർക്കുന്ന നയവുമായി പോകുന്ന ഗവൺമെന്റിന്റെ ധനാഭ്യർത്ഥനയെ പിൻതാങ്ങാൻ ആർക്കും കഴിയുകയില്ല. പൊതുമേഖലയെ സമ്പൂർണ്ണമായും ക്രൂശിക്കണമെന്ന്-ശ്രീ. പി. ടി. തോമസ് ഇവിടെ പറഞ്ഞു. അദ്ദേഹം ഇപ്പോൾ മറന്നു പോയിക്കാണും. ഇൻഡ്യയിൽ ഒരാളുണ്ടായിരുന്നു. അദ്ദേഹത്തിന്റെ പേര് പണ്ഡിറ്റ് ജവഹർലാൽ നെഹ്റു എന്നാണ്. ആ നെഹ്റു പൊതുമേഖലയെ വിളിച്ചത് നമ്മുടെ നാടിന്റെ പുരോഗതിക്ക് വേണ്ടി കത്തിച്ചു വച്ച വിളക്കെന്നാണ്. നെഹ്റു പറഞ്ഞു. ....the commanding heights of the economy will be reserved for the public sector. പൊതുമേഖലയ്ക്ക് സാമ്പത്തിക ഘടനയുടെ നിയാമക ഔന്നത്യം വാഗ്ദാനം പ്രദാനം ചെയ്ത നെഹ്റുവിനെ മറന്നുകൊണ്ട്, കോൺഗ്രസ് നയിക്കുന്ന കേരളത്തിലെ ഗവൺമെന്റ് പറയുന്നു, "പൊതുമേഖലയെ ക്രൂശിക്കുക ; സ്വകാര്യ മേഖലയ്ക്ക് എല്ലാ കൊള്ളകൾക്കും വേണ്ടി ചുവന്ന പരവതാനി വിരിക്കുക" എന്ന്. ഇവിടത്തെ ലക്ഷോപലക്ഷം ജീവിതങ്ങൾക്ക് ആശ്രയമായ പൊതുമേഖലാസ്ഥാപനങ്ങളുടെ നേട്ടങ്ങളെപ്പറ്റി എന്തുകൊണ്ട് ഒരു വാക്കു നിങ്ങൾ പറയുന്നില്ല. നിങ്ങൾ ഓരോരോ ആളുകളെ വിളിച്ചു കൊണ്ടുവരികയാണ്. റിബ്രോയിമാരും ലെവീസ് ഭണ്ഡാരിമാരും വരുന്നു. ഇവരെയെല്ലാം വിളിച്ചുകൊണ്ട് വന്നിട്ട് പറയുന്നു, പൊതുമേഖലാ സങ്കൽപ്പം, അതിന്റെ വികസന സങ്കൽപ്പം, കേരളമോഡൽ ഇവയെല്ലാം സമ്പൂർണ പരാജയം ആണെന്ന്. ഞാൻ വ്യവസായ വകുപ്പുമന്ത്രിയോട് ചോദിക്കുകയാണ്, അങ്ങ് വായിച്ചിട്ടില്ലേ, Bureau of Public Enterprises-ന്റെ ഏറ്റവും ഒടുവിലത്തെ റിപ്പോർട്ട്. ഈ റിപ്പോർട്ടുകളിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ നേട്ടങ്ങളെപ്പറ്റി പറയുന്ന ഭാഗത്തെപ്പറ്റി നിങ്ങളാരും എന്താണ് ഒരു വാക്കു പോലും പറയാത്തത് ? പൊതുമേഖലാ സ്ഥാപനങ്ങളുടെ സഞ്ചിത നഷ്ടം 581.68 കോടി രൂപയിൽ നിന്ന് 499.85 കോടി രൂപയായി കുറഞ്ഞ കാര്യം ബി.പി.ഇ. റിപ്പോർട്ടിനകത്തുണ്ട്. നഷ്ടത്തിലായിരുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ എണ്ണം 63 ആയിരുന്നത് 56 ആയി ചുരുങ്ങി. ഏഴു പൊതുമേഖലാസ്ഥാപനങ്ങൾകൂടി ലാഭത്തിലേക്ക് മാറി. ഒരു വാക്ക് അതിനെപ്പറ്റി പറയൂ. മുൻ യു.ഡി.എഫ്. ഗവൺമെന്റ് വാശിയോടെ വിൽക്കാൻ വച്ച ഒരു സ്ഥാപനമായിരുന്ന കെ.എം.എം.എൽ. ചവറയിൽ അതിന്റെ ലാഭം കഴിഞ്ഞവർഷം 100.27 കോടി രൂപയാണ്. ദയവായി ഈ കാര്യം ലോകത്തെ അറിയിക്കണം. കേരളത്തിലെ തൊഴിലാളികളുടെ ശ്രമഫലമായി, നിങ്ങളുടെയെല്ലാം പങ്കും ഉണ്ടായിരിക്കും, ഇതിന്റെയെല്ലാം ഫലമായി പൊതുമേഖലാസ്ഥാപനങ്ങൾ നേടിയ നേട്ടങ്ങളെക്കുറിച്ച് അറിയാതെപോലും ഒരു വാക്ക് ഉച്ചരിച്ചുകൂടെ എന്ന വാശി ആർക്കുവേണ്ടിയാണ് ? സ്വന്തം കുഞ്ഞുങ്ങളെ കൊലയ്ക്ക് കൊടുത്തുകൊണ്ട് അന്യന്റെ കുഞ്ഞുങ്ങൾക്കുവേണ്ടി കൈ നീട്ടുന്ന ഈ പോക്ക് ആത്യന്തികമായി കേരളത്തിന് വിനാശം ഉണ്ടാക്കുമെന്ന് ഞാൻ പറയുകയാണ്. ഞങ്ങൾ സ്നേഹപൂർവ്വം ആന്റണി ഗവൺമെന്റിനോട് പറയുകയാണ്," ആറ്റിലേക്കച്ചുതാ

LIBRARY ARCHIVES Kerala Legislative Assembly

ചാടല്ലെ, ചാടല്ലേ." പൊതുമേഖലയിലെ നേട്ടങ്ങൾക്ക് .....(ബഹളം)..... നിങ്ങൾക്ക് താൽപ്പര്യം ഇല്ലെങ്കിൽ അച്ചുതന്റെ സ്ഥാനത്ത് ആന്റണി എന്ന് വിളിക്കാം. ലോകത്ത് പല രാജ്യങ്ങളിലും, പല സ്ഥലങ്ങളിലും, സ്വകാര്യ മേഖലയുടെ മഹത്വമുദ്ഘോഷിക്കുന്ന രാജ്യങ്ങളിൽ പോലും, നിർണ്ണായകമായ രംഗങ്ങളിൽ പൊതു മേഖലയുടെ പ്രസക്തി അംഗീകരിച്ചിട്ടുണ്ട്. പൊതുമേഖലാ സങ്കൽപ്പം ഉയർത്തിപ്പിടിച്ചുകൊണ്ട് ജപ്പാൻ ഗവൺമെന്റ്, ജർമ്മനി ഗവൺമെന്റ്, അമേരിക്കൻ ഗവൺമെന്റ് തുടങ്ങിയവ കൈക്കൊള്ളുന്ന നയങ്ങൾ നിങ്ങൾ ദയവായി അറിയാതെ പോകരുത്. ശ്രീ. അമർത്യാസെന്നിനെ കുറിച്ച് ഇവിടെ പറയുകയുണ്ടായി. ശ്രീ. അമർത്യാസെന്നിന്റെ പുസ്തകത്തിൽ നിന്ന് ഏതെങ്കിലും ഒരു ഭാഗം മാത്രംവായിച്ചാൽ ആർക്കും ഇഷ്ടം പോലെ വ്യാഖ്യാനിക്കാൻ കഴിയും. R m³ B `mKwhmbn mw. F ´ psIm- vZmcnZyw D- mI pÞ causes of poverty, അദ്ദേഹം പറഞ്ഞു, ഉൽപ്പാദനം കുറയുന്നതുകൊണ്ടു മാത്രമല്ല ഉൽപ്പാദനം കൂടിയാലും പോവർട്ടി ഉണ്ടാകും. ഉൽപ്പാദിപ്പിക്കപ്പെട്ട വസ്തുക്കൾ നീതിയുക്തമായി വിതരണം ചെയ്യാൻ ആകാതെ വന്നാൽ ദാരിദ്ര്യം ഉണ്ടാകുമെന്നാണ് അദ്ദേഹം പറഞ്ഞത്. ബംഗാൾ 'ഫാമിനെ' മുൻനിർത്തിയുള്ള ഈ പഠനങ്ങളാണ് ശ്രീ. അമർത്യാസെന്നിന്റെ പഠനങ്ങളിൽ ഏറ്റവും ഉജ്ജ്വലമായത്. പക്ഷെ എന്റെ സുഹൃത്ത് തനിക്കുവേണ്ട ഒരു വരിമാത്രം വായിക്കുകയും മറ്റൊന്നും വായിക്കാതിരിക്കുകയും ചെയ്യുന്നു, വേണ്ടുന്ന കാര്യങ്ങൾ വായിക്കാതിരിക്കുക. വേണ്ടാത്തകാര്യങ്ങൾ വായിക്കുക. ഈ നീക്കം എന്തിനാണെന്ന് ഏവർക്കും മനസ്സിലാകും.

'ജിം'നെപ്പറ്റിയും ഇവിടെ പറയുകയുണ്ടായി. എന്താണ് വിശേഷണം ? കുരിരുട്ടിൽ കത്തിച്ചു വച്ച കെടാവിളക്കെന്ന്. ഇരുപത്താറായിരം കോടി രൂപ എവിടെയാണ്. അത് പേപ്പറിൽ മാത്രമാണ്. ഇരുപത്താറായിരം കോടി രൂപ പിറ്റേ നാളിൽ പതിനാറായിരം ആയി. അത് പിന്നീട് എണ്ണായിരമായി. അത് പിന്നീട് ആറായിരമായി. അതിപ്പോൾ മൂവായിരമാണ്. എത്ര കോടി വരുമെന്ന് ആർക്കറിയാം. ആർക്കും അറിയില്ല. ജിം. വരും ....ജിം....ജിം....ജിം..... എന്നു പറയുക മാത്രമാണ് നിങ്ങൾ ചെയ്യുന്നത്. ശരിക്കു പറഞ്ഞാൽ കേരളത്തിനു മേലുള്ള ഒരു 'ഫ്രോഡ്' ആയി മാറുകയാണ് 'ജിം' എന്ന് ജനങ്ങൾ ഭയപ്പെടുന്നു. ഇന്ന് നിക്ഷേപം വരുന്നില്ല. പ്രീയപ്പെട്ട മുഖ്യമന്ത്രിയുടെ ഒരു പ്രസ്താവന ഞാൻ വായിക്കട്ടെ : അദ്ദേഹം പറയുകയാണ്, "കഴുത്തിലെ വേദന എന്റെ കൂടെപ്പിറപ്പാണ് ; മരണം വരെയും അത് എന്റെ കൂടെയുണ്ടാകും. അതുപോലെയാണ് എന്നെ പിൻതുടരുന്ന രാഷ്ട്രീയ പ്രതിസന്ധികളും. ഞാൻ അധികാരം വിട്ട് ഇറങ്ങും വരെയും ഈ പ്രതിസന്ധി ഉണ്ടാകും." ഇതാണ് മുഖ്യ പ്രശ്നം. എനിക്ക് തീർച്ചയായും ഒരഭിപ്രായമുണ്ട്. അദ്ദേഹത്തിന്റെ കഴുത്തിന്റെ വേദന നാളെ നേരം വെളുക്കുമ്പോൾ മാറട്ടെ. രാഷ്ട്രീയ പ്രതിസന്ധി എന്നുവരെ ഭരിക്കുന്നോ അന്നുവരെ ഉണ്ടാകും എന്നാണ് അദ്ദേഹം പറയുന്നത്.

എന്നുവരെ അദ്ദേഹം ഭരിക്കുമോ അന്നുവരെ രാഷ്ട്രീയ പ്രതിസന്ധിയുമുണ്ടാകും എന്ന് അദ്ദേഹം പറയുന്നതിന് അർത്ഥം എന്താണ്? അതിനർത്ഥം കേരളത്തിൽ 'പൊളിറ്റിക്കൽ സ്റ്റെബിലിറ്റി ഇല്ല' എന്നാണ്. രാഷ്ട്രീയ സ്ഥിരത ഇല്ലെങ്കിൽ നിക്ഷേപം വരുമോ ? എന്തുകൊണ്ട് ഈ

LIBRARY ARCHIVES Kerala Legislative Assembly

അസ്ഥിരതയുണ്ടാകുന്നു ? യു.ഡി.എഫ്.-ലെ പിണക്കം, കോൺഗ്രസിലെ പിണക്കം, മന്ത്രിമാരുടെ വഴക്ക്. ഒരാൾ യഥാർത്ഥ നിക്ഷേപകനാണെങ്കിൽ, അയാൾക്ക് ഗൗരവബോധം ഉണ്ടെങ്കിൽ അയാൾ ഇങ്ങനെ ഒരു രാഷ്ട്രീയ അസ്ഥിരതയുള്ള നാട്ടിലേയ്ക്ക് പണം മുടക്കാൻ വരികയില്ല. നിക്ഷേപം വേണമെങ്കിൽ നമ്മുടെ നാട്ടിലെ ആഭ്യന്തര കംപോളം വലുതാകണ്ടെ? തോട്ടവിളകൾ തകർന്നാൽ, കശുവണ്ടിമേഖല തകർന്നാൽ, ടെക്സ്റ്റയിൽ മേഖല തകർന്നാൽ എങ്ങനെ നമ്മുടെ നാട്ടിൽ മാർക്കറ്റ് വിപുലമാകും ? ഈ തകർന്നു വീണ കംപോളം കണ്ട ഒരാളും, നിക്ഷേപത്തിൽ താൽപ്പര്യമുള്ള ഒരാളും ഈ നാട്ടിലേയ്ക്ക് വരികയില്ല. മന്ത്രിമാർ എപ്പോഴും വഴക്കാണ്. 'ജിം' -ന്റെ ഉദ്ഘാടനം കഴിഞ്ഞു. അന്നുതുടങ്ങി, വഴക്കും അതിനെപ്പറ്റി വായിച്ച ഒരാളും ഇങ്ങോട്ട് പണം മുടക്കാൻ വരികയില്ല. ജിം-ന്റെ പേരിൽ പ്രൊഡക്ടീവ് മേഖലയിൽ ഉണ്ടായ നിക്ഷേപങ്ങളെപ്പറ്റി നിങ്ങൾക്ക് ഒന്നു പറയാമോ ?

മി. ഡെപ്യൂട്ടി സ്പീക്കർ : അങ്ങയുടെ സമയം കഴിഞ്ഞു.. പ്ളീസ്....പ്ളീസ്...

ശ്രീ. ബിനോയ് വിശ്വം : .....സോപ്പ്, ചീപ്പ്, കണ്ണട , കോസ്മെറ്റിക്സ്, എല്ലാമുണ്ട്. പക്ഷേ പ്രൊഡക്ടീവ് മേഖലയിൽ 'ജിം' എന്തുകൊണ്ടുവന്നു എന്ന് പറയാൻ ഞാൻ ഗവണ്മന്റിനെ വെല്ലുവിളിക്കുകയാണ്. മാറാട് പോലുള്ള വർഗ്ഗീയ കലാപങ്ങൾ ഉണ്ടായാൽ എങ്ങനെ നിക്ഷേപകർ വരും ? ഈ ഗവണ്മെന്റാണ് നിക്ഷേപത്തിന്റെ ഒന്നാമത്തെ ശത്രു.

മി. ഡെപ്യൂട്ടി സ്പീക്കർ : അങ്ങയുടെ സമയം കഴിഞ്ഞു. അങ്ങ് കൺക്ളൂഡ് ചെയ്യണം. പ്ളീസ്.....പ്ളീസ്.....

ശ്രീ. ബിനോയ് വിശ്വം : അധോലോകത്തിന് നാടിനെ തീറെഴുതി കൊടുക്കുന്ന ഗവണ്മെന്റാണിത്. നിക്ഷേപം വരാൻ ഇവിടെ തടസ്സമായി നിൽക്കുന്നത് നിങ്ങൾ തന്നെയാണ് വികസനത്തിന്റെ ഒന്നാമത്തെ ശത്രു. നിങ്ങളുടെ മുഖം വികൃതമാണ് അതിന് പ്രതിപക്ഷമാകുന്ന കണ്ണാടിയെ നിങ്ങൾ പഴിചാരരുത്, സത്യം പറയുന്ന കണ്ണാടിയാണിത്. എന്റെ സുഹൃത്ത് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സ്വതവേ ശാന്തനാണെങ്കിലും ശ്രീ. കെ. സി. വേണുഗോപാൽ ചില കാര്യങ്ങൾ പറഞ്ഞപ്പോൾ പ്രകോപിതനായി. എന്തുകൊണ്ടാണ് ആ പ്രകോപനം ? കരിമണൽ ഖനനത്തിന് അനുവാദം കൊടുത്തത് കേരളം കണ്ട ഏറ്റവും വലിയ രാഷ്ട്രീയ കുംഭകോണമാണെന്ന ശ്രീ. വി. എം. സുധീരന്റെ പ്രസ്താവനയോട് ഗവണ്മെന്റിന്റെ സമീപനം എന്താണെന്ന് വ്യക്തമാക്കണം അതേപ്പറ്റി അന്വേഷണം വേണം.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ പിന്താങ്ങുകയാണ്. വളരെ വിസ്മയകരമായ നേട്ടങ്ങളാണ് കഴിഞ്ഞ രണ്ടു വർഷക്കാലമായി വ്യവസായ വകുപ്പ് നേടിയിട്ടുള്ളത്. ആഗോള നിക്ഷേപക സംഗമം സംഘടിപ്പിച്ചു. വ്യവസായികളുടെ സമ്മേളനം നടത്തിയും വിദേശികളേയും പ്രവാസികളേയും നമ്മുടെ സംസ്ഥാനത്തേയ്ക്ക് ക്ഷണിച്ചു വരുത്തിയും ഒരു പുത്തൻ ഉണർവ് ഉണ്ടാക്കാൻ നമ്മുടെ സംസ്ഥാനത്തിന് സാധിച്ചിട്ടുണ്ട്. ഇവിടെ പറഞ്ഞതുപോലെ 26,000 കോടി രൂപയുടെ നിക്ഷേപമാണ് ജിം-ൽ നമ്മൾ പ്രതീക്ഷിച്ചിരുന്നത്. ജിം-നെ സംബന്ധിച്ച് ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

പ്രഖ്യാപിച്ച വികാരങ്ങൾ, വാസ്തവത്തിൽ 26,000 കോടി രൂപ നിക്ഷേപം ഉണ്ടാക്കുമെന്ന് പ്രതീക്ഷിച്ചുവെങ്കിലും അതിന്റെ അടുത്തേയ്ക്ക് കാര്യങ്ങൾ എത്തിക്കൊണ്ടിരിക്കുകയാണ്. ആറു മാസം കഴിയുന്നതിനു മുൻപുതന്നെ കേരളത്തെ സംബന്ധിച്ചിടത്തോളം ജിം ഒരു വലിയ നിക്ഷേപ സൗഹൃദ സംസ്ഥാനം എന്ന ഒരു പദവി നമ്മുടെ സംസ്ഥാനത്തിനു നേടിത്തന്നിരിക്കുകയാണ്. പുതിയ ഒരു വികസന സംസ്കാരം ഉണ്ടാക്കാൻ ജിം-നു സാധിച്ചു. മാത്രമല്ല, വിമർശനവും ഉണ്ടായിരുന്നു. 26,000 കോടി രൂപ വന്നില്ല എന്നുപറഞ്ഞാണ് ആക്ഷേപിക്കുന്നത്. 13,500 കോടി രൂപയുടെ പദ്ധതി പ്രാരംഭ ചർച്ചകൾ പൂർത്തിയാക്കി. അതിന്റെ പ്രാരംഭ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോവുകയാണ്. ജിം-ൽ വന്ന 40 പദ്ധതികളുടെ പ്രവർത്തനം, അതിന്റെ പ്രാരംഭ ഘട്ടത്തിലാണ്. അതിന്റെ നിർമ്മാണ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോവുകയാണ്. അതിൽ ഒരു പദ്ധതി ഈ 29-ാം തീയതി ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ഉദ്ഘാടനം ചെയ്യുകയാണ്. ജിം-ൽ വന്ന ആദ്യത്തെ പദ്ധതിയാണത്. അതുപോലെ തന്നെ എനിക്ക് വ്യവസായ വകുപ്പു മന്ത്രിയോടും ഗവണ്മെന്റിനോടും അഭ്യർത്ഥിക്കാനുള്ളത് ജിം-ൽ വന്ന വ്യവസായികൾക്ക് കൂടുതൽ സൗകര്യങ്ങൾ കൊടുക്കണമെന്നാണ്. ഈ സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന പല ആനുകൂല്യങ്ങളും കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നിർത്തലാക്കിയത് എല്ലാവർക്കും അറിയാം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത്, 1991-ൽ വ്യവസായ വകുപ്പു മന്ത്രിയായിരുന്ന സുശീലാ ഗോപാലൻ വ്യവസായികൾക്ക് അനുവദിച്ചിരുന്ന പല സൗകര്യങ്ങളും നിഷേധിക്കുകയോ, കട്ട് ചെയ്യുകയോ ചെയ്തിരുന്ന ഒരവസ്ഥയുണ്ട്. സബ്സിഡി കട്ട് ചെയ്തു. അതുപോലെ വ്യവസായങ്ങൾക്ക് അന്ന് ലഭിച്ചുകൊണ്ടിരുന്ന പല ആനുകൂല്യങ്ങളും കട്ട് ചെയ്യുകയുണ്ടായി. അതോടൊപ്പം സെയിൽസ് ടാക്സ് എക്സംപ്ഷൻ, അത് അഖിലേന്ത്യാടിസ്ഥാനത്തിൽ നിർത്തലാക്കി. അത് സുശീലാ ഗോപാലൻ വ്യവസായ വകുപ്പുമന്ത്രിയായിരുന്ന അവസരത്തിലാണ് സംഭവിച്ചത്. അന്നു മുതലാണ് വാസ്തവത്തിൽ നമ്മുടെ വ്യവസായ മേഖലയ്ക്ക് ദുരേ്യാഗം ആരംഭിച്ചത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായമേഖലയിൽ പുതിയ ഒരു ഉണർവ് ഉണ്ടായിട്ടുണ്ട്. എനിക്ക് ഈ ഗവണ്മെന്റിനോട് അഭ്യർത്ഥിക്കാനുള്ളത്, നമ്മുടെ അയൽ സംസ്ഥാനമായ തമിഴ്നാട്ടിലും, ആന്ധ്രയിലും എല്ലാം.....

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, സുശീലാ ഗോപാലൻ ഇപ്പോൾ നമ്മോടൊപ്പമില്ല. കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത് അവർ ഇവിടെ 5 വർഷം വ്യവസായവകുപ്പു മന്ത്രിയായിരുന്നപ്പോൾ ഒരു കയർ തൊഴിലാളിയും, ഒരു കശുവണ്ടി തൊഴിലാളിയും കേരളത്തിൽ ആത്മഹത്യ ചെയ്തിട്ടില്ല, പട്ടിണി കിടന്ന് മരിച്ചിട്ടില്ല എന്ന കാര്യം അങ്ങേയ്ക്ക് അറിയാമോ ? ഈ 24 മാസത്തിനു മുമ്പുണ്ടായിട്ടുള്ള കാര്യം മറച്ചു വയ്ക്കരുത്.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : കശുവണ്ടി തൊഴിലാളികൾക്ക് ഈ ഗവണ്മെന്റ് പ്രഖ്യാപിച്ച സൗകര്യം നിങ്ങളുടെ ഗവണ്മെന്റിന്റെ കാലത്ത് ഉണ്ടായിട്ടില്ല എന്നുള്ള കാര്യവും നമുക്കറിയാം. വാസ്തവത്തിൽ പുതിയ വ്യവസായങ്ങൾ ഈ സംസ്ഥാനത്തേക്ക് ആകർഷിക്കണമെങ്കിൽ, അതുപോലെ

LIBRARY ARCHIVES Kerala Legislative Assembly

ജിം-ൽ എം.ഒ.യു ഒപ്പു വച്ച എല്ലാ സ്ഥാപനങ്ങളും ഈ സംസ്ഥാനത്ത് വരണമെങ്കിൽ നമ്മുടെ അയൽ സംസ്ഥാനങ്ങൾ നൽകുന്ന സൗകര്യങ്ങൾ, സൗജന്യങ്ങൾ, ഇളവുകൾ ഈ സംസ്ഥാനത്തും നൽകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അഖിലേന്ത്യാടിസ്ഥാനത്തിൽ സെയിൽസ് ടാക്സ് എക്സംപ്ഷൻ, സെയിൽസ് ടാക്സ് ഹോളിഡേ നിർത്തലാക്കിയെങ്കിലും ആന്ധ്രയിലും തമിഴ്നാട്ടിലും ഇപ്പോഴും ചില സൗകര്യങ്ങൾ നൽകുന്നുണ്ട് എന്നുള്ള കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. സെയിൽസ് ടാക്സ് എക്സംപ്ഷനും സെയിൽസ് ടാക്സ് ഹോളിഡേയ്ക്കും ബദലായി അത് ഓവർകം ചെയ്യാനുള്ള ചില സംവിധാനം ആന്ധ്രയിലും. തമിഴ്നാട്ടിലും ഉണ്ട്. അത് പഠിച്ച് ഇവിടെയും നടപ്പാക്കണം. സെയിൽസ് ടാക്സ് സംബന്ധിച്ച് പുതുതായി വരുന്ന വ്യവസായങ്ങൾക്ക് ചില ഇളവുകൾ പ്രഖ്യാപിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ജിം-ൽ വന്ന വ്യവസായികളെയെല്ലാം ഒരിക്കൽക്കൂടി വിളിച്ചുവരുത്തി അതിന്റെ ഫോളോ അപ് ആക്ഷൻ അവരെ ബോദ്ധ്യപ്പെടുത്തുകയും ഇവിടെ നടക്കുന്ന കോലാഹലങ്ങൾ കണ്ട് ഭയപ്പേടണ്ട എന്ന് അവരെ ബോദ്ധ്യപ്പെടുത്തുകയും അവർക്ക് കൂടുതൽ സൗജന്യങ്ങൾ ഉറപ്പു വരുത്തുകയും ചെയ്യണം. അതല്ലെങ്കിൽ വ്യവസായികൾ മടിച്ചുനിൽക്കും എന്ന കാര്യത്തിൽ സംശയമില്ല. 1991-ൽ യു.ഡി.എഫ്. കൊണ്ടുവന്ന വ്യവസായ നയത്തിൽ പ്രഖ്യാപിച്ച... അതുകൊണ്ട് ഈ സംസ്ഥാനത്ത് ഉണ്ടായ എല്ലാ വികസന നേട്ടങ്ങളും 1999-ലെ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് പ്രഖ്യാപിച്ച വ്യവസായ നയത്തിലൂടെ പിൻവലിക്കുകയാണുണ്ടായത്. അതുകൊണ്ടുതന്നെ പല ആനുകൂല്യങ്ങളും വെട്ടിച്ചുരുക്കി അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാതെ വന്നു. അടിസ്ഥാന സൗകര്യങ്ങൾ ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് ഏരിയകളിലും അതുപോലെ മേജർ ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് ഏരിയകളിലും ഇപ്പോൾ തീരെയില്ല എന്നുള്ളതാണ് സത്യാവസ്ഥ.

ഇടയാർ, കഞ്ചിക്കോട് തുടങ്ങിയ മേജർ ഇൻഡസ്ട്രിയൽ ഏര്യകളിൽ ഉണ്ടായിരുന്ന സ്ഥലങ്ങളിലെല്ലാം പുതിയ വ്യവസായികൾ വന്ന് അത് ഇനി മറ്റ് വ്യവസായങ്ങൾക്ക് കൊടുക്കാൻ പറ്റാത്ത വിധത്തിൽ ഫില്ലായിരിക്കുന്നു. ഈ അവസ്ഥ പരിഗണിച്ച് പുതിയ മേജർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ, ഇൻഡസ്ട്രിയൽ ഡവലപ്മെന്റൽ ഏരിയകൾ തുറക്കണമെന്നാണ് എനിക്ക് ഗവൺമെന്റിനോട് അഭ്യർത്ഥിക്കാനുള്ളത്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഈ മന്ത്രി തന്നെ തുടങ്ങിവച്ചതാണ് കിൻഫ്ര, ടെക്നോ പാർക്ക് തുടങ്ങിയവ. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ഒരെണ്ണമെങ്കിലും തുറക്കാൻ സാധിച്ചില്ല. അതുകൊണ്ട് കിൻഫ്രയിലും ടെക്നോപാർക്കിലും വ്യവസായങ്ങൾ നിറഞ്ഞതുകൊണ്ട് പുതിയ വ്യവസായം വരാനുള്ള സൗകര്യമില്ല എന്നത് പരിഗണിച്ച് പുതിയ ഒരു പാർക്ക് കൊച്ചിയിലോ തിരുവനന്തപുരത്തോ തുടങ്ങാൻ ഗവൺമെന്റ് മുൻകൈയെടുക്കണ മെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

അതുപോലെതന്നെ പൊതുമേഖലയെ സംബന്ധിച്ചിടത്തോളം പൊതുമേഖല പുന:സംഘടിപ്പിക്കുവാൻ ഗവൺമെന്റ് മുന്നോട്ടു വരണം. Efficient Management Cadre പൊതുമേഖലയിൽ ഉണ്ടാക്കാനുള്ള സംസ്ഥാന ഗവൺമെന്റിന്റെ നിർദ്ദേശം വളരെ സ്വാഗതാർഹമാണ്. അതുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

പൊതുമേഖലയുടെ എഫിഷ്യൻസി വർദ്ധിപ്പിക്കുമെന്ന കാര്യത്തിൽ തർക്കമില്ല. നഷ്ടത്തിലോടുന്ന 42 പൊതുമേഖലാ വ്യവസായങ്ങൾ ലാഭത്തിലാക്കാവുന്നത് ലാഭത്തിലാക്കണം. അതിന് ഒരു ഉദാഹരണമാണ് അങ്കമാലിയിലെ ടെൽക്ക്. അതിപ്പോൾ ലാഭത്തിലായിക്കൊണ്ടിരിക്കുകയാണ്. ലാഭത്തിലാകുന്ന ഒരു പൊതുമേഖലാ സ്ഥാപനവും സ്വകാര്യവൽക്കരിക്കുകയില്ലെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വ്യവസായവകുപ്പുമന്ത്രിയും അസന്ദിഗ്ദ്ധമായി പ്രഖ്യാപിച്ചിരിക്കുകയാണ്. അവരുടെ പ്രഖ്യാപനങ്ങൾ സ്വാഗതം ചെയ്യുന്നതോടൊപ്പം ഈ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് ERC നിർദ്ദേശിച്ചിട്ടുള്ള 16 സ്ഥാപനങ്ങളും രക്ഷപ്പെടാത്ത സ്ഥാപനങ്ങളാണ്. അത് ഗവൺമെന്റ് ഉടമയിൽ നിന്ന് മാറ്റണമെന്ന അഭിപ്രായമാണുള്ളത്. അതോടൊപ്പം തന്നെ ടെൽക്ക് പോലെയുള്ള വ്യവസായങ്ങളിൽ തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ വർഷങ്ങളായി മരവിപ്പിച്ചിരിക്കുകയാണ്. രക്ഷപ്പെട്ട സ്ഥിതിക്ക് അവർക്ക് പുതിയ സേവന വേതന വ്യവസ്ഥകൾ നൽകാൻ ഗവൺമെന്റ് മുന്നോട്ടു വരണം. അല്ലെങ്കിൽ ലാഭത്തിലേയ്ക്ക് മാറുന്ന പ്രയത്നത്തിൽ നിന്ന് തൊഴിലാളികൾ പിന്തിരിഞ്ഞു പോകാനുള്ള സാദ്ധ്യതയുണ്ട്. അതോടൊപ്പം 327 കോടി രൂപ നഷ്ടം വരുത്തിയ കശുവണ്ടി വികസന കോർപ്പേഷന്റെ ഫാക്ടറികൾ വീണ്ടും തുറന്നു പ്രവർത്തിപ്പിക്കുവാൻ ഈ ഗവൺമെന്റ് മുന്നോട്ടു വന്നിരിക്കുകയാണ്. വാസ്തവത്തിൽ ഇത്രയധികം സംഖ്യ മുടക്കി ഈ ഫാക്ടറികൾ പ്രവർത്തിപ്പിച്ചത് അവിടത്തെ പാരമ്പര്യ മേഖലയിലുള്ള ഗവൺമെന്റിന്റെ പ്രതിബദ്ധതമൂലമാണ്. അതോടൊപ്പംതന്നെ കൈത്തറി, കയർ എന്നീ രംഗങ്ങളിൽ Research and Development വികസിപ്പിക്കുന്നതിന് കേന്ദ്ര സഹായത്തോടുകൂടിയുള്ള സംവിധാനവും, അതിനുള്ള പദ്ധതികളും നൽകണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് വ്യവസായ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനയെ ഒരിക്കൽക്കൂടി പിന്താങ്ങിക്കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. തോമസ് ഉണ്ണിയാടൻ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ അഭിമാനത്തോടുകൂടി പിന്താങ്ങുകയാണ്. വ്യവസായ മേഖലയിൽ ഒരു കുളിർകാറ്റ് വീശിത്തുടങ്ങിയിരിക്കുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നയുടൻതന്നെ ഒരു നല്ല വ്യവസായനയം പ്രഖ്യാപിക്കുവാനും നല്ല കർമ്മപരിപാടികൾക്ക് തുടക്കം കുറിക്കുവാനും കഴിഞ്ഞു. ഏതൊരു രാജ്യത്തിന്റേയും സാമ്പത്തിക പുരോഗതി വിലയിരുത്തുന്നത് ആ നാട്ടിലെ വ്യവസായങ്ങളുടെയും നിലവാരമനുസരിച്ചായിരിക്കും. നമുക്കറിയാം നമ്മുടെ മലയാളക്കര പ്രത്യേകമായ വരദാനങ്ങളും സമ്പത്തുമുള്ള നാടാണ്. പ്രകൃതി സമ്പത്ത് ധാരാളം നമ്മുടെ നാട്ടിലുണ്ട്. മനുഷ്യ വിഭവശേഷി മറ്റെങ്ങും ഇല്ലാത്ത നിലയിൽ നമ്മുടെ മലയാളക്കരയിലുണ്ട്. ഉന്നത വിദ്യാഭ്യാസമുള്ള നാട് നമ്മുടെ സംസ്ഥാനമാണ്. ശാസ്ത്ര സാങ്കേതിക മേഖലയിലുള്ള സാമാന്യമായ വിവരം നമ്മുടെ നാട്ടിലെ ആളുകൾക്കുണ്ട്. പക്ഷെ എന്തുകൊണ്ട് നമ്മുടെ നാട് അതിനനുസരിച്ചുള്ള വികാസം പ്രാപിക്കുന്നില്ല എന്നുള്ള ദുഃഖം എല്ലാവരിലുമുണ്ട്. ലോകത്തിന്റെ വിവിധ പ്രദേശങ്ങൾ വികസനത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

പാതയിലേയ്ക്ക് അതിശീഘ്രം പോയപ്പോഴും നമ്മൾ പകച്ചു നിൽക്കുന്ന കാഴ്ച യാണ് കാണാൻ കഴിയുന്നത് ദൈവത്തിന്റെ സ്വന്തം നാടെന്ന് വിശേഷിപ്പിക്കുന്ന നമ്മുടെ സംസ്ഥാനം ധാരാളം അനുഗ്രഹങ്ങൾ ലഭിച്ചിട്ടുള്ള സംസ്ഥാനമാണ്. ഇന്ന് നമ്മുടെയൊക്കെ പ്രവൃത്തിമൂലം സാത്താന്റെ മക്കൾ ആണോ എന്ന് തോന്നുന്ന അവസ്ഥയിലേയ്ക്ക് പോവുകയാണ്. ദൈവത്തിന്റെ നാട്ടിൽ സാത്താന്റെ മക്കളുടെ ജീവിതം ഈ നിലയിൽ തുടർന്നാൽ ജീവിതത്തിന് എത്രമാത്രം പകിട്ടുണ്ടാകുമെന്ന് നമ്മൾ സംശയിച്ചുനിൽക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് കഴിഞ്ഞ കാലഘട്ടങ്ങളിൽ വ്യവസായങ്ങൾ വികസിക്കാത്തതിന്റെ കാര്യം നിരവധിയാണെന്ന് നമുക്കറിയാം. ഉൽപ്പാദനക്ഷമത ഇല്ലായ്മയും ഉൽപ്പന്നങ്ങൾക്ക് വില ലഭിക്കാതെ വരുന്നതും, വർദ്ധിച്ച ശമ്പളവും വ്യവസായമേഖലയിലെ കലാപമാകുന്ന തൊഴിൽ അന്തരീക്ഷവുമൊക്കെയാണ് നമ്മുടെ വ്യവസായ മേഖലയെ പിന്നോട്ടു വലിച്ചത്. എന്നാൽ അങ്ങനെയുള്ള സാഹചര്യങ്ങൾ എല്ലാം മനസ്സിലാക്കി കൊണ്ട് പുതിയ ഒരു ഉണർവ്വ് നമ്മുടെ വ്യവസായ മേഖലയ്ക്ക് നൽകാൻ ഐക്യജനാധിപത്യമുന്നണി മുന്നോട്ടുവന്നിരിക്കുകയാണ്. വലിയ മാറ്റങ്ങൾ കഴിഞ്ഞ രണ്ടു വർഷക്കാലംകൊണ്ട് സംസ്ഥാനത്ത് ഉണ്ടാക്കാൻ കഴിഞ്ഞു. വ്യവസായ സ്ഥാപനങ്ങളുടെ കാര്യത്തിൽ ധാരാളം മുന്നേറ്റമുണ്ടാക്കാൻ കഴിഞ്ഞു. ഇപ്പോൾ ഗവൺമെന്റ് വ്യവസായ വികസന കോർപ്പറേഷന്റെ കീഴിൽ പതിനയ്യായിരത്തോളം ചെറുകിട വ്യവസായ സ്ഥാപനങ്ങൾ തുടങ്ങാൻ തീരുമാനമെടുത്തിരിക്കുന്നു. കെ.എസ്.ഐ.ഡി.സി.യുടെ സഹായത്തോടുകൂടി 14 വൻകിട പദ്ധതികൾ നിർമ്മിക്കാനുള്ള നടപടികളുമായി മുന്നോട്ടുപോകുന്നു. കിൻഫ്ര പാർക്കുകളിൽ നിരവധി വ്യവസായങ്ങൾ തുടങ്ങാനുള്ള നടപടികളുമായി മുന്നോട്ടുപോവുകയാണ്. നമുക്കെല്ലാപേർക്കും അറിയാവുന്നതുപോലെ ലോകത്തിൽതന്നെ പ്രത്യേകതയായ 2003 ജനുവരി 18, 19 തീയതികളിൽ എറണാകുളത്തുനടന്ന 'ജിം' ഒരിക്കലും ആർക്കും മറക്കാൻ കഴിയുകയില്ല. 26,000 കോടിരൂപയുടെ വലിയ പദ്ധതികൾ ഇവിടെ രൂപപ്പെട്ടപ്പോൾ കേരളത്തിലെ ജനങ്ങൾ ഒന്നാകെ സന്തോഷിക്കുകയായിരുന്നു. ഇവിടെ സൂചിപ്പിച്ചതുപോലെ 'ജിം' പദ്ധതിയിൽ കേരളത്തിലുള്ള ആളുകൾ മാത്രമല്ല, ഇന്ത്യയിലേയും 26 വിദേശരാജ്യ ങ്ങളിലേയും ആളുകൾ എത്തി. കോടിക്കണക്കിന് രൂപ ഇൻവെസ്റ്റ് ചെയ്യാനുള്ള നടപടികൾ അവർ അവിടെ പ്രഖ്യാപിക്കുവാൻ മനസ്സുകാണിച്ചു. അതുപോലെ കേരളത്തിനുപുറത്തുള്ള വിവിധ വ്യവസായ പ്രമുഖർ അവിടെ വരികയുണ്ടായി. ഇൻഫോസിസ്, റയോൺസ് ഉൾപ്പെടെയുള്ള സ്വകാര്യകമ്പനികൾ അവിടെ വരികയും അവരുടെ എല്ലാവിധത്തിലുള്ള പിന്തുണയും വ്യവസായം തുടങ്ങാനുള്ള തീരുമാനങ്ങളും പ്രഖ്യാപിക്കുകയുമുണ്ടായി. കേരളത്തിൽ ഒരിക്കലും ഇന്നുവരെ ഉണ്ടാകാത്ത അവസ്ഥയാണിത്. ഈ വലിയ മാറ്റം കേരളത്തിനു മാത്രമുള്ളതാണ്. ഇതുപോലെ വലിയ തോതിലുള്ള വികസന സൗഹൃദ അന്തരീക്ഷം കേരളത്തിനുണ്ടായപ്പോൾ അതിനെതിരെ നിൽക്കുന്നത് ശരിയല്ല. നമ്മൾ അദ്ധ്വാനിക്കാൻ തയ്യാറായി മുന്നോട്ടു പോയാൽ വലിയ മാറ്റങ്ങൾ നമുക്ക് വരുത്താൻ കഴിയും. അദ്ധ്വാനിക്കാനുള്ള സാഹചര്യം നമുക്ക് ഇവിടെയുള്ളപ്പോൾ അതിനു പുറത്തു നിൽക്കുന്നത് ഒരിക്കലും ഭൂഷണമാണെന്ന് വിശ്വസിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

വിശുദ്ധ ബൈബിളിൽ ഒരു സംഭവം പറയുന്നത്. ഞാൻ ഓർക്കുകയാണ്. യേശുക്രിസ്തു ഒരു ഉപമ പറയുകയുണ്ടായി. ഒരു വീട്ടുടമസ്ഥൻ പുറത്തുപോയ സന്ദർഭത്തിൽ തന്റെ മൂന്ന് ഭൃത്യന്മാരെ അടുക്കൽ വിളിച്ചു, ആദ്യത്തെ ആളിനെ വിളിച്ചിട്ട് പറഞ്ഞു, നിനക്ക് 5 താലന്ത് തരികയാണ്, മറ്റൊരുത്തനെ വിളിച്ചു പറഞ്ഞു, ഞാൻ നിനക്ക് 2 താലന്ത് തരികയാണ്, മറ്റൊരു ഭൃത്യനെ വിളിച്ചു പറഞ്ഞു, നിനക്ക് ഒരു താലന്ത് തരികയാണ്. താലന്തുകൾ കൊടുത്തശേഷം വീട്ടുടമസ്ഥൻ കുറച്ചുനാളത്തേയ്ക്ക് വീടുവിട്ട് പുറത്തുപോയി. കുറച്ചുനാളിനു ശേഷം അയാൾ തിരിച്ചു വന്നു, 5 താലന്തു കിട്ടിയ ഭൃത്യൻ വന്നു പറഞ്ഞു ഗുരുവേ എനിക്ക് അങ്ങ് 5 താലന്താണ് നൽകിയത്. അത് 5 കൂടെ ഞാൻ വർദ്ധിപ്പിച്ചു. ഇതാ 10 താലന്ത് പിടിച്ചുകൊള്ളൂ, വീട്ടുടമസ്ഥൻ പറഞ്ഞു, സമർത്ഥനായ ഭൃത്യാ, കഠിനാദ്ധ്വാനിയായ ഭൃത്യാ ഒരു കാര്യം ഏൽപ്പിച്ചപ്പോൾ നീ നല്ല കാര്യം ചെയ്തുവെങ്കിൽ നിന്നെ ഞാൻ ധാരാളം കാര്യങ്ങൾ ഏൽപ്പിക്കുവാൻ ആഗ്രഹിക്കുന്നു. രണ്ടാമത്തെ ഭൃത്യൻ പറഞ്ഞു, ഞാൻ അങ്ങ് നൽകിയ 2 താലന്ത് 4 ആയി വർദ്ധിപ്പിച്ച് ഞാൻ അങ്ങേയ്ക്ക് തിരികെ തരുന്നു. ആ ഭൃത്യനോട് വീട്ടുടമസ്ഥൻ പറഞ്ഞു നീ മിടുക്കനും സമർത്ഥനുമാണ്. എന്നാൽ ഒരു താലന്തു കിട്ടിയ ഭൃത്യൻ വന്നു ഗുരുവിനെ അധിക്ഷേപിച്ചുകൊണ്ട് പറഞ്ഞു നീ വിതയ്ക്കാത്തിടത്ത് കൊയ്യുന്നവനും അതുപോലെ അമിതമായ സ്വത്ത് സമ്പാദിക്കാൻ ആഗ്രഹിക്കുന്ന ആളുമാണ്. അതുകൊണ്ട് നീ തന്ന താലന്ത് ഞാൻ മണ്ണിനടിയിൽ കുഴിച്ചിട്ടു, ഒരു താലന്താണ് അങ്ങ് തന്നത്, ഇതാ തിരിച്ചെടുത്തോളൂവെന്ന്. ഉടൻ ഗുരു പറഞ്ഞു ദുഷ്ടനും പണിയെടുക്കാൻ മടിയുള്ളവനുമായ നിനക്കുള്ളത് നരകാഗ്നിയാണ്. നീ അങ്ങോട്ടു പോകൂ ഇനി ഞാൻ നിന്നെ ഒന്നും ഏൽപ്പിക്കാൻ ആഗ്രഹിക്കുന്നില്ല. ഇവിടെ നാം കാണേണ്ടത് അദ്ധ്വാനിക്കാൻ സന്മനസ്സ് ഉണ്ടെങ്കിൽ നമുക്ക് മുന്നോട്ടു പോകാൻ കഴിയും, അതിന് പറ്റിയ അന്തരീക്ഷം ഇവിടെ ഉണ്ടാക്കിതന്നിട്ടുണ്ട്. ഇവിടെ നമ്മൾ പാഴാക്കി മുന്നോട്ടു പോകുന്ന സാഹചര്യമുണ്ടെങ്കിൽ നമുക്ക് ഒന്നും നേടാൻ കഴിയുകയില്ല. ഇനി കഴിഞ്ഞ കാലഘട്ടങ്ങളെക്കുറിച്ച് പറഞ്ഞിട്ട് കാര്യമില്ല. ലോകത്ത് എല്ലായിടത്തും മാറ്റമുണ്ടാവുകയാണ്. ബഹുമാനപ്പെട്ട പി. ടി. തോമസ് പറഞ്ഞു ചൈനയിൽ മാറ്റമുണ്ടായെന്ന്. ചെറിയ മാറ്റമാണോ ? രാജ്യത്തിലെ ഉന്നത നിലവാരമുള്ള സമിതിയിൽ കൃഷിക്കാർക്കൊപ്പം, തൊഴിലാളികൾക്കൊപ്പം സ്വകാര്യ മുതലാളിമാർ വേണമെന്ന നിർബന്ധമാണ് ചൈനയിലെ ഭരണകൂടത്തിനുള്ളത്. അവിടെ സ്വകാര്യ മുതലാളിമാരെ, മാവോ ഒരിക്കൽ ജനങ്ങളുടെ ശത്രുവാണെന്ന് മുദ്ര കുത്തിക്കൊണ്ട് അവരെ ശത്രുവായി കണ്ടുവെങ്കിൽ ഇന്ന് ആ ഭരണകൂടം മാറിയിരിക്കുന്നു. ചൈനയിലെ സ്വകാര്യമുതലാളിമാരെ മാത്രമല്ല ലോകത്തിലെ വിവിധ പ്രദേശങ്ങളിലേയും സ്വകാര്യ മുതലാളിമാരെ ആകർഷിപ്പിച്ചുകൊണ്ട് ചൈനയിൽ വമ്പിച്ച വ്യവസായങ്ങൾ തുടങ്ങാൻ മുന്നോട്ടു വരികയാണ്. അവർ നമ്മളോട് പറയുന്നു, പണമുണ്ടെങ്കിൽ വരൂ ഞങ്ങൾ നിങ്ങൾക്ക് ഇഷ്ടംപോലെ സൗകര്യം ചെയ്തുതരാമെന്ന്. ബംഗാളിലെ ബുദ്ധദേവ് ഭട്ടാചാര്യയും ധനകാര്യ വകുപ്പുമന്ത്രിയും ഇൻഡ്യയിലെ വിവിധ സ്ഥലങ്ങൾ ചുറ്റിക്കറങ്ങി എന്നിട്ട് പറയുകയാണ് വ്യവസായികൾ ഇവിടെ വരൂ ഞങ്ങൾ അനുകൂലമായ സാഹചര്യം

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടാക്കിത്തരാം എന്ന്. 24,000 കോടി രൂപയുടെ ഫിനാൻഷ്യൽ എക്സ്പെന്റിച്ചർ ബഡ്ജറ്റിൽ വരുന്ന സ്ഥാനത്ത് ആകെ വരുമാനം ഉണ്ടാക്കാൻ കഴിഞ്ഞത് 17,000 കോടി രൂപ മാത്രമാണെന്നുപറഞ്ഞുകൊണ്ട് ബംഗാളിൽ ഒരു വലിയ പ്രക്രിയ നടക്കാൻ പോവുകയാണ്. വെള്ളക്കരം കൂട്ടാൻ പോകുന്നു, ആശുപത്രികളിൽ യൂസേഴ്സ് ചാർജ് ഏർപ്പെടുത്താൻ തയ്യാറാകുന്നു, അതുപോലെ ജീവനക്കാരുടെ ആനുകൂല്യങ്ങൾ വെട്ടിക്കുറയ്ക്കുന്ന നടപടിയുമായി ബംഗാൾ മുന്നോട്ടുപോകുന്ന സന്ദർഭത്തിലും അവർ സുന്ദരവാഗ്ദാനങ്ങളാണ് നൽകുന്നത്. നമുക്ക് മനസിലാക്കുവാൻ കഴിഞ്ഞത് ഇവിടെ വലിയ മാറ്റത്തിനുവേണ്ടി തയ്യാറാകണം. ഇനി മാറിനിന്നിട്ടും ആരെ കുറ്റപ്പെടുത്തിയിട്ടും കാര്യമില്ല. സ്വകാര്യം എന്നോ, വർഗ്ഗ വിദ്വേഷിയെന്നോ, ബൂർഷ്വാ എന്നൊക്കെയുള്ള വാക്കുകൾക്കുപോലും പ്രസക്തിയില്ല. ഏറ്റവും വലിയ കമ്മ്യൂണിസ്റ്റ് രാജ്യമായ ചൈനയിൽ മുതലാളിമാരും തൊഴിലാളികളും കർഷകരും ഒരുമിച്ച് നീങ്ങിയാൽ മാത്രമേ ആ രാജ്യം രക്ഷപ്പെടൂ എന്നുള്ള വർഗ്ഗ സഹകരണം അവിടെ പ്രഖ്യാപിച്ചുകൊണ്ട് മുന്നോട്ട് പോകുമ്പോൾ ഇവിടെ ഒരു കൂട്ടരെ മാറ്റി നിർത്തുന്ന സാഹചര്യം ശരിയല്ല. നിയന്ത്രണങ്ങൾ ഏർപ്പെടുത്തണം. നിയന്ത്രണങ്ങൾ ഏർപ്പെടുത്തുമ്പോൾ തന്നെ മാറ്റത്തിന് ആവശ്യമായിട്ടുള്ള പച്ചക്കൊടി കാണിക്കുവാൻ കൂടി തയ്യാറാകണം. ഈ നിലയിൽ വളരെ നല്ല മാറ്റം വരുത്തിക്കൊണ്ട് മുന്നോട്ടുപോകുവാൻ സന്മനസ്സ് കാണിക്കുന്ന ഐക്യജനാധിപത്യമുന്നണി ഗവൺമെന്റിനെ ഒരിക്കൽക്കൂടി ഞാൻ അനുമോദിക്കുകയാണ്. വലിയ മാറ്റങ്ങൾ വരുന്നതോടൊപ്പംതന്നെ പരമ്പരാഗത വ്യവസായ മേഖലയെ നമുക്ക് കഴിവിന്റെ പരമാവധി പ്രോൽസാഹിപ്പിക്കേണ്ടതായിട്ടുണ്ട്. ഇവിടെ നല്ലൊരു മാറ്റം തുടങ്ങിവച്ചിട്ടുണ്ട്. ഇവിടത്തെ പൊതുമേഖല സ്ഥാപനങ്ങളെ രക്ഷപ്പെടുത്താൻവേണ്ടി പുതിയ സ്വകാര്യ സ്ഥാപനങ്ങൾ കൊണ്ടുവരാൻ ആവശ്യമായ സഹായം ചെയ്തുകൊടുക്കുന്നതുപോലതന്നെ പരമ്പരാഗത മേഖലയിൽ യന്ത്രവൽക്കരണം ഉൾപ്പെടെയുള്ള പുതിയ സാങ്കേതികവിദ്യ കൊണ്ടുവരാൻ വ്യവസായ വകുപ്പുമന്ത്രി ശ്രദ്ധിക്കുന്നുണ്ടെന്നുള്ളത് ശരിയാണ്. എങ്കിൽപ്പോലും കൂടുതൽ ആ മേഖലയെ ശ്രദ്ധിക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്. കശുവണ്ടി വ്യവസായം തകർച്ചയിൽനിന്നും തകർച്ചയിലേയ്ക്ക് പോയി കുറേയധികം കാലം കശുവണ്ടി ഫാക്ടറികൾ അടച്ചിടുകയുണ്ടായി. രണ്ടുവർഷക്കാലം കശുവണ്ടി വികസന കോർപ്പറേഷനു കീഴിലുള്ള ഫാക്ടറികൾ അടച്ചിട്ടെങ്കിൽ, കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലഘട്ടത്തിൽ നിരവധി കശുവണ്ടി ഫാക്ടറികൾ അടഞ്ഞുകിടന്ന സാഹചര്യമുണ്ടായി. ഏതായാലും വലിയ ബാദ്ധ്യത ഇടതുപക്ഷ മുന്നണി ഭരണകാലത്ത് ഉണ്ടാക്കിയത് ഈ ഗവൺമെന്റ് കൊടുത്തുതീർത്തുകൊണ്ട് കശുവണ്ടി വികസന കോർപ്പറേഷന്റെ കീഴിലുള്ള സ്ഥാപനങ്ങൾ എല്ലാംതന്നെ തുറക്കുവാനുള്ള തീരുമാനം എടുത്തു കഴിഞ്ഞിരിക്കുകയാണ്. അത് ഈ ഗവൺമെന്റിന്റെ മാത്രം പ്രത്യേകതയാണ്. ഈ ഗവൺമെന്റ് ബഹുമാനപ്പെട്ട വ്യവസായ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ 18-ാം തീയതി ഗസ്റ്റ് ഹൗസിൽ യോഗം വിളിച്ചുകൂട്ടി. തൊഴിലാളി യൂണിയൻ

LIBRARY ARCHIVES Kerala Legislative Assembly

നേതാക്കളുടേയും രാഷ്ട്രീയ കക്ഷി നേതാക്കളുടെയും എം.എൽ.എ. മാരുടെയും ഒക്കെ സാന്നിദ്ധ്യത്തിലാണ് തീരുമാനമെടുത്തത്. ആ സന്ദർഭത്തിൽ, ഒരു കാര്യം വളരെ വ്യക്തമായി പറയുകയുണ്ടായി. നഷ്ടങ്ങൾ മുഴുവൻ തരാൻ തയ്യാറാണ് ഇത് തുറക്കാനുള്ള സൗകര്യം ചെയ്തുതരാം ഈ വ്യവസായശാലയുടെ കേടുപാടുകൾ തീർക്കാൻ തയ്യാറാണ് എന്നൊക്കെ വളരെ വ്യക്തമായി പറഞ്ഞു. അവസാനം വ്യവസായ വകുപ്പുമന്ത്രി ഒരു തീയതി വരെ അവിടെ പ്രഖ്യാപിക്കുവാൻ തയ്യാറായ സന്ദർഭത്തിൽ പ്രിയപ്പെട്ട ഇടതുപക്ഷ യൂണിയൻ നേതാക്കന്മാരുടെ അഭ്യർത്ഥന തീയതി പ്രഖ്യാപിക്കണ്ട എന്നുള്ളതായിരുന്നു. ആ സത്യം മുഴച്ചുനിൽക്കുമ്പോൾ ഫാക്ടറി തുറക്കുന്നതിനു ഡേറ്റ് തീരുമാനിച്ചിട്ടില്ല അതുകൊണ്ട് സമരവുമായി ഞങ്ങൾ മുന്നോട്ടുപോകുമെന്ന് പറഞ്ഞുകൊണ്ട് തൊഴിലാളികളെ വഞ്ചിക്കുന്ന, ഒരു നിലപാടാണ് ഇടതുപക്ഷ നേതാക്കന്മാർ സ്വീകരിച്ചതെന്ന് പറയുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇപ്പോൾ തുറന്നു പ്രവർത്തിപ്പിക്കുന്ന കശുവണ്ടി ഫാക്ടറികളെ സംബന്ധിച്ച് സാമ്പത്തിക നഷ്ടം നമുക്കുണ്ടാകും. പക്ഷെ അതു പരിഹരിക്കുവാനുള്ള സാഹചര്യം കൂടി ഉണ്ടാകണം. ആധുനിക രീതിയിലുള്ള യന്ത്രങ്ങൾ ഉപയോഗിക്കുകയും കശുവണ്ടിക്ക് പുറംലോകത്ത് മാർക്കറ്റ് കണ്ടെത്താൻ നടപടി സ്വീകരിക്കുകയും ചെയ്താൽ തീർച്ചയായും കശുവണ്ടി മേഖലയെ മുന്നോട്ടുകൊണ്ടുപോകാൻ കഴിയും. ആ മേഖലയിൽ,.....

മി. ഡെപ്യൂട്ടി സ്പീക്കർ : പ്ളിസ്,.... പ്ളീസ്,....

ശ്രീ. തോമസ് ഉണ്ണിയാടൻ : സർ എനിക്ക് രണ്ടു മിനിട്ടുകൂടെ വേണം.

Mr. Deputy Speaker : No...No... Your time is over..please..please...

ശ്രീ. തോമസ് ഉണ്ണിയാടൻ : കശുവണ്ടി മേഖലയിലെ ഏറ്റവും വലിയ പ്രത്യേകത പതിനായിരക്കണക്കിന് സ്ത്രീ തൊഴിലാളികൾ ജോലി ചെയ്യുന്നു എന്നുള്ളതാണ്. നമുക്ക് ഒരിക്കലും കശുവണ്ടി വ്യവസായത്തെ തളളിപ്പറഞ്ഞുകൊണ്ട് മുന്നോട്ടുപോകുവാൻ കഴിയില്ല. വലിയ മാറ്റങ്ങൾ വരുത്താൻ കഴിയും. അതുപോലെ കൈത്തറി മേഖല, രാവിലെ ബഹുമാന്യനായ തൊഴിൽ വകുപ്പുമന്ത്രി അദ്ദേഹത്തിന്റെ മറുപടിയിൽ പറയുകയുണ്ടായി, ലോകത്തിന്റെ വിവിധ പ്രദേശങ്ങളിൽ കൈത്തറി വസ്ത്രങ്ങൾക്ക് വലിയ ഡിമാന്റാണെന്ന്. അമേരിക്കയിൽപ്പോലും ഇപ്പോൾ ഇൻഡ്യൻ നിർമ്മിത വസ്ത്രങ്ങളാണ്. ആ വസ്ത്രത്തിന് പ്രത്യേകതയുണ്ടെന്ന് പറയുന്നു. അങ്ങനെവരുമ്പോൾ ആ പ്രദേശങ്ങൾ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ കൈത്തറി തുണികൾ അയച്ച് വലിയൊരു മാറ്റം കൈത്തറി വ്യവസായ രംഗത്ത് ഉണ്ടാക്കുവാൻ നമുക്ക് കഴിയും. ആ നിലയിലേയ്ക്ക് ചിന്തിക്കണമെന്നാണ് എന്റെ അഭിപ്രായം. അതുപോലതന്നെ അമേരിക്ക, ബ്രിട്ടൻ, ഫ്രാൻസ്, ഇറ്റലി, നെതർലാന്റ് തുടങ്ങിയ രാജ്യങ്ങളിൽ ഇൻഡ്യയുടെ, പ്രത്യേകിച്ച് കേരളത്തിന്റെ കയർ ഉല്പന്നങ്ങൾ വളരെയേറെ മെച്ചപ്പെട്ടതാണെന്നും അത് ആവശ്യമാണെന്നും പറയുമ്പോൾ തീർച്ചയായിട്ടും കയർ മേഖല ഒന്നുകൂടെ പ്രോൽസാഹിപ്പിച്ചാൽ വലിയ മാറ്റങ്ങൾ വരുത്താൻ കഴിയും.

LIBRARY ARCHIVES Kerala Legislative Assembly

മാറ്റങ്ങൾക്കനുസരിച്ച് മുന്നോട്ടുപോകുവാൻ കഴിയണം. എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങളും മാറ്റങ്ങൾക്കനുസൃതമായി വരണം. കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം പഴയ നിലപാടുകൾ മാറ്റണം. മാറ്റിയില്ലെങ്കിൽ അത് തകർന്നുപോകുമെന്ന് നിരവധി ചരിത്രങ്ങൾ പഠിപ്പിക്കുന്നുണ്ട്. റഷ്യയുടെ ചരിത്രം മറ്റൊന്നല്ല നമ്മെ പഠിപ്പിക്കുന്നത്. നമ്മുടെ കണ്ണ് തുറക്കണം. ഈ മാറ്റങ്ങൾക്കുവേണ്ടി കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളിലെ ചില സൈദ്ധാന്തികന്മാർ ശബ്ദം ഉയർത്തുമ്പോൾ അവരെ വെട്ടിവീഴ്ത്തിക്കൊണ്ട് മുന്നോട്ടുപോകുന്ന ചില നടപടി നമുക്ക് കാണാൻ കഴിയും.

മി. ഡെപ്യൂട്ടി സ്പീക്കർ : പ്ലീസ്,.... പ്ലീസ്,....

ശ്രീ. തോമസ് ഉണ്ണിയാടൻ : സ്വതന്ത്രമായി ജനാധിപത്യ വ്യവസ്ഥയിൽ പ്രവർത്തിക്കുന്ന രാഷ്ട്രീയ കക്ഷിയാണെന്നുപറയുന്ന സി.പി.എം.,....

.....(ബഹളം)

മി. ഡെപ്യൂട്ടി സ്പീക്കർ : പ്ളീസ്,.. പ്ളീസ്,....

.....(ബഹളം)

ശ്രീ. തോമസ് ഉണ്ണിയാടൻ : സൈദ്ധാന്തികനെ വെട്ടിവീഴ്ത്തിയത് നമുക്ക് കാണാൻ കഴിയുകയുണ്ടായി.,

(ബഹളം)

Mr. Deputy Speaker : Please resume your seat. . ...

ശ്രീ. തോമസ് ഉണ്ണിയാടൻ : നമ്മളൊക്കെ ബഹുമാനിക്കുന്ന ഇ.എം.എസ്. അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ നിന്ന് കുറേയധികം ആളുകളെ വെട്ടിമാറ്റിക്കൊണ്ട് സ്റ്റാലിനിസത്തിന്റെ മോഡലിൽ പ്രവർത്തിച്ചെന്ന് പല കമ്മ്യൂണിസ്റ്റ് സൈദ്ധാന്തികരും പറയുന്നു. രാവിലെ ഈ നിയമസഭാ മന്ദിരത്തിലേയ്ക്ക് കടന്നുവന്നപ്പോൾ നിയമസഭാ കവാടത്തിനു മുമ്പിലുള്ള EMS പ്രതിമയിൽ നോക്കി ഞാൻ അറിയാതെ പറഞ്ഞുപോയി. ഒരു വർഷംകൂടി നിൽക്കുവാൻ കഴിയുമോയെന്ന് ? കുറേ നാളുകൾ നിൽക്കുവാൻ കഴിയട്ടെ എന്ന് പ്രാർത്ഥിക്കുകയുണ്ടായി. സർ ഈ നിലയിലുള്ള പ്രവൃത്തി നമ്മളൊക്കെ ആദരിക്കുന്ന ബഹുമാന്യനായ ഇ.എം.എസിനോടു വേണമായിരുന്നോ ?

.....(ബഹളം).....

ആക്രിക്കടയിൽ സ്റ്റാലിന്റെ പ്രതിമ കണ്ടെടുത്തു എന്ന് കഴിഞ്ഞ ദിവസം പത്രത്തിൽ വാർത്ത വന്നതുപോലെ ഇ.എം.എസ്.ന്റെ പ്രതിമയും കണ്ടെടുക്കേണ്ടിവരുമോ എന്നു ഞാൻ വിഷമിക്കുന്നു. ഇതിന് ഇടവരുത്തരുതേ എന്നു ഞാൻ പ്രാർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനയെ ഒരിക്കൽക്കൂടി പിന്താങ്ങിക്കൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീമതി മേഴ്സി രവി : സർ, ഈ ധനാഭ്യർത്ഥനയെ ഞാൻ പിന്താങ്ങുകയാണ്. വ്യവസായ മേഖലയിൽ ഒരു മാറ്റം ഉണ്ടാകും, അതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

take off സ്റ്റേജിലാണ്. ഐ.ടി. മേഖലയിൽ മാത്രമാണ് പ്രകടമായ ഒരു മൂവ്മെന്റ് നമുക്ക് കാണാൻ കഴിഞ്ഞത്.

ശ്രീ. മത്തായി ചാക്കോ : സർ, മഹാനായ ജോസഫ് സ്റ്റാലിൻ സോവിയറ്റ് യൂണിയനിലെ പതിറ്റാണ്ടുകളുടെ ഭരണാധികാരിയായിരുന്നു. ലോകം കണ്ട ഏറ്റവും നല്ല ഭരണാധികാരിയായിട്ടുള്ള സ്റ്റാലിനെ സംബന്ധിച്ച്,...

മി. ഡെപ്യൂട്ടി സ്പീക്കർ : ജോസഫ് സ്റ്റാലിനെ അങ്ങ് മാത്രമല്ല എല്ലാവരും അംഗീകരിക്കുന്നു.

ശ്രീമതി മേഴ്സി രവി : ഐ.ടി. മേഖലയിൽ നാം നേടിയെടുത്ത ഈ വളർച്ച പ്രത്യേകിച്ച്, അന്താരാഷ്ട്ര ലെവലിൽ ഇത്രയും recession ഉള്ളപ്പോൾ ഈ വളർച്ച എന്നുപറയുന്നത് വളരെ അഭിനന്ദനം അർഹിക്കുന്ന ഒരു കാര്യമാണ്. ഇത് ഞാൻ എടുത്തുപറയുവാൻ കാരണം, ഇന്നത്തെ ഐ.ടി മേഖലയിലെ recession-ൽ നിന്ന് നമ്മൾ വളരെ മുന്നോട്ടുവന്നു. അതിന് ഞാൻ നമ്മുടെ വകുപ്പുമന്ത്രിയെ അഭിനന്ദിക്കുകയാണ്. പക്ഷെ തികച്ചും വിഭിന്നമായ ഒരു കാര്യമാണ് എനിക്ക് ഈ സഭയുടെ ശ്രദ്ധയിൽക്കൊണ്ടുവരാനുള്ളത്. ഇത് വിമർശനമല്ലെന്ന് മുൻകൂട്ടി പറയുകയാണ്. കാരണം ഹൈടെക്കിന്റെ യുഗത്തിലേയ്ക്കുള്ള ഈ മുന്നേറ്റമാണ് ഗവൺമെന്റിന്റെ അജണ്ട. ഇവിടെ നമ്മൾ മുഴക്കുന്ന മന്ത്രം, വികസനത്തിന്റെ മന്ത്രമാണ്. അതിന്റെ തുടക്കമാണ് 'ജിം'. ഈ സന്ദർഭത്തിൽ ആഗോളവൽക്കരണത്തിന്റെ ചതിക്കുഴികളെക്കുറിച്ച് ഒരു മുന്നറിയിപ്പ് നൽകുവാൻ ഞാൻ ആഗ്രഹിക്കുന്നു. വികസനം, നമുക്ക് അവിടെ തുടങ്ങാം. അത് എന്താണ്? ഈ കഴിഞ്ഞ ഇടതുപക്ഷ ഭരണകാലത്ത്, 'കേരളാ മോഡൽ' എന്ന ജനകീയാസൂത്രണത്തിന്റെ മഹത്തായ വികസനത്തെ വിലയുരുത്താൻ ശ്രീ. അമർത്യാസെന്നിനെ ഇവിടെ കൊണ്ടുവരികയുണ്ടായി. ശ്രീ. ബിനോയ് വിശ്വം ഇവിടെയില്ല. അദ്ദേഹം ശ്രീ. അമർത്യാസെന്നിന്റെ ബുക്കിനെ കാട്ട് ചെയ്ത് സംസാരിച്ചു. ശ്രീ. അമർത്യാസെന്നിന്റെ തിയറിയുടെ ഒരു വശം മാത്രമാണ് അദ്ദേഹം പറഞ്ഞത്. ശ്രീ. ബിനോയ് വിശ്വം പറഞ്ഞു, famine-ഉം inequality-യും ഉണ്ടാകുമ്പോൾ, ഏതു വികസനപ്രക്രിയയുടെ തുടക്കത്തിലും inequality ഉണ്ടാകും, അതൊരു പീക്കിൽ എത്തിയിട്ട് സമത്വം വരുമ്പോൾ അതു താഴെപോകും. Inequality ഇല്ലാതാകുമെന്നാണ് ആ തിയറി, അതിന്റെ ഒരു ഭാഗം മാത്രം പറഞ്ഞിട്ട് ശ്രീ. ബിനോയ് വിശ്വം പോയി. ബാക്കി പറയാൻവേണ്ടി ഞാൻ പറഞ്ഞുവെന്നേയുള്ളൂ. ശ്രീ. അമർത്യാ സെന്നിനെക്കുറിച്ച് സഭയിൽ അങ്ങനെ പറഞ്ഞിട്ട് പോകാൻ പാടില്ല. ശ്രീ. അമർത്യാസെൻ ഇവിടെ വന്ന് പറഞ്ഞിട്ടുപോയ ഒരു കാര്യമുണ്ട്. അത് ഞാൻ ശ്രീ. ബിനോയ് വിശ്വന്റെ ശ്രദ്ധയിൽക്കൊണ്ടു വരികയാണ്. ഇവിടെത്തെ ജനകീയാസൂത്രണം എന്ന മഹത്തായ വികസനപ്രക്രിയയെക്കുറിച്ച് അദ്ദേഹം പറഞ്ഞത് ഇതൊരു wrong model ആണെന്നാണ്. അതിനു കാരണമായി അദ്ദേഹം പറഞ്ഞത് ഇത് നിലനിൽക്കുന്ന വികസനമല്ല, sustainable development എന്നു പറയുന്ന കംപോണന്റ് ഇതിലില്ല, അതുകൊണ്ട് വികസനം തകർന്ന് തരിപ്പണമായി പോകുമെന്നാണ്. അതദ്ദേഹം മറന്നുപോയി. അന്നത്തെ മുഖ്യമന്ത്രി

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. നായനാരുടെ മുഖത്തുനോക്കി പരസ്യമായി ശ്രീ. അമർത്യാസെൻ ഇത് പറഞ്ഞിട്ടാണ് ഇവിടെ നിന്ന് പോയത്. അന്ന് അതിനെക്കുറിച്ച് ഇവിടെ ഒരുപാട് വിവാദവും ഉണ്ടായിരുന്നു. അങ്ങനെ നിലനിൽക്കുന്ന വികസനം എന്ന കംപോണന്റ്, അതാണ് നമ്മൾ ശ്രദ്ധിക്കേണ്ടത്. ഇതിനെക്കുറിച്ച് പറയാൻ കാരണമുണ്ട് ആഗോളവൽക്കരണത്തിന്റെ ഈ കാലഘട്ടത്തിൽ, നമ്മൾ വികസനത്തെക്കുറിച്ച് പറയുമ്പോൾ രണ്ടു കംപോണന്റ്സ് നമ്മൾ ശ്രദ്ധിക്കണം. ഒന്ന്, sustainable development രണ്ടാമത്തെ കംപോണന്റ് ഒരു വികസനം നടക്കുമ്പോൾ അതുകൊണ്ട് ആ കമ്മ്യൂണിറ്റിക്ക്, അല്ലെങ്കിൽ ആ പ്രദേശത്തിന് സാമൂഹ്യമായി അല്ലെങ്കിൽ സാമ്പത്തികമായി ഉന്നമനമുണ്ടാകണം. Either social or economic upgradation of the society. ഈ രണ്ടു കംപോണന്റ്സ് കൂടി വന്നാൽ മാത്രമേ വികസനത്തിന് ഒരു മനുഷ്യമുഖം ഉണ്ടാകുകയുള്ളൂ. മനുഷ്യമുഖമില്ലാത്ത ഒരു വികസനം നിലനിൽക്കുകയില്ലെന്നാണ് നമ്മൾ ചരിത്രം പഠിച്ചിട്ടുള്ളത്. ഇവിടെ നമ്മൾ ആരെയാണ് കാത്തിരിക്കുന്നത് ? നമ്മൾ കാത്തിരിക്കുന്നത് ഗ്ളോബൽ ഇൻവെസ്റ്ററെയാണ്. ഗ്ളോബൽ ഇൻവെസ്റ്റർ ഒരു അജൻഡയുമായി, ഒരു ഷോപ്പിംഗ് ലിസ്റ്റുമായി ലോകം മുഴുവൻ കറങ്ങി ടൂർ കഴിഞ്ഞാണ് ഇവിടെയെത്തുന്നത്. എന്താണ് ആ ഷോപ്പിംഗ് ലിസ്റ്റിലുള്ളത് ? He is looking for cheap labour or he must be looking for cheap raw materials and he is expecting high productivity with huge margin or profit. The day he realises that this particular project doesn't suit his agenda, ruthlessly he will drop the project and walk away with his capital. അങ്ങനെയൊരു ഇൻവെസ്റ്ററെ വാക്കൗട്ട് ചെയ്തുകൊണ്ട് തകർന്നുപോയ സാമ്പത്തിക ഇക്കോണമിയാണ് നമുക്ക് ചുറ്റുമുള്ളത്. അതാണ് ഏഷ്യൻ ക്രൈസിസിന്റെ കഥ. ജോർജ് ഓസിയേഴ്സ് എന്ന അമേരിക്കൻ മുതലാളി, ന്യൂയോർക്ക് ബേസ്ഡായിട്ടുള്ള അമേരിക്കൻ ക്യാപ്പിറ്റലിസ്റ്റ് കോടികൾ കൊണ്ടുവന്ന് മലേഷ്യയിൽ മുടക്കി. അമേരിക്കയിലെ വേൾഡ് ട്രേഡ് സെന്ററിനെ വെല്ലുന്ന പെട്രോണാ ടവർ മലേഷ്യയിൽ ഉയർന്നു. ലോകം അതിശയത്തോടെ മലേഷ്യയിലെ പുരോഗതിയെ നോക്കിക്കണ്ടതാണ്. പക്ഷേ ജോർജ് ഓസിയേഴ്സ് ക്യാപ്പിറ്റലും കൊണ്ട് അമേരിക്കയിൽ തിരിച്ചു പോയപ്പോൾ മലേഷ്യൻ ഇക്കോണമി തകർന്നു തരിപ്പണമായിപ്പോയി. ഇത് സിംഗപ്പൂരിലുമുണ്ടായി. അമേരിക്കൻ പണംകൊണ്ട് പൊളിച്ചുനടന്ന ഏഷ്യൻ ടൈഗേഴ്സ് എന്നു വിളിക്കുന്ന കൊറിയ, തായ്വാൻ, തായിലൻഡ് എന്നിവിടെയെല്ലാം ഇത് ആവർത്തിച്ചു. ഏഷ്യൻ ക്രൈസിസ് ഇൻഡ്യയിൽ തകർന്നുപോകാതിരുന്നത് എഫ്.ഡി.ഐ.-യുടെ റേറ്റ് വളരെ കുറവായിരുന്നു എന്നുള്ളതുകൊണ്ടാണ്. അതൊരുപക്ഷേ കോൺഗ്രസ്സിന്റെ ദീർഘവീക്ഷണം ആണെന്നു പറയാതിരിക്കാൻ വയ്യ. ആ പോളിസി ഇന്ന് പറ്റുമോ എന്നു ചോദിച്ചാൽ ഇല്ലെന്നു പറയും. ഇതിൽ നിന്നൊരു ഗുണപാഠം പഠിച്ചാണ് ഐ.എം.എഫ്-ഉം വേൾഡ് ബാങ്കും മൂന്നാംകിട രാജ്യങ്ങളുടെ വികസന അജണ്ടയുമായി വരുമ്പോൾ അതിനകത്ത് ചില നിബന്ധനകൾ എഴുതിച്ചേർക്കാൻ നിർബന്ധിതരായത്. അങ്ങനെ ഐ.എം.എഫ്-ന്റെ വാഷിംഗ്ടൺ കോൺസൻസസ് വേൾഡ് ബാങ്കിന്റെ എല്ലാ നിബന്ധനകളും

LIBRARY ARCHIVES Kerala Legislative Assembly

പൂർത്തിയാക്കിക്കൊണ്ടാണ് സൗത്ത് അമേരിക്കയിലെ അർജന്റീന ആഗോളവൽക്കരണത്തിലേയ്ക്ക് എടുത്തുചാടിയത്. നമ്മളെ വിസ്മയിപ്പിക്കുന്ന പുരോഗതിയാണ് അർജന്റീനയിൽ ഉണ്ടായത്. പക്ഷേ കഴിഞ്ഞ രണ്ടു കൊല്ലങ്ങൾക്കു മുമ്പ് നമ്മൾ അർജന്റീനയുടെ തകർച്ച കണ്ടു. ഇന്നും ലോക സാമ്പത്തികരംഗം അതിന്റെ ഞെട്ടലിൽ നിന്ന് വിമുക്തമായിട്ടില്ല. ഇന്നും ഒരു ഷോക്കായി നിലനിൽക്കുകയാണ്. ആ തകർച്ചയിൽ നിന്നും ചില പാഠങ്ങൾ നമ്മൾ പഠിക്കണമെന്നാണ് എനിക്കു പറയാനുള്ളത്. sustainable development and social and economic upgradation എന്നീ രണ്ടു കംപോണന്റ്സ് 'ജിം'ലെ പദ്ധതികളുടെ കൂട്ടത്തിൽ ടാഗ് ചെയ്യണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്. ഇല്ലെങ്കിൽ നമ്മൾ ചതിക്കുഴിയിൽ വീണുപോകും. ഒരിക്കൽക്കൂടി ഞാൻ ചോദിക്കുകയാണ്, എന്താണ് വികസനം? ഈ ചോദ്യം എന്നോട് ചോദിച്ചത് കോട്ടയത്ത്, എന്റെ നിയോജകമണ്ഡലത്തിലെ ഒരു പാവപ്പെട്ട മനുഷ്യനാണ്. ഇന്ന് കുമരകം ലോകപ്രസിദ്ധമാണ്. ടൂറിസം വികസിച്ചു നിൽക്കുന്നു, ത്രസിച്ചു നിൽക്കുന്നു എന്നൊക്കെയാണ് നമ്മൾ പറയുന്നത്. നമ്മൾ കുമരകംകാരോട് ചോദിച്ചാൽ അവർ സത്യം പറയും. അവർ പട്ടിണിയിലാണ്. അതാണ് എനിക്കു പറയാനുള്ളത്. ഒരു കുമരകംകാരൻ എന്നോട് ചോദിച്ചു, എന്താണ് വികസനം എന്ന്. ഇവിടെ എം.എൽ.എ. പോയി മന്ത്രിയോട് വഴക്കുണ്ടാക്കി കുടിവെള്ളത്തിന് പണം കൊണ്ടുവരുന്നു, റോഡുണ്ടാക്കാൻ പണം കൊണ്ടുവരുന്നു. അതിന്റെ ഗുണഭോക്താവ് ആരാണ് ? ഇന്നും കുമരകത്ത് കുടിക്കാൻ വെള്ളമില്ല. water borne diseases-ന്റെ കളിയാണ്. ഇവിടെ മന്ത്രി പല മറുപടിയും പറയും. എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഈ അവസരത്തിൽ ഒരഭ്യർത്ഥനയുണ്ട്. പലതരം പേരിലറിയപ്പെടുന്ന ഈ പനി ഗവൺമെന്റ് ഇങ്ങനെ കൊണ്ടുനടക്കരുത്. ഡബ്ളിയു. എച്ച്. ഒ.-യെ അറിയിക്കണം. Lecto spirus-ന് 242 സ്ട്രെയ്ൻസുണ്ട്. അതിൽ ഏതു സ്ട്രെയിനാണ് ഈ രോഗമുണ്ടാക്കുന്നതെന്ന് നമുക്ക് പറയാൻ കഴിയുന്നില്ല. 3 മാസം കൊണ്ട് സാർസ് എന്ന രോഗത്തിന് അവർക്ക് തടയിടാൻ കഴിഞ്ഞുവെങ്കിൽ ഉറപ്പായും ഡെങ്കിപ്പനിയും എലിപ്പനിയുമൊക്കെ അവർക്ക് കൈകാര്യം ചെയ്യാൻ കഴിയുമെന്നാണ് എന്റെ വിശ്വാസം. ഇത് നമ്മൾ അഭിമാനത്തിന്റെ പ്രശ്നമായി കാണരുത്. പാവപ്പെട്ട മനുഷ്യന്റെ ജീവന്റെ പ്രശ്നമായി നമ്മൾ കാണണം. ഞാൻ തിരിച്ച് വെള്ളത്തിന്റെ കാര്യത്തിലേയ്ക്ക് വരികയാണ്. അവിടെ കുടിക്കാൻ വെള്ളമില്ല. ഇൻഫ്രാസ്ട്രക്ച്ചറിന്റെ ഒരു ഗുണവും അവന് ലഭിക്കുന്നില്ല. ആർക്കും അവിടെ പണി കിട്ടുന്നില്ല. ഗവൺമെന്റിനു തന്നെ ടൂറിസംകൊണ്ട് എന്തെങ്കിലും പ്രയോജനം ലഭിക്കുന്നുണ്ടോ? പൈസ കിട്ടുന്നുണ്ടോ? സർക്കാരിന് ഒരു അഡീഷണൽ ഇൻകം ഉള്ളതായി എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പഞ്ചായത്തിന് ടാക്സ് കിട്ടുന്നുണ്ടോ ? ശ്രീ. കെ. പി. രാജേന്ദ്രന്റെ പാർട്ടിയിലെ വനിതാ പഞ്ചായത്ത് പ്രസിഡന്റാണ് അവിടെയുള്ളത് . ആ സ്ത്രീ ടാക്സ് പിരിക്കാൻ കോടതിയിൽ കേസുമായി നടക്കുകയാണ്. പാവപ്പെട്ട കുമരകംകാരൻ ചോദിച്ച ചോദ്യം ഞാൻ വീണ്ടും ആവർത്തിക്കുന്നു. എന്താണ് വികസനം ?

LIBRARY ARCHIVES Kerala Legislative Assembly

ഈ വികസനംകൊണ്ട് എന്താണ് ഗുണം? ആ ചോദ്യം ഇവിടെ ആവർത്തിക്കുകയാണ്. ഇനിയും പ്രോജക്ടുകൾ വരുമ്പോൾ ഈ ചോദ്യം നിങ്ങളുടെ മുന്നിൽ ഉണ്ടാകണം. ഈ പ്രോജക്ടു കൊണ്ട് ഇവിടെ ആർക്കും.....

ശ്രീ. തോമസ് ചാഴികാടൻ : ഈ പ്രോജക്ടുകൾ വരുമ്പോൾ അതിന്റെ സോഷ്യൽ ഇക്കണോമിക് ഇംപോർട്ടൻസ് മനസ്സിലാക്കി പ്രോജക്ടു കൊണ്ടുവരുന്ന വ്യവസായികൾ അതാതു പ്രദേശത്തെ സാമൂഹ്യമായ വികസനത്തിനുതകുന്ന പദ്ധതികൾ നടപ്പാക്കണമെന്ന ഒരു നിബന്ധന ഓരോ പ്രോജക്ടുകളും കൊണ്ടുവരുമ്പോഴും വയ്ക്കാൻ തയ്യാറായാൽ ഈ പ്രശ്നം പരിഹരിക്കപ്പെടുകയില്ലേ?

ശ്രീമതി മേഴ്സി രവി : അതിലേക്ക് ഞാൻ വരികയാണ്. വികസനം കൊണ്ട് ഗുണമെന്നു പറയുന്നത് കുറേ മുതലാളിമാർക്കാണ്. ഈ വികസനം കൊണ്ട് ആ നാട്ടിൻപുറത്തുണ്ടാകുന്ന environmental degradation, അതു മാത്രമാണ് ഈ വികസനത്തിന്റെ ബാക്കിപത്രം. ഒരു കാലത്ത് അവിടെയുള്ള തോട്ടിലേയും ആറിലേയും വേമ്പനാട്ടു കായലിലേയും വെള്ളം കുളിക്കാൻ സേഫായിരുന്നു. ഇന്ന് അതിൽ മനുഷ്യർക്ക് വിരൽ തൊടാൻപോലും പേടിയാണ്. നിങ്ങൾ കുളിക്കാൻ വേമ്പനാട് കായലിലോ അവിടയുള്ള ആറിലോ തോട്ടിലോ ഇറങ്ങിയാൽ നിങ്ങളുടെ തലയിൽ ക്യാണ്ടം കണ്ടെന്നുവരും. ഈ environmental degradation നിങ്ങൾ എങ്ങനെ കോംപൻസേറ്റ് ചെയ്യും? വികസനത്തെക്കുറിച്ച് നമ്മൾ പറയുമ്പോൾ എനിക്ക് ഇതാണ് പറയാനുള്ളത്. കരിമണൽ ഖനനത്തിന് ഞാൻ എതിരല്ല. പക്ഷേ എനിക്ക് പറയാനുണ്ട്. അതുകൊണ്ട് ആർക്കാണ് ഗുണം? അവിടെ ലോക്കൽ ഏരിയായിൽ എന്തെങ്കിലും പ്ളസ് ഉണ്ടോ? അതിനോട് നിങ്ങൾ എന്തെങ്കിലും സോഷ്യൽ ക്ളാസ് അറ്റാച്ച് ചെയ്യണം. കരിമണൽ ഖനനം പന്മനയിൽ തുടങ്ങിയപ്പോൾ അന്ന് ഇന്ദിരാജിക്ക് ദീർഘവീക്ഷണമുണ്ടായിരുന്നു. അതുകൊണ്ട് കെഎംഎംഎൽ ഫാക്ടറി വരികയും ആയിരക്കണക്കിനാളുകൾക്ക് തൊഴിൽ കൊടുക്കാൻ കഴിയുകയും ചെയ്തു. ഇതിന്റെ end product കൂടെ അവിടെ പ്രോസസ് ചെയ്യട്ടെ. ആളുകൾക്ക് ജോലി കിട്ടട്ടെ. നമുക്ക് അതെല്ലാം സമ്മതിക്കാം. ആ പ്രദേശത്തെ ജനവിഭാഗങ്ങളുടെ ഒരു സോഷ്യൽ ക്ളാസ് ഇതിൽ അറ്റാച്ച് ചെയ്യണം. കേരള മുഖ്യമന്ത്രി കുടിവെള്ളം നൽകാൻ 167 കോടി രൂപയ്ക്കുവേണ്ടി പാഞ്ഞു നടക്കുകയാണ്. 167 കോടിരൂപ അറ്റാച്ച് ചെയ്യട്ടെ. വെറും 25 രൂപയാണ് ഒരു ടൺ മണലിന്റെ റോയൽറ്റി മൂന്നു-നാലു മണിക്കൂർ വെള്ളത്തിൽ കിടന്ന് കക്ക വാരിക്കൊണ്ടുവരുന്ന ഒരു കക്കത്തൊഴിലാളി അതിനേക്കാൾ കൂടുതൽ റോയൽറ്റി ഒരു ഗവൺമെന്റിനു കൊടുക്കുന്നുണ്ട്. ആ 25 രൂപ എന്നുള്ള റോയൽറ്റി അവനുണ്ടാക്കുന്ന പ്രോഫിറ്റുകളിൽ പല കണക്കുകളും വരുന്നു. എന്നാലും വലിയൊരു എമൗണ്ട് പ്രോഫിറ്റാണ്. അതിൽ നിന്ന് 167 കോടി രൂപ എന്നു പറയുന്നത് ആനക്കാര്യമാണോ? ഒരു സോഷ്യൽ ക്ളാസ് അറ്റാച്ച് ചെയ്യണം. 'ജിം'-ൽ വരുന്ന എല്ലാ പരിപാടികളുടേയും കൂടെ ഈ രണ്ട് കംപോണന്റ്സ്, sustainable development എന്ന കംപോണന്റും, social and economic

LIBRARY ARCHIVES Kerala Legislative Assembly

upgradation of the community എന്ന കമ്പോണന്റും നിർബന്ധമായി ടാഗ് ചെയ്യണമെന്നാണ് എനിക്ക് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്. വ്യവസായരംഗത്ത് ഇന്ന് മസിൽ പവറല്ല, ഐ.ടി. യുഗത്തിൽ നമുക്ക് ബ്രെയിൻ പവറാണ്. ഇന്നത്തെ mode of production ചെയ്ഞ്ച് ചെയ്തു. അതോടുകൂടി mode of productionഎന്നു പറയുന്ന പ്രൊഡക്ഷൻ ലൈൻസും കൺവെയർ ബെൽറ്റുമാണ് . എന്ന് വച്ചാൽ മനുഷ്യവിഭവശേഷിക്ക് പ്രസക്തി കുറയുന്നു എന്നുള്ളതാണ്. ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. എന്തായാലും ആയിരവും രണ്ടായിരവും ആളുകൾക്ക് ജോലി കൊടുക്കുന്ന ഫാക്ടറികൾ ഉണ്ടാകാൻ പോകുന്നില്ല. അമേരിക്കയിൽപ്പോലും അമ്പതും അറുപതും ശതമാനം എക്സ്പോർട്ട് നടക്കുന്ന കമ്പനികളുടെ മാൻപവർ എന്നു പറയുന്നത് 19-ൽ താഴെയാണ്. 19 ആളുകളെ മാത്രം എംപ്ലോയ് ചെയ്തുകൊണ്ടുള്ള കംപനികളാണ്. സ്മോൾ സ്കെയിൽ സെക്ടറിന് പ്രാധാന്യം വരുന്നു എന്നുള്ളത് ലോകത്തെങ്ങുമുള്ള ഒരു സത്യമാണ്. നമ്മൾ കണ്ണു തുറന്നു കാണേണ്ട ഒരു സത്യമാണ്. നമുക്കിവിടെ ഇൻഫ്രാസ്ട്രക്ച്ചർ ഒന്നുമില്ല. നമ്മൾ ഭാവന ചെയ്യുന്ന തരത്തിലുള്ള വലിയ വലിയ കംപനികൾ ഇവിടെ വരാൻ പോകുന്നില്ല പ്രത്യേകിച്ച് കേരളത്തിന്റെ സാഹചര്യങ്ങൾ വച്ച് സ്മോൾ സ്കെയിൽ സെക്ടറിനുള്ള പ്രാധാന്യം നമ്മൾ കണക്കിലെടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. സ്മോൾ സ്കെയിൽ വിമൻ എന്റർപ്രണേഴ്സ് അസോസിയേഷന്റെ പേരിൽ ടൺ കണക്കിന് പരാതികളും പെറ്റീഷനുകളും ഞാൻ കൊടുത്തിട്ടുണ്ട്. ഈ ഗവൺമെന്റിന്റെ കാലത്ത് മാത്രമല്ല, സുശീലാ ഗോപാലൻ മന്ത്രിയായിരുന്നപ്പോഴും കൊടുത്തിട്ടുണ്ട്. അതിനു മുമ്പ് ശ്രീ. കുഞ്ഞാലിക്കുട്ടി മന്ത്രിയായിരുന്നപ്പോഴും കൊടുത്തിട്ടുണ്ട്. പക്ഷേ ഈ പ്രശ്നങ്ങളെല്ലാം ഇന്നും പ്രശ്നങ്ങളായി തന്നെ നിൽക്കുകയാണ്.

ഇവിടെ In spite of all Government incentives and schemes,

സാധാരണ പാവപ്പെട്ട വ്യവസായ സംരംഭകന് ക്രെഡിറ്റ് ഒരു വലിയ പ്രശ്നമാണ്. നമ്മുടെ ക്രെഡിറ്റ് റേഷ്യോ വളരെ കുറവാണ്, 45 മാത്രമേയുള്ളൂ എന്നു പറഞ്ഞിട്ട് വിശേഷമില്ല. പണം കൈയിൽ കിട്ടുന്നില്ല. ഇതിനുവേണ്ടി ഞങ്ങളൊരു റിക്വസ്റ്റ് വച്ചിരുന്നു. കാരണം ഈ ക്രെഡിറ്റിന്റെ പ്രശ്നം കൈകാര്യം ചെയ്യാൻ credit grievances and redressal cells at district levels എന്ന് ഈ അസോസിയേഷന്റേതായി ഒരു ഡിമാൻഡുണ്ടാക്കി. അത് ഇനിയെങ്കിലും മന്ത്രി പരിഗണിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അതുപോലെ തന്നെ ഇവിടെ മുതൽ മുടക്കാൻ വരുന്ന ഇൻവെസ്റ്റേഴ്സ്; സാധാരണ ചെറുകിട മേഖലയിൽ വരുന്നവന്റെ സ്ഥിതിയെന്താണ് ? നമുക്കിവിടെ ഒരു മാർക്കറ്റ് റിസർച്ചില്ല. നമുക്കൊരു മാർക്കറ്റ് ഇൻഫർമേഷൻ കൊടുക്കാൻ കഴിയുന്നില്ല. അതുപോലെ ഡേറ്റാ ബാങ്ക് ഇവിടെയില്ല. ഇനി ഇതൊന്നുമില്ലാതെ നമ്മൾ എന്തെങ്കിലും തുടങ്ങിയാൽ തന്നെ അത് മാർക്കറ്റിംഗ് ചെയ്യാൻ ഇവിടെ മാർക്കറ്റിംഗ് ഫെസിലിറ്റീസുമില്ല. ഇവിടെ എനിക്കൊരുകാര്യം പറയാനുള്ളത്, നമുക്ക് ടെക്നോളജിക്കൽ അപ്ഗ്രഡേഷനില്ല. ഒരു മോഡേണൈസേഷനോ അല്ലെങ്കിൽ ഡൈവേഴ്സിഫിക്കേഷനോ അല്ലെങ്കിൽ റീ-ഹാബിലിറ്റേഷനുള്ള

LIBRARY ARCHIVES Kerala Legislative Assembly

സിസ്റ്റമോ ഇല്ല. ഇവിടെ പൂട്ടിക്കിടക്കുന്ന കമ്പനികളെ സംബന്ധിച്ച് ഞാൻ പലപ്പോഴും പറയാറുണ്ട്, റിവോൾവിംഗ് ഫണ്ടുണ്ടാകണം, റിവോൾവിംഗ് ഫണ്ടുണ്ടെങ്കിൽ തന്നെ പല സിക്ക് യൂണിറ്റുകളേയും നമുക്ക് റിവൈവ് ചെയ്യാൻ പറ്റും. റീഹാബിലിറ്റേഷൻ എല്ലാ സ്കീംസിനുമുണ്ട്, ഗവൺമെന്റിന്റെ ഒരു ഇനിഷ്യേറ്റീവ് വേണമെന്നാണ് എനിക്ക് തോന്നുന്നത്. ഞങ്ങൾ അതിനുവേണ്ടി മുട്ടാത്ത വാതിലുകളില്ല. അതുപോലെതന്നെ നിയമങ്ങൾ, ഒരു വ്യവസായിക്ക് ഒരു സംരംഭം തുടങ്ങണമെങ്കിൽ ഏതാണ്ട് 28-ഓളം സർട്ടിഫിക്കറ്റുകൾ ഉണ്ടാക്കേണ്ട അവസ്ഥയുണ്ട്. നമ്മളിപ്പോൾ ഹൈടെക്ക് യുഗത്തിലേയ്ക്ക് കടക്കുകയാണല്ലോ, ചൈന മോഡേണൈസേഷൻ തുടങ്ങിയ കാലത്ത് ആദ്യം ചെയ്തത് complete laws restructure ചെയ്യുകയായിരുന്നു. ഒരിക്കൽ ലേബറേഴ്സ് ഓറിയന്റഡായിട്ടുള്ള ലാസ് ആയിരുന്നുവെങ്കിൽ ഇന്ന് capitalist investment-നെ സഹായിക്കുന്ന വിധത്തിലുള്ള പുതിയ നിയമങ്ങൾ അവർ എഴുതി ചേർത്തിരിക്കുകയാണ്. ലേബർ ലാസിന്റെ റീ-സ്ട്രക്ചറിംഗ് ഏറ്റവും സുതാര്യമായും എളുപ്പമായും കൈകാര്യം ചെയ്യാൻ കഴിയുന്ന വിധത്തിലായിരിക്കണം. സിംഗിൾ ചാനൽ സിസ്റ്റമുണ്ടോ എന്നു ചോദിക്കുമ്പോൾ ഉണ്ടെന്ന് ഞങ്ങൾ പറയും. ഇങ്ങനെ എന്തെങ്കിലും procedures simplify ചെയ്തില്ലെങ്കിൽ ബുദ്ധിമുട്ടാണ്. Small Scale Sector survive ചെയ്യുക എന്നു പറഞ്ഞാൽ keen competition, marketing competition തുടങ്ങിയവയുണ്ട്. ചെറുകിടക്കാരന് മൽസരിക്കേണ്ടത് വൻകിടക്കാരോടാണ്, ചിലപ്പോൾ മൾട്ടി നാഷണലിസ്റ്റിനോടാണ്. അതുപോലെ ഞാൻ എപ്പോഴും പറയുന്ന ഒരു ഡിമാൻഡാണ് സ്ത്രീകളുണ്ടാക്കുന്ന പ്രോഡക്ടസ്, അതിന് കർണാടക നല്ല മാതൃക നമുക്ക് തരുന്നുണ്ട്, കുറച്ച് പ്രോഡക്ട്സ് ഐഡന്റിഫൈ ചെയ്ത് necessary skill upgradation കൊടുത്തിട്ട് ഗവൺമെന്റ് അതിനൊരു common brand name കൊടുക്കണം. Advertisement part ഗവൺമെന്റ് ചെയ്യണം. അങ്ങനെ ചെയ്യുമ്പോൾ നമുക്ക് അതിൽ കുറെ അയൽക്കൂട്ടങ്ങളേയും കുടുംബശ്രീ യൂണിറ്റുകളേയും കോ-ഓർഡിനേറ്റു ചെയ്യാൻ പറ്റും. പിന്നെ മറ്റൊരു വലിയ പ്രശ്നമെന്നു പറയുന്നത് money channealising agencies ആണ്. കുറെ പണം കുടുംബശ്രീ, പി.എം.ആർ.വൈ., സോഷ്യൽ വെൽഫെയർ ബോർഡ് അങ്ങനെ പലപല സ്കീമുകളിൽക്കൂടിയാണ് വരുന്നത്. ഇതിനൊന്നും കോ-ഓർഡിനേഷനില്ല, ഇതിൽ ഒരു കോ-ഓർഡിനേഷനുണ്ടെങ്കിൽത്തന്നെ പണത്തിന്റെ കുറെ പ്രശ്നങ്ങൾ നമുക്ക് തീർക്കാൻ കഴിയും. ഇങ്ങനെ പോസിറ്റീവായിട്ടുള്ള കുറെ കാര്യങ്ങൾ ഗവൺമെന്റ് അടിയന്തിരമായി സ്മോൾ സ്കെയിൽ സെക്ടറിൽ ടേക്കപ് ചെയ്യണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇതിനേക്കാൾ സുപ്രധാനമായ ഒരുകാര്യം ഇതുമായി ബന്ധപ്പെട്ട് എനിക്ക് പറയാനുള്ളത് മാർക്കറ്റിംഗ് ഇന്റർവെൻഷനാണ്. മാർക്കറ്റിംഗ് ഇന്റർവെൻഷനെന്നു പറയുമ്പോൾ ഇവിടെ കാർഷിക രംഗത്ത് ഒരു വിലത്തകർച്ചയുണ്ടാകുമ്പോൾ, റബ്ബറിന് വില കുറഞ്ഞാൽ, തെങ്ങയ്ക്ക് വിലകുറഞ്ഞാൽ ഞാനുൾപ്പെടെ അപ്പുറത്തും ഇപ്പുറത്തുമിരിക്കുന്നവരെല്ലാം കൂടി ബഹളം വയ്ക്കും. ഗവൺമെന്റ് സബ്സിഡി, താങ്ങുവില എന്നൊക്കെ പറയും. പക്ഷേ market industrial output-ന്റെ രംഗത്ത് ഒരു വിലത്തകർച്ചയുണ്ടായി കഴിയുമ്പോൾ ഒരു മാർക്കറ്റ് ഇന്റർവെൻഷൻ

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റിന്റെ ഭാഗത്തുനിന്നും വരുന്നില്ല. അതെങ്ങനെ പറ്റുമെന്ന് നിങ്ങൾ ആലോചിക്കണം, പറ്റും, കഴിഞ്ഞവർഷം തമിഴ്നാട്ടിൽ നമ്മൾ കണ്ടതാണ്, അവിടെ കൈത്തറി ഉല്പന്നങ്ങൾ കൂന്നുകൂടി കഴിഞ്ഞപ്പോൾ കൈത്തറി വ്യവസായവുമായി ബന്ധപ്പെട്ട് പാവപ്പെട്ട കൈത്തറി തൊഴിലാളികൾ ആത്മഹത്യ ചെയ്യാൻ തുടങ്ങിയ സാഹചര്യത്തിൽ ഗവൺമെന്റ് ഇടപെട്ടു. സ്റ്റോക്ക് മുഴുവൻ ഗവൺമെന്റ് വാങ്ങി. നിങ്ങൾ ഓർക്കുന്നുണ്ടാകും, പക്ഷേ നിങ്ങൾക്കറിയില്ല, അന്ന് കേരളത്തിലെ കടകളിൽ 40 രൂപയ്ക്ക് സാരിയും 30 രൂപയ്ക്ക് മുണ്ടും വിറ്റു, highly subsidised. എത്രയോ കുടുംബങ്ങളെ ആത്മഹത്യയിൽ നിന്നും രക്ഷിക്കാൻ കഴിഞ്ഞു. That was a role model for market intervention.നമ്മൾ ഇനി ആ ലൈനിൽ ചിന്തിക്കേണ്ട സമയമായി. നിങ്ങളിവിടെ ഉല്പന്നങ്ങൾ ഉണ്ടാക്കിക്കോ, ഉണ്ടാക്കിക്കോ എന്നുപറയും, നമ്മൾ ഉണ്ടാക്കുകയും എല്ലാം കഴിഞ്ഞ് അവസാനമെത്തുമ്പോൾ നമുക്കത് വിൽക്കാൻ പറ്റാതെ വരികയും ചെയ്യുമ്പോൾ.....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, വളരെ പ്രസക്തമായ കാര്യങ്ങളാണ് ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിക്കുന്നത്. മാർക്കറ്റ് ഇന്റർവെൻഷനായാലും കെട്ടിക്കിടക്കുന്ന ഇതുപോലുള്ള സാധനങ്ങൾ ഗവൺമെന്റ് പണംകൊടുത്ത് വാങ്ങുകയല്ലേ ? കേരളത്തിലുള്ള ഖാദി, കൈത്തറി തുടങ്ങിയ മേഖലകളിൽ ഈ ഗവൺമെന്റിന്റെ നല്ല ബഡ്ജറ്റ് സപ്പോർട്ട്, സാമ്പത്തിക സഹായം വേണ്ടേ ഇത് വാങ്ങാനും സബ്സിഡി കൊടുക്കാനും റിബേറ്റ് കൂടിശ്ശിക കൊടുത്തു തീർക്കാനുമൊക്കെ ? അതല്ലേ ഞങ്ങളിവിടെ ദിവസേന പറഞ്ഞു കൊണ്ടിരിക്കുന്നത് ; അതിനെയല്ലേ ശക്തമായി അപ്പുറത്തുനിന്നും എതിർക്കുന്നത് ; അത് ബഹുമാനപ്പെട്ട മെമ്പർ ശ്രദ്ധിച്ചില്ലേ ?

ശ്രീമതി മേഴ്സി രവി : ആരും ഇവിടെ എതിർത്തിട്ടില്ല. ഇപ്പോഴാണ് ഇങ്ങനെയൊരാശയം നിങ്ങളുടെ മനസ്സിലുണ്ടെന്ന് ഞാൻതന്നെ കേൾക്കുന്നത്. അതുകൊണ്ട് മാർക്കറ്റ് ഇന്റർവെൻഷനെക്കുറിച്ച് നമുക്ക് ചിന്തിക്കാൻ സമയമായി. കഴിഞ്ഞ 5 വർഷം നിങ്ങളുടെ കൈയിൽ മാർക്കറ്റ് ഇന്റർവെൻഷൻ ഉണ്ടായിരുന്നല്ലോ, അപ്പോൾ എവിടെയായിരുന്നു? ഞാനങ്ങോട്ട് തിരിച്ചു ചോദിക്കുന്നില്ല. ഏറ്റവും ഒടുവിൽ ഒരു കാര്യം മാത്രമേ എനിക്ക് സൂചിപ്പിക്കാനുള്ളൂ. കേരളത്തിന്റെ ഏറ്റവും വലിയ സമ്പത്ത് എന്നു പറയുന്നത് ഇവിടെയുള്ള ഹ്യൂമൻ റിസോഴ്സസാണ്, മനുഷ്യവിഭവ ശേഷിയാണ്. ഇന്ന് ടെക്നിക്കൽ സ്കില്ലുകൾ പഠിപ്പിച്ച് ആ മനുഷ്യ വിഭവശേഷി, എഡ്യൂക്കേഷൻ രംഗത്ത് തുടങ്ങിയിട്ടുള്ള ഈ നവീകരണം അല്ലെങ്കിൽ വിപ്ലവം ഞാൻ സ്വാഗതം ചെയ്യുകയാണ് ; അല്ലെങ്കിൽ ഞാനതിനെ അഭിനന്ദിക്കുകയാണ്. കാരണം നമ്മൾ കുട്ടികളെ വിദ്യ അഭ്യസിപ്പിച്ച് വിടുകയാണ്. ഇന്നത്തെകാലത്ത് അതാണ് നമ്മുടെ ഏറ്റവും വലിയ ഇൻവെസ്റ്റ്മെന്റ്. ആ ഇൻവെസ്റ്റുമെന്റിനുള്ള വേദിയാണ്, അവസരമാണ് വിദ്യാഭ്യാസ രംഗത്ത് ഇന്ന് ഒരുക്കിക്കൊണ്ടിരിക്കുന്നത്. കുറച്ച് പണംകൂടും, വളരെയധികം വിഷമതകളൊക്കെയുണ്ട്, അതെല്ലാം നമുക്ക് പരിഹരിക്കാവുന്ന പ്രശ്നങ്ങളേയുള്ളൂ. നമ്മുടെ കുട്ടികളെ നമ്മുടെ വീടിന്റെ മുറ്റത്തുതന്നെ പഠിപ്പിച്ച് നമുക്ക് ആ മനുഷ്യ വിഭവശേഷിയെ എക്സ്പോർട്ട്

ചെയ്യാം, അതിന് വലിയ പ്രാധാന്യമുണ്ട്. ഇന്ന് മലയാളി നഴ്സുമാർക്കും ഡോക്ടർമാർക്കും എഞ്ചിനീയർമാർക്കുമായി തുറക്കാത്ത വാതിലുകൾ ഈ ലോകത്തെ വിടേയുമില്ല. അതുകൊണ്ട് വിദ്യാഭ്യാസ മേഖലയിൽ നാം കൊടുക്കുന്ന ഇന്നത്തെ ഈ ഊന്നൽ വളരെ സ്വാഗതാർഹമായ ഒരു കാര്യമാണ്. സത്യത്തിൽ അത് വിദ്യാഭ്യാസ മേഖല എന്നതിനേക്കാൾ ഇൻഡസ്ട്രിയുടെ ഭാഗമായി കാണണെമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. കാരണം അതൊരു എക്സ്പോർട്ടാണ്. ഹ്യൂമൻ റിസോഴ്സസ് നിങ്ങളൊരുക്കണം. കേരളത്തിന്റെ റെമിറ്റൻസിന്റെ ഭൂരിഭാഗം പണം തരുന്നത് ഗൾഫിലും അതുപോലുള്ള സ്ഥലങ്ങളിലും പോയിക്കിടന്ന് കഷ്ടപ്പെടുന്ന പാവപ്പെട്ടവനാണ്. Human resources-ന്റെ net result ആണ് ആ റമിറ്റൻസ് എന്നു പറയുന്നത്.

ഹ്യൂമൻ റിസോഴ്സസ് കഴിഞ്ഞാൽ നമ്മുടെ നാട്ടിൽ ഏറ്റവും വലിയ സമ്പത്ത് എന്നു പറയുന്നത് കൃഷി തന്നെയാണ്. നമ്മൾ എത്ര വ്യവസായത്തെ കുറിച്ചു പറഞ്ഞാലും കൃഷിയേയും ഒരു വ്യവസായമായി കാണാൻ കഴിയണമെന്നാണ് എനിക്ക് പറയാനുള്ളത്. ഐ.ടി.ക്ക് പ്രാധാന്യം കൊടുക്കുന്നതോടൊപ്പംതന്നെ ബയോടെക്നോളജിക്കും ജനറ്റിക്സിനുമൊക്കെ നമ്മളിന്നു പ്രാധാന്യം കൊടുക്കണം. കേരളത്തിലെ തോട്ടം തൊഴിലാളി മേഖലയിലെ തകർച്ച ഇപ്പോൾ നമ്മൾ കണ്ടതാണ്. എന്തുകൊണ്ടാണ് നമുക്കിതു പറ്റിയത് ? നമ്മളുണ്ടാക്കുന്ന ഉല്പന്നമായ തേയിലയ്ക്ക് ശ്രീലങ്കൻ തേയിലയുമായി പിടിച്ചുനിൽക്കാൻ കഴിഞ്ഞില്ല. അതുകൊണ്ട് എനിക്കു പറയാനുള്ളത് നമുക്ക് ശ്രീലങ്കൻ തേയിലയുമായി മൽസരിക്കണമെങ്കിൽ, നമ്മുടെ റബ്ബറിന് മലേഷ്യൻ റബ്ബറുമായി മൽസരിക്കണമെങ്കിൽ ഗ്വാട്ടിമാലയിൽ നിന്നുമുള്ള സ്പൈസസിന്റെ ഇംപോർട്ടിന് ഒരു തടയിടണമെങ്കിൽ, അതല്ലെങ്കിൽ ബ്രസീലീയൻ കോഫിയുമായി നമ്മൾ മൽസരിക്കണമെങ്കിൽ നമുക്കിവിടെ റിസർച്ചുണ്ടാകണം, പുതിയ പുതിയ ഉല്പന്നങ്ങൾ, quality of products, quality of production ഉണ്ടാകണം. കൂടുതൽ ക്വാളിറ്റിയും ക്വാണ്ടിറ്റിയുമുണ്ടാകണം.ഹൈ പ്രൊഡക്ടിവിറ്റി ഉണ്ടാകണം. ഇതിനൊക്കെ പറ്റിയ റിസർച്ചുണ്ടാകണം. ഇവിടെയുള്ള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റികളെക്കുറിച്ച് ഞാനൊന്നും പറയുന്നില്ല. ഇവിടെ ശാസ്ത്രജ്ഞന്മാർ തമ്മിൽ മൽസരമാണ്. എന്തെങ്കിലും പുതിയ അറിവ് വികസിപ്പിക്കാനല്ല, അവരുടെ ശമ്പളവും ടി.എ.യും കൂട്ടാനുള്ള മൽസരമാണ്, അത് നിർത്തിയിട്ട് നല്ല പരീക്ഷണങ്ങളുണ്ടാകണം. അങ്ങനെയേ നമുക്ക് പുരോഗതി കൈവരിക്കാൻ കഴിയുകയുള്ളൂ. ഇത് നമുക്കു കഴിയും, കേരളംതന്നെ അത് തെളിയിച്ചിട്ടുണ്ട്. കാരണം ഒരുകാലത്ത് ഞാനോർക്കുന്നു, തയ്വാൻ റൈസായിരുന്നു നാം ഉപയോഗിച്ചുകൊണ്ടിരുന്നത്. ഇവിടെ നമ്മൾ പുതിയ റൈസ് വെറൈറ്റി വികസിപ്പിച്ചെടുത്തശേഷമാണ് നമുക്ക് തയ്വാന്റെ ഇംപോർട്ട് നിർത്താൻ കഴിഞ്ഞത്. അതുകൊണ്ട് ശാസ്ത്ര സാങ്കേതിക രംഗത്ത് പ്രത്യേകിച്ച് ബയോടെക്നോളജിക്കും അതുപോലെ ജനറ്റിക്സ് എഞ്ചിനീയറിംഗിനും നമ്മൾ കൂടുതൾ ശ്രദ്ധ കൊടുക്കണം. കാരണം വികസനം എന്നു പറയുന്നത് ആ മേഖലയിൽ നിന്നിട്ട് കാര്യമില്ല, ഇത് ഏറ്റവും താഴേയ്ക്ക് വരുമ്പോൾ നമുക്ക് കൃഷി തന്നെയാണ് എന്നും കേരളത്തിലേയും ഇന്ത്യയിലേയും വ്യവസായം.

LIBRARY ARCHIVES Kerala Legislative Assembly

ഒരു കാര്യം കൂടി ഞാൻ പറയാം, ഇന്ത്യയുടെ വൺതേർഡ് കൾട്ടിവബിൾ ലാൻഡ് മാത്രമേ ചൈനയ്ക്കുള്ളൂ. പക്ഷേ ഇന്ത്യയേക്കാൾ കൂടുതൽ പ്രൊഡക്ഷനുണ്ട്. കാരണം, ആ ടെക്നോളജിക്കൽ അപ്ഗ്രഡേഷൻ അവർക്ക് കിട്ടിയതുകൊണ്ടാണ്. അത് നമുക്കിവിടെ ഉണ്ടാകണമെന്നു മാത്രമാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഞാൻ ഈ ധനാഭ്യർത്ഥനയെ പിന്താങ്ങിക്കൊണ്ട് നിർത്തുകയാണ്. പുതിയ ആകാശവും പുതിയ ഭൂമിയും തേടിയുള്ള നമ്മുടെ പ്രയാണത്തിൽ ബഹുമാനപ്പെട്ട എ. കെ. ആന്റണി ഡ്രൈവർ സീറ്റിലിരുന്ന് നയിക്കുന്ന ഈ ബസ് 5 കൊല്ലം കഴിയുമ്പോൾ സിലിക്കോൺ വാലിയിലെത്തുമ്പോൾ, (ഇന്ന് ഒരു കാര്യം സിലിക്കോൺ വാലിയുമായി ബന്ധപ്പെട്ട് ഉണ്ട്, അവിടുത്തെ ക്യാന്റീനിൽ ബിൽഗേറ്റ്സ് ഇഡ്ഡലിയും സാമ്പാറും വിളമ്പുന്നു എന്നാണ് അമേരിക്കയിൽ കേൾക്കാറുള്ളത്). ഈ വികസനത്തിന്റെ ബസ് സിലിക്കോൺ വാലിയിലെത്തുമ്പോൾ നമുക്കുവേണ്ടി അവിടെ കപ്പയും മീനും ഒരുക്കിക്കൊണ്ട് ബിൽഗേറ്റ്സുണ്ടാകും എന്നുമാത്രം പറഞ്ഞുകൊണ്ട് ഒരിക്കൽക്കൂടി ഞാൻ ഈ ധനാഭ്യർത്ഥനയെ പിന്താങ്ങുന്നു.

ശ്രീ. വി.ഡി. സതീശൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ പിന്തുണയ്ക്കുകയാണ്. കഴിഞ്ഞ ദിവസം പൊതുഭരണത്തിന്റെ ചർച്ചയ്ക്ക് മറുപടി പറഞ്ഞുകൊണ്ട് കേരളത്തിലെ മുഖ്യമന്ത്രി ഒരു വാചകം പറഞ്ഞു. ഇതു അവസാന ബസ്സാണെന്നാണ് അദ്ദേഹം പറഞ്ഞത്. ശരിയാണ്. വിജനമായ വീഥിയിൽ അനാഥമായി നിൽക്കുന്ന കേരളത്തെ രക്ഷിക്കാനുള്ള ലാസ്റ്റു ബസ്സുമായി ഈ ഗവൺമെന്റ് വരികയാണ്. ഇവിടെ ഈ ഗവൺമെന്റ് മുഖ്യമന്ത്രിയുടെയും വ്യവസായ വകുപ്പു മന്ത്രിയുടെയും കീഴിൽ മന്ത്രി സഭാംഗങ്ങളും ഉദ്യോഗസ്ഥന്മാരും കഠിനമായി ഹോം വർക്ക് നടത്തിയാണ് ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റ് എറണാകുളത്തു സംഘടിപ്പിച്ചത്. എന്റെ പ്രിയപ്പെട്ട സുഹൃത്തുക്കൾ ധാരാളം ആക്ഷേപങ്ങൾ അതിനെക്കുറിച്ച് ഉന്നയിച്ചു. ഞാൻ അതിനെ വലിയ ആലങ്കാരിക ഭാഷയിൽ ഇവിടെ അവതരിപ്പിക്കുന്നില്ല. പക്ഷേ കേരള പിറവിക്കുശേഷം സംസ്ഥാനത്ത് നിക്ഷേപം ഉണ്ടാക്കാൻ നടത്തിയ ഏറ്റവും വലിയ ഇനിഷ്യേറ്റീവായി ഞാൻ ഇതിനെ കാണുകയാണ്. ഇവിടെ അതിന്റെ കണക്കുകൾ ചോദിച്ചു. 26,000 കോടി രൂപയുടെ എം. ഒ. യു. അവിടെ സൈൻ ചെയ്തു എന്നു മാത്രമാണ് ഈ ഗവൺമെന്റ് അവകാശപ്പെട്ടത്. ഇപ്പോൾ 6,000 കോടി രൂപയുടെ പ്രോജക്ടുകൾക്ക് നമ്മുടെ സംസ്ഥാന ക്യാബിനറ്റ് ക്ലിയറൻസ് കൊടുത്തിരിക്കുകയാണ്. 5,000 കോടി രൂപയുടെ പ്രോജക്ടുകൾ കേരളത്തിൽ നടപ്പാക്കി കഴിഞ്ഞാൽ അതു മോശമാണോ: നിങ്ങൾ അതാലോചിക്കണം. ഏതായാലും സംസ്ഥാനത്തെ ഇൻവെസ്റ്റുമെന്റ് ക്ലൈമറ്റിനു മാറ്റമുണ്ടാക്കാൻ ഈ ഗവൺമെന്റിനു കഴിഞ്ഞിരിക്കുന്നു. Confederation of Indian Industry 18 സംസ്ഥാനങ്ങളിൽ സർവേ നടത്തി. അതിൽ ഇന്ത്യയിൽ മൂന്നാം സ്ഥാനത്ത് investor attraction ഉള്ള സംസ്ഥാനം കേരളമാണെന്നു പറഞ്ഞിരിക്കുന്നു. നിങ്ങൾ എന്താണ് സുഹൃത്തുക്കളെ ചെയ്തത്? നിങ്ങൾ 'ജിം'-ന്റെ തലേ ആഴ്ച വരെ അതിനു എതിരായി സമരം സംഘടിപ്പിക്കുമെന്നു പറഞ്ഞ് ഭീഷണിപ്പെടുത്തി. 'ജിം' സംഘടിപ്പിച്ച ആഴ്ചയിൽ കേരള ഗവൺമെന്റിന്റെ കൂടെ കേരളത്തിലെ

12. Noon]

LIBRARY ARCHIVES Kerala Legislative Assembly

ജനകോടികൾ മുഴുവൻ ഒരുമിച്ചു നിന്നപ്പോൾ ബഹുമാന്യനായ പ്രതിപക്ഷനേതാവ് അവിടെ വന്നു പ്രസംഗിച്ചു. ജനുവരിയിൽ 'ജിം' നടന്നു, ഫെബ്രുവരിയിൽ സി.പി.എം.ന്റെ സംസ്ഥാന കമ്മിറ്റി സംഘടിപ്പിച്ചു. ആ സംസ്ഥാന കമ്മിറ്റിയിൽ വച്ചു 'ജിം'ലൂടെ ഗവൺമെന്റിന് കിട്ടിയ മൈലേജ് തകർക്കാൻ കുറെ രാഷ്ട്രീയ തീരുമാനങ്ങൾ നിങ്ങൾ എടുത്തു. എല്ലാ ഫ്രണ്ടൽ ഓർഗനൈസേഷനുകളെ കൊണ്ടും സമരം ചെയ്യിപ്പിക്കാൻ സി.പി. എം. സ്റ്റേറ്റ് കമ്മിറ്റി തീരുമാനിച്ചു. ഡി.വൈ.എഫ്. ഐ., എസ്. എഫ്.ഐ. , കർഷകത്തൊഴിലാളി യൂണിയൻ, കൈത്തറി, കയർ തുടങ്ങി എല്ലാ മേഖലകളിലും കേരളം മുഴുവൻ സമരം ചെയ്യാനുള്ള തീരുമാനം നിങ്ങൾ എടുത്തു. മോങ്ങാനിരുന്ന നായുടെ തലയിൽ തേങ്ങാ വീണതുപോലെ മുത്തങ്ങയും വീണുകിട്ടി. കേരളം മുഴുവൻ സമരത്തിന്റെ കലാപ ഭൂമിയാക്കി നിങ്ങൾ മാറ്റി. ഏതെങ്കിലും ഒരു വ്യവസായി നിക്ഷേപവുമായി കേരളത്തിൽ എത്തിയാൽ അവരെ ആകാശത്തു നിന്ന് താഴെ ഇറക്കാൻ പോലും അനുവദിക്കാത്ത തരത്തിൽ ,പൈലറ്റു പ്രോജക്ടുകളുമായി കേരളത്തിലേയ്ക്കു വന്ന വ്യവസായികളെ തിരിച്ച് അയയ്ക്കാനുള്ള ശ്രമങ്ങൾ നടത്തി. ഇവിടെ ശ്രീ. ബിനോയ് വിശ്വം മാർക്സിസ്റ്റുകാരോടു ചേർന്ന് പ്രസംഗിച്ചപ്പോൾ എനിക്കു സങ്കടം തോന്നി. 1969 ഒക്ടോബർ 22-ാം തീയതി ഈ നിയമസഭയ്ക്കകത്തു വച്ച് അന്നത്തെ വ്യവസായ വകുപ്പുമന്ത്രിയായിരുന്ന ടി. വി. തോമസ് ചെയ്ത ഒരു പ്രസംഗമുണ്ട്. ടി. വി. തോമസിനോട് ജപ്പാനിലേയ്ക്കു പോകാൻ ക്യാബിനറ്റും ഇ.എം. ശങ്കരൻ നമ്പൂതിരിപ്പാടും പറഞ്ഞു. അങ്ങനെ ജപ്പാനിൽ പോയി തിരിച്ചു വന്ന ടി. വി. തോമസിനെ ജാപ്പനീസ് ബൂർഷ്വയുടെ ഏജന്റാക്കി ഇ.എം.എസ്. അടക്കമുള്ള ആളുകൾ പറഞ്ഞത് എന്താണ് ? കോഴിക്കോട് ഇരുമ്പ് അയിരുകൊണ്ട് സ്റ്റീൽ പ്ലാന്റ് നിർമ്മിക്കാൻ വേണ്ടി ടി. വി. തോമസ് മൂന്നരക്കോടി രൂപയുടെ പ്രോജക്ട് കൊടുത്തപ്പോൾ, എന്തിനാണ് നമുക്ക് സ്റ്റീൽ പ്ലാന്റ്, ഇരുമ്പ് അയിര് നമുക്ക് യുഗോസ്ലോവാക്യയിലേയ്ക്ക് അയച്ചാൽ പോരെ എന്നാണ് ഇ.എം.എസ്. ചോദിച്ചത്. കാരണം കേരളത്തിൽ വ്യവസായം വേണ്ടല്ലോ : യുഗോസ്ലോവാക്യയിൽ ഈസ്റ്റ് യൂറോപ്പിൽ അന്ന് കമ്മ്യൂണിസത്തിന്റെ പുഷ്കലകാലമായിരുന്നു. അന്നു ഈ നിയമസഭയിൽ വേദന കൊണ്ടും നിരാശ കൊണ്ടും നിറഞ്ഞ കണ്ണുകളുമായി ടി. വി. തോമസ് നടത്തിയ പ്രസംഗം എന്റെ പ്രിയപ്പെട്ട സുഹൃത്ത് ബിനോയ് വിശ്വം നിയമസഭാ ലൈബ്രറിയിൽ പോയി വായിച്ചു നോക്കണം എന്നാണ് എനിക്കു പറയാനുള്ളത്. നിങ്ങൾ കുറെ വിദേശ യാത്രകൾ നടത്തിയല്ലോ, നിങ്ങളുടെ ഗവൺമെന്റിന്റെ കാലത്തു നാല്പതോളം വിദേശ യാത്രകൾ നടത്തിയില്ലേ ? ഈജിപ്റ്റിന്റെ തലസ്ഥാന നഗരിയായ കെയ്റോവിൽ 9 അടി നീളവും 3 അടി വീതിയുമുള്ള ഒരു സ്റ്റാളിന്റെ ഉദ്ഘാടനത്തിനുവേണ്ടി വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ 13 അംഗങ്ങൾ അടങ്ങിയ ഒരു ഉദ്യോഗസ്ഥ സംഘം പോയി. നിങ്ങൾ എന്തു വ്യവസായം കൊണ്ടുവന്നു ? കൊക്കകോളയും പെപ്സിയും കൊണ്ടുവന്നു. നിങ്ങൾ കൊണ്ടുവന്ന കൊക്കകോളയുടെയും പെപ്സിയുടെയും കമ്പനികളിൽ കയറി ഡി. വൈ. എഫ്. ഐ. ആറുലക്ഷം കുപ്പികളാണ് അടിച്ചു തകർത്തത്. നിങ്ങൾ ആലോചിക്കണം. 'ജിം'നുശേഷമാണ് അതു ചെയ്തത്. It was a message

LIBRARY ARCHIVES Kerala Legislative Assembly

to the Industrialists, those who are interested to invest here. ഒരുത്തനും ഇങ്ങോട്ടു വരണ്ട എന്നുള്ള മെസേജാണ് നിങ്ങൾ കൊടുത്തത്. പണ്ട് കുടിയനായ അയ്യപ്പൻ ജന്മിയുടെ സമീപം ചെന്നു തല ചൊറിഞ്ഞു കൊണ്ട് പറഞ്ഞു അടിയന് ഒരു പൂതി, എന്താണ് അയ്യപ്പാ എന്ന് ജന്മി ചോദിച്ചു. എനിക്കു ഒരു പെണ്ണു കെട്ടിയാൽ കൊള്ളാം എന്നൊരു പൂതി. തമ്പുരാൻ പറഞ്ഞു, ശ്ശേ, എടാ അയ്യപ്പാ, നിനക്ക് എന്തിനാണ് പെണ്ണ് ? നിനക്ക് ഒരു പശു പോരെ ? സി. പി. എം. ഇന്നു കേരളത്തിലെ ജനങ്ങളോട് ചോദിക്കുന്നതും ഇതു തന്നെയാണ്. നിങ്ങൾക്ക് എന്തിനാണ് വ്യവസായം ? നിങ്ങൾക്ക് തരാൻ ഹർത്താലും പിക്കറ്റിംഗും വഴിതടയലുമൊക്കെ ഇല്ലേ ? പിന്നെ എന്തിനാണ് ആവശ്യമില്ലാത്തത് ചോദിക്കുന്നത്. അതുകൊണ്ട് അതിനു നിങ്ങൾ കൂട്ടു നിൽക്കരുത് എന്നാണ് എനിക്കു സി. പി. ഐ. ക്കാരോടു പറയാനുള്ളത് ഇവിടെ എന്തുകൊണ്ട് നിക്ഷേപം ഉണ്ടാകുന്നില്ല എന്നു പറയാൻ കുറെ കാരണങ്ങൾ ഉണ്ട്. ഭൂമി ശാസ്ത്രപരമായി ഇന്ത്യയുടെ തെക്കേ അറ്റത്തു നമ്മൾ കിടക്കുന്നു, അതുപോലെ തന്നെ വേണ്ടത്ര നാചറൽ റിസോഴ്സ് നമുക്കില്ല. അതു നമ്മുടെ പ്രധാനപ്പെട്ട പ്രശ്നമാണ്. പിന്നെ മലയാളികളുടെ വൈറ്റ് കോളർ ജോലിയോടുള്ള അമിതമായ ഭ്രമം നമ്മുടെ ചെറുപ്പക്കാരായാലും അവർ enterprising അല്ല എന്നുള്ളതു മറ്റൊരു കാര്യമാണ്. പക്ഷേ എല്ലാറ്റിനും ഉപരിയായി ഇവിടെ ചുമട്ടു തൊഴിലാളി നിയമം പാസ്സാക്കിയപ്പോൾ ഉള്ള വാദമുഖങ്ങൾ മുഴുവൻ തെറ്റായിരുന്നു എന്നു സമർത്ഥിക്കുന്ന രീതിയിലുള്ള ഒരു ഇൻഡസ്ട്രിയൽ റിലേഷൻസാണ് കേരളത്തിലുള്ളത്. 1970-കളിൽ അച്യുതമേനോൻ ഗവൺമെന്റിനെ തുലയ്ക്കാൻ വേണ്ടി കേരളത്തിൽ ഉണ്ടാക്കിയ trade militancy ഇന്നു മറ്റൊരു രൂപത്തിൽ കേരളത്തിൽ ഉണ്ടായിരിക്കുന്നു. കേരളത്തിലെ തൊഴിൽ വകുപ്പുമന്ത്രി കൊച്ചിയിൽ വച്ച് ഒരു പ്രസ്താവന നടത്തി, അവിടം ട്രേഡ് യൂണിയൻ മാഫിയയുടെ പിടിയിലാണെന്നു പറഞ്ഞതിന് ഞാൻ അദ്ദേഹത്തെ അഭിനന്ദിക്കുന്നു. ഇതു പറയാൻ ധൈര്യം കാണിച്ച കേരളത്തിലെ തൊഴിൽ വകുപ്പുമന്ത്രി അഭിനന്ദനം അർഹിക്കുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും തൊഴിൽ വകുപ്പുമന്ത്രിയും വ്യവസായ വകുപ്പു മന്ത്രിയും ശ്രദ്ധിക്കണം. കേരളത്തിന്റെ industrial capital ആയ കൊച്ചിയിൽ ഇന്നു യഥാർത്ഥത്തിൽ നടക്കുന്നത് ട്രേഡ് യൂണിയൻ മാഫിയ ആണ്. കൊച്ചിൻ പോർട്ടിലേയ്ക്കു നോക്കണം. ആ പോർട്ട് രക്ഷപ്പെട്ടാൽ കേരളം മുഴുവൻ രക്ഷപ്പെടും. പക്ഷേ അവിടെ നടക്കുന്നത് ട്രേഡ് യൂണിയൻ മാഫിയയുടെ ഭരണമാണ്. കപ്പലുകൾ ഇറങ്ങുമ്പോൾ ലോഡിംഗ് ആന്റ് അൺ ലോഡിംഗ് നടത്തുന്ന ഷിപ്പിംഗ് ഏജൻസികൾ അവിടെയുള്ള ട്രേഡ് യൂണിയൻ നേതാക്കൾക്ക് ഭൂതപ്പണം കൊടുക്കണം. കൊടുത്തില്ലെങ്കിൽ ലോഡിംഗ് ആന്റ് അൺ ലോഡിംഗ് സ്ലോ ടൗൺ ചെയ്യും. അപ്പോൾ ആ ഷിപ്പിംഗ് ഏജൻസികൾക്ക് ഭീമമായ amount demarrage ഇനത്തിൽ കൊടുക്കേണ്ടി വരും. അങ്ങനെ സംഭവിക്കാതിരിക്കുന്നതിനുവേണ്ടിയാണ് വലിയ എമൗണ്ട് അവർ കൊടുക്കുന്നത്. ഏതെങ്കിലും ഒരു ഷിപ്പിംഗ് കമ്പനി ഒരു പ്രാവശ്യം അവിടെ ചരക്കുകളുമായി വന്നാൽ ഒരു നിവൃത്തിയുണ്ടെങ്കിൽ അടുത്ത പ്രാവശ്യം അങ്ങോട്ടു വരില്ല. 5 ലക്ഷം രൂപ മുതൽ 25 ലക്ഷം രൂപ വരെ മാസ വരുമാനമുള്ള

LIBRARY ARCHIVES Kerala Legislative Assembly

ട്രേഡ് യൂണിയൻ നേതാക്കന്മാരാണ് കൊച്ചിൻ പോർട്ടിലിരുന്ന് ഭരിക്കുന്നത് എന്ന് ഞാൻ പറഞ്ഞാൽ നിഷേധിക്കാൻ കഴിയുമോ ? കൊച്ചിയിലേയും ഏലൂരിലേയും കമ്പനികളിൽ നിങ്ങളുടെയോ ഞങ്ങളുടെയോ നേതാക്കന്മാർ അടക്കം ഒരു ട്രേഡ് യൂണിയൻ നേതാവോ അംഗമോ പറഞ്ഞാൽ ആരും ഇപ്പോൾ കേൾക്കില്ല. കമാന്റ് കൊടുക്കാനുള്ള അവകാശവും അധികാരവും ട്രേഡ് യൂണിയൻ നേതാക്കന്മാർക്ക് നഷ്ടപ്പെട്ടിരിക്കുന്നു. സൈറ്റ് കൺവീനർമാരാണ് അവിടം ഭരിക്കുന്നത്. സൈറ്റ് കൺവീനർമാർക്ക് സബ് കോൺട്രാക്ട് കൊടുത്തില്ലെങ്കിൽ ഒരു കോൺട്രാക്ടർക്കും അവിടെ വർക്കു ചെയ്യാൻ പറ്റില്ല. 5 പേരെ കോൺട്രാക്ടർ കൊണ്ടു വന്നാൽ ജോലി എടുക്കാത്ത 15 പേർക്ക് രാവിലെ എട്ടു മണിമുതൽ വൈകുന്നേരം 5 മണി വരെ വെറുതെ ഇരിക്കുന്നതിനു കൂലി കൊടുക്കണം. 15 പേരെ സൈറ്റ് കൺവീനർമ്മാർ കൊടുക്കും. അവിടെ ആർക്കും ഒന്നും ചെയ്യാൻ കഴിയില്ല. എത്ര വലിയ ഇൻവെസ്റ്റുമെന്റ് കൊണ്ടുവന്നാലും ഈ ട്രേഡ് യൂണിയൻ മാഫിയായെ അടിച്ചമർത്തിയില്ലെങ്കിൽ കേരളം രക്ഷപ്പെടില്ല എന്നു മാത്രം ഓർമ്മിപ്പിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. ഇതു തൊഴിലാളി വിരുദ്ധമാണ്. ആന്റി ലേബർ ആണ്. തൊഴിലവസരങ്ങൾ നഷ്ടപ്പെടുത്താനുള്ള തൊഴിലാളി യൂണിയൻ മാഫിയായുടെ നടപടികൾ അവസാനിപ്പിക്കണം എന്നു ഞാൻ ആവശ്യപ്പെടുകയാണ്.

നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങളെക്കുറിച്ചാണ് എനിക്കു പറയാനുള്ളത്. 2001-02-ലെ ഫിനാൻസ് അക്കൗണ്ട് പരിശോധിക്കണം. പബ്ലിക് സെക്ടറുകൾക്കും ഗവൺമെന്റ് കമ്പനികൾക്കും വേണ്ടി നമ്മുടെ സംസ്ഥാന ഗവൺമെന്റ് മാർച്ച് 2002 വരെ 10,013 കോടി രൂപ ഗവൺമെന്റ് ഗ്യാരന്റി കൊടുത്തിരിക്കുന്നു. എത്രയാണ് ഔട്ട്സ്റ്റാന്റിംഗ് ? 7,601 കോടി രൂപ ഔട്ട്സ്റ്റാന്റിംഗുണ്ട്.

കോ-ഓപ്പറേറ്റീവ് സെക്ടറും ഇൻഡസ്ട്രിയൽ സൊസൈറ്റികളൊന്നും ഇതിൽ പെടില്ല. നമ്മുടെ ക്യാഷ്ലോസിനെക്കുറിച്ച് ശ്രീ. പി. ടി. തോമസ് പ്രസംഗിച്ചപ്പോൾ ഇവിടെ പറഞ്ഞു. പത്ത് മുപ്പത്തിയഞ്ച് കമ്പനികളുടെ ആഡിറ്റ് റിപ്പോർട്ട് ഇല്ല. 65 പബ്ലിക് സെക്ടർ കംപനികളുടെ 2000-01-ലെ ക്യാഷ് ലോസ് എന്നുപറയുന്നത് 484 കോടി രൂപയായിരുന്നുവെങ്കിൽ 2001-02-ൽ 428 കോടി രൂപയായി കുറച്ചിട്ടുണ്ട്. അത് വലിയ നേട്ടമായിട്ടൊന്നും ഞാൻ അവകാശപ്പെടുന്നില്ല. 61 പബ്ലിക് സെക്ടർ കംപനികളുടെ 2001-02 -വരെയുള്ള അക്യുമിലേറ്റഡ് ലോസെന്നു പറയുന്നത് 3,510 കോടി രൂപയാണ്. നമ്മൾ ആലോചിക്കണം. കഴിഞ്ഞ വർഷം 63 ലോസ്മേക്കിംഗ് കംപനികളുടെ എണ്ണം 56-ആക്കി കുറച്ചിട്ടുണ്ട്. ഏഴ് ഇനത്തിൽ മാറ്റമുണ്ടായിട്ടുണ്ട്. നേരത്തെ ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് സൂചിപ്പിച്ചതുപോലെ ടെൽക്ക് പോലുള്ള കംപനികളിൽ മാറ്റമുണ്ടായിട്ടുണ്ട്. നമ്മുടെ ക്യാപ്പിറ്റൽ ഇൻവെസ്റ്റ്മെന്റിനെക്കുറിച്ച് ശ്രീ. പി. ടി. തോമസ് സൂചിപ്പിച്ചു. 112 പബ്ലിക് സെക്ടർ എന്റർപ്രൈസസിലായി 16,429 കോടി രൂപയാണ് നമ്മുടെ ക്യാപ്പിറ്റൽ ഇൻവെസ്റ്റുമെന്റെന്നു പറയുന്നത്. അഞ്ച് കംപനികൾ ലിക്വിഡേഷനിലാണ്. പതിനൊന്നെണ്ണം inactive ആണ്. 2000-01-ൽ 551 കോടി രൂപയുടെ നഷ്ടമാണ് നമുക്കുണ്ടായിട്ടുള്ളതെങ്കിൽ 2001-2002-ൽ അഞ്ഞൂറ്

LIBRARY ARCHIVES Kerala Legislative Assembly

കോടി രൂപയോളമായി നഷ്ടം കുറഞ്ഞിട്ടുണ്ട്. പക്ഷെ 500 കോടി രൂപയാണ് പബ്ളിക് സെക്ടറിലെ നഷ്ടമെന്ന് നമ്മൾ ആലോചിക്കണം. ക്യാപ്പിറ്റൽ ഇൻവെസ്റ്റുമെന്റെന്നു പറയുന്നത് 16,000 കോടി രൂപ, government guarantee. Outstanding 7,000 കോടി രൂപ. കേരളത്തിലെ ടോട്ടൽ ബഡ്ജറ്റ് എമൗണ്ട് കേവലം 13,000 കോടി രൂപയാണ്. അതിനേക്കാളുപരി നഷ്ടം പബ്ളിക് സെക്ടർ കംപനികൾ വരുത്തിക്കൊണ്ടിരിക്കുന്നു. അതുകൊണ്ട് എല്ലാ പബ്ളിക് സെക്ടർ കംപനികളേയും വിറ്റു തുലയ്ക്കാൻ പറയാൻ കഴിയുമോ ? നമ്മൾ ആരും അങ്ങനെ പറയുന്ന ആളുകളല്ല. ലാഭത്തിലുള്ള ഒരു കംപനിപോലും വിൽക്കണമെന്നാഗ്രഹിക്കാത്ത ഒരു ഗവൺമെന്റാണ് കേരളം ഭരിക്കുന്നത്. നമുക്ക് എങ്ങനെ ഇതിനകത്ത് ഒരു മാറ്റമുണ്ടാക്കാൻ കഴിയും ? നമ്മുടെ പ്രൊഡക്ടിവിറ്റി കൗൺസിലിന്റെ ഏറ്റവും അവസാനത്തെ സർവ്വേയിൽ പറഞ്ഞിരിക്കുന്നത് കേരള വർക്കറിന്റെ ആവറേജ് പ്രൊഡക്ടിവിറ്റിയെന്നു പറയുന്നത് മറ്റു സ്ഥലങ്ങളിലെ വർക്കേഴ്സിന്റെ പ്രൊഡക്ടിവിറ്റിയുടെ കേവലം 40 ശതമാനം മാത്രമാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെ നേതൃത്വത്തിൽ ഒരു വർക്ക് സ്റ്റഡിയുടെ അടിസ്ഥാനത്തിൽ ഓരോ പബ്ളിക് സെക്ടർ സ്ഥാപനങ്ങളിലേയും പ്രൊഡക്ടിവിറ്റി ഫിക്സ് ചെയ്യാൻ സാധിക്കണം. അതുപോലെ കെൽട്രോണിനെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു നമ്മുടെ ടെക്നോളജി update ചെയ്യണ്ടേ ? നമുക്ക് മോഡണൈസേഷൻ നടത്തണ്ടേ ? അതുപോലെ പല സ്ഥാപനങ്ങളും ഇതുവരെ അവരുടെ പ്രോജക്ടുകൾ diversify ചെയ്തിട്ടില്ല. അവരുടെ ഉൽപ്പന്നങ്ങൾ അതുപോലെതന്നെ തുടരുകയാണ്. ആ ഉൽപ്പന്നങ്ങൾ ഒന്നും ഇപ്പോൾ ആർക്കും വേണ്ടാതായിരിക്കുന്നു. ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യം ഞാൻ പറയുവാനാഗ്രഹിക്കുന്നത് കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളിൽ പ്രൊഫഷണൽ മാനേജുമെന്റ് കേഡർ ഉണ്ടാകണം. കേരളത്തിൽ നിന്നും എഞ്ചിനീയറിംഗിലും മാനേജുമെന്റിലും ഡിഗ്രിയെടുക്കുന്ന മിടുമിടുക്കൻമാരേയും മിടുമിടുക്കികളേയും ടാറ്റാ കൺസൾട്ടൻസിയും, റിലയൻസും, വിപ്രോയുമൊക്കെ കൊണ്ടു പോകുകയാണ്. അതുപോലെ ഐ.ഐ.ടി-യിലെ മിടുക്കന്മാരായ ചെറുപ്പക്കാരേയും അമേരിക്കൻ കംപനികൾ കൊണ്ടുപോകുന്നു. അവരെയൊക്കെ നമുക്ക് ആവശ്യമില്ലേ ? നമ്മുടെ സംസ്ഥാനത്ത് ഒരു പ്രൊഫഷണൽ മാനേജുമെന്റ് കേഡർ ഉണ്ടാക്കി അവരെയെല്ലാം ഇങ്ങോട്ട് കൊണ്ടുവരാൻ കഴിയണം. അല്ലാതെ സർവ്വീസിലുള്ളവരും റിട്ടയർ ചെയ്തവരുമായ പോലീസുദ്യോഗസ്ഥന്മാരെയും, വല്ല ആക്രിക്കച്ചവടക്കാരേയും മാനേജുമെന്റു തലപ്പത്ത് കൊണ്ടുപോയി ആ സ്ഥാപനങ്ങളെ തകർത്തു കളയരുതെന്നാണ് എന്റെ വിനീതമായ അഭ്യർത്ഥന. അതിനകത്ത് കണ്ടിന്യുവിറ്റി ഉണ്ടാകണം. ഒരു വർഷവും രണ്ടു വർഷവുമൊക്കെ ഇരിക്കുന്ന മാനേജിംഗ് ഡയറക്ടർമാരെ മാറ്റുകയാണ്. അവർക്കെന്ത് താൽപര്യം ? അവിടെപ്പോയി അത്യാവശ്യം സുഖവാസം നടത്താനുള്ള ഒരു സ്ഥലമായി മാത്രം പല പൊതു മേഖലാ സ്ഥാപനങ്ങളും മാറിയിരിക്കുന്നു. പല പൊതുമേഖലാ സ്ഥാപനങ്ങളിലേയും ആളുകൾ മറ്റു സ്ഥാപനങ്ങൾ സ്വന്തമായി തുടങ്ങി കൊണ്ടിരിക്കുന്നു. ഇതിനെല്ലാം മാറ്റമുണ്ടാകണം.

ഞാൻ ഇനി പറയുന്നത് പരംപരാഗത വ്യവസായങ്ങളെക്കുറിച്ചാണ്. ഏറ്റവും കൂടുതൽ ആളുകൾ പണിയെടുക്കുന്ന പരംപരാഗത വ്യവസായങ്ങളെ

LIBRARY ARCHIVES Kerala Legislative Assembly

ശ്രദ്ധിക്കാനുള്ള ശ്രമങ്ങൾ സാവധാനമായിട്ടാണെങ്കിലും ഉണ്ടായിരിക്കുന്നതിൽ എനിക്ക് സന്തോഷമുണ്ട്. കശുവണ്ടിയുടെ കാര്യത്തിൽ ഈ ഗവൺമെന്റ് തീരുമാനമെടുത്തു. എനിക്ക് കൈത്തറിയെക്കുറിച്ചാണ് ഇനി പറയുവാനുള്ളത്. നെയ്ത്തുവ്യവസായ മേഖലയിലെ തറികൾ മുഴുവൻ നിലയ്ക്കുകയാണ്. പതിനായിരക്കണക്കിന് തൊഴിലാളികൾ അവരുടെ തറിക്കുഴികളിൽ പടുത്തുയർത്തിയ ജീവിത സങ്കൽപ്പങ്ങളുടെ ഊടും പാവും നിലയ്ക്കുകയാണ്. കൈത്തറിയെ രക്ഷിക്കാനുള്ള തീരുമാനം ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. ഈ വർഷത്തെ ബഡ്ജറ്റ് പ്രഖ്യാപിച്ചപ്പോൾ 500 കോടി രൂപ സപ്പോർട്ടിംഗ് ഫണ്ടായി കേരളത്തിലെ പരംപരാഗത വ്യവസായങ്ങളെ രക്ഷിക്കാൻ വേണ്ടി പ്രഖ്യാപിച്ചിരുന്നു. ഇതുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കി എത്രയും വേഗം കൈത്തറി ഉൾപ്പെടെയുള്ള പരംപരാഗത വ്യവസായങ്ങളെ രക്ഷിക്കാനുള്ള ശ്രമം നടത്തണം. ഈ മേഖലയിലെ വ്യാജ സഹകരണസംഘങ്ങളെ കണ്ടെടുത്ത് ഇത്രയും വർഷക്കാലം ഗവൺമെന്റ് കൊടുത്തിരുന്ന സഹായങ്ങളും റിബേറ്റും കൈകളിലാക്കി യാതൊരുവിധ മാനേജ്മെന്റും ഇല്ലാതെ marketing potentiality-യുമില്ലാതെ നടത്തിവരുന്ന അത്തരം സഹകരണസംഘങ്ങളിൽ നിന്നും മാറ്റി യഥാർത്ഥ തൊഴിലാളികൾക്ക് നേരിട്ട് സഹായം കൊടുക്കാൻ കഴിയുന്ന രീതിയിൽ, ഇടത്തട്ടുകാരെ ഒഴിവാക്കി, ഗവൺമെന്റിന്റെ ഭാഗത്തുനിന്നും നടപടിയുണ്ടാകണം. നമുക്ക് റബ്ബറായാലും കരിമണലായാലും സഹകാര്യ മേഖലയിലായാലും പൊതുമേഖലയിലായാലും ശരി എനിക്ക് സൂചിപ്പിക്കുവാനുള്ളത് വാല്യൂ അഡീഷൻ ഉണ്ടാകണം. ഏത് പ്രോജക്ട് തുടങ്ങിക്കഴിഞ്ഞാലും അതുണ്ടാകണം. ഇരുമ്പയിര് ആയാലും കരിമണലായാലും ഇവിടെനിന്നും റാ പ്രോഡക്ട്സ് കയറ്റിയയച്ച് മറ്റുള്ള രാജ്യങ്ങളിൽപ്പോയി പ്രോഡക്ടായി തിരിച്ചുകൊണ്ടുവരുന്നതിനു പകരം ഇവിടെ വാല്യൂ അഡീഷൻ ഉണ്ടാകണം. എന്നാൽ മാത്രമേ ബഹുമാനപ്പെട്ട മെഴ്സി രവി സൂചിപ്പിച്ചതു പോലുള്ള socio economic impact നമ്മുടെ വികസനത്തിലുണ്ടാക്കാൻ കഴിയുകയുള്ളൂ എന്നുള്ളതാണ് യാഥാർത്ഥ്യം. കേരളത്തിലെ രൂക്ഷമായ തൊഴിലില്ലായ്മ അവസാനിപ്പിക്കണം. എമിഗ്രേഷൻ നിയമങ്ങൾ കർശനമാക്കിയും ലോക്കലൈസേഷൻ നിർബന്ധമാക്കിയും ഗൾഫ് രാജ്യങ്ങൾ തൊഴിലവസരങ്ങൾ കുറയ്ക്കുകയാണ്. ഗൾഫ് നാടുകളിൽ നിന്നും നമ്മുടെ നാട്ടിലെ ചെറുപ്പക്കാർ തിരിച്ചുവരുമ്പോൾ എരിതീയിൽ എണ്ണയൊഴിക്കുന്നതുപോലെ തൊഴിലില്ലായ്മ രൂക്ഷമാകാൻ പോകുന്നു. നമ്മുടെ കാർഷിക മേഖലയിൽ തകർച്ചയുണ്ട്, എല്ലാത്തിനും പരിഹാരം വികസനമുണ്ടാകുക എന്നുള്ളതാണ്. നിക്ഷേപം ഉണ്ടാകണം, കേരളം ഉണർന്നെഴുന്നേൽക്കണം, അടുത്ത തലമുറയ്ക്കു വേണ്ടിയെങ്കിലും മഹത്തായ നേട്ടങ്ങൾ കൊയ്തെടുക്കാനുള്ള നമ്മുടെ യാത്രയിൽ ഒന്നിച്ചുചേരുക എന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനയെ ഒന്നുകൂടി പിൻതാങ്ങിക്കൊണ്ട് നിർത്തുന്നു.

ശ്രീ. കെ. കെ. ഷാജു : സർ, എനിക്ക് ഈ ധനാഭ്യർത്ഥനയെ പിൻതാങ്ങുന്നതിൽ അഭിമാനമുണ്ട്. വ്യവസായങ്ങളുടെ ശവപറമ്പായിരുന്ന

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിൽ ഇടതുപക്ഷ പ്രസ്ഥാനങ്ങൾ ചരമക്കുറിപ്പെഴുതിയ പരംപരാഗത വ്യവസായങ്ങളെ ഈ നാട്ടിൽ മൃതസഞ്ജീവനിയുമായാണ് ബഹുമാനപ്പെട്ട മന്ത്രിയും ഈ ഗവൺമെന്റും കടന്നുവന്നത്. ജിം-ലൂടെ സെഞ്ചുറിയടിച്ച വ്യവസായ വകുപ്പുമന്ത്രി കശുവണ്ടി പ്രശ്നം തീർന്നതിലൂടെ ഡബിൾ സെഞ്ചുറി അടിച്ചിരിക്കുകയാണ്. കേരളത്തിലെ പരംപരാഗത വ്യവസായ മേഖല കഴിഞ്ഞ രണ്ടുവർഷക്കാലമായി അടഞ്ഞുകിടക്കുകയായിരുന്നു. അടഞ്ഞു കിടന്നത് ഈ ഗവൺമെന്റിന്റെ കാലത്തായിരുന്നുവെങ്കിലും അടപ്പിച്ചത് ഇടതുപക്ഷം കേരളം ഭരിച്ച സമയത്താണ്. അന്ന് കശുവണ്ടി വികസന കോർപ്പറേഷന്റെ 86 കോടി രൂപയാണ് കട്ടുമുടിച്ച് തിന്നു നശിപ്പിച്ചത്. പിന്നീട് അതിലൂടെ 110 കോടി രൂപയുടെ അധിക ബാദ്ധ്യത കശുവണ്ടി കോർപ്പറേഷൻ വഴി അടിച്ചേൽപ്പിച്ച് ആ വ്യവസായങ്ങളെ തകർത്ത് ശവപറമ്പാക്കി മാറ്റി. ആ തകർന്നടിഞ്ഞ സമ്പദ്ഘടനയ്ക്കുള്ളിൽ നിന്നുകൊണ്ടാണ് ഒരു മാറ്റത്തിനുവേണ്ടി പരിശ്രമിച്ച് അവസാനം വിജയത്തിലെത്തി. നമ്മുടെ പരംപരാഗത വ്യവസായങ്ങളുടെ നട്ടെല്ലായിട്ടുള്ള കശുവണ്ടി മേഖലയെ രക്ഷിക്കാൻ വേണ്ടി അടച്ചുപൂട്ടിയ സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുവാൻ ഈ ഗവൺമെന്റ് തീരുമാനിക്കുകയും 110 കോടി രൂപയുടെ ബാദ്ധ്യത ഗവൺമെന്റ് ഏറ്റെടുക്കുകയും ചെയ്തിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ സമരം നിർത്തേണ്ടതാണ്. ഞങ്ങൾ അഖിലകക്ഷി യോഗം വിളിച്ച് ചർച്ച ചെയ്യുമ്പോൾ സി.ഐ.ടി.യു നേതാവ് ശ്രീ. ഗുരുദാസൻ നമ്മുടെ മന്ത്രിയോട് കേണപേക്ഷിച്ചു ഇത് തുറക്കുന്ന തീയതി പ്രഖ്യാപിക്കരുതെന്ന്. എന്നിട്ട് പിറ്റേദിവസം പുറത്തിറങ്ങി തീയതി പ്രഖ്യാപിക്കാത്തതുകൊണ്ട് സമരം പിൻവലിക്കാൻ സാധിച്ചില്ലെന്നുള്ള ഒരു സമീപനമെടുത്തത് ഏറ്റവും മോശമായ സംഭവമല്ലേ ? 20 വർഷത്തിലേറെക്കാലമായി പൂട്ടിക്കിടന്ന സഹകരണമേഖലയിലേയും പൊതുമേഖലയിലേയും വ്യവസായ ശാലകൾ, എന്റെ നിയോജക മണ്ഡലത്തിലെ പന്തളം മന്നം ഷുഗർ മിൽ അടക്കമുള്ള വ്യവസായ ശാലകൾ നവീകരിക്കാനും തുറന്നു പ്രവർത്തിപ്പിക്കുവാനുമുള്ള പദ്ധതികൾ ഈ ഗവൺമെന്റ് ആവിഷ്ക്കരിച്ച്, നടപ്പിലാക്കുകയാണ്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ഇവിടെ ഏറ്റവും കൂടുതൽ കരിമണലിനെക്കുറിച്ച് സംസാരിച്ച ശ്രീ. ടി. കെ. ദേവകുമാർ കരിമണൽ ഫാക്ടറി അവിടെ വരാനും, സ്ഥലമെടുക്കാൻ ആളെ സംഘടിപ്പിക്കുകയും ചെയ്തിട്ട് ഇപ്പോൾ കരിമണൽ ഖനനത്തിനെതിരായി പ്രസംഗിക്കുന്നതു കേൾക്കുമ്പോൾ നാണക്കേടേ നിന്റെ പേരാണോ ദേവകുമാർ, നിന്റെ പേരാണോ സി.പി.എം. എന്നെനിക്ക് തോന്നിപ്പോകുന്നു. കരിമണൽ ഖനനത്തെക്കുറിച്ച നമുക്ക് അഭിപ്രായമുണ്ട് ; ജനങ്ങൾക്ക് ആശങ്കയുണ്ട് വികസനമില്ലാത്ത പരിതഃസ്ഥിതിയും പരിസ്ഥിതിക്കെതിരായിട്ടുള്ള വികസനവും നാട്ടിനാപത്താണ്. സംസ്ഥാനത്ത് പ്രകൃതി വിഭവങ്ങൾ ചൂഷണം ചെയ്തേ പറ്റൂ പൊതുമേഖലയേയോ രാജ്യത്തിനുള്ളിലുള്ള മറ്റ് ഏജൻസികളേയോ ഉപയോഗപ്പെടുത്തിക്കൊണ്ട് നമ്മുടെ നാടിന്റെ പ്രകൃതി വിഭവങ്ങൾ ചൂഷണം ചെയ്യാനുള്ള സംവിധാനങ്ങളുണ്ടാകണമെന്നു തന്നെയാണ് അഭിപ്രായം. ആ

LIBRARY ARCHIVES Kerala Legislative Assembly

അഭിപ്രായങ്ങൾ നടപ്പിലാക്കുമ്പോൾ നാട്ടിൻപുറത്തെ ജനങ്ങളുടെ ആശങ്ക പരിഹരിക്കുവാൻ ഗവൺമെന്റ് മുൻകൈയെടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ബംഗാൾ എന്നുപറയുമ്പോൾ, ചൈന എന്നുകേൾക്കുമ്പോൾ അപ്പുറത്തിരിക്കുന്ന ആളുകൾക്ക് സഹിക്കുന്നില്ല. പക്ഷെ പണ്ട് അതൊന്നുമായിരുന്നില്ല. ബംഗാളിനെപ്പറ്റിയും ചൈനയെപ്പറ്റിയും റഷ്യയെപ്പറ്റിയുമൊക്കെ വാതോരാതെ പ്രസംഗിച്ചവരാണ്. അവിടില്ലെങ്ങും വമ്പത്തൻമാർ.....എന്ന് പാടിയിട്ടുണ്ട്. ഇപ്പോൾ ബംഗാൾ, ചൈന എന്നുകേൾക്കമ്പോൾ അവർക്ക് സഹിക്കുന്നില്ല.

മി.. സ്പീക്കർ : Nothing more will go in record. (ബഹളം) ഇതൊന്നും ഒരു മിടുക്കല്ല. നമുക്ക് ഒന്നര മണിക്ക് തീർക്കണം. ഓരോരുത്തർക്കും സമയം അലോട്ടുചെയ്ത് കൊടുത്തിട്ടുണ്ട്. നിങ്ങൾക്കറിയാമല്ലോ എത്ര മിനിട്ടുണ്ടെന്ന്. ആ സമയത്ത് പ്രസംഗിക്കണം. ഓരോരുത്തർക്കും അനുവദിച്ച സമയത്തിനകത്ത് പ്രസംഗം നിർത്താൻ നമ്മൾ ആദ്യം തയ്യാറാകണം. അല്ലാതെ ബെൽ അടിച്ചാലും പ്രസംഗിച്ചുകൊണ്ടിരിക്കുന്നത് മിടുക്കല്ല. അതൊരു ഡിസിപ്ലിൻ ഇല്ലായ്മയാണ്.

ശ്രീ. ഷിബു ബേബിജോൺ : സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ പിന്താങ്ങുകയാണ്. അന്യ സംസ്ഥാനങ്ങളും ലോകമെമ്പാടും അതിവേഗതയിൽ വിവരസാങ്കേതിക വിദ്യയിലും മറ്റുള്ള മേഖലകളിലും കുതിച്ചുചാടുമ്പോൾ കേരളം പകച്ചുനിൽക്കുകയായിരുന്നു. അതിൽനിന്നും വ്യത്യസ്തമായി മുഖ്യമന്ത്രിയുടെ വാക്കുകൾ കടമെടുത്താൽ ജിം അടക്കമുള്ള നടപടികളെ വികസന രംഗത്തെ അവസാന ബസ് എന്നാണ് മുഖ്യമന്ത്രി വിശേഷിപ്പിച്ചത്. അങ്ങനെ അവസാന ബസ്സിൽ കേരളത്തിലും പുറത്തുമുള്ള വ്യവസായികൾ നിറഞ്ഞുവെന്നു കണ്ടപ്പോൾ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് അവിടെവന്ന് മണിയടിച്ച് അതിന്റെ കണ്ടക്ടറായി മാറുകയായിരുന്നു. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് എന്ന് കണ്ടക്ടറായി മാറിയോ അന്നു മുതൽ എങ്ങനെ ഡ്രൈവറെ അടിച്ച് അതിനകത്തുള്ള വ്യവസായികളെ ഇറക്കിവിടാമെന്നുള്ള ശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഞാൻ ഇത് പറയാൻ കാരണം പശ്ചിമ ബംഗാൾ മുഖ്യമന്ത്രി ശ്രീ. ബുദ്ധദേവ് ഭട്ടാചാര്യ ബോംബെയിൽ വന്ന അവസരത്തിൽ പെപ്സിയുടേയും കൊക്കോക്കോളയുടേയുമൊക്കെ സമരത്തെക്കുറിച്ച് ചോദിച്ചപ്പോൾ "ഞങ്ങൾ കേരളീയരെപ്പോലെ മണ്ടൻമാരല്ല, ഞങ്ങൾ വിദേശ കമ്പനികളെ സംസ്ഥാനത്തേയ്ക്ക് സ്വാഗതം ചെയ്യുന്നു." എന്നാണ് അദ്ദേഹം പറഞ്ഞത്. ആ രീതിയിൽ മലയാളികൾ മണ്ടൻമാരാണെന്ന് പ്രചരിപ്പിക്കാൻ ഉത്തരവാദികൾ ആരാണെന്ന് ആത്മപരിശോധന നടത്തേണ്ടതായിട്ടുണ്ട്.

കരിമണൽ ഖനനം ഇന്ന് കേരളമാകെ കത്തി ജ്വലിക്കുന്ന വികാരമായി മാറിയിരിക്കുകയാണ്. കഴിഞ്ഞ നിയമസഭയിൽ ശ്രദ്ധക്ഷണിക്കലിൽക്കൂടി അതിന്റെ പ്രാധാന്യം ഇവിടെ വിശദീകരിച്ചിട്ടുള്ളതാണ്. ഇപ്പോൾ ഒരു ഭയാനക സ്ഥിതിയാണ് ഇവിടെ വന്നിരിക്കുന്നത്. കഴിഞ്ഞ ദിവസം ഇവിടെ സെമിനാർ സംഘടിപ്പിച്ചപ്പോൾ കേരളത്തിലെ ധീവരസഭയുടെ പ്രതിനിധിയായി പങ്കെടുത്ത

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ദിനകരൻ കരിമണൽ ഖനനം കേരളത്തിലെങ്ങും അനുവദിക്കുകയില്ല, അത് ആലപ്പുഴയിലാണെങ്കിലും കൊല്ലത്താണെങ്കിലും സ്വകാര്യ മേഖലയിലാണെങ്കിലും പൊതുമേഖലയിലാണെങ്കിലും അനുവദിക്കുക ഇല്ലെന്നുള്ള പ്രഖ്യാപനമാണ് നടത്തിയത്. ആലപ്പുഴയിൽ സ്വകാര്യ മേഖലയിലാണെങ്കിലും പൊതുമേഖലയിലാണെങ്കിലും കരിമണൽ ഖനനം അനുവദിക്കുകയില്ലെന്നാണ് ശ്രീ. എം. എ. ബേബി പ്രഖ്യാപിച്ചിരിക്കുന്നത്. ശ്രീ. വി.എം. സുധീരൻ പറയുന്നതും അതാണ്. സി.പി.ഐ.യും അങ്ങനെയാണ് പറയുന്നത്. ഇത് രാജ്യദ്രോഹമല്ലേ ? നമുക്ക് പ്രകൃതി അനുഗ്രഹിച്ചുതന്ന ധാതു സമ്പത്ത് ചൂഷണം ചെയ്യാൻ അനുവദിക്കുകയില്ല. പൊതുമേഖല വേണോ സ്വകാര്യ മേഖല വേണോ എന്നുള്ള ഗൗരവമേറിയ ചർച്ച നമുക്ക് നടത്തേണ്ടതായിട്ടുണ്ട്. അതിൽ സോഷ്യൽ കമ്മിറ്റ്മെന്റ് ഉണ്ട്. അതിൽ പൊതുമേഖല തന്നെ വേണമെന്നുള്ള വ്യക്തിപരമായ അഭിപ്രായക്കാരനാണ് ഞാൻ. പക്ഷേ ഈ വികാരം മത്സ്യത്തൊഴിലാളികളിൽ കൂടി ആളിക്കത്തിച്ചുകൊണ്ട് തൃക്കുന്നപ്പുഴയിൽ നിന്നുകൊള്ളണം, ആലപ്പാട്ടോട്ടു കയറരുത്, കൊല്ലം ജില്ലയിലോട്ട് കയറരുത് എന്ന് നിങ്ങൾക്ക് ആർക്കെങ്കിലും പറയാൻ കഴിയുമോ ? പറയാൻ കഴിയുകയില്ല. മത്സ്യത്തൊഴിലാളികളുടെ വികാരം ആളിക്കത്തിച്ച് ഈ ധാതുസമ്പത്ത് വ്യവസായം തകർക്കാനുള്ള ശ്രമമാണ് ഇവിടെ നടക്കുന്നത്. ഇതിന്റെ പിന്നിൽ ആഗോള ഗൂഢാലോചനയുണ്ടെന്ന് ഞാൻ ഈ സഭയിൽ ആധികാരികമായി പറയുകയാണ്. കാരണം എന്തൊക്കെ വികസന പ്രവർത്തനങ്ങൾ ഇവിടെ നടന്നിട്ടുണ്ടോ അന്നൊക്കെ അതിനെ തകിടം മറിക്കാൻവേണ്ടി ശ്രമിച്ചിട്ടുണ്ട്. പ്രത്യേകിച്ച് ധാതുസമ്പത്തിന്റെ മേഖലയിൽ. ഇപ്പോൾ കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഐ.ആർ.ഇ. ഡിസ്ഇൻവെസ്റ്റ്മെന്റിന്റെ ലിസ്റ്റിലാണ്. ശ്രീ. ബിനോയ് വിശ്വം അടക്കം ഇന്ന് ഇതിനെക്കുറിച്ച് സംസാരിച്ചു. ഞാൻ പേര് തരാം. ജർമ്മനിയിലെ ലുയിർഗീ കമ്പനി ഐ.ആർ.ഇ. എന്ന വ്യവസായ സ്ഥാപനത്തെ ടേക്കോവർ ചെയ്യാൻവേണ്ടി നിൽക്കുകയാണ്. 1850 കോടി രൂപയുടെ ഒരു പ്രോജക്ട് എൻ.എം.ഡി.സി. ഡിസ്ഇൻവെസ്റ്റ് ചെയ്യാൻ നിൽക്കുകയാണ്. അങ്ങനെ സ്വകാര്യ മേഖലയിലേയ്ക്ക് പോകുമ്പോൾ നിങ്ങൾ ഇപ്പോൾ നടത്തുന്ന പ്രക്ഷോഭത്തിന്റെ സ്ഥാനം എന്തായിരിക്കും? അതിനെ ചെറുത്തുനിൽക്കാൻ നിങ്ങളാരെങ്കിലും എന്തെങ്കിലും ഒരു നിർദ്ദേശം വച്ചിട്ടുണ്ടോ ? ഞാൻ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ് ഐ.ആർ.ഇ. ഡിസ്ഇൻവെസ്റ്റ്മെന്റ് ചെയ്യുകയാണെങ്കിൽ ഐ.ആർ.ഇ.യെ സംസ്ഥാന പൊതുമേഖലയിൽ നിലനിർത്താനുള്ള നടപടികൾ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്നും ഉണ്ടാകണം എന്നാണ് എനിക്ക് അതിനെക്കുറിച്ച് പറയാനുള്ളത്.

കശുവണ്ടി മേഖലയിൽ രണ്ടുവർഷമായി പ്രതിസന്ധി നിലനിൽക്കുകയാണ്. രണ്ടു വർഷമല്ല, ഇടതുപക്ഷജനാധിപത്യ മുന്നണിയുടെ അവസാന രണ്ടു വർഷം കാപ്പക്സ് തുറന്നു പ്രവർത്തിച്ചിരുന്നില്ല. ഐക്യജനാധിപത്യ മുന്നണി അധികാരത്തിൽ വന്നപ്പോൾ കാപ്പക്സ് തുറന്നു പ്രവർത്തിച്ചു. കാഷ്യൂ ഡവലപ്മെന്റ് കോർപ്പറേഷൻ തുറന്നു പ്രവർത്തിപ്പിക്കാൻ സാധിച്ചിട്ടില്ലെന്നുള്ള

LIBRARY ARCHIVES Kerala Legislative Assembly

സത്യമുണ്ട്. അതിന്റെ കാരണം പല പ്രാവശ്യം സഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി അഞ്ചു വർഷം ഇത് നടത്തിയതുവഴി 141 കോടി രൂപയാണ് നഷ്ടം ഉണ്ടായത്. ഇത് പറയുമ്പോൾ തൊഴിലാളികൾക്ക് കൂലി കൊടുത്ത കമ്പോണന്റ് മാറ്റിവച്ചാൽ 100 കോടിയിലധികം തീവെട്ടിക്കൊള്ള നടത്തിയതിന്റെ ഭാഗമല്ലേ ഇത് നഷ്ടമായത്? അതിന് ഉത്തരവാദികളായവർ സാമ്പത്തികമായി പ്രതിസന്ധിയിൽ കഴിയുന്ന ഈ സർക്കാരിനെ കുറ്റം പറയുകയാണ്. എനിക്ക് സി.പി.ഐ(എം)-നോട് ഇക്കാര്യത്തിൽ വിരോധമില്ല. അത് രാഷ്ട്രീയമായ പ്രസ്താവനയാണ്. കടയ്ക്കൽ സുന്ദരേശൻ വി.ബി. ചെറിയാനോടൊപ്പം പോയപ്പോൾ രാഷ്ട്രീയമായി തൊഴിലാളികളെ നിലനിർത്താൻ ചില നടപടികൾ കൈക്കൊണ്ടു. പക്ഷേ ഞാൻ എ.ഐ.ടി.യു.സി.ക്കാരോട് ഒരു കാര്യ ചോദിച്ചു, നിങ്ങൾക്ക് രാഷ്ട്രീയമുണ്ടോ എന്ന് വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന ഒരു പ്രസ്ഥാനമാണ് സി.പി.ഐ. എന്ന് ഞാൻ പറയുന്നു.(. .ബഹളം. .)

Mr.Speaker : He is a beginner. Don't create things.

ശ്രീ. ഷിബു ബേബി ജോൺ : ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഭാഗമായി നിന്നുകൊണ്ട് എല്ലാ കൊള്ളയ്ക്കും കൂട്ടുനിന്നിട്ട്, എല്ലാ ആനുകൂല്യങ്ങളും വാങ്ങിയെടുക്കാൻ കൂട്ടുനിന്നിട്ട് ഇപ്പോൾ എല്ലാം സി.പി.ഐ(എം)-ന്റെ തലയിൽക്കൊണ്ടു വയ്ക്കുകയാണ്. (. .ബഹളം. . .) ഞാൻ ഇത് പറയാൻ കാരണം ഒരു കാലഘട്ടത്തിൽ പാർട്ടി പിളർന്നപ്പോൾ ഭട്ടിൻഡയിൽ . . . . . (. .ബഹളം. . .) ഇന്ന് ഭട്ടിൻഡയിൽ സി.പി.ഐ.യുടെ എം.പി. കോൺഗ്രസ്സിന്റെ പിന്തുണയോടു കൂടിയല്ലേ ജയിച്ചുവന്നിരിക്കുന്നത് ? ഒരു കാലഘട്ടത്തിൽ പാർട്ടി പിളർന്നപ്പോൾ കുറെ നേതാക്കൻമാർ ഉണ്ടായി. അവർ മൺമറഞ്ഞ് പോകുന്നതിനനുസരിച്ച്, പുതിയ നേതാക്കൻമാരുടെ പ്രതികരണശേഷിക്ക് വന്ധ്യംകരണം ശസ്ത്രക്രിയ നടത്തിയിട്ടാണ് വംശനാശം സംഭവിക്കുന്നത്. പ്രത്യുല്പാദനമില്ല. വ്യവസായവത്കരണത്തെ അന്ധമായി എതിർക്കരുത്. കേരളത്തിൽ ഇന്ന് നിലനിൽക്കുന്ന ഈ സാഹചര്യം നശിപ്പിച്ച് ഇവിടന്ന് വ്യവസായത്തെ ഓടിക്കരുത്. ഈ മേഖലയിൽ കേരളത്തെ മുന്നോട്ടു നയിക്കുന്ന ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയെ ആത്മാർത്ഥമായി അഭിനന്ദിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനയെ ഞാൻ പിന്താങ്ങുകയാണ്.

ശ്രീ. സി. കെ. നാണു : സർ, ഈ ധനാഭ്യർത്ഥനയെ ഞാൻ എതിർക്കുകയാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി ജോലി ലഭിക്കുന്നത് ഇപ്പോൾ 0.4% ആയി കുറഞ്ഞിരിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തെ കൈത്തറി, കശുവണ്ടി വ്യവസായത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട മെമ്പർമാർ വളരെ വിശദമായി സംസാരിക്കുകയുണ്ടായി. രണ്ടുദിവസം മുമ്പ് ശ്രീ. ചന്ദ്രമോഹൻ ടെക്സ്റ്റൈൽ മില്ലുകൾ അടച്ചുപൂട്ടുന്നതിനെ സംബന്ധിച്ച് പറഞ്ഞു. അങ്ങനെ മൊത്തത്തിൽ നമ്മുടെ നാട്ടിലെ വലിയൊരു വിഭാഗം ജനങ്ങൾക്ക് ഇന്നലെവരെ തൊഴിൽ ഉണ്ടായിരുന്നവർക്ക് അവശ്യസാധനങ്ങൾ വാങ്ങിക്കാൻ ഉണ്ടായിരുന്ന വരുമാനം

LIBRARY ARCHIVES Kerala Legislative Assembly

നഷ്ടപ്പെടുന്ന രൂപത്തിലുള്ള സ്ഥിതിയാണ് നാട്ടിലെ ചെറുകിട വ്യവസായ മേഖലയിലും ഇടത്തരം വ്യവസായ മേഖലയിലും മുഴുവൻ ഉണ്ടായിരിക്കുന്നത്. കേരളത്തിൽ സ്വകാര്യ മേഖലയിൽ മൂലധനം ഇറക്കുന്നതിന് കഴിഞ്ഞ കാലത്ത് ആരെങ്കിലും എതിരായിരുന്നോ ? ഇവിടെ സ്വകാര്യ മേഖലയിൽ ആശുപത്രിയുണ്ട്, ഹോട്ടലുകൾ ഉണ്ട്. ഇതെല്ലാം കഴിഞ്ഞ കാലത്ത് ഈ സംസ്ഥാനത്ത് ഉണ്ടായിരുന്നു. ഇവിടെ സ്വകാര്യ മൂലധനം മുടക്കുന്നതിന് ആരെങ്കിലും എതിരായിരുന്നോ ? ഇടതുപക്ഷ ജനാധിപത്യ മുന്നണി അല്ലെങ്കിൽ ഇതുമായി ബന്ധപ്പെട്ടവർ സ്വകാര്യ മൂലധനം കേരളത്തിലേയ്ക്ക് വരുന്നതിനെ എതിർത്തു എന്നുള്ള തരത്തിലുള്ള പ്രസ്താവന അല്ലെങ്കിൽ പ്രചരണം നടത്തുന്നതിൽ എന്തെങ്കിലും ന്യായീകരണമുണ്ടോ ? 'ജിം'ന്റെ പശ്ചാത്തലത്തിൽ കേരളത്തിലേയ്ക്ക് വ്യവസായം വരുന്നതിനെ ഞാൻ എതിർക്കുന്നില്ല. കേരളത്തിലെ പ്രധാനപ്പെട്ട സ്ഥലങ്ങളിലുള്ള കോടിക്കണക്കിന് രൂപയ്ക്കുള്ള ഭൂമിയാണ് 'ജിം'ന്റെ പേരിൽ വ്യവസായികൾക്ക് വിൽക്കാൻ തീരുമാനിച്ചിരിക്കുന്നത്. അതിനെ സംബന്ധിച്ച് കേരളത്തിലെ ജനങ്ങൾ അറിയണ്ടേ? ഇവിടെ നടന്ന യോഗത്തിൽ പ്രമുഖനായ ആൾ റിലയൻസിന്റെ എം.ഡി. ആയിരുന്നു. റിലയൻസുമായി ബന്ധപ്പെട്ട് ഒരു വാർത്ത പത്രത്തിൽ വായിച്ചു. ബോംബെ-പൂന ഹൈവേയുമായി ബന്ധപ്പെട്ട് ഒരു ജോലിക്കുള്ള ടെണ്ടർ ക്ഷണിച്ചപ്പോൾ 3,600 കോടി റുപ്പികയാണ് റിലയൻസിന്റെ ഭാഗത്തുനിന്ന് വന്നത്. പക്ഷേ 1,600 കോടി റുപ്പികയ്ക്ക് മഹാരാഷ്ട്രയിലെ കൺസ്ട്രക്ഷൻ കോർപ്പറേഷൻ ആ പണി ചെയ്തു. നമ്മുടെ നാട്ടിലെ കണ്ണായ സ്ഥലത്തുള്ള ഭൂമി കണ്ട്, ആ ഭൂമി മാത്രം ലക്ഷ്യം വച്ചുകൊണ്ടു വരുന്നവരാണ് അവർ. അത് നമുക്ക് പരിശോധിക്കണ്ടേ ? അതുപോലെതന്നെ ഐ.ടി. മേഖല. കേരളത്തിൽ ഈ രംഗത്ത് പ്രധാനമായി പ്രവർത്തിക്കുന്നത് കെൽട്രോണാണ്. കഴിഞ്ഞ മൂന്നുനാലു കൊല്ലങ്ങളായി കെൽട്രോൺ സാമ്പത്തികമായി ലാഭത്തിലാണ്. ഐ.ടി. മേഖലയിൽ പ്രവർത്തിക്കാൻ കെൽട്രോണിന് എന്ത് സൗകര്യമുണ്ടാക്കി ? കഴിഞ്ഞ കാലത്ത് പൊതുമേഖലാ സ്ഥാപനമെന്നുള്ള നിലയ്ക്ക് കെൽട്രോണിന് ലഭിച്ച ആനുകൂല്യങ്ങൾ ഈ അവസരത്തിൽ ഇതുമായി ബന്ധപ്പെട്ട് നൽകുന്നുണ്ടോ ? സമയക്കുറവു കാരണം ഈ ധനാഭ്യർത്ഥനയെ ഒരിക്കൽക്കൂടി എതിർത്തുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. എ. എ. അസീസ് : സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് രണ്ട് കൊല്ലം പിന്നിട്ടതിനുശേഷവും വാഗ്ദാനങ്ങൾ മാത്രമായി അവശേഷിക്കുകയാണ്. ഭരണ നവീകരണത്തിന്റെ പേരിൽ ലാഭകരമായി നടക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾപോലും പൂട്ടാനുള്ള നയമാണ് ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. യഥാർത്ഥത്തിൽ സർക്കാർ ആശുപത്രികളും സർക്കാർ പള്ളിക്കൂടങ്ങളും അടച്ചു പൂട്ടുക എന്നതുപോലെ പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭകരമല്ലെങ്കിൽ അടച്ചു പൂട്ടുക എന്ന നയമാണ് ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. അങ്ങനെയായാൽ നമ്മുടെ രാജ്യത്തുള്ള സർക്കാർ ആശുപത്രികളും സർക്കാർ പള്ളിക്കൂടങ്ങളും അടച്ചുപൂട്ടേണ്ടി വരും. പൊതുമേഖലാസ്ഥാപനങ്ങൾക്ക് ഒരു സങ്കൽപ്പം ഉണ്ട്. പൊതുമേഖലാ സ്ഥാപനങ്ങൾ ആരംഭിച്ചതു തന്നെ തന്ത്രപ്രധാനമായ മേഖലകളിലും പരമ്പരാഗത വ്യവസായങ്ങളിലേയും അല്ലാതെയും

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലാളികളെ സംരക്ഷിക്കുന്നതിനും വ്യവസായത്തെ സംരക്ഷിക്കുന്നതിനും വേണ്ടി ഉണ്ടാക്കിയതാണ്. ഈ പൊതുമേഖലാസ്ഥാപനങ്ങൾ ലാഭകരമാക്കാൻ പരിശ്രമിക്കുക എന്നതാണ് ജനാധിപത്യ സംവിധാനത്തിൽ ഗവൺമെൻറിന്റെ കർത്തവ്യം. എന്നാൽ ഗവൺമെന്റ് ചെയ്യുന്നത് ചികിത്സിച്ച് ഭേദമാക്കുക എന്നുള്ളതല്ല. അതിനെ കൊല്ലാൻ ശ്രമിക്കുകയാണ്. പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭകരമാക്കാൻ അതിന്റെ തലപ്പത്ത് നല്ല മാനേജുമെൻറിനെ നിയമിക്കണം ഇവിടെ നേരത്തെ സൂചിപ്പിച്ചതുപോലെ പൊടിവൈദ്യൻമാരെ നിയമിച്ചിട്ട് കാര്യമില്ല. രോഗം പിടിപെട്ട പൊതുമേഖലാ സ്ഥാപനങ്ങളെ ചികിത്സിച്ച് ഭേദമാക്കേണ്ടത് വ്യവസായ വകുപ്പുമന്ത്രിയും അതുപോലെ മുഖ്യമന്ത്രിയും തന്നെയാണ്. വ്യവസായ വകുപ്പിന് മുഖ്യമായ കടമയുള്ളതാണ്. അത്തരം പൊതുമേഖലാസ്ഥാപനങ്ങളെ ഇല്ലാതാക്കുക എന്ന നയം ശരിയല്ല. കശുവണ്ടി വികസന കോർപ്പറേഷനെ സംബന്ധിച്ച് പറയുകയാണെങ്കിൽ പലരും കോർപ്പറേഷന്റെ ചരിത്രം അറിയാത്ത ആളുകളാണ്. 18-ാം തീയതി നടന്ന കോൺഫറൻസിൽ വ്യക്തമായ ഒരു ധാരണ ഉണ്ടായില്ല എന്നുള്ളതുകൊണ്ടാണ് ഈ സമരം അവസാനിപ്പിക്കാൻ കഴിയാതെ വന്നത്. കോർപ്പറേഷന്റെ ആസ്തി എത്രയാണെന്ന് അറിയാമോ ? ഒന്നും ഇല്ലാതെ ആരംഭിച്ച കശുവണ്ടി വികസന കോർപ്പറേഷന് 10 കശുവണ്ടി ഫാക്ടറികൾ സ്വന്തമായിട്ടുണ്ട്. ചോമ്പാലിന് എതിരെ ഏറ്റവും മനോഹരമായിട്ടുള്ള ഒരു ഹെഡ് ഓഫീസ് ഉണ്ട്. 500 കോടി രൂപയുടെ ആസ്തിയുള്ള ഒരു സ്ഥാപനമാണ് ഇപ്പോൾ കശുവണ്ടി വികസന കോർപ്പറേഷൻ. അത് നഷ്ടമാണെന്ന് ഇപ്പോൾ എല്ലാവരും ഒരുമിച്ച് പറയുകയാണ്. ലാഭകരമായി നടക്കുന്ന പൊതുമേഖലാസ്ഥാപനങ്ങൾ അടച്ചു പൂട്ടാനുള്ള തീരുമാനം സൂചിപ്പിച്ചത് എന്റെ നിയോജക മണ്ഡലത്തിൽപ്പെട്ട ആ സ്ഥാപനമാണ്. നേരത്തെ ഇവിടെ സൂചിപ്പിച്ച മീറ്റർ കമ്പനി കഴിഞ്ഞ 14 വർഷമായി അവിടെ നടന്നു വന്നിരുന്നു. അവിടെ ഉൽപ്പാദിപ്പിച്ചു വന്നത് ഇലക്ട്രോണിക് മീറ്റർ അല്ല.. അവിടെയുള്ളത് മെക്കാനിക്കൽ മീറ്ററാണ്. മെക്കാനിക്കൽ സംവിധാനം നിർത്തലാക്കിക്കൊണ്ട് ഗവൺമെന്റ് നയപരമായി എടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ഇപ്പോൾ ഇലക്ട്രോണിക് മീറ്റർ ഉല്പാദിപ്പിക്കുന്നത്. അതും നഷ്ടത്തിലാണ് എന്നതിന്റെ പേരിൽ അടച്ചു പൂട്ടാൻ തീരുമാനിച്ചിരിക്കുകയാണ്. ഇപ്പോൾ ലാഭകരമായി നടക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ പോലും അടച്ചു പൂട്ടുകയാണ്. നമ്മുടെ രാജ്യത്തെ 45 ലക്ഷത്തോളം വരുന്ന പരമ്പരാഗത വ്യവസായത്തൊഴിലാളികൾ പട്ടിണി കിടന്ന് മരിക്കുകയാണ്. കശുവണ്ടി വ്യവസായത്തെ സംബന്ധിച്ച് ഇവിടെ പലരും പറഞ്ഞു. കശുവണ്ടി തൊഴിലാളികൾ രണ്ടു കൊല്ലക്കാലമായി പട്ടിണികിടക്കുകയാണ്. നാല് പേർ മരിച്ചു. ആ മേഖലയിൽ നാല് ദുർമരണങ്ങൾ ഉണ്ടായി. ആ സ്ഥാപനങ്ങൾ നിലനിൽക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഭരണപക്ഷം ഉൾപ്പെടെയുള്ള എല്ലാ സംഘടനകളും നടത്തുന്ന സമരത്തിന്റെ ഫലമായാണ് ഇപ്പോഴെങ്കിലും ഗവൺമെൻറിന് കണ്ണ് തുറക്കാൻ കഴിഞ്ഞത്. ഇല്ലെങ്കിൽ ഇപ്പോഴും കണ്ണ് തുറക്കുമായിരുന്നില്ല. അതുകൊണ്ട് കോർപ്പറേഷൻ ഫാക്ടറികൾ തുറക്കുന്നതിന് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി വ്യക്തമായ ഒരു തീയതി ഇവിടെ പ്രഖ്യാപിക്കണം

LIBRARY ARCHIVES Kerala Legislative Assembly

എന്നാണ് എനിക്ക് വിനീതമായി അഭ്യർത്ഥിക്കാനുള്ളത്. ഈ ധനാഭ്യർത്ഥനയെ ഞാൻ ഒരിക്കൽക്കൂടി എതിർക്കുകയാണ്.

ശ്രീ. എം. എ. വാഹിദ് : സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ അനുകൂലിക്കുകയാണ്. കഴിഞ്ഞ രണ്ടു വർഷമായി പത്രമെടുത്താൽ 'ജിം'. റേഡിയോ തുറന്നാൽ 'ജിം' ടി.വി യുടെ ഏത് ചാനൽ നോക്കിയാലും 'ജിം' ജിം - ശ്രീ. കുഞ്ഞാലിക്കുട്ടി, ശ്രീ. കുഞ്ഞാലിക്കുട്ടി-ജിം അങ്ങനെയാണ് നിൽക്കുന്നത്. ഇപ്പോൾ ശ്രീ. കുഞ്ഞാലിക്കുട്ടി സാഹിബിന്റെ പേര് തന്നെ മാറി 'ജിം' കുട്ടി എന്നാണ് നാട്ടിൻപുറങ്ങളിൽ അറിയപ്പെടുന്നത്. കുട്ടികൾ ജിം കുട്ടി എന്ന് പറയുകയാണെങ്കിലും അതിന്റെ വലിയ ഒരു റിസൽട്ട് നമുക്കിവിടെ കാണാൻ കഴിഞ്ഞു. എനിക്ക് അതിൽ സന്തോഷവും ചാരിതാർത്ഥ്യവുമുണ്ട്. പക്ഷേ 'ജിം'ന്റെ ഗുണഫലങ്ങൾ പരമ്പരാഗത വ്യവസായ മേഖലകളിൽ ഉണ്ടാകുന്നുണ്ടോ എന്നുള്ളതാണ് എന്നെപ്പോലെയുള്ളവർ നോക്കുന്നത്. അഞ്ചു വർഷക്കാലത്തെ എൽ.ഡി.എഫ് ഭരണത്തിൽ പരമ്പരാഗത മേഖലകളെ തകർത്തു തരിപ്പണമാക്കിയത് നാം കണ്ടതാണ്. കയർ മേഖലയെ ആകെ നശിപ്പിച്ചു. കയർഫെഡിന്റെ ഇന്നത്തെ സ്ഥിതി അതിദയനീയമാണ് ഇപ്പോൾ കയർ മേഖലയിലെ റാട്ട് കറങ്ങുന്നില്ല. എണ്ണയാട്ട് തൊഴിലാളികൾ ഗ്രാമപ്രദേശങ്ങളിൽ ഒരുപാട് ഉള്ളതാണ്. ചക്കുകൾ പ്രവർത്തിക്കുന്നില്ല. കശുവണ്ടി മേഖല ഇപ്പോൾ പട്ടിണിയിലേയ്ക്ക് എത്താനുള്ള സാഹചര്യം, കശുവണ്ടി ഫാക്ടറികളേയും കശുവണ്ടി വ്യവസായത്തേയും അഞ്ചു വർഷക്കാലം നിയന്ത്രിച്ച എൽ.ഡി.എഫ് സർക്കാരിന്റെ പിടിപ്പുകേട് കൊണ്ടാണ് വൻ നഷ്ടത്തിലേയ്ക്ക് വന്നത്. കശുവണ്ടി മേഖലയിലെ ഫാക്ടറികളിൽ ഇപ്പോൾ പുകയില്ല. അവിടെ കാണുന്ന പുക വറ്റിവരണ്ട് കത്തുന്ന വയറുകളുടെ പുകയാണ്. എന്റെ നിയോജകമണ്ഡലത്തിലെ കയർ, കൈത്തറി മേഖല ഉൾപ്പെടെ പരമ്പരാഗത വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന്, പുനർ ജീവിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ ഈ 'ജിം'ലൂടെ ഉണ്ടാക്കുമോ എന്നതാണ് എന്റെ അഭ്യർത്ഥന. മറ്റൊന്ന് എന്റെ നിയോജക മണ്ഡലത്തിൽ ആദ്യമായി ഉണ്ടായ ഒരു വ്യവസായം കെൽട്രോൺ കൗൺടേഴ്സ് ആണ്. അത് അടച്ചു പൂട്ടുകയാണ്. അടച്ചുപൂട്ടുന്നത് തൊഴിലാളികളുടെ കുഴപ്പം കൊണ്ടല്ല. ഏറ്റവും അവസാനമായി വന്ന വ്യവസായം കഴക്കൂട്ടത്തെ സ്പിന്നിംഗ് മിൽ ആണ്. ജൻമം കൊണ്ട് തന്നെ അത് മൃതപ്രായമായിക്കിടക്കുകയാണ്. അവിടെ പിന്നെ വന്നത് ഐ.ടി വ്യവസായവുമായി ബന്ധപ്പെട്ട ടെക്നോ പാർക്ക് ആണ്. ഈ ടെക്നോപാർക്ക് കേരളത്തിൽ ആദ്യമായി വന്നത് കഴക്കൂട്ടത്ത് ആണ്. അതുമായി ബന്ധപ്പെട്ട് ഒരുപാട് ഐ.ടി വ്യവസായങ്ങളും ഐ.ടി സ്ഥാപനങ്ങളും അവിടെ ഉണ്ടായിട്ടുണ്ട്. അവിടെയുള്ള ഉല്പന്നങ്ങൾ കഴക്കൂട്ടത്തുകാർക്ക് കാണാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. അതുകൊണ്ട് ഈ ഉല്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും വിൽക്കുന്നതിനും ഒരു ട്രേഡ് സെന്റർ കഴക്കൂട്ടത്ത് സ്ഥാപിക്കുകയും കഴക്കൂട്ടത്തെ ഐ.ടി ടൗൺഷിപ്പായി പ്രഖ്യാപിക്കുകയും ചെയ്യാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുന്നു. ഞാൻ ഈ ധനാഭ്യർത്ഥനയെ ഒരിക്കൽ കൂടി പിൻതുണയ്ക്കുന്നു.

ശ്രീ. സി. മമ്മൂട്ടി : ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനയെ ഞാൻ പിൻതുണയ്ക്കുകയാണ്. തകർന്നടിഞ്ഞ പ്രതീക്ഷകളും തകിടം മറിഞ്ഞ

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായമേഖലകളുമുള്ള ഒരു സാഹചര്യത്തിലാണ് യു.ഡി.എഫ് സർക്കാർ അധികാരത്തിൽ വന്നത്. ഒട്ടും പ്രതീക്ഷയ്ക്ക് വക നൽകാത്തവിധം നേരത്തെ ഇവിടെ എന്റെ സുഹൃത്ത് ശ്രീ. ബിനോയ് വിശ്വം സൂചിപ്പിച്ചതുപോലെ ഒരു ശവപറമ്പായി മാറിയ വ്യവസായ കേരളത്തെ ഉദ്ധരണത്തിലൂടെ പ്രതീക്ഷയുടെ തുരുത്ത് സമ്മാനിച്ചുകൊണ്ടാണ് ബഹുമാന്യനായ വ്യവസായ വകുപ്പുമന്ത്രി ശ്രീ കുഞ്ഞാലിക്കുട്ടി ഈ കേരളത്തിലേയ്ക്ക് പുതിയ സംവിധാനങ്ങളും പദ്ധതികളുമായി ഇറങ്ങിത്തിരിച്ചത്. ഇവിടെ പ്രതിപക്ഷം ഒരുപാട് കാര്യങ്ങൾ ഇതിനെക്കുറിച്ച് പറഞ്ഞു. സത്യസന്ധമായി, രാഷ്ട്രീയത്തിനതീതമായി ഈ കാര്യത്തെ കാണണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. സത്യം പറഞ്ഞാൽ ഈ ഗവൺമെന്റിന് ഈ മേഖലയിൽ എന്തെങ്കിലും ചെയ്യാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് ഒരു ആത്മവിശകലനം നടത്തണം. അതിന് കഴിഞ്ഞിട്ടില്ലെങ്കിൽ യു.ഡി.എഫ് ഗവൺമെൻറ് കൊണ്ടുവന്നിട്ടുള്ള പദ്ധതികളെ അംഗീകരിക്കാനുള്ള സൻമനസ്സ് എങ്കിലും കാണിക്കണം. ഈ രാജ്യത്ത് അരക്കോടിയോളം വരുന്ന തൊഴിലില്ലാത്ത ചെറുപ്പക്കാരെ മുൻനിർത്തി എങ്കിലും അക്കാര്യത്തിൽ ഒരു പുനർചിന്തനം നടത്തണമെന്നാണ് എനിക്ക് പ്രതിപക്ഷകക്ഷികളോട് അഭ്യർത്ഥിക്കാനുള്ളത്. ഇവിടെ കഴിഞ്ഞ ഇടതുപക്ഷ ഗവൺമെൻറ് ഭരിച്ച ഘട്ടത്തിൽ അവർ തന്നെയാണ് വ്യവസായ വകുപ്പിനെതിരായി ഏറ്റവും കൂടുതൽ രൂക്ഷമായ സമരപരിപാടികൾ ആവിഷ്ക്കരിച്ചിട്ടുള്ളത്. വ്യവസായ വകുപ്പിന്റെ കൊള്ളരുതായ്മകൾക്കെതിരെയുള്ള മാർച്ച് . ശ്രീ. അച്ചുതാനന്ദൻ അവരുടെ പേരിൽ 1999-ൽ നടത്തിയ സമരം. അവർ മാത്രമല്ല, ഇപ്പോൾ ഇവിടെ വ്യവസായമേഖലയെ ശവപ്പറമ്പാക്കി എന്ന് പറഞ്ഞ അതേ ശ്രീ. ബിനോയ് വിശ്വത്തിന്റെ പാർട്ടിയായ എ.ഐ.ടി.യു.സി.യും വ്യവസായ തൊഴിൽ മേഖലയിൽ എൽ.ഡി. എഫ് സർക്കാർ പരാജയം, എന്നു പറഞ്ഞുകൊണ്ട് ഒരു ലക്ഷം ആളുകളെ നിയമസഭയിലേയ്ക്ക് മാർച്ച് നടത്തിച്ചവരാണ്.

വ്യവസായ, തൊഴിൽ മേഖലകളിൽ എൽ.ഡി.എഫ്. സർക്കാർ പരാജയമാണെന്ന് എ.ഐ.ടി.യു സി. സംസ്ഥാന ഭാരവാഹികൾ പത്രസമ്മേളനത്തിൽ പറഞ്ഞു. ഈ ആവശ്യം ഉന്നയിച്ചുകൊണ്ട് ഒരു ലക്ഷം പ്രവർത്തകരുടെ മാർച്ച് നിയമസഭയിലേക്ക് നടത്തിയവരാണ് അവർ. അതുകൊണ്ട് തീർന്നില്ല, "കെ.എസ്.ഐ.ഡി.സി. യുടെ പ്രവർത്തനം നിശ്ചലമാകുന്നു, വ്യവസായ മേഖലയ്ക്ക് ആശങ്ക." ഇതുപറയുന്നത് എൽ.ഡി.എഫ്. ഭരണകാലത്തുള്ള വ്യവസായ തകർച്ചയെക്കുറിച്ചുള്ള പത്ര വാർത്തകളാണ്. "തുണിമില്ലുകൾ അടച്ചുപൂട്ടുന്നു," "വ്യവസായ മേഖലയിൽ ആശങ്ക," "കസേരകളി വ്യവസായം ടൂറിസം മേഖലകളെ തകർക്കുന്നു," ഇതൊക്കെ പത്രങ്ങൾ പറയുന്നത് യു.ഡി.എഫ് ഗവൺമെന്റിന്റെ കാലത്തെക്കുറിച്ചല്ല. "തീപ്പെട്ടി വ്യവസായം പ്രതിസന്ധിയിലേയ്ക്ക്," എന്തിനധികം ന്യൂ ഇൻഡ്യൻ എക്സ്പ്രസ് ഒരു ഐറ്റം എഴുതിയതാണ് Government failed to implement even a single industrial venture in northern Kerala മാത്രമല്ല, അവസാനം വ്യവസായം വന്നപ്പോഴുള്ള അവസ്ഥ എന്താണെന്നറിയാമോ ? 50 കോടി രൂപ മുടക്കിയ വ്യവസായം കേരളത്തിന് പുറത്തേയ്ക്ക്.. 50 കോടിയോളം

LIBRARY ARCHIVES Kerala Legislative Assembly

രൂപ മുടക്കി ദില്ലിയിലെ Model group ആരംഭിച്ച ഫറോ അലോയിസ് ഫാക്ടറി മാനേജ്മെന്റ് കേരളത്തിന് പുറത്തേക്ക് കൊണ്ടുപോകുന്നു, എന്താ കാരണം, സി.ഐ.ടി.യു. തൊഴിലാളികൾ അക്രമം ഉണ്ടാക്കയതിനെത്തുടർന്ന് സംഘടിതമായി, ബലമായി ഫാക്ടറിയിൽ കയറി എല്ലാം തല്ലിത്തകർത്തു എന്നും, ജോലിചെയ്യുന്നവരെ അടിച്ചോടിക്കുക ഉണ്ടായി എന്നും കമ്പനി എക്സിക്യൂട്ടീവ് ഡയറക്ടർ പി.ജെ. ജെയിൻ പത്രക്കാരോട് പറഞ്ഞു. 27 ലക്ഷം രൂപയുടെ നഷ്ടമാണ് കമ്പനിക്കുണ്ടായത്. കമ്പ്യൂട്ടർ ടെർമിനലുകളും, ടെലിഫോണുകളും, വൈദ്യുതി വിതരണ സംവിധാനങ്ങളുമെല്ലാം തകർത്തിട്ടുണ്ട്. മാത്രമല്ല അവസാനം സി.പി.എം. സംസ്ഥാന സെക്രട്ടറി ശ്രീ. പിണറായി വിജയനുമായി എ.കെ.ജി. സെന്ററിൽ ചർച്ച നടത്തിയ ശേഷം തങ്ങൾക്ക് പൂർണ്ണ സംരക്ഷണം നൽകും എന്ന ഉറപ്പിൽ അവർ വീണ്ടും ഫാക്ടറിയിൽ കയറുന്നതിനെക്കുറിച്ച് ആലോചിച്ചു എന്നാണ് കമ്പനി എം.ഡി പറഞ്ഞത്. ഞാൻ ചോദിക്കട്ടെ, ഇവിടെ ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി 'ജിം' നടത്തി, എന്തിനാ 'ജിം' നടത്തിയത്, നമ്മുടെ കേരളത്തിലെ ഇന്നത്തെ അവസ്ഥ മനസ്സിലാക്കിക്കൊണ്ട് കേരളത്തിലെ ജനങ്ങളെ രക്ഷിക്കണമെങ്കിൽ, തൊഴിലില്ലാത്ത ചെറുപ്പക്കാരെ രക്ഷപ്പെടുത്തണമെങ്കിൽ ക്രിയാത്മകമായി എല്ലാ ആളുകളും രാഷ്ട്രീയത്തിന് അതീതമായി ഒറ്റക്കെട്ടായി ചിന്തിച്ചാൽ മാത്രമേ .നമുക്ക് രക്ഷപ്പെടാൻ കഴിയുള്ളൂ എന്ന തിരിച്ചറിവാണ് അത് ചിന്തിക്കുന്നതിനു മുമ്പുതന്നെ ഇവിടെ വ്യവസായ സംരംഭകരെ അടിച്ചോടിക്കുമ്പോൾ ഇവിടെ ഇന്നുള്ള സാഹചര്യം എന്താണെന്ന് മനസ്സിലാക്കണം. അറപ്പും വെറുപ്പും മുറുമുറുപ്പുമായി കഴിയുന്ന വ്യവസായികൾ. കേരളത്തിലേയ്ക്ക് ഒരിക്കലുമില്ല എന്ന് പ്രതിജ്ഞയെടുക്കുന്ന വ്യവസായികളെ കേരളത്തിലേക്ക് കൊണ്ടുവരാൻ വലിയ പ്രയാസമാണ്. ആ സാഹചര്യത്തിലാണ് കേരള സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം, ആകർഷക മേഖലയിൽ എടുത്തുനോക്കിയാൽ മൂന്നാം സ്ഥാനത്തുനിൽക്കുന്ന കേരളം. എല്ലാ മനുഷ്യവിഭവ ശേഷികൊണ്ടും ഏറ്റവും സമ്പന്നമായ കേരളം. എല്ലാ ആനുകൂല്യങ്ങളും ഉണ്ടായിട്ടും ഇവിടെ വ്യവസായം തുടങ്ങാനുള്ള ഇൻഫ്രാസ്ട്രക്ച്ചർ ഒരുക്കുന്ന കാര്യത്തിൽ പതിമൂന്നാം സ്ഥാനത്താണ്. ഇത് മാറ്റിയാൽ മാത്രമേ കേരളത്തിൽ വ്യവസായം കൊണ്ടുവരാൻ കഴിയുകയുള്ളൂ.. വ്യവസായം കൊണ്ടുവന്നാൽ മാത്രമേ ഇവിടെ വളർച്ചയും വികസനവും ഉണ്ടാക്കാൻ കഴിയുകയുള്ളൂ. ഈ തിരിച്ചറിവിനെ തുടർന്നാണ് 'ജിം' എന്ന പദ്ധതിയിലൂടെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും വ്യവസായികളെ കേരളത്തിലേക്ക് കൊണ്ടുവരുവാനും അതനുസരിച്ചുള്ള പദ്ധതികൾ ആവിഷ്ക്കരിക്കാനും തയ്യാറായത്. 'ജിം'നെക്കുറിച്ച് പറയുമ്പോൾ ഒരു കാര്യം മനസ്സിലാക്കണം., ഇവിടെ വ്യവസായങ്ങൾ തുടങ്ങാൻ LDF ന് കഴിഞ്ഞില്ല, എന്നാൽ 'ജിം'ലൂടെ പുതുതായി വ്യവസായങ്ങൾ കൊണ്ടുവരുമ്പോൾ പ്രോൽസാഹിപ്പിക്കാനുള്ള സൻമനസ്സെങ്കിലും അവർ കാണിക്കണ്ടെ ? ഞങ്ങളുടെ നാട്ടിൽ പറയും 'പുല്ലൂട്ടിലെ പട്ടിയെപ്പോലെ' പുല്ലൂട്ടിലെ പട്ടി പുല്ല് തിന്നുകയുമില്ല, പശുവിനെ തീറ്റിക്കാൻ സമ്മതിക്കുകയുമില്ല. കഴിഞ്ഞ ഇടതുപക്ഷ ഗവൺമെന്റിന്റെ കാലത്ത് വ്യവസായങ്ങൾ മുഴുവൻ തച്ചുതകർത്ത്

LIBRARY ARCHIVES Kerala Legislative Assembly

ഒന്നും ഉണ്ടാക്കാൻ കഴിയാത്തസാഹചര്യം ഉണ്ടാക്കിയതിനുശേഷം വ്യവസായ വകുപ്പുമന്ത്രി 'ജിം'ലൂടെ ഇൻവെസ്റ്റ്മെന്റ് കേരളത്തിലേക്ക് ക്ഷണിച്ചു കൊണ്ടുവന്ന് വലിയ വിപ്ലവം ഉണ്ടാക്കാൻ നോക്കിയപ്പോൾ അതുപോലും തടയാൻ ഒരു യുവജന പ്രസ്ഥാനം ഇവിടെ മുന്നോട്ടുവന്നു. മാത്രമല്ല, കഴിഞ്ഞദിവസം എനിക്ക് നിയമസഭയിൽ എഴുതിത്തന്നമറുപടിയിൽ തന്നെ പറയുന്നുണ്ട്, 'ജിം'ലൂടെ എന്ത് നേട്ടമുണ്ടായി എന്ന് 13,500 കോടി പ്രാഥമിക വ്യവസായ ബോർഡ് അന്ന് ക്ലിയറൻസ് കൊടുത്തതിൽ തന്നെ 6686 കോടി രൂപയുടെ വ്യവസായം ഇപ്പോൾ തുടങ്ങാൻ പോകുകയാണ്. 'ജിം'ലൂടെ നേടിയ നേട്ടങ്ങളാണിത്. ഇത് പറയുമ്പോൾ ഒന്നും നേടിയില്ല എന്നുപറഞ്ഞ് കണ്ണടച്ച് ഇരുട്ടാക്കരുത്. കണ്ണടച്ച് ഇരുട്ടാക്കാൻ കേരളത്തെ സ്നേഹിക്കുന്ന, വികസനത്തെ സ്നേഹിക്കുന്നവർ ഒരിക്കലും അനുവദിക്കാൻ പാടില്ല. Inagural ഫങ്ഷനുവേണ്ടി, മൂന്നുമാസത്തിനുള്ളിൽ ഉദ്ഘാടനം ചെയ്യാൻ കഴിയുന്ന 58 കോടി രൂപയുടെ പദ്ധതി, അതിനുപുറമെ 1,067 കോടി രൂപയുടെ മറ്റൊരു പദ്ധതി. അതുപോലെ മൊത്തത്തിൽ 13,500 കോടിയിൽ 6,686 കോടി രൂപയുടെ വ്യവസായം എത്രയും പെട്ടെന്ന് ആരംഭിക്കാൻ പോകുകയാണ്. ഇങ്ങനെ കേരളത്തെ സംബന്ധിച്ചിടത്തോളം സമഗ്രമായ മാറ്റത്തിന് വിധേയമാക്കുന്ന ഉജ്ജ്വലമായ നയങ്ങളുമായി മുന്നോട്ടുപോകുമ്പോൾ രാഷ്ട്രീയത്തിനതീതമായി ചിന്തിക്കുവാൻ ഇത് കേരളത്തിന്റെ പ്രശ്നമാണെന്ന് മനസ്സിലാക്കിക്കൊണ്ട് ഇതുമായി സഹകരിക്കാനുള്ള സൻമനസ്സ് ബന്ധപ്പെട്ട എല്ലാ ആളുകളും കാണിക്കണ്മെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കേരളത്തെ സംബന്ധിച്ചിടത്തോളം ഒരിക്കലും പ്രതീക്ഷയ്ക്ക് വകപോലും നൽകാത്തസാഹചര്യത്തിൽനിന്നും ഒട്ടേറെ വികസന പ്രവർത്തനങ്ങൾക്കും ഒട്ടേറെ മാറ്റങ്ങൾക്കും വിധേയമാകുന്ന വിധത്തിൽ ഇത്തരം പരിപാടികളുമായി മുന്നോട്ടുപോകുന്ന ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് ഇവിടെ പി.എം.ആർ.വൈ. സ്കീമിൽ പത്തുപേർക്കു മാത്രമേ ഒരു ലക്ഷവും, രണ്ടു ലക്ഷവുമുള്ള സ്കീമുകൾ ഒരുമിച്ച് കൊടുക്കാൻ കഴിയൂ. അത് ഏറ്റവും ചുരുങ്ങിയത് 100 പേർക്കെങ്കിലും ഒരുമിച്ച് ഒരു ലക്ഷം രൂപയുടെ, അല്ലെങ്കിൽ രണ്ടുലക്ഷം രൂപയുടെ പി.എം.ആർ.വൈ. സ്കീം ആവിഷ്ക്കരിക്കുകയാണെങ്കിൽ സഹകരണാടിസ്ഥാനത്തിൽ ഇവിടെ വ്യവസായങ്ങൾ തുടങ്ങാനും തൊഴിൽരഹിതരായ ചെറുപ്പക്കാർക്ക് അത്തരം മേഖലയിൽ കൂട്ടായ്മയോടെ മുന്നോട്ടുപോകാനും അങ്ങനെ ഒരുപാട് മാറ്റങ്ങൾ ഉണ്ടാക്കാനും സാധിക്കും. അതിനെക്കുറിച്ച് ചിന്തിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. മാത്രമല്ല, ഇത്തരം പദ്ധതികൾക്ക് പി.എം.ആർ.വൈ. സ്കീമിൽ, 56,000 കോടി രൂപ എൻ.ആർ.ഐ. നിക്ഷേപമുള്ള ബാങ്കുകാർ കേരളത്തിൽ ഇപ്പോഴും ഈ പദ്ധതിയിൽ പണം കടംകൊടുക്കാൻ തയ്യാറാകുന്നില്ല. അവരെ അതിന് പ്രേരിപ്പിക്കുന്നതിനുവേണ്ടിയിട്ടുള്ള ശക്തമായ സമ്മർദ്ദം ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. അതുപോലെ കോ-ഓപ്പറേറ്റീവ് പൊതുമേഖലാ ടെക്സ്റ്റയിൽ മില്ലിൽ ഏതാണ്ട് പതിനായിരത്തോളം തൊഴിലാളികൾ ജോലിചെയ്യുന്നു. ആ ഫാക്ടറി പുനരുദ്ധരിക്കുന്നതിനു വേണ്ടി എൻ.സി.ഡി.സി. യിൽ നിന്നും, മറ്റ്

LIBRARY ARCHIVES Kerala Legislative Assembly

ഏജൻസികളിൽ നിന്നും സാമ്പത്തികസഹായം ലഭ്യമാക്കിക്കൊണ്ട് അത് പുനരുദ്ധരിക്കുന്നതിനും അവിടെയുള്ള തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ നൽകുവാനുമുള്ള പദ്ധതി ആവിഷ്ക്കരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. കൈത്തറിമേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി രണ്ടു മേഖലയായി പ്രവർത്തിക്കുന്ന ഹാൻവീവിനെയും സൊസൈറ്റിയായി പ്രവർത്തിക്കുന്ന ഹാന്റ്ക്സിനെയും, യോജിപ്പിച്ചുകൊണ്ട് കൈത്തറി തൊഴിലാളികളെ ശക്തമായ മുന്നേറ്റത്തിന് വഴിയൊരുക്കുന്ന വിധത്തിൽ സംയോജിപ്പിക്കുവാൻ കഴിയുമോ എന്ന് പരിശോധിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. തകർന്നടിഞ്ഞ വ്യവസായ കേരളത്തെ ശക്തമായി പുനരുദ്ധരിക്കുന്നതിന് അലാവുദ്ദീന്റെ അൽഭുതവിളക്കില്ലാഞ്ഞിട്ടും മാന്ത്രികനായ മാൻഡ്രേക്കിന്റെ മാന്ത്രിക വടിയില്ലാഞ്ഞിട്ടും കേരളത്തെ സമഗ്രമായ പുരോഗതിയിലേക്ക് എത്തിച്ചുകൊടുക്കാൻ യു.ഡി.എഫ്. ഗവൺമെന്റിന് സാധിച്ചിട്ടുണ്ട് എങ്കിൽ ഈ കേരളം കാണാൻപോകുന്ന ലോകം വമ്പിച്ച മാറ്റത്തിന്റേതാണ്. ആ മാറ്റത്തോടൊപ്പം ഒന്നിക്കാൻ ചൈനയിൽനിന്ന് പ്രത്യയശാസ്ത്രം കടമെടുത്ത് ഇവിടെ പ്രചരിപ്പിക്കുന്ന സി.പി.എം. ന്റെ ആളുകളും നേതൃത്വവും ചൈനയിലുള്ള മാറ്റങ്ങളും ഉൾക്കൊള്ളാൻ തയ്യാറാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് സമയക്കുറവുമൂലം ഈ ധനാഭ്യർത്ഥനയെ പിൻതുണച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. എം. പി. ഗംഗാധരൻ : സർ, വ്യവസായത്തിന് ഇവിടെ ചർച്ചചെയ്യുന്ന ധനാഭ്യർത്ഥനയെ ഞാൻ അനുകൂലിക്കുകയാണ്. നമ്മുടെ നാട്ടിൽ പഴയകാലത്ത് ഒരു ചൊല്ലുണ്ട്., മുറുക്കണമെങ്കിൽ അത് മൂന്നുംകൂട്ടി മുറുക്കണം. വെറ്റില മാത്രമോ, അടയ്ക്ക മാത്രമോ അല്ലെങ്കിൽ ചുണ്ണാമ്പ് മാത്രമോ വായിലിട്ടാൽ ചുമക്കില്ല. ചുമക്കണമെങ്കിൽ മൂന്നുംകൂടി വേണമെന്നു പറഞ്ഞതുപോലെയാണ് വ്യവസായത്തിന്റെ സ്ഥിതി. ക്യാപ്പിറ്റൽ ഉണ്ടായതുകൊണ്ട് കാര്യമില്ല. തൊഴിലാളി, സംരംഭകർ ഇത് മൂന്നും കൂടിയുള്ള കൂട്ടായ്മയിൽ മാത്രം, സഹവർത്തിത്വത്തിൽ മാത്രമേ വ്യവസായം ഉണ്ടാകൂ. എല്ലാവരും വ്യവസായം വേണമെന്നു പറയും, വ്യവസായത്തിനുള്ള ക്ലൈമറ്റിനോടൊപ്പം ഇത് മൂന്നും കൂടി കൂടുമ്പോൾ മാത്രമെ വ്യവസായം വരൂ. അത് ഒരു ബേസിക് കസ്റ്റ്യൂനാണ്. അവിടെനിന്നു പറയുന്നവരും, ഇവിടെനിന്നു പറയുന്നവരുമൊക്കെ പറഞ്ഞു, വ്യവസായം ഒരു ശവപ്പറമ്പാണ്, ഇത് കേരളത്തിൽ ഏറെക്കുറെ ശരിയാണ്. ഞങ്ങൾ ഭരിച്ചിരുന്ന കാലവുമുണ്ട്. വ്യവസായ സംരംഭകരെ കൊണ്ടുവരുവാനോ, സമാധാനപരമായ ഒരു വ്യവസായ ക്ലൈമറ്റ് ഉണ്ടാക്കുവാനോ നമ്മളാരും ശ്രമിച്ചിട്ടില്ല. 1987-ൽ നിങ്ങൾ അധികാരത്തിൽ വന്നു, 1996-ൽ നിങ്ങൾ അധികാരത്തിൽ വന്നു, എന്തുചെയ്യാൻ കഴിഞ്ഞു ? അന്നും നമ്മുടെ പബ്ളിക് അണ്ടർടേക്കിംഗും ചെറുകിട വ്യവസായങ്ങളുമൊക്കെ നഷ്ടത്തിലും ബുദ്ധിമുട്ടിലും തന്നെയാണ്. പരിഹരിക്കാൻ കഴിഞ്ഞില്ല. ലോകം മുഴുവനും മുന്നോട്ടുപോകുന്നു, നമ്മുടെ രാജ്യവും മുന്നോട്ടുപോകുന്നു, പല സംസ്ഥാനങ്ങളും മുന്നോട്ടുപോകുന്നു. നമ്മുടെ സംസ്ഥാനത്തിന് മുന്നോട്ടുപോകാൻ കഴിഞ്ഞില്ല. ചീഫ് മിനിസ്റ്റർ രണ്ടുദിവസം മുമ്പ് പറഞ്ഞ വാചകമാണ്, നമ്മൾ വളരെ പിറകോട്ടാണെന്ന്, അതിനൊരു മാറ്റം വേണ്ടേ ?

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായം ഇവിടെ അഭിവൃദ്ധിപ്പെടുത്തണ മെങ്കിൽ ഞാൻ കാണുന്നത് ഗവൺമെന്റ് തലത്തിൽ നല്ല ഇൻവെസ്റ്റ്മെന്റ് വേണം. നമുക്ക് ഗവൺമെന്റ് തലത്തിൽ പുരോഗതി ഉണ്ടോ !

നമ്മുടെ ബഡ്ജറ്ററി പൊസിഷൻ എന്താണ് ? നമ്മുടെ ഇക്കൊല്ലത്തെ വാർഷിക പദ്ധതി 4,350 കോടി രൂപ ആണ്. എന്നാൽ വ്യവസായത്തിന് 260 കോടി രൂപയാണ് നീക്കി വച്ചിരിക്കുന്നത്. ഈ 260 കോടി രൂപകൊണ്ട് എന്ത് ചെയ്യാൻ സാധിക്കും ? ഈ സംസ്ഥാനത്ത് ഒന്നും ചെയ്യാൻ കഴിയുകയില്ല. നിങ്ങളുടെ കാലത്തും അങ്ങനെയായിരുന്നു. അന്ന് 220 കോടി, 190 കോടി, ഒക്കെയായിരുന്നു. പിന്നെ വ്യവസായം വളരണമെങ്കിൽ നമ്മൾ ചെയ്യേണ്ടത് പ്രൈവറ്റായിട്ട് ആളുകളെ കൊണ്ടുവരണം. ഗവൺമെന്റിന് ചെയ്യാൻ കഴിയുകയില്ലെങ്കിൽ, ഇൻഡ്യാ ഗവൺമെന്റിൽ നിന്ന് നമുക്ക് കിട്ടുന്നത് എത്രയാണ്. നമുക്ക് ഇൻഡ്യാ ഗവൺമെന്റിൽ നിന്ന് എക്സ്റ്റേണൽ ആയിട്ട് കിട്ടിയത് 295 കോടി രൂപയാണ്. മുപ്പത്തിയാറായിരത്തി ഒരുന്നൂറ്റി അമ്പത്തിയൊൻപത് കോടിയിൽ 0.8 ശതമാനം, ഒരു ശതമാനം പോലും കേരളത്തിന് കിട്ടിയില്ല. എങ്ങനെ നമ്മൾ വ്യവസായാഭിവൃദ്ധി ഉറപ്പാക്കും ?

പിന്നെ പ്രൈവറ്റൈസേഷനാണ്. ഞാൻ ചോദിക്കട്ടെ പ്രൈവറ്റൈസേഷൻ വരുമ്പോൾ ചുവന്ന നാട കാണുന്ന കാളയെപ്പോലെ നിങ്ങളെന്താണ് ഇത്ര പരിഭവിക്കുന്നത്. എനിക്കതു മനസ്സിലാകുന്നില്ല. നിങ്ങൾ പ്രൈവറ്റൈസേഷനു വേണ്ടി പോയവരല്ലേ ? 1991-ലെ നായനാർ ഗവൺമെന്റിന്റെ കാലത്ത് നിങ്ങൾ ലോകം മുഴുവൻ പോയില്ലേ ? പ്രൈവറ്റ് മേഖലയിൽ വ്യവസായികളെ ക്ഷണിക്കാനും വ്യവസായം തുടങ്ങാനുമാണ് പോയത്. അല്ലാതെ രാജ്യം കാണാനാണോ പോയത് ? വ്യവസായികളെ ക്ഷണിക്കാനും വ്യവസായം കൊണ്ടുവരാനും നിങ്ങൾ വലിയ ടീമായിട്ട് വലിയ എമൗണ്ട് ചെലവാക്കിയാണ് പോയത്. എന്നാൽ ഈ ഗവൺമെന്റ് അങ്ങോട്ടൊന്നും പോകാതെ ആ രാജ്യത്തിലെ ആളുകളെയും വ്യവസായ സംരംഭകരെയും ഇൻഡ്യൻ വ്യവസായികളെയും ഇവിടേയ്ക്ക് വിളിച്ചുവരുത്തി നമ്മൾ എറണാകുളത്തുവച്ച് ഗ്ളോബൽ ഇൻവെസ്റ്റ്മെന്റ് മീറ്റ് നടത്തി, ശ്രീ. അച്ചുതാനന്ദൻ ആ സ്റ്റേജിൽ വച്ച് സ്വാഗതം ചെയ്തതിൽ എനിക്ക് സന്തോഷമുണ്ട്. പക്ഷെ പിന്നെ നിങ്ങൾ ചെയ്തത് എന്താണ് ? അതിനെ തകർക്കാനുള്ള ശ്രമത്തെക്കുറിച്ച് ഇവിടെ പലരും പറഞ്ഞതുകൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല. ശ്രീ. മമ്മൂട്ടി വരെയുള്ളവർ അതിനെക്കുറിച്ച് പറഞ്ഞല്ലോ? ഇപ്പോൾ എന്തെല്ലാം നിങ്ങൾ ചെയ്തു ? അതിനെ തകർക്കുകയെന്നുള്ളത് അതിന് മുൻപെയും പിന്നെയും ഇപ്പോഴും ചെയ്യുന്നു എന്ന് പറഞ്ഞില്ലേ ? ഏതായാലും നിങ്ങളുടെ ബന്ദും സമരങ്ങളും കാരണം പലരും വന്നില്ല. ശ്രീ. ബാലൻ, ഇവിടെ അതാണ് സംഭവിച്ചത്. പണം ചെലവഴിക്കാൻ ആളുകൾ വരുംപോൾ നിങ്ങൾ ഹൊറാവോ ചെയ്ത് ചങ്ങലക്കിട്ടാൽ എന്തു ചെയ്യും ? നിങ്ങളോട് ഞാൻ ചോദിക്കട്ടെ, പ്ലാച്ചിമടയിൽ കൊക്കക്കോള കമ്പനി നിങ്ങൾ പോയി കൊണ്ടുവന്നതല്ലേ, പിന്നെ നിങ്ങൾ എന്തിനാണ് എതിർത്തത് ? അത് നിങ്ങളുടെ നയമാണ്. പല രാജ്യങ്ങളും മുന്നോട്ടുപോകുന്നു, വികസിത രാജ്യങ്ങൾ പലതും മുന്നിലെത്തുന്നു. വികസ്വര

LIBRARY ARCHIVES Kerala Legislative Assembly

രാജ്യങ്ങൾ മുമ്പേ പോകുന്നു, എന്ന് നിങ്ങൾ പറയും, പാലും തേനും ഒഴുകുന്ന റഷ്യയൊക്കെ പോയി, ഇപ്പോൾ ചൈനയിലേക്കാണ് പാലും തേനും ഒഴുകുന്നത്. അവരെ നിങ്ങൾ ഒന്നു നോക്കൂ, അവരുടെ സ്ഥിതിയെന്താണ്? ഇന്ന് ഇൻഡ്യയിലെ ഗ്ളോബൽ ഇൻവെസ്റ്റ്മെന്റിന്റെ പതിനഞ്ച് ഇരട്ടിയാണ് ചൈനയിൽ, നിങ്ങൾ കാണുന്നില്ലേ, ഞാൻ ഫിഗർ പറയണമോ ? —മി. തോമസ് ഞാൻ പറയാം, ചൈന പഴയ കാലത്തെ closed society with open mind ആയിരുന്നു ; ഇന്ത്യ closed mind-ഉം- open society-യും ആണ്. ഇൻഡ്യയും ചൈനയും ഒരു മാറ്റത്തിന് വിധേയമായി മുന്നോട്ടുപോകുകയാണ്. ആ സമയത്ത് നിങ്ങൾ പുറകോട്ട് വലിക്കുകയാണ്. ഇൻഡ്യൻ കമ്മ്യൂണിസ്റ്റുകാർ പുറകോട്ട് വലിക്കുകയാണ്. ഞാൻ ചോദിക്കട്ടെ, ശ്രീ. ജ്യോതിബസു പോകട്ടെ, ബംഗാളിലെ ഇന്നത്തെ മുഖ്യമന്ത്രി ശ്രീ. ഭട്ടാചാര്യ, ബോംബെയിൽ വന്ന് പറഞ്ഞതെന്താണ് ? നിങ്ങൾ ഈ പ്ലാച്ചിമടയും കോളയ്ക്കുമെതിരെ കുട്ടികളെക്കൊണ്ട് തുള്ളിച്ചപ്പോൾ അവർ പറഞ്ഞത് ഇത് സി.പി..എം.-ന്റെ പരിപാടിയേ അല്ല. അദ്ദേഹം പറഞ്ഞത് ഞാൻ വായിക്കാം. "പെപ്സി, കൊക്കകോള, തുടങ്ങിയ ശീതളപാനീയങ്ങൾക്കെതിരെ കേരളത്തിൽ നടക്കുന്ന ബഹിഷ്ക്കരണം പാർട്ടി തീരുമാനമനുസരിച്ചല്ല. അതുമാത്രമോ പാർട്ടി പോളിറ്റ് ബ്യൂറോയിലോ മറ്റ് ഔദ്യോഗിക യോഗങ്ങളിലോ പെപ്സിയും കൊക്കകോളയും ബഹിഷ്ക്കരിക്കാൻ തീരുമാനം എടുത്തിട്ടില്ല. വിദേശ നിക്ഷേപത്തെ അകറ്റിനിർത്താൻ ബംഗാളിലുള്ളവർ മണ്ടൻമാരല്ലല്ലോ," അദ്ദേഹം പറഞ്ഞതിന്റെ അർത്ഥം ഇവിടെ വിദേശ നിക്ഷേപത്തെ അകറ്റിനിർത്തുന്ന നിങ്ങൾ മണ്ടൻമാരാണെന്നാണ്. അതു മാത്രമോ ? വിദേശ കംപനിക്ക് ബംഗാളിൽ നിക്ഷേപം നടത്താൻ തടസ്സമൊന്നുമില്ല. നമുക്കറിയാം ചൈനയിലെ സ്ഥിതി. chinese miracle lessons for India-എന്ന് ഹിന്ദുവിൽ വന്ന ആർട്ടിക്കിളിലെ ഒരു വാചകം ഞാൻ വായിക്കാം. For A foreign investor to "enter the Dragon", he should bring a minimum investment of 25 percent of the equity capital, and there is no fuss about the maximum it could well be 100 per cent" - നിങ്ങൾ സമ്മതിക്കുമോ ? അങ്ങനെയാണ് ചൈന ഉയർന്നുപോയത്. ചൈന വ്യാവസായിക രാഷ്ട്രത്തിലെ നമ്പർ 2 ആയി ലോകത്തിൽ ഇന്ന് നിൽക്കുന്നുണ്ടെങ്കിൽ കാരണമെന്താണെന്നറിയാമോ ? " Not "voluntary retirement schemes" but emphasis on retraining up to five million workers in 2,700 special centres and freedom for employers to dismiss workers on one month's notice if they are not found competent-" നിങ്ങൾ ആലോചിക്കണം. അവിടെയെടുക്കുന്ന കർശന നടപടികൾ, നമ്മൾ ഇവിടെ എന്തെങ്കിലും ഒരു തീരുമാനം എടുത്താൽ ഇവിടത്തെ സ്ഥിതിയെന്താണ് ? അത് ഞാൻ പറയണ്ടല്ലോ, ശ്രീ. കോടിയേരി ബാലകൃഷ്ണന് നന്നായിട്ട് അറിയാം. ഏതായാലും നമ്മുടെ നാശം നമുക്ക് ഇന്ന് സംഭവിച്ചത് എന്റെ വിലയിരുത്തലിൽ നമ്മുടെ പൊളിറ്റിക്കൽ പ്ളൂറലിസമാണ്. political pluralism and your political agitation for anything-ഇതൊന്ന് ഡിസ്ക്രിമിനേറ്റ് ചെയ്യാൻ നമ്മൾ ശ്രമിക്കുക, ഇല്ലെങ്കിൽ എവിടെയാണ് നമ്മൾ നിൽക്കുന്നത് എന്ന് നമ്മൾ ആലോചിക്കണം.

അതുവച്ച് നോക്കുമ്പോൾ നമ്മുടെ ട്രെഡിഷണൽ ഇൻഡസ്ട്രീസ് ആയ കയർ, കശുവണ്ടി, മൽസ്യബന്ധനം, ഖാദി, എല്ലാം സർവൈവൽ ഇല്ലാതെ

LIBRARY ARCHIVES Kerala Legislative Assembly

പോകുകയല്ലേ ? കോടിക്കണക്കിന് ആളുകളാണ് അവിടെ പ്രയത്നിക്കുന്നത്. ആ തൊഴിലാളികളെ വിചാരിച്ചെങ്കിലും എന്തെങ്കിലും അഡ്ജസ്റ്റ്മെന്റിനും സംയമനത്തിനും കൂട്ടായ്മയ്ക്കും നിങ്ങളും ഞങ്ങളും തയ്യാറാകണ്ടേ ; അതിനെതിരെ പോകുന്നതാണോ ശരി ? ഗവണ്മെന്റ് പലപ്പോഴും കോടികൾ എഴുതിത്തള്ളുകയാണ്. ഇപ്പോൾ കാഷ്യു കോർപ്പറേഷനെ സംബന്ധിച്ച് ശ്രീ. കുഞ്ഞാലിക്കുട്ടി ചർച്ച ചെയ്തു കഴിഞ്ഞു, 110 കോടി രൂപയാണ് എഴുതി തള്ളുന്നത്. ഈ മാസം, ഈ കൊല്ലം, ഈ ഗവൺമെന്റ് വന്നിട്ട് ഉണ്ടായ നഷ്ടമാണോ, ഈ നഷ്ടത്തിന് നിങ്ങളും പങ്കുകാരല്ലേ, നിങ്ങൾ ഭരിക്കുന്ന കാലഘട്ടത്തിൽ വന്ന നഷ്ടങ്ങളില്ലേ, ഇന്ന് ഗവൺമെൻറ് ട്രഷറികളിൽ നിന്ന് കോടിക്കണക്കിന് രൂപ എഴുതി തള്ളുകയാണെങ്കിൽ വ്യവസായം നന്നാകുമോ ? വ്യവസായം ശവക്കല്ലറയിലാകും. അതുമാത്രമല്ല മുപ്പത്തിനാലായിരം ചെറുകിട വ്യവസായങ്ങൾ, അറുപതിനായിരമൊക്കെ തുടങ്ങുന്നുവെന്ന് കാണുന്നുണ്ട്. പക്ഷെ ചെറുകിട വ്യവസായങ്ങൾ അഭിവൃദ്ധിപ്പെടുന്നില്ല. അതിനുള്ള ടെക്നോളജിക്കൽ എഫിഷ്യൻസി, മോഡേൺ ടെക്നോളജിക്കൽ അച്ചീവ്മെന്റ് ഇവ ഇല്ലാത്തതാണ് കാരണം. ലേബർ ഇൻവെസ്റ്റ്മെന്റ് കോസ്റ്റ് കൂടുതൽ ആണ്. കൈത്തറിയൊക്കെ നശിച്ചത് അങ്ങനെയല്ലേ ; എന്താ ലേബർ കോസ്റ്റ് ; അതനുസരിച്ച് കാളിറ്റിയുണ്ടോ ? വിദേശ രാജ്യങ്ങളിൽ അയച്ചിരുന്ന ടെക്സ്റ്റയിൽസ് മടങ്ങിവരികയാണ്. ഗൗരവമായി ആലോചിക്കേണ്ട കാര്യമാണ്. പ്രത്യേകിച്ച് കണ്ണൂർ ജില്ല പിന്നോക്ക പട്ടികയിലേയ്ക്ക് പോകുന്നു. കാളിറ്റിയില്ല, കോസ്റ്റ് കൂടുന്നു, വിദേശ രാജ്യങ്ങളോട് കോംമ്പീറ്റ് ചെയ്യാൻ കഴിയുന്നില്ല. അതിന് വഴി കാണണ്ടേ ? അതുപോലെ തന്നെയാണ് പബ്ളിക് അണ്ടർ ടേക്കിംഗ്സ്, നൂറ്റിപ്പതിനൊന്നോളം പബ്ളിക് അണ്ടർടേക്കിംഗ്സ് നമുക്ക് ഉണ്ട്, അതിൽ എഴുപത്തിയഞ്ചോളം നഷ്ടമാണ്. പത്തു മുപ്പത്തിയാറെണ്ണമാണ് ചുരുങ്ങിയ ലാഭമുള്ളത്. ഏകദേശം പതിനാറായിരത്തിയഞ്ഞൂറ് കോടി രൂപ മുതൽ മുടക്ക് ഉണ്ടായിട്ട് പത്ത് ശതമാനം ലാഭം അല്ലെങ്കിൽ, അഞ്ചു ശതമാനം ലാഭം , ആ അഞ്ചു ശതമാനം ലാഭം വന്നാൽ തന്നെ എണ്ണൂറ് കോടി ലാഭം വേണമല്ലോ ? നമ്മുടെ ലാഭം പത്തു കോടിയാണ്. നെഗ്ളിജിബിൾ, ബാക്കിയെല്ലാം നഷ്ടം, ദേശീയ നഷ്ടമല്ലേ ; നമ്മുടെ തലമുറയ്ക്ക് തന്നെ നഷ്ടമല്ലേ ; ഭാവി തലമുറയെ ഇരുട്ടിലാക്കുന്ന നഷ്ടമല്ലേ ; ഇങ്ങനെ പോയാൽ മതിയോ ? നമ്മൾ ആലോചിക്കണം. ശ്രീ. ബിനോയ് വിശ്വത്തിന്റെ പ്രസംഗം കേട്ടപ്പോൾ എനിക്ക് അൽഭുതം തോന്നി. സി.പി..എം.നേക്കാളും കുറച്ച് ബുദ്ധി സി.പി.ഐ.യ്ക്ക് ഉണ്ടെന്നാണല്ലോ പറയുന്നത്. I don't know that-അപ്പോൾ അത്തരം നഷ്ടത്തിൽ പോകുന്ന ധാരാളം കോർപ്പറേഷൻ, എസ്റ്റാബിളിഷ്മെന്റ് അണ്ടർടേക്കിംഗ്സ് ലാഭത്തിലാക്കാൻ എന്താണ് വഴി ? ഒന്നുകിൽ പ്രൈവറ്റൈസ് ചെയ്യുക, ആരെങ്കിലും വന്നിട്ട് നന്നായി നടത്തട്ടെ അല്ലെങ്കിൽ അവരേയും കൂട്ടി ജോയിന്റ് മാനേജുമെന്റ് നടത്തുക, വേറെ വഴിയൊന്നുമില്ല. ഗവൺമെന്റ് നടത്തിയെങ്കിൽ നഷ്ടമാണ്. പിന്നെ അത് ലാഭത്തിലാകണമെങ്കിൽ പ്രൈവറ്റ് ആയിട്ട് arrangement ചെയ്യുക, അല്ലെങ്കിൽ നിങ്ങൾ ജോയിന്റ് മാനേജ്മെന്റ് നടത്താൻ, ശ്രമിക്കുക, നടത്തിയാൽ അപകടം. നമ്മുടെ രാജ്യത്തെ മറ്റ് സ്റ്റേറ്റുകളുടെ സ്ഥിതിയെന്താണ് ? കർണ്ണാടക, ആന്ധ്ര തുടങ്ങി സൗത്ത്

LIBRARY ARCHIVES Kerala Legislative Assembly

ഇൻഡ്യയിലെ മറ്റ് സ്റ്റേറ്റുകൾ ബഡ്ജറ്റ് പ്രൊവിഷൻ വലിയ തുക കൊടുക്കുന്നുവെങ്കിൽ നമ്മളും കൊടുക്കണം എന്ന നിർദ്ദേശമാണ് എനിക്കുള്ളത്. ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അപേക്ഷിക്കുകയാണ്, ഉൽപ്പാദന രംഗത്ത് പ്രൊഡക്ഷൻ സെക്ടറിൽ ഇരുന്നൂറ്റി അറുപത് കോടിരൂപയ്ക്കു പകരം പത്ത് രണ്ടായിരം കോടിരൂപയെങ്കിലും അടുത്ത ബഡ്ജറ്റിൽ കൊടുക്കണം, അല്ലെങ്കിൽ വ്യവസായം അഭിവൃദ്ധിപ്പെടില്ല. ആന്ധ്രയിൽ ഇരുപത്തിരണ്ടായിരം കോടി രൂപയാണ്, 2000-2001-ലെ ബഡ്ജറ്റിൽ കൊള്ളിച്ചിരിക്കുന്നത്. ഈ കൊല്ലത്തെ കിട്ടിയില്ല. ഇരുപത്തി രണ്ടായിരത്തി ഇരുന്നൂറ് കോടി രൂപയാണ് റവന്യൂ. അതിൽ പബ്ളിക് അണ്ടർ ടേക്കിംഗ്സിന് അവർ ചെലവാക്കിയത് രണ്ടായിരം കോടി രൂപയാണ്. ഏകദേശം പത്തിലൊന്ന്, കർണ്ണാടക പതിനേഴായിരം കോടി രൂപ. അവർ ചെലവാക്കിയത് ആയിരത്തി ഇരുന്നൂറ്റി അൻപത്തിയേഴു കോടി രൂപ, മഹാരാഷ്ട്ര മുപ്പത്തിമൂന്നായിരം കോടിരൂപ, അവർ ചെലവാക്കിയ്ത്, മൂവായിരം കോടിരൂപ. തമിഴ്നാട് പത്തൊൻപതിനായിരം കോടിരൂപ, പബ്ളിക് അണ്ടർ ടേക്കിംഗ്സിന് എക്സ്പെൻഡീച്ചർ രണ്ടായിരം കോടിരൂപ, വെസ്റ്റ് ബംഗാൾ പതിനയ്യായിരം കോടിരൂപ, ആയിരത്തിയഞ്ഞൂറ് കോടിരൂപ ചെലവാക്കി. ഏകദേശം പത്തു ശതമാനം, കേരളം, പതിനായിരം കോടിരൂപ, അതിൽ ചെലവാക്കിയത് 205 കോടിരൂപ,— നാണമില്ലേ നമ്മൾക്ക് ; എങ്ങനെ നമ്മൾ രക്ഷപ്പെടും ? നിങ്ങളുടെ കാലത്ത് ഇത്രയുമില്ല, നിങ്ങളുടെ കാലത്ത് ഇത്രയും കൊടുത്തിട്ടില്ല. അന്ന് നൂറ്റിയിരുപത് ; നൂറ്റിയറുപത് കോടിരൂപയാണ്. സുശീലാഗോപാലൻ കഴിഞ്ഞ ടേമിൽ കൊടുത്തത് ഇരുന്നൂറ്റി മുപ്പത് കോടി രൂപയാണ്. ബഡ്ജറ്റ് എടുത്തു നോക്കൂ. ഈ കാര്യം നിങ്ങളും ശ്രദ്ധിച്ചില്ല. അതുപോലെ പബ്ളിക് അണ്ടർ ടേക്കിംഗ്സ് നഷ്ടത്തിൽ പോയതുകൊണ്ടാണ് പ്രൈവറ്റുകാരെ ക്ഷണിച്ചുവരുത്തി അവർ മുതൽമുടക്കാൻ 'ജിം' ഉം മറ്റു കാര്യമൊക്കെ ചെയ്തത്. നിങ്ങൾക്ക് ഇത് തമാശയാണ്. ഈ സംസ്ഥാനത്ത് ആരെങ്കിലും വന്ന് മുതൽമുടക്കി സംസ്ഥാനത്തെ രക്ഷിക്കാമെന്നുവച്ചാൽ നിങ്ങൾ സമ്മതിക്കുകയില്ല.അതിനുള്ള പോംവഴി അതേയുള്ളൂ.

അതു കഴിഞ്ഞാൽ എനിക്ക് ഒന്നുരണ്ട് സജഷനാണുള്ളത്. ബഡ്ജറ്റ് പ്രൊവിഷൻ ജാസ്തിയാക്കുക, സ്വകാര്യ നിക്ഷേപകരെ ആകർഷിക്കുക. അതിന് നിങ്ങൾ സഹകരിക്കണം. ഞങ്ങളും സഹകരിക്കും. അവരെ ആകർഷിച്ച് ഇവിടെ കൊണ്ടുവരിക. അതാണ് ഞാൻ ബംഗാൾ ചീഫ് മിനിസ്റ്ററുടെ സ്റ്റേറ്റ്മെന്റ് വായിക്കാൻ കാരണം. ആന്ധ്രയിലും തമിഴ്നാട്ടിലും അതാണ് സ്ഥിതി. അടുത്ത സംസ്ഥാനമായ മദിരാശിയിൽ 4 ഇന്റർനാഷണൽ ലിങ്കുള്ള വലിയ മോട്ടോർ കമ്പനികൾ ഓരോന്നിലും 75,000 പേർ, 50,000 പേർ, 40,000 പേർ എന്ന നിലയിലാണ് തൊഴിലാളികൾ. അങ്ങനെ ഇവിടെ ഒന്ന് കൊണ്ടുവരാൻ കഴിഞ്ഞിട്ടില്ല. അല്ല, വന്നാൽ നിങ്ങൾ ആട്ടി ഓടിക്കുകയല്ലേ ? അതല്ലേ ഇവിടെയുള്ള ബുദ്ധിമുട്ട് ? 'ജിം'-ൽ തന്നെ പലരും വന്നു. അവരൊക്കെ മാറിമാറി പോകുകയല്ലേ ? ശ്രീ. മമ്മൂട്ടി പറഞ്ഞില്ലേ ? ബഹുമാനപ്പെട്ട പ്രധാനമന്ത്രി ഇപ്പോൾ ചൈനയിലാണ്. WTO-യുമായി സഹകരിച്ച് മുന്നോട്ട് പോകാനുള്ള എഗ്രിമെന്റിൽ ഒപ്പിട്ടിരിക്കുകയാണ്.

1.00 P.M.]

LIBRARY ARCHIVES Kerala Legislative Assembly

അതിനെയെങ്കിലും കാണാനുള്ള കണ്ണുണ്ടാകണം. നിങ്ങൾ എതിർക്കുന്നു. ചൈന തുടങ്ങിയ എല്ലാ രാജ്യങ്ങളും WTO- മെമ്പർമാരാണ്. WTO- ന്റെ വ്യാപാര ശൃംഖലയിൽ അവരുടെ വ്യാപാരം ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. നിങ്ങൾ ഇത് കണ്ടില്ല.

ശ്രീ. ബി. വിജയകുമാർ : സർ, ചൈനയിലെ വ്യവസായികളെ കണ്ടുപഠിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി, സർവ്വശ്രീ കോടിയേരി ബാലകൃഷ്ണനേയും ആര്യാടൻ മുഹമ്മദിനേയും, കെ.പി.സി.സി. പ്രസിഡന്റ് ശ്രീ. മുരളീധരനേയും ചൈനയിലയച്ചു. ചൈനയിൽപ്പോയി അവർ ഇതൊക്കെ കണ്ടപ്പോൾ അവർ മൂന്നുപേരുംകൂടി തലകുലുക്കി ഇത് നമ്മുടെ കേരളത്തിൽ കൊണ്ടുവന്നാൽ നല്ലതാണ് എന്ന് സമ്മതിക്കുന്ന ഒരു ഫോട്ടോ പത്രത്തിൽ വന്നു. കേരളത്തിൽ ഇറങ്ങിയപ്പോൾ അവരുടെ നിറം മാറി. ശ്രീ. കോടിയേരി ബാലകൃഷ്ണൻ പ്രസ്താവന മാറ്റി. ഇതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ് ?

ശ്രീ. എം. പി. ഗംഗാധരൻ : സർ, ഇതാണവരുടെ സ്വഭാവം. 1957-ൽ ഇടതുപക്ഷ ഗവൺമെന്റ് നമ്പൂതിരിപ്പാട് മുഖ്യമന്ത്രിയായി ഇവിടെ അധികാരത്തിൽ വന്നു. അതുവരെ തൊഴിലാളിവർഗ്ഗ ആധിപത്യത്തിന്റെ നേതാവായ മുഖ്യമന്ത്രി ഇ.എം. ശങ്കരൻ നമ്പൂതിരിപ്പാട് ഡൽഹിയിൽ പോയി പണ്ഡിറ്റ്ജിയെ കണ്ടതിനുശേഷം രണ്ടാമത് കണ്ടത് ബിർളയെയാണ്. അവിടെപ്പോയി സ്വകാര്യ സംരംഭകർക്കുവേണ്ടി മാവൂരിൽ കമ്പനി തുടങ്ങിയാൽ ടണ്ണൊന്നിന് ഒരു രൂപ നിരക്കിൽ മുള കൊടുക്കാമെന്ന് എഗ്രി ചെയ്തുകൊണ്ടാണ് അദ്ദേഹം ഇവിടെ മടങ്ങി വന്നത്. ഞാൻ ഇന്നും അദ്ദേഹത്തെ ആദരിക്കുന്നു. ഈ രാജ്യം രക്ഷപ്പെടാൻ അദ്ദേഹം സ്റ്റെപ്പെടുത്തു. ടി. വി. തോമസ് ജപ്പാനിൽ പോയി ഒന്നും ചെയ്യാൻ കഴിഞ്ഞിട്ടില്ല. ഇപ്പോൾ ശ്രീ. എ. കെ. ആന്റണിയും ശ്രീ. കുഞ്ഞാലിക്കുട്ടിയും സംരംഭകരെ വരുത്തി. നിങ്ങൾ സഹായിച്ചില്ല. നിങ്ങൾ അതിനെ എതിർക്കുകയാണ്. ബിർളയെകൊണ്ടുവന്ന് നമ്പൂതിരിപ്പാടിന് ചെയ്യാം. നിങ്ങൾ എന്തെല്ലാം നമ്പൂതിരിപ്പാടിനെതിരെ പറഞ്ഞാലും ഞാൻ ഇപ്പോഴും അദ്ദേഹത്തെ ബഹുമാനിക്കുന്നുണ്ട്. ആ കാലത്തും ബഹുമാനിച്ചിട്ടുണ്ട്. അദ്ദേഹത്തെ പോയി കണ്ടതുകൊണ്ട് എന്നെ പാർട്ടിയിൽനിന്നും സസ്പെന്റ് ചെയ്തു. ഞാൻ അദ്ദേഹത്തെ ബഹുമാനിക്കുന്നുണ്ട്. സംശയമൊന്നും വേണ്ട. നിങ്ങൾക്ക് ബഹുമാനമൊന്നുമില്ല. അതുകൊണ്ട് ഈ ഗവൺമെന്റിന് ഒരുപാട് അംബീഷൻസുണ്ട്. ആ അംബീഷനുകൾ നടക്കണം. ലോകം മുഴുവനും മുന്നോട്ട് പോകുന്നു. എന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. നമ്മുടെ രാജ്യവും മുന്നോട്ട് പോകുന്നു. നമ്മുടെ സംസ്ഥാനങ്ങൾ മുന്നോട്ട് പോകുന്നു. ഏതായാലും കുതിച്ചുചാട്ടം നടത്താൻ ഞങ്ങൾ ആലോചിക്കുന്നുണ്ട്. അതിനുള്ള ശ്രമവും ആരംഭിച്ചിട്ടുണ്ട്. അക്കാര്യത്തിൽ ശ്രീ. കുഞ്ഞാലിക്കുട്ടിയെ ഞാൻ അനുമോദിക്കുന്നു. ധൈര്യമായി മുന്നോട്ടു പോകണം. ആരെല്ലാം ചരട് പിടിച്ച് വലിക്കാൻ ശ്രമിച്ചാലും നിങ്ങളത് കേൾക്കേണ്ട. അതാണല്ലോ കേരളത്തിൽ സംഭവിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

ഖനനത്തെ സംബന്ധിച്ച് ഇവിടെ പറഞ്ഞല്ലോ. കരിമണലിനുവേണ്ടി സ്ഥലം എടുത്തു. ഇപ്പോൾ അതിനെ ആക്ഷേപിക്കുകയാണ്. ഞാൻ അവരോട് ചോദിക്കട്ടെ, അവിടെ ഒരു ഫാക്ടറി വേണ്ടേ. വേണ്ട എന്ന് പറയാമോ ? ആ സ്ഥലം ഇനി എന്ത് ചെയ്യും. ആർക്ക് കൊടുക്കും. ആര് വാങ്ങും. അതുകൊണ്ട് എനിക്ക് പറയാനുള്ളത് രണ്ട് കാര്യങ്ങളാണ്. പ്രൈവറ്റൈസേഷനുവേണ്ടി ശ്രമിക്കുക, മറ്റുള്ളവർ ചെയ്യുന്നതുപോലെ സംരംഭകരെ ക്ഷണിക്കുക. മുടക്കം വരുത്താതിരിക്കുക. കൃഷി, വ്യവസായം എന്നീ മേഖലകളിൽ അഭിവൃദ്ധി ലഭിക്കുവാനുള്ള ഒരു മോഡേൺ പ്ലാനിംഗ് ആവിഷ്ക്കരിച്ച് മുന്നോട്ട് പോകുന്നതിന് തയ്യാറാകുക. ഇവിടെ രണ്ട് കാര്യങ്ങൾ മാത്രമേ എനിക്ക് പറയാനുള്ളൂ. ഉമിനീർ കുടിച്ചതുകൊണ്ട് വയറു നിറയില്ല. ചെയ്യേണ്ട കാര്യങ്ങൾ വേണ്ട സമയത്ത് ചെയ്യുക. അതിൽ യോജിച്ച് ഉറച്ചു നിന്നാൽ മാത്രമേ നമുക്ക് മുന്നോട്ട് പോകാൻ കഴിയുകയുള്ളൂ. അതിന് പ്രതിപക്ഷവും ഗവൺമെന്റും ഒരുമിച്ച് യോജിച്ചു മുന്നോട്ട് പോകാൻ തയ്യാറാകണമെന്നഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനയെ വീണ്ടും പിന്തുണയ്ക്കുന്നു.

ഡോ. തോമസ് ഐസക് : സർ, കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിയമസഭയിൽ പ്രഖ്യാപിച്ചു വികസനത്തിന്റെ ലാസ്റ്റ് ബസ് അങ്ങനെ കാത്തുനിൽക്കുകയാണ് മിസ് ചെയ്യരുത് എന്ന്. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിക്കും വളരെ ഇഷ്ടമുള്ള ആപ്തവാക്യമാണ്. എന്ത് വിശ്വസിച്ചാണ് നിങ്ങളുടെ ബസിൽ ഞങ്ങൾ കയറുക ? നിങ്ങളോടൊപ്പമുള്ള യു.ഡി.എഫ്. അംഗങ്ങൾക്കെങ്കിലും അതിലൊന്ന് കയറാൻ പറ്റുമോ? ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ ബസിന്റെ കാര്യം പറഞ്ഞുകൊണ്ട് പ്രസ്താവിച്ചു സ്വകാര്യമൂലധനം, അതിനെ ഒഴിവാക്കാനാകില്ല എന്ന്. ഇവിടെ ആർക്കെങ്കിലും എതിർപ്പുണ്ടോ ?ആർക്കാ എതിർപ്പ്. എതിർപ്പുണ്ടെന്ന് അറിയാമെന്നുള്ളതുകൊണ്ടാണോ 'ജിം'-ൽ വന്ന് എതിർപ്പില്ലെന്ന് പറഞ്ഞത് ? പറ്റാവുന്ന മൂലധനം, വിദേശത്തുനിന്നും നാട്ടിൽനിന്നും കൊണ്ടു വരിക. ഞങ്ങൾക്ക് തടസ്സമൊന്നുമില്ല. എന്തിനാണ് തടസ്സം നിൽക്കുന്നത് ? എന്തിനാണ് എതിർപ്പ് ? ഈ വിദേശമൂലധനത്തേയും നാട്ടിലെ മൂലധനത്തേയും ഇങ്ങോട്ട് കൊണ്ടുവരുന്നതിന് വേണ്ടിയിട്ട്, ഇവിടത്തെ തൊഴിലാളികളുടെ അവകാശങ്ങൾ അടിയറവ് വയ്ക്കണമെന്ന് പറഞ്ഞാൽ നടക്കില്ല. ശ്രീ. സതീശിന്റെ പ്രസംഗം കേട്ടു. ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി ഒരു ചോദ്യത്തിന് മറുപടി പറഞ്ഞു. നിങ്ങൾ വന്നതിനുശേഷം തൊഴിൽ സമരംമൂലം ഒരു ഫാക്ടറി കേരളത്തിൽ പൂട്ടിയിട്ടുണ്ടോ? ഒരു ഫാക്ടറിയുടെ പേര് പറയാമോ ? ഈ സ്വകാര്യ മൂലധനത്തെ ക്ഷണിക്കുന്നതിന് വേണ്ടിയിട്ട്, അവരെ ആകർഷിക്കുന്നതിന് വേണ്ടിയിട്ട് നമ്മുടെ നാട്ടിലെ പൊതുമേഖലാ സ്ഥാപനങ്ങളെ അടച്ചു പൂട്ടുന്നതിനോട് ഞങ്ങൾ എതിരാണ്. നിങ്ങൾ അതാണ് ചെയ്യാൻ ശ്രമിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, നിങ്ങൾ ക്യാബിനറ്റിൽ വച്ച് അംഗീകരിച്ച ഇ.ആർ.സി. റിപ്പോർട്ട് പഠിച്ചിട്ടുണ്ടോയെന്ന് എനിക്കറിയില്ല. പഠിച്ചിട്ടാണ് പൊതുമേഖലയെ പുനഃസംഘടിപ്പിച്ച് കേരളത്തെ സംരക്ഷിക്കാൻ പോകുന്നു

LIBRARY ARCHIVES Kerala Legislative Assembly

എന്ന് പറഞ്ഞാൽ അതിന്റെ അർത്ഥം നിങ്ങളുടെ ബസിൽ കയറാൻ നിങ്ങൾപോലും തയ്യാറല്ല എന്നാണ്. പരസ്യമായി പറയാൻ തയ്യാറല്ല എന്നാണ്. ദീർഘമായ ഉദ്ധരണികൾ ഒഴിവാക്കിയിട്ട് ഞാൻ പറയട്ടെ, കേരളത്തിലെ അനുഭവങ്ങളൊക്കെ പരിശോധിച്ച് നിങ്ങൾ ക്യാബിനറ്റിൽ അംഗീകരിച്ച റിപ്പോർട്ടിൽ പറയുന്നതെന്താണെന്നറിയാമോ ? It can be inferred, that the reduction of losses will not be practicable if the managment of SLPEs is that need to be run is under state ownership. സ്റ്റേറ്റ് ഓണർഷിപ്പാണെങ്കിൽ ഇതിന്റെ നഷ്ടം കുറയ്ക്കാൻ പറ്റിയില്ല. അതിനുശേഷം ഈ പൊതുനയം പറഞ്ഞിട്ട് പ്രായോഗികമായ നടപടികളിലേക്ക് നീങ്ങുന്നതെന്നാണ് റിപ്പോർട്ടിൽ പറയുന്നത്. നിങ്ങൾ അംഗീകരിച്ച അപ്രോച്ച് പേപ്പറിൽ പറയുന്നത് 'The Government may move away from its ownership and financial support to State Level Public Enterprises, that meed to be run with commercial consideration. വാണിജ്യാടിസ്ഥാനത്തിൽ നടത്തേണ്ട പബ്ലിക് ഓണർഷിപ്പിൽനിന്നും അതിനുള്ള ധനപരമായ പിന്തുണയിൽനിന്നും സർക്കാർ പിൻവാങ്ങണം. എങ്കിലേ നടപ്പിലാക്കേണ്ടതുള്ളൂ. അതിന് പ്രയോരിറ്റീസുണ്ട്. 6 ഗ്രൂപ്പുകൾ. ഒന്നാം ഗ്രൂപ്പ് കേട്ടുകൊള്ളൂ. Enterprises having negative network and absolute products അവരെ ഇപ്പോൾ കശാപ്പ് ചെയ്യണം. lay of may be immideately implement in this ഒന്നാം ഗ്രൂപ്പ്. രണ്ടാം ഗ്രൂപ്പ് Enterprises that have negative network and an incurring continous losses because of various reasons എന്ത് ചെയ്യണം ? റീ സ്ട്രക്ചർ ചെയ്ത് അട്രാക്ട് പ്രൈവറ്റ് ഇൻവെസ്റ്റ്മെന്റ്, ഇതാണ് പറയുന്നത്. മൂന്നാമത്തെ ഗ്രൂപ്പ് Enterprises that have positive network but at incurring losses അവയെ വൺ ടൈം സെറ്റിൽമെന്റ് കൊടുത്ത് എന്തിന് വേണ്ടിയിട്ട് made more attractive for private investment. ഗ്രൂപ്പ് 4. Enterprises making profits with positive network അതുകഴിഞ്ഞുള്ള പാരഗ്രാഫിൽ പറയുന്നത്, and step may be taken to list this enterprise to stock exchange. ബാക്കി പിന്നെ സംരക്ഷിക്കാൻ ഏതാ പൊതുമേഖലാ വ്യവസായം കേരളത്തിൽ ? ഇതിന്റെ പുറത്താണ് ഞങ്ങളുമായിട്ട് സമവായം ഉണ്ടാക്കുന്നത്. ഞങ്ങളുടെ സാമാന്യബുദ്ധിയെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വ്യവസായ വകുപ്പുമന്ത്രിയും പരിഹസിക്കരുത്. നിങ്ങളുടെ ഈ റിപ്പോർട്ട്, ക്യാബിനറ്റ് അംഗീകരിച്ച ഈ നയം, ഇത് അംഗീകരിക്കുന്നതിന് യു.ഡി.എഫ് തയ്യാറുണ്ടോ? ഈ ബസിൽ കയറുന്നതിന് യു.ഡി.എഫ് തയ്യാറുണ്ടോ ? യു.ഡി.എഫ്-ന്റെ വ്യവസായ പുനഃസംഘടനയ്ക്ക് വേണ്ടിയുള്ള ഉപസമിതിയുടെ റിപ്പോർട്ട് എന്റെ കൈവശമുണ്ട്. ഞാൻ അത് പൂർണ്ണമായിട്ട് വായിക്കുന്നില്ല. ഒന്ന്, "ലാഭത്തിൽ നടക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭമുണ്ടാക്കാൻ കഴിയുന്ന തരത്തിൽ ശക്തമാക്കിയെടുത്ത് പുനഃസംഘടിപ്പിച്ച് പൊതുമേഖലയിൽ നിർത്തുക," ഞങ്ങൾക്ക് യോജിപ്പാണ്. രണ്ട്, "ഇപ്പോൾ നഷ്ടത്തിൽ നടക്കുന്ന, എന്നാൽ ലാഭത്തിൽ കൊണ്ടുവരാൻ കഴിയുന്നതുമായ പൊതുമേഖലാ സ്ഥാപനങ്ങളെ പുനഃസംഘടിപ്പിച്ച് പൊതുമേഖലയിൽ തന്നെ നിർത്തുക,"- ഞങ്ങൾക്ക് യോജിപ്പാണ്. മൂന്ന്, "പബ്ലിക് യൂട്ടിലിറ്റീസ് റീസ്ട്രക്ച്ചർ ചെയ്ത്

LIBRARY ARCHIVES Kerala Legislative Assembly

സാമ്പത്തിക അച്ചടക്കമുണ്ടാക്കി പ്രവർത്തനത്തിലൂടെ നഷ്ടമില്ലാതെയാക്കുക,"- ഞങ്ങൾക്ക് യോജിപ്പാണ്. നാല്, "ലാഭകരമായി പ്രവർത്തിപ്പിക്കാൻ ഒരു സാദ്ധ്യതയുമില്ലാത്ത മറ്റ് പൊതുമേഖലാസ്ഥാപനങ്ങൾ, തൊഴിലാളികളുടെ സഹകരണ സംഘത്തിന് ബി.ഒ.ടി വ്യവസ്ഥയിൽ സ്വകാര്യ മേഖലയ്ക്ക് ; ഒരു കാലത്തും ലാഭകരമാക്കാൻ പറ്റാത്ത പൊതുമേഖലാ സ്ഥാപനങ്ങളെ ബഡ്ജറ്റിൽ നിന്ന് എന്ത് നഷ്ടം സഹിച്ചും പൊതുമേഖലയിൽ തുടരണമെന്ന് ഞങ്ങൾക്ക് നിലപാടില്ല. ഈ നാലാമത്തെ ഉദ്ദേശം ചർച്ച ചെയ്യേണ്ടി വരും. ആകെ രണ്ട് ഫാക്ടറിയെ പറഞ്ഞിട്ടുള്ളു. തിരുവനന്തപുരം സ്പിന്നേഴ്സ്, അത് ലാഭകരമാക്കാൻ കഴിയില്ല. പുനലൂർ പേപ്പർ മിൽസ്, ചർച്ച ചെയ്യണം. എനിക്ക് വ്യവസായ വകുപ്പുമന്ത്രിയോട് ചോദിക്കാനുള്ള ചോദ്യം ഇതാണ്, നിങ്ങൾ ഇ.ആർ.സി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിലപാട് എടുക്കുന്നുണ്ടോ ; നിങ്ങളുടെ ക്യാബിനറ്റ് അംഗീകരിച്ച ആ നയത്തിൽ നിങ്ങൾ ഉറച്ച് നിൽക്കുന്നോ അതോ യു.ഡി.എഫ്.ന്റെ ഉപസമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഞങ്ങളുമായി ചർച്ച ചെയ്യാൻ തയ്യാറുണ്ടോ? ഞങ്ങളുടെ പ്രൊപ്പോസൽസ് നോക്കണ്ട. രാഷ്ട്രീയമായിട്ടുള്ള മുഴുവൻ ക്രെഡിറ്റും എടുത്തോളൂ. യു.ഡി.എഫ്-ന്റെ ഉപസമിതി ഇവിടെയുള്ള ബഹുമാനപ്പെട്ട മെമ്പർമാരടക്കം തയ്യാറാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചർച്ചയ്ക്ക് തയ്യാറുണ്ടോ ? ഉണ്ടെങ്കിൽ ഇന്ന് ആരംഭിക്കാം. ഞങ്ങളുടെ കൗണ്ടർ പ്രൊപ്പോസൽ ഇതാണ്. തയ്യാറുണ്ടോ ? ഇതാണ് ചോദ്യം. നമ്മുടെ പൊതുമേഖലാസ്ഥാപനങ്ങൾക്ക് ഇന്ന് എന്താണ് സംഭവിച്ചുകൊണ്ടിരിക്കുന്നത് ? അവർക്ക് വർക്കിംഗ് ക്യാപിറ്റലോ മാർജിൻ മണിയോ ബഡ്ജറ്ററി സപ്പോർട്ടോ നൽകിയില്ലായെന്ന് പറഞ്ഞ് അവയെയാകെ നാശത്തിലേയക്ക് നയിച്ചു. ഇ.ആർ.സി. പ്രകാരം ഇവയെ വിൽക്കുന്നതിനുള്ള ഏർപ്പാട് നിങ്ങൾ ഉണ്ടാക്കി കൊണ്ടിരിക്കുകയാണ്. ഞങ്ങളുടെ കൗണ്ടർ പ്രൊപ്പോസൽ ഇതാണ്. ഈ പൊതുമേഖലാ സ്ഥാപനങ്ങളിൽ manufacturing concerns മാത്രമെടുക്കാം. ഏറ്റവും പുതിയ പബ്ളിക് എന്റർപ്രൈസസ് റിപ്പോർട്ട് പ്രകാരം 118 കോടി രൂപയാണ് നെറ്റ്വർത്ത്. മൈനസല്ല. എന്നാൽ നമ്മുടെ കെമിക്കൽ ഇൻഡസ്ട്രീസും ആഗ്രോ ബെയ്സ്ഡ് ഇൻഡസ്ട്രീസും മാറ്റി കഴിഞ്ഞാൽ നഷ്ടം വരുന്ന നെറ്റ്വർത്ത് മൈനസാണ്. അതിനെന്താണ് വേണ്ടത് ?. സർക്കാരിന്റെ ലോംഗ് ടേം ലോണുണ്ട്, 379 കോടി രൂപ. അത് ഇക്വിറ്റി ആക്കു. ഇലക്ട്രോണിക് വ്യവസായ മേഖല ഒഴികെ ബാക്കിയുള്ളതിന്റെ നെറ്റ്വർത്ത് പോസിറ്റീവായി. നിങ്ങൾ എ.ഡി.ബി.യിൽ നിന്ന് പണം വാങ്ങുന്നുണ്ടല്ലോ ? പബ്ലിക് സെക്ടർ എന്റർപ്രൈസസ് റിഫോംസിന് വേണ്ടി 264 കോടി രൂപയുണ്ട്. ഇത്തവണ 84 കോടി രൂപ, ഈ വർഷം അവസാനിക്കുമ്പോൾ രണ്ടാം ട്രാൻസ്ഫർ കിട്ടത്തില്ലേ ? 264 കോടി രൂപയുണ്ടെങ്കിൽ വൺ ടൈം സെറ്റിൽമെന്റ്, rationalisation എന്തുവേണമെങ്കിലും ചർച്ച ചെയ്യാം. ഇതിൽ തന്നെ മാറ്റം വേണമെന്നല്ല പറയുന്നത്. ഓരോ ഫാക്ടറിയുടെയും അടിസ്ഥാനത്തിൽ ചർച്ച ചെയ്യാം. 264 കോടി രൂപ ഇതിന് ഉപയോഗിക്കു. ഇത്രയും ചെയ്യാൻ നിങ്ങൾ തയ്യാറാണെങ്കിൽ പാക്കേജ് ഉണ്ടാക്കി ഓരോ ഫാക്ടറിയും കമ്മിഷൻ അടിസ്ഥാനത്തിൽ വാണിജ്യ ബാങ്കിൽ നിന്ന് വർക്കിംഗ്

LIBRARY ARCHIVES Kerala Legislative Assembly

കൃാപിറ്റൽ വാങ്ങി നടത്തിക്കോളൂ. ഒരു ചാൻസ് കൊടുക്കു. ഇ.ആർ.സി. റിപ്പോർട്ട്, what are Chaudhary's credentials to write this report, എന്താണ് അദ്ദേഹത്തിന്റെ ക്രെഡൻഷ്യൽ ? ഐ.എം.ജി.യുടെ ഡയറക്ടർ ആയിരുന്നേക്കാം ? അല്ലെങ്കിൽ യൂറോ ഡവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടറോ ചെയർമാനോ ആയിരുന്നേക്കാം ? ഇന്നുവരെ വ്യവസായ മേഖലയിൽ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ ? അതിനുമുൻപ് കേരളത്തിൽ വ്യവസായ പഠനങ്ങൾ വളരെ കുറവായിരുന്നു. കൃഷിയെക്കുറിച്ച് മാത്രമാണുണ്ടായിരുന്നത്. ഇക്കണോമിക് ആന്റ് പൊളിറ്റിക്കൽ വീക്കിലിയിൽ മാത്രം ആറ് പഠനങ്ങൾ വന്നിട്ടുണ്ട്. ഈ ഓരോ പഠനവും ഇ.ആർ.സി. റിപ്പോർട്ടിന്റെ സ്പിരിറ്റിനും നിഗമനങ്ങൾക്കും എതിരാണ്. എന്തിന് വേണ്ടിയാണ് ഈ നിഗമനങ്ങളിൽ എത്തിച്ചേരുന്നത് ? അത് വായിക്കുമ്പോഴാണ് തമാശ തോന്നുന്നത്. ഇത്തരത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളെ തകർക്കുന്നത് എന്തിനുവേണ്ടിയാണ് ? പാരാ 1(6)-ൽ പറഞ്ഞിട്ടുണ്ട്, competitiveness of Kerala's Industrial destination" ജനങ്ങൾക്ക് തെളിയിച്ചു കൊടുക്കാൻ വേണ്ടിയാണ്. ഈ റിപ്പോർട്ട് അവസാനിപ്പിക്കുന്നത് എന്ത് പറഞ്ഞിട്ടാണ് ? ഈ റിപ്പോർട്ട് അവസാനിപ്പിക്കുന്നത്, സ്വകാര്യ വൽക്കരണം നടക്കേണ്ടത് എന്നല്ല ടി.എ. രണ്ടെണ്ണം വിദേശ ഏജൻസികളുടെ വേണം. എന്തുകൊണ്ട് വിദേശ ഏജൻസികൾക്ക് പോകണം. കാരണം ഞാൻ വായിക്കേണ്ട കാര്യം തന്നെയാണ്. The focus of the above stated international development agencies and bilateral donage to Kerala with duplication efforts will help to attract international attention and will result in great visibility of Kerala's Industrial sector". അത് ശരി. നിങ്ങളുടെ 'ജിം' വഴി വിദേശമൂലധനം വരാൻ വേണ്ടി കേരളത്തിലെ പൊതുമേഖലയെ കശാപ്പ് ചെയ്യുന്ന ഒരു എക്സിബിറ്റായിട്ട് ലോകത്ത് പ്രദർശിപ്പിക്കാൻ വേണ്ടി റിപ്പോർട്ട് എത്തിച്ചു. അത് നിങ്ങളുടെ കൃാബിനറ്റ് അംഗീകരിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ഞങ്ങളുമായിട്ട് സമവായമോ ? ഇനി സമവായത്തിനില്ല.

പരമ്പരാഗത മേഖലകളെക്കുറിച്ച് പറഞ്ഞു. ഈ ബഡ്ജറ്റിൽ പരമ്പരാഗത മേഖലകൾക്ക് വേണ്ടി എന്തുണ്ട് ? കണക്കുകൾ ഉദ്ധരിക്കുന്നതിന് നേരമില്ല. ഒറ്റ കണക്ക് മാത്രം പറയട്ടെ, കാഷ്യൂ സമരമാണല്ലോ ? ഒരു യു.ഡി.എഫ് മെമ്പർ ഈ സഭയിൽ കുത്തിയിരിക്കുമെന്ന് പറഞ്ഞല്ലോ ? അദ്ദേഹത്തിന്റെയെങ്കിലും അറിവിന് വേണ്ടി ഞാൻ പറയട്ടെ. ഞങ്ങളുടെ കാലം പോകട്ടെ. 2000-01, നിങ്ങൾ ഭരണത്തിൽ കയറിയ വർഷം പത്തൊൻപത് കോടി അറുപത് ലക്ഷം രൂപ നൽകി. ഈ വർഷം കെങ്കേമമായി, രണ്ട് കോടി രൂപ. കശുവണ്ടിക്ക്, കയറിന്, ഹാൻഡ്ലൂമിന് ഓരോന്നിനും ഈ രീതിയിൽ കുറച്ചിരിക്കുകയാണ്. 50 കോടി രൂപ എം.ജി.പി.യിൽ നിന്ന് എടുത്ത് ചെലവാക്കുമെന്ന് പറഞ്ഞു. എന്താണ് പരിപാടി ? എന്താണ് ചെയ്യാൻ പോകുന്നത് ? കാഷ്യൂവിനെ എന്താണ് ചെയ്യുന്നത് ? ഒന്നേ ചെയ്യാൻ പറ്റൂ. കയറ്റുമതി കൂടിക്കൊണ്ടിരിക്കുകയാണ്, കുറയുകയല്ല. പക്ഷേ പ്രശ്നമെന്താണ് ? കയറ്റുമതി കൂടിയിട്ടും കൂടിയിറക്കിന്റെ ഫലമായിട്ട് ഉള്ള തൊഴിലാളികൾക്ക് കൂലി കിട്ടുന്നില്ല. അവിടെയുള്ള ഇന്റർവെൻഷൻ എന്താണ് ?

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : Please conclude.

ഡോ. തോമസ് ഐസക് : സർ, ... (ബഹളം).....

മി. സ്പീക്കർ : ഞാൻ ഇരിക്കാൻ പറഞ്ഞില്ലല്ലോ.

ഡോ. തോമസ് ഐസക് : സർ,.....

മി. സ്പീക്കർ : അതു പറ്റില്ല. You can conclude.

ഡോ. തോമസ് ഐസക് : ഓരോ വ്യവസായത്തെയും കുറിച്ച് ഞങ്ങൾക്ക് ബദൽ പ്രൊപ്പോസലുണ്ട്. പണത്തിന്റെ പ്രശ്നമല്ല. പണമില്ലാതെ ചെയ്യാൻ പറ്റുന്ന എന്തെല്ലാം കാര്യങ്ങളുണ്ട്. പരമ്പരാഗത വ്യവസായ മേഖല relevant ആണെന്ന് ഞങ്ങൾ പ്രായോഗികമായി കാണിക്കാം. ബഹിഷ്ക്കരണമൊക്കെ തീരാൻ പോവുകയാണല്ലോ ? ഈ സർക്കാരിന്റെയോ ഡിപ്പാർട്ട്മെന്റിന്റെയോ യാതൊരു സഹായവുമില്ലാതെ കയർ വ്യവസായ പുനഃസംഘടന എങ്ങനെയാണ് നടത്തുന്നതെന്ന് ഞങ്ങൾ കാണിച്ച് തരാം. വരിക, കാണുക.

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) : സർ, കയർ മേഖലയിൽ 15 കോടി രൂപയുടെ ബഡജ്റ്റാണുള്ളത്. അതിൽ 9 കോടി രൂപ സംസ്ഥാനപദ്ധതിയും 6 കോടി രൂപ കേന്ദ്ര വിഹിതവുമാണ്. കഴിഞ്ഞ കാലങ്ങളിൽ കൂടുതൽ തുക കൊള്ളിച്ചിരുന്നില്ല. ഡോ. തോമസ് ഐസക് പറഞ്ഞതുപോലെ പത്താം പദ്ധതിയിൽ ചില ഐറ്റംസ് ഡ്രോപ്പ് ചെയ്തുകളഞ്ഞു. അതാണ് ഇതിനകത്തുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ. ചർച്ചചെയ്ത് കഴിഞ്ഞതിനുശേഷം ചില ഐറ്റംസ് തിരികെ എടുക്കാമെന്നുള്ള നിലയിൽ വന്നിട്ടുണ്ട്. ഇതിനുപുറമെ 500 കോടി രൂപയിൽ 100 കോടി രൂപയുടെ പുതുതായിട്ടുള്ള സ്കീമും കൊടുത്തിട്ടുണ്ട്. ഏതാണ്ട് 4 ലക്ഷത്തോളം തൊഴിലാളികൾ ഉൾക്കൊള്ളുന്ന മേഖലയാണിത്. ആ മേഖലയിൽ ഓർഡറിന് കുറവില്ല. ജോലി ചെയ്യുന്നതിന് ആള് കുറവില്ല. കഴിഞ്ഞ കൊല്ലത്തെക്കാൾ orders കൂടുതലാണ് ഈ കൊല്ലവും 2001-നെക്കാൾ കൂടുതലാണ് 2002-ൽ. 2002-നെക്കാൾ കൂടുതലാണ് 2003-ൽ. പക്ഷെ കയർ വ്യവസായ രംഗത്ത് പ്രതിസന്ധിയുണ്ട്. ചകിരി ഇല്ലായ്മയാണ് പ്രധാനമായിട്ടുള്ളത്. നമ്മുടെ നാട്ടിൽ ചകിരി തല്ലുന്ന മെഷീനെതിരെ സമരം നടത്തിയതിന്റെ ഫലമായി ഇവിടെ ഉണ്ടായിരുന്ന തൊണ്ടുതല്ല് മുഴുവൻ തമിഴ്നാട്ടിലേയ്ക്കും മറ്റ് സംസ്ഥാനങ്ങളിലേക്കും പോയി. ചകിരി ഉല്പാദനം ഇപ്പോൾ തമിഴ്നാടിന്റെ കുത്തകയായതിന്റെ അടിസ്ഥാനത്തിൽ ഇവിടെ ഡിഫൈബറിംഗ് യൂണിറ്റുണ്ടാക്കാൻ തീരുമാനിച്ചെങ്കിലും ഇന്നും ഫലപ്രദമായിട്ടില്ല. ഏതാണ്ട് 56 ഓളം ഡിഫൈബറിംഗ് യൂണിറ്റാണ് സ്ഥാപിച്ചത്, അതിൽ ഭൂരിപക്ഷവും ഇപ്പോൾ പ്രവർത്തിക്കുന്നില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. അതുകൊണ്ട് ചകിരി ഇല്ല എന്നുള്ളതാണ് ഇപ്പോൾ വന്നിരിക്കുന്ന ഏറ്റവും വലിയ ബുദ്ധിമുട്ട് ചകിരി ഇറക്കുമതി ചെയ്യാനും ഡീഫൈബറിംഗ് യൂണിറ്റുകൾ കോ-ഓപ്പറേറ്റീവ് സെക്ടറിൽ മാത്രം നിർത്താതെ പ്രൈവറ്റ് വ്യക്തികൾക്കും കൊടുത്ത് നമ്മുടെ നാട്ടിൽ ഉണങ്ങിപ്പോകുന്നതായ തൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

സംഭരിച്ച് ചകിരിയുണ്ടാക്കുന്നതിന് ശ്രമം നടത്തുകയാണ്. എവിടെയെല്ലാം, ലക്ഷദ്വീപിൽ നിന്നു കിട്ടുമോ എന്നു ആരാഞ്ഞും അതുപോലെ മറ്റ് രാജ്യങ്ങളിൽ നിന്നു കിട്ടുമോ എന്നുള്ള നിലയിൽ കേന്ദ്ര ഗവൺമെന്റിനോട് ഇറക്കുമതിക്കുംമറ്റും ലക്ഷദ്വീപിൽ ആള് പോയി അന്വേഷിച്ചും അംഗീകാരം ആവശ്യപ്പെട്ട് ചകിരികളാക്കി, ചകിരിയുടെ ദൗർലഭ്യം തീർക്കുന്നതിനുള്ള നടപടികൾ എടുക്കുന്നുണ്ട്. അതുപോലെത്തന്നെ ദീർഘകാലമായി ഈ വ്യവസായത്തിലുള്ള തകരാറ് അത് ഇന്നും യന്ത്രവത്ക്കരണത്തിന് എതിരായി നിന്നതുകൊണ്ട് ഇന്നിപ്പോൾ ഞാൻ മുമ്പ് പറഞ്ഞു ഓർഡർ കൂടുതലാണ്. ചകിരിയും കയറും മാത്രമല്ല ഇവിടെ വന്നിരിക്കുന്നത് 'ഫാക്ടറികൾ തൊഴിലാളികൾക്ക്' എന്ന് എഴുതിവച്ചിരിക്കുന്ന ഫാക്ടറികളിൽ പലയിടത്തും പ്ളാസ്റ്റിക്ക് മാത്രം ഉണ്ടാക്കുന്ന ഉല്പന്നങ്ങളാണ്. അതുപോലെത്തന്നെ കയറും ജൂട്ടുംകൊണ്ട് ഉണ്ടാക്കുന്ന ഉല്പന്നങ്ങളുണ്ട്. മറ്റ് സാധനങ്ങൾകൂടി ചേർത്താണ്, അവിടെ ചകിരിയുടെ കുറവാണ് വന്നത്. ചകിരിയുടെ കുറവ് വന്നതിന്റെ അടിസ്ഥാനത്തിൽ ചകിരിക്ക് വിലകൂടി. കൊണ്ടുവന്ന ചകിരി പിരിച്ചാൽ തൊഴിലാളിക്ക് കൂലിയില്ലാതാകുന്നു. ചകിരിക്ക് വിലകൂടിയതുകൊണ്ട് കയർ വാങ്ങാൻ തയ്യാറല്ലാതെ വാങ്ങുന്നതായിട്ടുള്ള ചെറുകിടകാർക്ക് ലാഭം കിട്ടാതെ വരുന്നു. അതാണ് ഈ രംഗത്തെ പ്രധാന ഇഷ്യു. അതിപ്പോൾ ഞാൻ ആരെയും കുറ്റം പറയുന്നതല്ല. ഒരു കാലഘട്ടത്തിൽ യന്ത്രവൽക്കരണത്തിനെതിരായി വന്നു. അതാതു കാലത്ത് ചെയ്യേണ്ടതായിട്ടുള്ള പ്രവൃത്തികൾ ആ കാലത്ത് ചെയ്യാതെ വന്നതിന്റെ ഫലമായിട്ടാണ് ഇങ്ങനെ വന്നത്. അതുകൊണ്ട് ചകിരി ഇറക്കുമതി ചെയ്യാതെ തൊണ്ട് സംഭരിച്ച് തല്ലിക്കാൻ ഡീഫൈബറിംഗ് യൂണീറ്റ് കൂടുതൽ കൊടുക്കാനും തീരുമാനിച്ചിട്ടുണ്ട്. അതുപോലെ കയർ രംഗത്ത് കുറെക്കൂടെ കയറിന്റെ സാദ്ധ്യത, ജൂട്ട് പഴയകാലത്ത് ചാക്ക് എന്നുപറഞ്ഞ് തള്ളുന്നതായിരുന്നു. ഇന്ന് ജൂട്ടിന്റെ സാദ്ധ്യത വളരെ കൂടുതലാണ്. ജൂട്ടുകൊണ്ട് രണ്ടായിരവും മൂവായിരവും രൂപ വിലയുള്ള സാരികൾ ഉണ്ടാക്കുന്നു. ചകിരിയുടെ സാദ്ധ്യത വർദ്ധിപ്പിക്കുന്നതിനുവേണ്ടി ആർ.എൽ.എ. ആദ്യമായിട്ടാണ് നമ്മൾ ആവശ്യപ്പെട്ടത്. കയർ ബോർഡിന് ഉണ്ടെന്നു പറഞ്ഞു. പക്ഷേ കയർ ബോർഡ് ഒന്നും നോക്കിയിട്ടില്ല. ഐ.സി.ആർ. ഇത് ഏറ്റെടുക്കണമെന്ന് ഞങ്ങൾ ആവശ്യപ്പെട്ടു. പക്ഷേ ഐ.സി.ആർ. എടുക്കുന്നില്ല ആർ.എൽ.എ-ക്ക് ഇവിടെ തുടങ്ങുന്നതിനു വേണ്ടിയിട്ടുള്ള പ്രൊവിഷനുണ്ട്. അതിൽ വന്നിരിക്കുന്ന 10 കോടി രൂപ ഇവർ തരാമെന്നു പറഞ്ഞുകൊണ്ട്, 200 കോടി രൂപയുടെ സ്കീം ഡിപ്പാർട്ടുമെന്റ് കൊടുത്തിരിക്കുകയാണ്. കയറും കയറുപിരിക്കുന്ന തൊഴിലാളികളും. കയർ രംഗത്ത് പ്രത്യേകതരം കയറു മാത്രമേ പിരിക്കൂ എന്നുള്ളതാണ് പ്രധാനപ്രവണത. അഞ്ചുതെങ്ങ് കയർ പിരിക്കുന്നവർ വൈക്കം പിരിക്കില്ല. മങ്ങാടൻ പിരിക്കുന്നവർ അഞ്ചുതെങ്ങ് പിരിക്കുകയില്ല. വൈക്കം പിരിക്കുന്നവർ അഞ്ചുതെങ്ങ് പിരിക്കുകയില്ല. പലപ്പോഴും കയറിനുവരുന്ന ആവശ്യം വൈക്കത്തിനാണ്. വൈക്കത്തിന് ഓർഡർ നിൽക്കുമ്പോൾ അഞ്ചുതെങ്ങുകാരന് തൊഴിലില്ലാതെ വരുന്നു. അതുകൊണ്ട് ഗവൺമെന്റ് ഈ വിധത്തിലുള്ള തൊഴിലാളികളെ കൂട്ടത്തോടെ ട്രെയിനിംഗ് നടത്തി എല്ലാകയറും

LIBRARY ARCHIVES Kerala Legislative Assembly

പിരിക്കുന്നതിനു അറിവും പരിചയവും ഉണ്ടാക്കാൻ നടപടിയെടുക്കുന്നതിനു ശ്രമം നടത്തുന്നുണ്ട്. ഗവൺമെന്റിനെക്കൊണ്ട് സാധിക്കുന്ന രീതിയിൽ കേന്ദ്ര ഗവൺമെന്റിനെക്കൂടി സമ്മതിപ്പിച്ച് ഹാന്റ്ലൂമിന് കൊടുക്കുന്നതുപോലെ വർക്ക്ഷെഡ് ഉണ്ടാക്കാൻ, വീടുണ്ടാക്കാൻ, കക്കൂസുണ്ടാക്കാൻ, ഇലക്ട്രിസിറ്റി കൊടുക്കാൻ, കുടിവെള്ളം കൊടുക്കാൻ ഇങ്ങനെ പല സ്കീമുകളും നടപ്പിലാക്കുന്നതിനുവേണ്ടിയിട്ടുള്ള നടപടിക്രമത്തിനുമുള്ള പണവും കൊള്ളിച്ചിട്ടുണ്ട്. അതുപോലെതന്നെ സാധാരണ നിലയിൽ കോ-ഓപ്പറേറ്റീവ് സെക്ടറുകൾക്ക് മാത്രമാണ് ഈ കാലഘട്ടത്തിൽ ഗവൺമെന്റിൽ നിന്ന് സഹായം കിട്ടിക്കൊണ്ടിരിക്കുന്നത്. ചില ഐറ്റങ്ങൾക്കും പ്രൈവറ്റ് വ്യക്തികൾക്കും സഹായം കിട്ടുന്നതിനു നടപടിയെടുക്കുന്നു. സ്വകാര്യ വ്യക്തികൾക്കും സബ്സിഡിയോടുകൂടി റാട്ടു വിതരണം, Defibering യൂണിറ്റുകൾ കൊടുക്കൽ എന്നിവ കൂടി Budjet proposal-ൽ ചേർത്തിട്ടുണ്ട്. കാലത്തിനനുസരണമായ മാറ്റമാണ്.

മി. സ്പീക്കർ : ഓർഡർ, ഓർഡർ.... മിനിസ്റ്റർക്ക് പുതിയ കാര്യങ്ങൾ വല്ലതും പറയാൻ ഉണ്ടെങ്കിൽ അത് ആദ്യം പറഞ്ഞിട്ട് വിമർശനത്തിന് അവസാനം പറഞ്ഞാൽ സമയം ചുരുക്കാം. അല്ലെങ്കിൽ പറയാനൊക്കാതെ അവസാനിപ്പക്കേണ്ടിവരും.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) : സർ, വ്യവസായത്തെക്കുറിച്ച് ഇന്നു നടന്ന ചർച്ചയിൽ ഏറ്റവും അവസാനം സംസാരിച്ച ഡോ. തോമസ് ഐസക് ഉൾപ്പെടെയുള്ളവരുടെ പ്രസംഗങ്ങൾ അന്തരീക്ഷത്തിൽ തങ്ങിനിൽക്കുന്നത് യോജിപ്പിന്റെ ഒരു സ്പിരിറ്റാണ്. ഞാൻ അത് അവഗണിക്കുന്നില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അംഗീകാരത്തോടുകൂടിത്തന്നെ വ്യവസായ വളർച്ചയെക്കുറിച്ചും ഞങ്ങൾ വളരെയധികം ചർച്ച ചെയ്തു. ഭരണത്തിൽ യു.ഡി.എഫും എൽ.ഡി.എഫും ആകുമ്പോൾ പല അഭിപ്രായവ്യത്യാസങ്ങളും ഉണ്ടാകും. എന്നാലും മാറിയ രാഷ്ട്രീയ കാലാവസ്ഥയിൽ ഡെവലപ്മെന്റും പ്രത്യേകിച്ച് വ്യവസായവൽക്കരണം എന്നുള്ളതിന് കഴിയുന്നതും ഒരു കൺസെൻസിനുവേണ്ടി ശ്രമിക്കണമെന്നുള്ള ബോധപൂർവ്വമായ ഒരു നിലപാട് എടുത്തുത്തന്നെയാണ് മുന്നോട്ടു പോയത്. അതുകൊണ്ട് വളരെ സൂക്ഷിച്ച് above പൊളിറ്റിക്കലായിട്ട് തന്നെയാണ് ഈ രണ്ട് വർഷക്കാലം നിലപാട് എടുത്തിട്ടുള്ളത്. പലപ്പോഴും നിക്ഷേപക രംഗത്തെക്കുറിച്ച് സംസാരിക്കുമ്പോൾ വളരെ ബോധപൂർവ്വംതന്നെ, വ്യവസായ വകുപ്പുമന്ത്രിയെന്നുള്ള കപ്പാസിറ്റിയെ ഞാൻ ഉദ്ദേശിക്കുന്നുള്ളൂ, രാഷ്ട്രീയമായ അഭിപ്രായ വ്യത്യാസം പറയുന്നുണ്ടെങ്കിലും ശരി, ഒരു കൺസെൻസിന്റെ ഭാഷയിൽ ബോധപൂർവ്വം സംസാരിക്കാൻ ഉണ്ടായ കാരണം കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഞാൻ വ്യവസായവകുപ്പു മന്ത്രിയായിരുന്നല്ലോ. പ്രതിപക്ഷ കക്ഷിനേതാവ് എന്ന നിലയ്ക്ക് കഴിഞ്ഞ തവണ ഇരിക്കുന്നുമുണ്ടായിരുന്നു. ആരാധ്യയായ സുശീലാഗോപാലന്റെ ഓരോ പ്രസംഗവും ഞാൻ ഇവിടെ കേട്ടുകൊണ്ടിരുന്നതാണ്. വ്യവസായവൽക്കരണത്തിന് അവർ എടുക്കുന്ന എല്ലാ

LIBRARY ARCHIVES Kerala Legislative Assembly

ശ്രമങ്ങളെക്കുറിച്ച്, ഇന്ന് ഏത് രീതിയിൽ ഞാൻ പറയുന്നുവോ അതേ ഊർജ്ജസ്വലതയോടുകൂടി അവസാനംവരെ പറഞ്ഞിട്ടുണ്ട്. ഗവൺമെന്റ് ഭാഗത്തു നിന്ന് പറയുന്ന കാര്യങ്ങളിൽ, കൂറച്ചേ വ്യത്യാസങ്ങൾ തോന്നാറുള്ളു. അവർ വളരെയധികം ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി. ശ്രമിച്ചിട്ടുണ്ട്. ഇൻഡസ്ട്രിയൽ മീറ്റ് നടത്തിയിട്ടുണ്ട്. ഈ അനുഭവങ്ങളൊക്കെ ഉള്ളപ്പോൾ വ്യവസായവൽക്കരണ രംഗമെന്നുള്ളത് വല്ലാതെ പൊളിറ്റിക്കലായി കൊണ്ടുപോകേണ്ട എന്നുള്ള ബോധപൂർവ്വമായ സമീപനം എടുത്തുകൊണ്ടു തന്നെയാണ് പോളിസി പറഞ്ഞപ്പോഴും ഇവിടെയുള്ള കൺസെൻസസും ഉൾക്കൊണ്ടേ ഞങ്ങൾ സംസാരിച്ചിട്ടുള്ളു. കാലാകാലങ്ങളിൽ ഗവൺമെന്റ് ചെയ്തതു തെറ്റാണെന്ന് ഒന്നും പറഞ്ഞിട്ടില്ല. അത് കഴിഞ്ഞ് ജിം നടത്തിയപ്പോഴുമൊക്കെ ഇവിടെ ഐ.ടി.-യുടെ ഒന്നുരണ്ട് പ്രോഗ്രാംസ് നടത്തിയപ്പോഴൊക്കെ പ്രതിപക്ഷത്തിന്റെ സഹകരണമുണ്ടായിരുന്നു. ഇത് ഇൻസിസ്റ്റ് ചെയ്യാനുള്ള കാരണം നിക്ഷേപകർ നോക്കുന്നത് ഗവൺമെന്റിന്റെ നേരെയല്ല. സ്റ്റേറ്റിന്റെ നേരെയാണ്. ഗവൺമെന്റ് പോളിസി നന്നായി എന്നു പറഞ്ഞതുകൊണ്ട് ഇവിടെ നിക്ഷേപകർ വരാൻ പോകുന്നില്ല. നിക്ഷേപത്തിന് സ്റ്റേറ്റ് റെഡിയാണോ അല്ലയോ എന്നുള്ളതാണ് പ്രശ്നം. മിനിഞ്ഞാന്ന് നമ്മൾ രണ്ട് സാമ്പത്തിക വിദഗ്ദ്ധന്മാർ നടത്തിയ ഒരു പ്രസന്റേഷൻ കണ്ടു. ബഹുമാനപ്പെട്ട പല മെമ്പർമാരും വന്നിരുന്നു. നേട്ടങ്ങളും കോട്ടങ്ങളും വളരെ നന്നായി അവിടെ പ്രസന്റേഷനിൽ കളർ ഇട്ട് അവതരിപ്പിച്ചു. ഇന്ത്യ ടു ഡേ അത് പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ഞാൻ പറയുന്നതിൽ യോജിക്കേണ്ടതും വിയോജിക്കേണ്ടതുമായ വിഷയങ്ങളുണ്ടല്ലോ, നമുക്ക് ചില കാര്യങ്ങളിൽ നാലാംസ്ഥാനമുണ്ട്. ഇന്ത്യയിൽ പല കാര്യങ്ങളിലും എന്നു പറയുന്നതിനോട് ശ്രീ. കെ. പി. രാജേന്ദ്രൻ വിയോജിക്കുകയില്ലല്ലോ ! നമുക്ക് നല്ല പൊസിഷനുണ്ട് എന്നാണ് ആ സ്റ്റഡിയുടെ ഏറ്റവും വലിയ കണ്ടെത്തൽ.

ഇതിനോട് വിയോജിക്കുവാൻ പറ്റുകയില്ല. ശ്രീ. രാജേന്ദ്രന്റെയും എന്റെയുമൊക്കെ പൂർവ്വികർ ഈ സംസ്ഥാനത്തു ശരിയായ പ്രോഗ്രസ്സീവ് പോളിസിയെടുത്ത് എക്സ്ചെക്കറിലെ പണം ഉപയോഗിച്ചുകൊണ്ടു സോഷ്യൽ, എഡ്യൂക്കേഷൻ തുടങ്ങി പീപ്പിൾ ഫ്രണ്ട്ലി ആയിട്ടുള്ള പദ്ധതികൾ നടത്തിയതിന്റെ, നേട്ടം കൊണ്ടുതന്നെ, ഞാൻ അതിൽ തർക്കിക്കുന്നില്ല. ഇൻഡ്യയിലെ മറ്റെല്ലാ സ്റ്റേറ്റിനെക്കാൾ കൂടുതൽ, അവരെടുത്ത പത്തുപതിനാല് ഘടകങ്ങളിൽ നമുക്ക് മുന്തിയ സ്ഥാനമാണുള്ളത്. വിദ്യാഭ്യാസത്തിൽ ഏതാണ്ട് ഗോവ, ഡൽഹി തുടങ്ങിയ ചെറിയ ചെറിയ സ്റ്റേറ്റുകൾ മാത്രമേ നമ്മുടെ മുന്നിലുള്ളു. നമ്മളിപ്പോൾ നല്ല പൊസിഷനിലാണുള്ളത്. പക്ഷേ അലാമിങ് ആയിട്ടുള്ള സ്ഥിതി എന്നു പറയുന്നത് ആ നേട്ടത്തിൽനിന്ന് നമ്മൾ പതുക്കെ താഴോട്ടു പോയിക്കൊണ്ടിരിക്കുന്നു എന്നുള്ളതാണ്. വിദ്യാഭ്യാസം സാമൂഹ്യക്ഷേമം ആരോഗ്യം എന്നീ രംഗങ്ങളിൽ മറ്റ് സ്റ്റേറ്റുകളിൽ ചിലത് നമ്മുടെ മുന്നിൽ വന്നുകൊണ്ടിരിക്കുന്നു. അപ്പോൾ നമ്മൾ യോജിക്കേണ്ട ഒരുപാട് കാര്യങ്ങൾ വരും. ഈ ബുക്ക് മുഴുവൻ സ്ഥിതിവിവരകണക്കുകളാണ്. അതിൽ യോജിക്കേണ്ട ഒരുപാട് കണക്കുകൾ ഉണ്ട്. സാമ്പത്തിക ശാസ്ത്രജ്ഞൻമാരുടെ അഭിപ്രായങ്ങളുണ്ട്. ഡോ. തോമസ് ഐസക് ഒന്ന് അവതരിപ്പിച്ചു, ചൗധരി

LIBRARY ARCHIVES Kerala Legislative Assembly

വേറൊന്ന് അവതരിപ്പിച്ചു. രണ്ടുംകൂടി കേട്ടാൽ ഞാൻ ബേജാറാകുകയില്ല കാരണം ഞാൻ സാമ്പത്തിക വിദഗ്ദ്ധനല്ല. രണ്ടുപേരും രണ്ടഭിപ്രായം പറയും. വിദഗ്ദ്ധൻമാരുടെ അഭിപ്രായങ്ങളെക്കുറിച്ചല്ല ചോദിക്കുന്നത്. സ്ഥിതിവിവരകണക്കുകൾ നിഷേധിക്കുവാൻ കഴിയുകയില്ല. അതുകൊണ്ട് നല്ല പോളിസിയെടുത്ത് നല്ല ഒരു പൊസിഷൻ കേരളം നേടണം. പക്ഷേ ആ മാപ്പിൽ നല്ല കളർ കൊടുത്ത് അവതരിപ്പിച്ച പല ഘടകങ്ങളിലും നമ്മളൊക്കെ രണ്ട്, മൂന്ന്, നാല് എന്നു പറയുമ്പോൾ ജസ്റ്റിസ് മനുഷ്യർക്ക് കിട്ടുന്ന കാര്യത്തിൽ, അതുപോലെതന്നെ ആരോഗ്യ പരിപാലനത്തിൽ, വിദ്യാഭ്യാസത്തിൽ ജനങ്ങളുടെ ക്ഷേമപ്രവർത്തനങ്ങളെക്കുറിച്ച് ഒക്കെത്തന്നെ പറയുമ്പോൾ നമുക്ക് അത്രയൊന്നും അഭികാമ്യമല്ലാത്ത ഒരു വസ്തുതയുണ്ട്. ഇക്കാര്യത്തിൽ നിശ്ശബ്ദത അംഗീകരിക്കുന്നതല്ല നല്ലത്. വെൽത്ത് ക്രിയേഷനുവേണ്ടിയുള്ള എക്കണോമിക് ആക്ടിവിറ്റി. അത് അംഗീകരിക്കുന്നതിൽ നമുക്കെന്താണ് ബുദ്ധിമുട്ട് ? നമ്മുടെ സാമ്പത്തിക വളർച്ച അത്ര നല്ലതല്ല. എൻ.ആർ.ഐ റമിറ്റൻസും അതുപോലുള്ള കാര്യങ്ങളും താല്ക്കാലിക മുട്ടുശാന്തി വിഷയങ്ങളുമായി നമ്മൾ പിടിച്ചു നില്ക്കുകയാണ്. സാമ്പത്തിക വളർച്ച നമുക്കില്ല. സാമ്പത്തികവളർച്ച സംബന്ധിച്ച് സൗത്തിലുള്ള സ്റ്റേറ്റുകൾക്ക് ഒരേ കളർ കിട്ടിയപ്പോൾ നോർത്തിലുള്ള ബീഹാറിന്റെയും യു.പി.യുടെയുംകൂടെ അവരുടെ കളർ കേരളത്തിന്, കടലോരത്തു കിടക്കുന്ന മനോഹരമായ ഈ സ്റ്റേറ്റിന് എങ്ങനെയാണ് കിട്ടിയത് എന്തുകൊണ്ട് വികസന അജണ്ട ഡിസ്ക്കസ് ചെയ്യുന്നില്ല ? ഞങ്ങൾ ചർച്ച ചെയ്യാൻ തയ്യാറാണെന്ന് ഡോ. തോമസ് ഐസക് പറഞ്ഞു. ഞാൻ വളരെ സന്തോഷിക്കുന്നു. പി.എസ്.യുവിന്റെ കാര്യംതന്നെ ഉദാഹരണമായിട്ടെടുക്കാം. പി.എസ്.യുവിന്റെ കാര്യത്തിൽ നിങ്ങളുമായിട്ട് സത്യത്തിൽ ഞങ്ങൾക്ക് ഒരു അഭിപ്രായവ്യത്യാസവുമില്ല. ഉദാഹരണമായി ചൗധരിയുടേതെന്നു പറഞ്ഞ് ഒരു പേപ്പർ വായിച്ചു. അത് തിയറെറ്റിക്കൽ അപ്രോച്ച് പേപ്പർ ആണെന്നു എത്രയോ തവണ ഞാൻ നിങ്ങളോടും. തൊഴിലാളികളോടും, ട്രേഡ് യൂണിയനുകളോടു പറഞ്ഞു. ചോദ്യോത്തരവേളയിലും പറഞ്ഞു. ഓരോ കേസിലും നിങ്ങളുമായിട്ട് ആലോചിക്കാൻ ഞങ്ങൾ തയ്യാറാണ്. ഞാൻ ആ നിർദ്ദേശം അപ്പാടെ സ്വീകരിക്കുന്നു. പബ്ലിക് സെക്ടറിന്റെ കാര്യത്തിൽ പൂർണ്ണമായി നിങ്ങളുമായി ആലോചിച്ച് ഒരു കൺസൻസസിന്റെ അടിസ്ഥാനത്തിൽ പോകാൻ ഗവൺമെന്റ് തയ്യാറാണ്. ഇപ്പോൾ ടെൽക്കിന്റെ കാര്യം പറഞ്ഞു. ടെൽക് ടേൺ എ റൗണ്ട് ചെയ്തു. ടെക്നോളജി വേണം. ടെക്നോളജിക്കുവേണ്ടി ഇക്വിറ്റി പാർട്ടിസിപ്പേഷൻ കൊടുക്കണം. എന്നാൽ അത് പൊതുമേഖലയിൽത്തന്നെ നിലനിർത്തണം. അതിന്റെ കാര്യത്തിൽ ഒരു ഹോപ്പുണ്ട് ; ഞാൻ ഉടനെ നടപടി സ്വീകരിച്ചില്ലേ ? അന്ന് എടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഹാർഡ് ആന്റ് ഫാസ്റ്റ് റൂൾ ആയിട്ട് നിന്നു. പക്ഷേ എല്ലാവരുംകൂടി ആലോചിക്കേണ്ട ഒരു വിഷയമാണ്. ഈ സ്റ്റേറ്റിനെ ഇൻവെസ്റ്റ്മെന്റ് ഫ്രണ്ട്ലി ആക്കിയെ മതിയാകൂ. അതിൽ എന്തിനാണ് നമ്മൾ തർക്കിക്കുന്നത് ? പ്രതിപക്ഷത്തിരിക്കുന്ന ആളുകൾ മാത്രമാണ് എല്ലാം ബ്ലോക്ക് ചെയ്യുന്നത് എന്നുള്ള അഭിപ്രായം എനിക്കില്ല. ഇവിടെ ഒരു മൈൻഡ്

LIBRARY ARCHIVES Kerala Legislative Assembly

സെറ്റിന്റെ പ്രോബ്ളമാണ്. ബംഗാളിനുണ്ട് ആ പ്രശ്നം. പല സ്റ്റേറ്റിനുമുണ്ട് ആ പ്രശ്നം. പ്രോഗ്രസ്സീവ് പോളിസി അടുത്തു നിന്നു പോകും. എക്സ്ചെക്കറിൽനിന്ന് എല്ലാം സാധിക്കുന്ന കാലംപോയില്ലേ. നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങൾ വന്നത് എങ്ങനെയാണ് ? എല്ലാ മേഖലയും ലിസ്റ്റ് ചെയ്തശേഷം ഒരു തിയറിയുടെ അടിസ്ഥാനത്തിൽ ഗവൺമെന്റ് വ്യവസായങ്ങൾ തുടങ്ങി. ഇന്ന് അതൊക്കെ നമുക്ക് അതേപടി നിലനിർത്താൻ കഴിയുമോ ? അതിനുള്ള പണം നമ്മുടെ കയ്യിലുണ്ടോ ? ഇനി അതേപടി നിലനിർത്തിയാൽ പർപ്പസസ് സെർവ് ചെയ്യുമോ ? ലക്ഷക്കണക്കിന് ആളുകൾ തൊഴിൽരഹിതരായുള്ള ഈ സ്റ്റേറ്റിൽ കേവലം എത്ര ആളുകൾക്കാണ് നമ്മുടെ പബ്ളിക് സെക്ടർ തൊഴിൽ കൊടുക്കുന്നത് ? അതല്ലേ പ്രശ്നം. പബ്ളിക് സെക്ടർ നിലനിർത്തുന്ന കാര്യത്തിൽ നമുക്ക് ആലോചിച്ച് തീരുമാനമെടുക്കാം. ആസ്ട്രൽ വാച്ചസ്, ആസ്പിരിൻ പ്ളാന്റ്, ഫാർമസ്യൂട്ടിക്കൽ തുടങ്ങിയ രക്ഷയില്ലാത്ത കമ്പനികൾ ഏതെങ്കിലും പ്രൈവറ്റ് സെക്ടറിന്റെ സാന്നിധ്യത്തിൽ റി-സ്ട്രക്ചറിംഗ് ചെയ്യണം. ഇന്നലെ ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥൻമാരുടെ ചർച്ചയിൽ ഞാൻ ഒരു ക്വസ്റ്റ്യൻ ചോദിച്ചു. ഇവിടെ ഈ ഡിബേറ്റും ബഹളവുമൊക്കെ നടക്കുമ്പോൾ ഏതെങ്കിലുമൊരു പബ്ളിക് സെക്ടർ കമ്പനിയിൽ പ്രൈവറ്റ് സെക്ടറുകാർ വന്ന് റി-സ്ട്രച്ചറിംഗ് പാർട്ടിസിപ്പേഷൻ ഉണ്ടാകുമെന്ന് നിങ്ങൾ കരുതുന്നുണ്ടോ എന്ന് ഞാൻ ചോദിച്ചു. ഹോപ്പ്ലസ് ആണ്. ഇങ്ങോട്ട് വരികയൊന്നുമില്ല. കമ്പനിയുടെ ആസ്തികളേക്കാൾ എത്രയോ ഇരട്ടി കൂടുതൽ ബാങ്കുകാർക്ക് കൊടുക്കണം. ആ സ്ഥിതി എന്നു പറയുന്നത് വളരെ പരിതാപകരമായ ഒരു അവസ്ഥയാണ്. അതുകൊണ്ട് ഇൻഡിവിഡുവലായിട്ട് ഡിസ്ക്കസ് ചെയ്യാൻ ഞങ്ങൾ തയ്യാറാണ്. ഓരോ കമ്പനിയെക്കുറിച്ചും അവിടുത്തെ ട്രേഡ് യൂണിയനോടും സെൻട്രൽ ട്രേഡ് യൂണിയനോടും പൊളിറ്റിക്കൽ പാർട്ടീസിനോടും നേതാക്കൻമാരോടുമൊക്കെ ഡിസ്ക്കസ് ചെയ്യാം. ഡിസ്ക്കസ് ചെയ്ത് അർജന്റായിട്ട് എന്തെങ്കിലും ചെയ്യാൻ പബ്ളിക് സെക്ടറിലെ ഇന്നത്തെ ഈ കമ്പനികളുടെ കാര്യത്തിൽ സാധിക്കും എന്നുള്ള തോന്നൽ എനിക്കില്ല. ഞാൻ തീസീസിന്റെ കാര്യം പറയുകയല്ല. ഞാൻ പറയുന്നത് എന്താണെന്നു വച്ചാൽ സ്റ്റേറ്റിനെ നമുക്ക് ഒരു ലോബിയാക്കണം. അതിന് എന്താണൊരു ബുദ്ധിമുട്ട് ? പൊളിറ്റിക്കലായിട്ട് എന്താണുള്ളത് ? നമ്മുടെ ഈ സോഷ്യൽ സ്റ്റേറ്റിൽ ഗവൺമെന്റ് ആക്ടിവിറ്റി സ്ക്കീംസൊന്നും നിലനിറുത്താൻ കഴിയുകയില്ല. അതിനെക്കുറിച്ച് എനിക്കറിയാം. പ്രതിപക്ഷത്തുള്ള പ്രധാനപ്പെട്ട രാഷ്ട്രീയ പാർട്ടികളൊക്കെ ഈ വിഷയം ചർച്ച ചെയ്യുന്നുണ്ട്. നമ്മൾ ഇവിടെത്തന്നയല്ലേ ജീവിക്കുന്നത് ; അതുകൊണ്ട് അറിയാമല്ലോ ? സി.പി.എം.-ന്റെ കാര്യം തന്നെ പറയാം. ഇൻഡ്യയൊട്ടുക്ക് ഒരു പോളിസി എടുത്താലല്ലേ സി.പി.എം.ന് നിലനിൽപ്പുള്ളൂ. ബംഗാളിലും ഇവിടെയും. രണ്ടിടത്തേയ്ക്ക് രണ്ടു പോളിസി പറ്റുകയില്ലല്ലോ ? ബംഗാൾ ഭരിച്ചുകൊണ്ടിരിക്കുന്ന ഒരു പാർട്ടിക്ക്, എൽ.ഡി.എഫ്.-നു തന്നെ ഈ ചലഞ്ചസ് മുഴുവൻ ഫേസ് ചെയ്യേണ്ടിവരും. ഈ ചലഞ്ചിനെ ഫേസ് ചെയ്തുകൊണ്ട് ഒരു പോളിസിയും, അവിടത്തെ ഒരു പോളിസിയും അന്ന്

LIBRARY ARCHIVES Kerala Legislative Assembly

തിയെറ്റിക്കൽ അതിനകത്ത് ഉണ്ടാകുകയില്ല. ഇൻഡസ്ട്രീസ് പോളിസിയുടെ ബംഗാളിൽ നിന്നുള്ള ചില ഡീറ്റെയിൽസ് എന്റെ കയ്യിലുണ്ട്. ഈ വ്യത്യാസമെന്നു പറയുന്നത്, നമ്മുടെ അപ്രോച്ചിൽ കാതലായ വ്യത്യാസം കാണുന്നില്ല. ഞാൻ വായിക്കുന്നൊന്നുമില്ല. ഇത്രയും പറയുന്നതിനു കാരണം ഗവൺമെന്റിനെക്കൊണ്ടു മാത്രം സാധിക്കുകയില്ല എന്നുള്ളതാണ്. 'ജിം'-ൽ ചർച്ച ചെയ്ത ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് പ്രോജക്ടൊക്കെ, തൊഴിൽ നല്കുകയില്ല എന്നൊക്കെ വിമർശനമുണ്ടല്ലോ ? ഇലക്ട്രിസിറ്റിയുൾപ്പടെ പ്രൈവറ്റ് സെക്ടർ വന്ന് പങ്കെടുത്തില്ലെങ്കിൽ ഗവൺമെന്റിനെക്കൊണ്ടു മാത്രം അതിന് സാധിക്കുകയില്ല എന്നുള്ള തിയെറ്റിക്കൽ കാര്യങ്ങളൊക്കെ ബംഗാൾ പോളിസിയിൽ കുറച്ചിട്ടുണ്ട്. വാട്ടർ സപ്ലൈ, പവർ സെക്ടർ, മറ്റ് ഇൻഫ്രാസ്ട്രക്ചർ ഇതൊക്കെ പ്രൈവറ്റ് സെക്ടറിൽ, ഇൻക്ലൂഡിംഗ് മിനറൽ ഫോറിൻ ഡയറക്ട് ഇൻവെസ്റ്റ്മെന്റ് വരെ ബംഗാൾ പോളിസിയിൽ വെൽകം ചെയ്തു. അതൊക്കെ മുന്നോട്ടു പോയിക്കൊണ്ടിരിക്കുമ്പോൾ , ഇവിടെയുള്ള അൺ എംപ്ലോയ്മെന്റ് റേറ്റ് കുറച്ചുകൊണ്ടിരിക്കുമ്പോൾ നമ്മൾ പരമ്പരാഗത വ്യവസായങ്ങളെയും അതുപോലെ തന്നെ അതിനകത്തുള്ള പ്രശ്നങ്ങളെയും കുറിച്ച് പരിതപിച്ചതു കൊണ്ടു മാത്രം കാര്യമുണ്ടോ ? പരമ്പരാഗത വ്യവസായങ്ങളെക്കുറിച്ച് പറയാം. പരമ്പരാഗത വ്യവസായ മേഖലയിലുള്ള പ്രശ്നങ്ങൾ എന്താണെന്നുള്ളത് പഠിക്കാനും ചർച്ച ചെയ്യാനും ഞങ്ങൾ തയ്യാറാണ്. എല്ലാവരും പറയുന്നത് എന്താണെന്ന് അറിയാമോ? ഫണ്ടിംഗ്.....ഫണ്ടിംഗ്. ഒരുപാട് സൊസൈറ്റികൾ...അതിൽ ബോഗസ് സൊസൈറ്റി ഉണ്ടാകാം. ഗവൺമെന്റിന്റെ വിലപ്പെട്ട പണം കുറേപ്പേർ അടിച്ചുകൊണ്ടുപോകും. കാലാകാലങ്ങളായി ട്രെഡിഷൻ നിലനിറുത്തണമെന്നുള്ളതല്ലാതെ വാസ്തവത്തിൽ ഈ വ്യവസായത്തിന്റെ നിലനില്പിനുവേണ്ടി ആരെങ്കിലും എന്തെങ്കിലും ചെയ്തോ ? ഇപ്പോൾ ഫിനാൻസ് മിനിസ്റ്റർ 500 കോടി രൂപ പ്രൊവൈഡ് ചെയ്യാമെന്ന് പറഞ്ഞിരുന്നു. കുറച്ചു പണം കിട്ടും. പത്തൻപതു കോടി രൂപ കിട്ടും. പരമ്പരാഗത വ്യവസായ മേഖലയിൽ ഈ രണ്ട് കൊല്ലത്തിനുള്ളിൽ ഉണ്ടായ സ്റ്റാറ്റിസ്റ്റിക്സിനെക്കുറിച്ച് ഇവിടെ. കമ്മ്യൂണിസ്റ്റ് അവറിൽ പറഞ്ഞു. പക്ഷേ പ്രശ്നമതല്ല. ലക്ഷക്കണക്കിന് ആളുകൾക്ക് തൊഴിൽ നല്കിക്കൊണ്ടിരിക്കുന്ന ഈ ഒരു മേഖല ആരോഗ്യത്തോടുകൂടി നിലനില്ക്കണം. അതാണ് പ്രശ്നം. റിബേറ്റ് കൊടുക്കുക, സബ്സിഡി കൊടുക്കുക എന്നുള്ള ഒരു വിഷയം മാത്രമല്ല ഈ രംഗത്തെ നമുക്ക് പരിപോഷിപ്പിച്ച് നിറുത്താനുള്ളത് എന്നു പറഞ്ഞു. പല സ്ഥലങ്ങളിലും ഇത് നന്നായി നടത്തുന്നുണ്ട്. ലേബർ മിനിസ്റ്റർ ഇന്ന് രാവിലെ സംസാരിക്കുമ്പോൾ പറഞ്ഞു, ഡിമാൻഡ് ഉണ്ട്. എന്താണ് കേരളത്തിൽ പരമ്പരാഗത മേഖലയിലുള്ള പ്രശ്നങ്ങളെന്ന് നമ്മൾ കാണണ്ടേ? ഒരുപാട് സൊസൈറ്റികളുണ്ട്. ഒരുപാട് പ്രോബ്ളമുണ്ട്. അധികം പ്രോബ്ളം ഈ സൊസൈറ്റികളാണ്. നേരാംവണ്ണം നടത്തുകയില്ല. കുറെ പൊളിറ്റിക്സുണ്ട്. പല സൊസൈറ്റികളിലും അക്കൗണ്ട്സ് ഒന്നും നേരെയല്ല. പരമ്പരാഗത വ്യവസായ മേഖലയിൽ ഒരു വലിയ പ്രോബ്ലമുണ്ട്. നമുക്ക് ഇതൊന്ന് ചർച്ച ചെയ്യണം. വ്യവസായ മേഖലയിൽ ഇൻഡിവിഡുവലായി സംരംഭകർ രംഗത്ത്

LIBRARY ARCHIVES Kerala Legislative Assembly

വരണം. ഡിസൈൻ നന്നാവണം. മാർക്കറ്റുണ്ടാകണം. അതുപോലെയുള്ള പ്രശ്നങ്ങളുണ്ട്. പരമ്പരാഗത വ്യവസായങ്ങൾക്ക് വലിയ മുൻഗണന കൊടുക്കാൻ ഗവൺമെന്റ് തീരുമാനിച്ചിരിക്കുകയാണ്. അപ്പോൾ വ്യവസായ മേഖലയിൽ പൊതുവേ സൈലന്റായിട്ടുള്ള, ബഡ്ജറ്റ് പ്രഖ്യാപനം വന്നു, ഫണ്ടും പ്രൊവൈഡ് ചെയ്തിട്ടുണ്ട്. സീരിയസ്സായി പി.എസ്.യു.നെക്കുറിച്ച് സംസാരിക്കാൻ തയ്യാറാണ്, പരമ്പരാഗത വ്യവസായത്തെക്കുറിച്ച് സംസാരിക്കാൻ തയ്യാറാണ്. വ്യവസായ അജണ്ട പൊളിറ്റിക്സിൽ നിന്ന് മാറ്റണം. ആ ഒരു തീരുമാനമെടുക്കാൻ പറ്റുമോയെന്നുള്ളതാണ് പ്രശ്നം. എന്തിനാണ് വ്യവസായ അജണ്ട രാഷ്ട്രീയത്തിനുവേണ്ടി ഉപയോഗിക്കുന്നത് ? വ്യവസായ അജണ്ട രാഷ്ട്രീയത്തിനുവേണ്ടി ഉപയോഗിച്ചാൽ ആരും ഗുണം പിടിക്കാൻ പോകുന്നില്ല. മൂന്ന് കൊല്ലം ഈ രംഗത്തെ ബ്ലോക്ക് ചെയ്ത് നിർത്തിയാൽ തെരഞ്ഞെടുപ്പ് കഴിഞ്ഞിട്ട് നിങ്ങളുടെ ഭാഗ്യം കൊണ്ടും ഞങ്ങളുടെ നിർഭാഗ്യം കൊണ്ടും അടുത്ത പ്രാവശ്യം അധികാരത്തിൽ വരുന്നത് നിങ്ങളാണെങ്കിൽ പിന്നെ ആദ്യം ക്ലീൻ സ്റ്റേറ്റിൽ തുടങ്ങേണ്ടേ? കയറിയ ഉടനെ നമ്മൾ ബ്ലോക്ക് ചെയ്യാൻ തുടങ്ങിയാൽ പാവപ്പെട്ട ജനങ്ങളുടെ സ്ഥിതിയെന്താകും ? അതുകൊണ്ട് നമുക്ക് ഒരു കൺസൻസസ് ഉണ്ടാക്കാം. ഡെവലപ്മെന്റ് അജണ്ട ഇതിൽ നിന്ന് മാറ്റാം. നമ്മുടെ നാട്ടിൽ എന്തെല്ലാം പ്രശ്നങ്ങൾ മുത്തങ്ങ,മാറാട്-ദിവസവും വീണുകിട്ടുകയല്ലേ ? പൊളിറ്റിക്കലായി അങ്ങോട്ടുമിങ്ങോട്ടും ഓരോ കാര്യങ്ങൾ .....(ബഹളം).....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ബഹുമാനപ്പെട്ട മന്ത്രി പ്രതിപക്ഷത്തിന്റെ സഹകരണം വേണമെന്നു പറഞ്ഞു. നിങ്ങൾ തമ്മിൽ തന്നെയല്ലേ ആദ്യം ഒരു പൊതുധാരണ ഉണ്ടാക്കേണ്ടത് ? ഭരണ മുന്നണിക്കകത്ത് തന്നെ യോജിപ്പ് ഇല്ലാതെ വരുമ്പോൾ ഞങ്ങളോട് ഈ സഹകരണം ചോദിക്കുന്നതിൽ എന്താണർത്ഥം ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : ഞാൻ തുടക്കം മുതൽ പറഞ്ഞു വരുന്നുണ്ട് ഞാൻ പറയുന്നത് എന്നോട് മാത്രമാണ് പ്രതിപക്ഷത്തോടല്ല എന്ന്. ഇത് ഒരു മൈൻഡ് സെറ്റിന്റെ പ്രോബ്ലമാണെന്ന് ഞാൻ പറഞ്ഞല്ലോ ? ഇപ്പുറത്തും ചില അഭിപ്രായങ്ങളുണ്ടല്ലോ ? ഡെവലപ്മെന്റ് അജണ്ടയെ കുറിച്ചുള്ള ചർച്ച പ്രതിപക്ഷവും ഭരണപക്ഷവും മാത്രമായിട്ടല്ല നടക്കേണ്ടത്. അത് ജനങ്ങളുടെയിടയിൽ നടക്കണം, മീഡിയായുടെയിടയിൽ നടക്കണം, പൊതുവിൽ നടക്കണം. കേരളത്തിന് ഒരു ഡെവലപ്പ്മെന്റ് അജണ്ട വേണം. ഡെവലപ്മെന്റ് അജണ്ട ആര് നന്നായി നടപ്പാക്കി എന്നുള്ളതിനെക്കുറിച്ച് നോക്കിയാണ് ഗവൺമെന്റുകളുടെ കഴിവ് വിലയിരുത്തുന്നത്. ചില വികസിത രാജ്യങ്ങളിലൊക്കെ അങ്ങനെയാണല്ലോ ? സ്റ്റോക്ക് എക്സ്ചേഞ്ചിലുണ്ടാകുന്ന sN dnb fluctuations പൊളിറ്റിക്കലായി ഭരണകർത്താക്കളേയുമൊക്കെ അഫക്ട് ചെയ്യും. എന്നുപറഞ്ഞതുപോലെ ഇവിടെ ആര് നന്നായി പെർഫോം ചെയ്തു എന്നുള്ളതിനെക്കുറിച്ച് പെർഫോമൻസിന്റെ ബേസിൽ നോക്കിയിട്ട് ബ്ലോക്ക് ചെയ്യുന്ന സ്ഥിതിയിലും തർക്കിക്കുന്ന സ്ഥിതിയിലും ഒരു സത്യമുണ്ട് എന്നുള്ളത് നമ്മൾ അംഗീകരിച്ചേ പറ്റൂ. എന്താണെന്നുവച്ചാൽ, നമ്മളെക്കുറിച്ച്

LIBRARY ARCHIVES Kerala Legislative Assembly

ഒരു ധാരണയുണ്ട്. അത് ആരുണ്ടാക്കി? ഇടതുപക്ഷമുണ്ടാക്കി, ഭരണപക്ഷമുണ്ടാക്കി എന്നൊന്നും ഞാൻ പറയുന്നില്ല. ഇപ്പോൾ കർണ്ണാടകയിലും തമിഴ്നാടിലും ഒരുപാട് കാർ കമ്പനികൾ വന്നു. ഫോർഡ് കമ്പനി എത്ര ആളുകൾക്കാണ് തൊഴിൽ നൽകുന്നത്? പതിനായിരക്കണക്കിന് ആളുകൾക്ക്. എത്രയാണ് അതിന്റെ എക്കണോമിക് ആക്ടിവിറ്റി? ഇന്റർനാഷണലായിട്ടുള്ള സകല കമ്പനികളും ഹൈദരാബാദിലേക്ക് പോയ്ക്കൊണ്ടിരിക്കുകയാണ്. നിരവധി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടുകളും മറ്റും പ്രധാനപ്പെട്ട സ്ഥാപനങ്ങളും ബാക്കിയുള്ളതും ബാംഗ്ലൂരിലേക്ക് പോയ് കൊണ്ടിരിക്കുന്നു. ഇത് നമുക്ക് അഭിമാനിക്കാവുന്ന ഒരു സ്ഥിതിയാണോ? ഇങ്ങോട്ട് കിട്ടണം. ഇതാണ് ഇപ്പോൾ ശ്രീമതി മെഴ്സി രവി സംസാരിച്ചപ്പോൾ പറഞ്ഞത്, സിലിക്കൺവാലി ആവാം. എന്തുകൊണ്ടും ഐ.ടി.യുടെ ഏറ്റവുംവലിയ ഡസ്റ്റിനേഷൻ ആവേണ്ടത് കേരളമാണ്. പക്ഷേ വരുന്നില്ല. എന്തുകൊണ്ടാണെന്ന് നമ്മൾ പരിശോധിക്കേണ്ടേ? കാർ കമ്പനികൾക്കും, വ്യവസായങ്ങൾക്കും ആനുകൂല്യം കൊടുക്കുന്നതിനെപ്പറ്റി പറഞ്ഞു. കുറച്ച് ആനുകൂല്യം കൊടുക്കണ്ടേ? എപ്പോഴും നമുക്ക് തന്നെ എല്ലാം സാധിക്കും, നമ്മൾ സർവ്വജ്ഞന്മാരാണെന്ന് പറഞ്ഞാൽ ശരിയാകുമോ? മറ്റ് സ്റ്റേറ്റുകളൊക്കെ ആനുകൂല്യങ്ങൾ കൊടുക്കുമ്പോൾ കേരളത്തിൽ യാതൊരു ആനുകൂല്യവും കൊടുക്കേണ്ടേ? നിങ്ങൾ മനസ്സുണ്ടെങ്കിൽ വന്നാൽ മതി എന്നാണോ? ഫോർഡ് കമ്പനിക്കാർക്ക് ജയലളിത കഴിഞ്ഞ പ്രാവശ്യം ആയിരം ഏക്കർ സ്ഥലം വെറുതെ കൊടുത്തു. ഇപ്പോൾ വോക്സ് വാഗൻ എന്ന ഒരു കാർ കമ്പനിയുടെ പുറകിൽ ഞങ്ങളും ഒന്ന് കൂടി നോക്കിയതാണ്. കേരളത്തിലേക്ക് ഒരു കാർ കമ്പനിയെ കൊണ്ടുവരാൻ പറ്റുമോയെന്നുള്ള നിലയ്ക്ക്. ആ കാർ കമ്പനി ഞങ്ങളോട് എഴുതി ചോദിച്ചു, മറ്റ് സ്റ്റേറ്റുകൾ ഇന്നയിന്നതൊക്കെ തരാമെന്ന് പറഞ്ഞിരിക്കുന്നു. കേരളത്തിന് എന്ത് തരാൻ പറ്റും? ഇപ്പോൾ വോക്സ് വാഗൻ ഇൻഡ്യയിൽ കമ്പനി തുടങ്ങാൻ നോക്കുകയാണ്. കാർ കമ്പനി വന്നാൽ എത്ര പേർക്ക് തൊഴിൽ കിട്ടുമെന്നറിയാമോ? എത്രയാണ് എക്കണോമിക്ക് ആക്ടിവിറ്റി എന്നറിയാമോ? അവർ നമ്മളോട് എഴുതി ചോദിച്ച ലിസ്റ്റ് വായിച്ചപ്പോൾ കണ്ണ് തള്ളിപ്പോയി. ഈ പറഞ്ഞ ആനുകൂല്യം കൊടുക്കേണ്ട, കൊടുക്കുന്നതിനെപ്പറ്റി ആലോചിക്കുന്നുവെന്ന് കേട്ടാൽ തന്നെ പുലിവാലാകും. സ്ഥലം വെറുതെ കിടക്കുകയാണ്. 250, 300 ഏക്കർ ജിം പദ്ധതിക്ക് സർക്കർ സ്ഥലം പ്രൈവറ്റ് പാർട്ടിക്ക് വിൽക്കുകയാണ് വടകര മെമ്പർ പറഞ്ഞു. ഉദ്യോഗസ്ഥന്മാരൊക്കെ ഗ്യാലറിയിലുണ്ട്. അവരോട് ചോദിക്കൂ. ഇത് ഏതായെന്നുള്ളത്. കെ.എസ്.ഐ.ഡി.സി.യുടെ യാതൊരു പ്രോജക്ടും, കേട്ടുകേൾവിയുടെ പേരിൽ അങ്ങ് നടക്കുകയാണ്. 280 ഏക്കറിൽ ഒരു ഐ.ടി. പ്രോജക്ടിന്റെ ഒരു പ്രൊപ്പോസലുണ്ടായിരുന്നു. അതുതന്നെ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പത്ത് പ്രാവശ്യം അഡ്വർടൈസ് ചെയ്തിട്ടുണ്ട് ഇതിനൊരു പ്രൈവറ്റ് പാർട്ടണറെ കിട്ടാൻവേണ്ടി, കിട്ടിയില്ല. എന്നാൽ മാറിയ സാഹചര്യത്തിൽ 'ജിം' വന്നപ്പോൾ ഒരാൾ വന്നു. ആ ആൾ വന്നപ്പോൾ തന്നെ അതിന്റെ വിവാദം കേട്ടപ്പോൾ ഞാനില്ല എന്നുപറഞ്ഞ് മെല്ലെ ഒഴിഞ്ഞു. ഇത് പുലിവാലാണെന്ന്

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞിട്ട് പോയി. ഇങ്ങനെയായാൽ എങ്ങനെ നമ്മൾ വ്യവസായം കൊണ്ടുവരും ? .....(ബഹളം)..... മെമ്പർ പറഞ്ഞത് ശരിയാണ്. എല്ലാ രാഷ്ട്രീയ പാർട്ടികളും ഒരുമിച്ച് പെരുമ്പാവൂർ റയോൺസിന്റെ കാര്യത്തിൽ മാത്രമല്ല, ഇപ്പോൾ പ്രൈവറ്റ് ഇൻവെസ്റ്റുമെന്റിനെക്കുറിച്ച് ഡോ. തോമസ് ഐസക് തന്നെ പറഞ്ഞല്ലോ, PSU is restructuring with private participation to a certain extent. ഞങ്ങൾ എതിർക്കുന്നില്ല എന്ന് പറഞ്ഞല്ലോ ? പ്രതിപക്ഷ നേതാക്കന്മാർ ഉൾപ്പെടെ എല്ലാ നേതാക്കന്മാരും പെരുമ്പാവൂർ റയോൺസിന്റെ പ്രൈവറ്റൈസേഷന് സമ്മതിക്കുന്നുണ്ട്. ഹൈക്കോടതി വിധിയുണ്ട്. ഏതു തീയതിക്കുള്ളിൽ അടച്ചുപൂട്ടാം എന്ന് ? പ്രൈവറ്റ് സെക്ടറിന്റെ ആഭിമുഖ്യത്തിൽ പുതിയ ടെക്നോളജിയുമായി. ഒരു ഇൻവെസ്റ്റർ വന്നതാണ്. കൊടുക്കുകയെന്നുള്ളതാണ്. അങ്ങനെയുള്ള കണ്ടീഷനിൽ ഓരോ യൂണിറ്റുമെടുത്ത് ചർച്ച ചെയ്യാമെന്നാണ് ഞാനും പറഞ്ഞത്. അല്ലാതെ ചൗധരിയുടെ പേപ്പർ ആപ്തവാക്യമാണ്, അപ്രോച്ച് പേപ്പറിൽ നിന്ന് അണുവിട മാറുന്ന പ്രശ്നമില്ല എന്നൊന്നുമുള്ള നിലപാട് ഞങ്ങൾക്കില്ല. ജിം-നെക്കുറിച്ച് പറഞ്ഞു. ജിം-ന്റെ ഏറ്റവും വലിയ നേട്ടമെന്നു പറയുന്നത് പ്രതിപക്ഷ നേതാവൊക്കെ വന്നതു തന്നെയാണ്. പ്രധാനമന്ത്രി വന്നു, മുഖ്യമന്ത്രി വന്നു, പ്രതിപക്ഷ നേതാവ് വന്നു. എല്ലാവരും വന്ന് ഒരുമിച്ചിരുന്ന് സംസാരിച്ചു. ഡെവലപ്മെന്റിന്റെ കാര്യത്തിൽ നമ്മൾ ഒന്നാണെന്ന് പറഞ്ഞു. അത് ലോകം ശ്രദ്ധിച്ചു. അതിനുശേഷം ഇൻഡ്യയിലും പുറത്തുമൊക്കെ നടന്ന പല മീറ്റിംഗുകളിലും എല്ലാവരും കേരളത്തെ റഫർ ചെയ്തു. Kerala is changing.....Kerala is a best State. എത്ര സ്റ്റഡി അതിനുശേഷം വന്നു. ആ സ്റ്റഡിയിലൊക്കെ നമുക്ക് മെച്ചം കിട്ടി. NASSCOM-ന്റെ സ്റ്റഡി വന്നു ഐ.ടി.യിൽ ഇൻഡ്യയിലെ ഏറ്റവും ബെസ്റ്റ് സിറ്റിയാണ് കൊച്ചി എന്നുപറഞ്ഞു. അങ്ങനെ ഒരു സ്പിരിറ്റ് നമുക്കും വരണ്ടേ? ആ ഒരു സ്പിരിറ്റ് വരുന്നതിന് നമ്മൾ പരസ്പരം പറഞ്ഞ് സമയം കളഞ്ഞും മേലും കീഴും പറഞ്ഞ് കളഞ്ഞിട്ട് എന്താണ് കാര്യം ? വിദ്യാഭ്യാസ രംഗത്ത് നിലവാര ഉയർച്ച വേണ്ടേ ? ഇൻഡസ്ട്രി യൂണിവേഴ്സിറ്റി ലിങ്കേജ് നമുക്ക് വേണ്ടേ ? മറ്റ് സംസ്ഥാനങ്ങളിലൊക്കെ യൂണിവേഴ്സിറ്റികളിൽ നിന്നാണ് ഐഡിയാസ് ഉണ്ടാകുന്നത്. അതാണ് ഇ വൻഷൻസ്. കൊമേഴ്സ്യൽ പ്രൊഡക്ഷനൊക്കെ വരുന്നത് അവിടെ നിന്നാണ്. അമേരിക്കക്കാരൻ കണ്ടുപിടിച്ചതൊക്കെ ഉപയോഗിക്കുക എന്നുള്ള സ്ഥിതി എല്ലാകാലത്തും മതിയോ ? കേരളത്തിന്റെ സാക്ഷരത. തറ,പറ പഠിച്ചതു തന്നെ വലിയ കാര്യം. 100 ശതമാനം തറ, പറ പഠിച്ചത് എന്നുപറഞ്ഞ് ഇരുന്നാൽ നമുക്ക് എല്ലാം ആയോ ? .....(ബഹളം)..... തറ,പറ,പന മാണി സാറിന്റെ തിരുത്തൽ ഞാൻ ഉൾക്കൊള്ളുന്നു. ഇത് പഠിച്ചവരാണ് നമ്മൾ നമുക്ക് ഇനി ഒന്നും വേണ്ട എന്നുപറഞ്ഞ് ഇരുന്നാൽ എല്ലാമായോ ? ഇതാണ് പ്രശ്നം. എഡ്യൂക്കേഷന് സ്റ്റാൻഡേർഡ് ഇല്ല. സംസാരിക്കാൻ വയ്യ. ഐ.ടി.യിൽ കാൾ സെന്റർ കമ്പനീസ്, പരമ്പരാഗത വ്യവസായത്തെക്കുറിച്ച് നമ്മൾ പറയുന്നു. പരമ്പരാഗത വ്യവസായങ്ങളെ പോലെ തന്നെ കമ്പ്യൂട്ടർ ഇന്ന് ഒരു ജീവനോപാധിയാണ്. കേരളത്തിൽ കമ്പ്യൂട്ടറും അതുമായി ബന്ധപ്പെട്ട ഇൻസ്റ്റിറ്റ്യൂട്ടുകളും കഫേയും മറ്റുമായിട്ട് എത്ര ആളുകൾ ജീവിക്കുന്നുവെന്ന് A cbntam?

LIBRARY ARCHIVES Kerala Legislative Assembly

ഈ സ്റ്റേറ്റിൽ പരമ്പരാഗത വ്യവസായം, ഓരോ മേഖല എന്നൊക്കെ പറഞ്ഞ് ആളുകൾ ജീവിക്കാൻ വേണ്ടി ഓരോന്ന് കണ്ടെത്തുകയല്ലേ ? ഈ കണ്ടെത്തുന്ന കൂട്ടത്തിൽ ഇപ്പോൾ ഒരുപകരണമാണ് കംപ്യൂട്ടർ. ഇതിന്റെ ഉപയോഗം ഒരുപാടുണ്ട്. ഏതെങ്കിലും വില്ലേജിൽ ഇരുന്നിട്ട് ഏതെങ്കിലും വിദേശ കമ്പനിക്ക് വേണ്ടി കോൺട്രാക്ടിൽ ജോബ് എടുക്കാൻ പറ്റും. എത്ര അഭ്യസ്തവിദ്യർ അത് ഉപയോഗിക്കുന്നുണ്ട്. ഐ.ടി. കമ്പനീസ്, കാൾ സെന്റർ കമ്പനീസ്, പതിനായിരക്കണക്കിന് ആളുകൾക്ക് ജോലി കൊടുക്കുന്നു. നമുക്കുള്ള തടസ്സം എന്താണ് ? കാൾ സെന്റർ കമ്പനീസിൽ ശരിക്ക് ഇംഗ്ലീഷുകാർക്ക് മനസ്സിലാകുന്ന രീതിയിൽ.മറ്റുള്ള രാജ്യക്കാർക്ക് മനസ്സിലാകുന്ന രീതിയിൽ ഇംഗ്ലീഷ് പറയാൻ വശമില്ല. വിദ്യാഭ്യാസത്തിന്റെ നിലവാരത്തകർച്ചയാണ് പ്രോബ്ലം . ടോക്കിംഗ് ഇംഗ്ലീഷിലുള്ള പ്രോബ്ലം. ഇംഗ്ലീഷിനോടുള്ള വിരോധം കൊണ്ടും, അതുപോലെ തന്നെ അതിനനുസരിച്ച് സംസാരിക്കേണ്ട എന്നു പറഞ്ഞാൽ എന്താണ് നമുക്ക് നഷ്ടപ്പെടുന്നത്. പതിനായിരക്കണക്കിനു ജോബ് ഓപ്പർച്ചൂണിറ്റീസാണ് നഷ്ടപ്പെടുന്നത്. പരമ്പരാഗത വ്യവസായം നിലനിർത്തണം. അത് വേണ്ടെന്നു പറയേണ്ട വല്ല കാര്യവും ഉണ്ടോ ? പരമ്പരാഗത വ്യവസായ മേഖല അഭിമുഖീകരിക്കുന്ന പ്രശ്നം അതിന്റെ രീതിയിൽ തന്നെ കൈകാര്യം ചെയ്യണം. തമിഴ്നാട്ടിലൊക്കെ ഇപ്പോൾ എത്ര കാൾ സെന്റർ കമ്പനീസാണുള്ളത്. പതിനായിരക്കണക്കിന് ആളുകൾക്കാണ് ജോലി കിട്ടുന്നത്. ഞാൻ എന്നും പറയാറുണ്ട്. ടെക്നോ പാർക്ക് നമുക്ക് നല്ല ഉദാഹരണമാണ്. ടെക്നോ പാർക്കിൽ നമ്മൾ മുടക്കിയിരിക്കുന്ന പൈസയും, കഴിഞ്ഞ അഞ്ചു വർഷം കൊണ്ട് അവിടെ നിന്ന് ഉണ്ടായിരിക്കുന്ന സാമ്പത്തിക നേട്ടവും വച്ച് നോക്കുകയാണെങ്കിൽ നല്ലൊരു ഫിഗറാണ്. ഫിനാൻസ് മിനിസ്റ്റർക്ക് അത് കാണിച്ചു കൊടുത്തു. എന്ത് കാശാണ് ഇവിടെ മുടക്കുന്നത്. തിരുവനന്തപുരത്തെ ഇക്കണോമിക് ആക്ടിവിറ്റീസിൽ ടെക്നോപാർക്കിന് വലിയ പങ്കുണ്ട്. അഞ്ച് വർഷത്തിനുള്ളിൽ ആയിരം കോടി ഉറുപ്പിക എന്നുള്ള കണക്ക്, ജി.ഡി.പി. ഇവയുടെ റോളിംഗ്, ഇതു വച്ചുള്ള വളർച്ച ഉണ്ടായിരുന്നു. ഞാൻ അതിന്റെ ഡീറ്റെയിൽസിലേക്ക് പോകുന്നില്ല. ഇതൊക്കെ നാട്ടിൽ നടക്കുന്നുണ്ട്. 'ജിം' കൊണ്ടുണ്ടായ ചെറിയ എവിഡന്റായിട്ടുള്ള സൈൻ. നമുക്ക് വ്യവസായം വരും എന്നുള്ളതിന്റെ സൈൻ. 1991-ൽ അന്നത്തെ യു.ഡി.എഫ്.-ന്റെ പോളിസിയിൽ പ്രയോറിറ്റി കൊടുത്ത രണ്ടു പ്രോജക്ടാണ് ടെക്നോ പാർക്കും, കിൻഫ്രാ പാർക്കുകളും. അന്ന് ഈ പാർക്കുകൾ വലിയ കാര്യമായിട്ടാണ് യു.ഡി.എഫ് കൊണ്ടുവന്നത്. പിന്നീട് എൽ.ഡി.എഫ്. ഗവൺമെന്റ് അത് പ്രോൽസാഹിപ്പിച്ചു. പക്ഷെ കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ കിൻഫ്രയിലെ എല്ലാ പാർക്കുകളും, പിന്നെ ബിൽറ്റപ്പ് ഏരിയയിലും പുതിയ വ്യവസായ അന്തരീക്ഷത്തിൽ ഒരുപാട് വ്യവസായങ്ങൾ വരാൻ തുടങ്ങി. എറണാകുളത്തെ കിൻഫ്രയുടെ പാർക്കിലെ മുഴുവൻ സ്ഥലവും വ്യവസായങ്ങൾക്കായി എടുത്തു കഴിഞ്ഞു. അവിടെ ഒഴിഞ്ഞു കിടന്നിരുന്ന ബിൽഡിംഗുകളും പോയി. കഴക്കൂട്ടത്ത് ഇതുപോലെ തന്നെ വ്യവസായത്തിനുവേണ്ടി പല പാർക്കുകളും നല്ല ശതമാനം ഫിൽ ചെയ്തു കഴിഞ്ഞു. ഇവിടെ ഒരു മെമ്പർ പ്രസംഗിച്ചപ്പോൾ പറഞ്ഞല്ലോ,

LIBRARY ARCHIVES Kerala Legislative Assembly

ഇതൊരു മാറ്റമാണ്, സൈൻ ആണ് എന്ന്. അതുകൊണ്ട് കേരളത്തിലെ പ്രത്യേകം മേഖലകൾക്ക് സപ്പോർട്ട് കൊടുത്തുകൊണ്ട് അവർക്ക് വേണ്ടതെല്ലാം വന്നു കഴിഞ്ഞാൽ നല്ല റിസൾട്ട് ഉണ്ടാകും എന്നതിനുള്ള ഉദാഹരണമാണ്. കരിമണൽ മേഖലയെക്കുറിച്ച് ഞാൻ പറയാം: പൊതുമേഖലയെക്കുറിച്ച് പറഞ്ഞതുപോലെ തന്നെ, ഞാൻ ഏറ്റവും കൂടുതൽ ആർഗ്യൂ ചെയ്തു വരുന്നത് കോൺസെൻസസിനാണല്ലോ. കോൺസെൻസസിനുവേണ്ടി ആർഗ്യൂ ചെയ്തു വരുമ്പോൾ ഇതിനിടയിൽ കോൺട്രവേഴ്സി ഇല്ലാതെ ഏകപക്ഷീയമായി തീരുമാനം എടുത്തു പോകുന്ന പ്രശ്നമില്ല. ഇതിനും ചർച്ച ചെയ്യാൻ തയ്യാറാണ്. ഫോം ആയിട്ട് പറയേണ്ട രംഗങ്ങളുണ്ട്. ചർച്ച ചെയ്യാം എന്നു പറഞ്ഞിട്ട് കേരളത്തിന്റെ പ്രത്യേക പരിത:സ്ഥിതിയിൽ ചില പ്രോജക്ട്സ് ബുദ്ധിമുട്ടാണ്, എൻവയോൺമെന്റ് പ്രോബ്ളമോ അങ്ങനെ എന്തെങ്കിലും ഉണ്ടെങ്കിൽ, വേണ്ടെന്നു വയ്ക്കാം. വെറുതെ പറ്റില്ല എന്നു പറഞ്ഞാൽ അത് ശരിയാകില്ല. പല വ്യക്തികൾക്കും, ശക്തികൾക്കും, പലർക്കും പല താൽപ്പര്യവും ഉണ്ടാകും. പൊളിറ്റിക്കൽ മാത്രമല്ല, പല കാര്യങ്ങളും വച്ച് ആരെങ്കിലും ഒരു സ്കെയർ ഉണ്ടാക്കി വിട്ട്, ഒരു ചർച്ച വച്ചിട്ട് അതിൽ ബഹളങ്ങളുണ്ടാക്കി, അതിന്റെ അടിസ്ഥാനത്തിൽ ആ പ്രോജക്ട് പോകുന്നത് മോശമാണ്. ഇത് കേരളത്തിന്റെ താൽപ്പര്യത്തിന് വിരുദ്ധമാണ്. അതുകൊണ്ട് കരിമണൽ ഖനനത്തെക്കുറിച്ച് സെൻട്രൽ, സ്റ്റേറ്റ് ഗവൺമെന്റ് സ്റ്റഡിയും അതുപോലെ തന്നെ ക്ളിയറൻസ് ബാക്കിയുള്ളതൊക്കെ ആ സമയത്ത് നമുക്ക് നോക്കാം. ഇപ്പോൾ ടെക്സ്റ്റൈൽ മില്ലുകളുടെ സ്ഥിതിയും വളരെ മോശമാണ്. ടെക്സ്റ്റൈൽ മില്ലുകളുടെ കാര്യത്തിൽ ഒരു പദ്ധതി, മോഡേണൈസേഷൻ പ്രോഗ്രാം കൊണ്ടുവരാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. മി. രാജേന്ദ്രനോടൊക്കെ ഞാൻ സംസാരിച്ചു. സമയം ഇല്ലാത്തതുകൊണ്ട് ഡീറ്റെയിൽസിലേക്ക് പോകുന്നില്ല. അതുപോലെ തന്നെ കെ.എസ്.ഐ.ഡി.സി. പ്രോജക്ട്, 'ജിം' പ്രോജക്ട് ഇവ സമയബന്ധിതമായി നടപ്പിലാക്കാൻ പോകുകയാണ്. ഇതിനകം യാതൊരു പ്രോബ്ലവും ഇല്ലാതെ പത്തുനാൽപ്പതു പ്രോജക്ടുകളാണ് ക്ളിയർ ചെയ്തത്. അതുപോലെ തന്നെ പത്തു പതിനൊന്നായിരം കോടി രൂപയുടെ പ്രോജക്ടുകളൊക്കെ വളരെ സ്പീഡിൽ മുന്നോട്ടു കൊണ്ടുപോകാൻ ഞങ്ങൾ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ചില സെക്ടറുകൾ, ഫുഡ് പ്രോസസിംഗ്, ബയോ ടെക്നോളജി, ഐ.ടി. എന്നിവയ്ക്ക് പ്രത്യേക ഊന്നൽ കൊടുക്കുകയാണ്. ഫുഡ് പ്രോസസിംഗ് എന്നു പറയുന്നത് വ്യാവസായികമായി വളരെയധികം പ്രാധാന്യം കൊടുത്തു മുന്നോട്ടു പോകുന്നതാണ്. ബാംബുവിനെ സംബന്ധിച്ച് ബാംബു മിഷൻ ഉണ്ടാക്കി അതിന്റെ വ്യാവസായികമായ വളർച്ചയെ മുന്നോട്ട് കൊണ്ടുവരാനുള്ള തീരുമാനം ഗവൺമെന്റ് എടുത്തിട്ടുണ്ട്. അതുപോലെതന്നെ ബയോടെക്നോളജിക്കും ഫുഡ് പ്രോസസിങ്ങിനും ഒക്കെ ഗവൺമെന്റ് നടപടി എടുത്തിട്ടുണ്ട്. P.S.U's ന്റെ കാര്യത്തിൽ ഒരു കാര്യം, ഡോ. തോമസ് ഐസക് ഉൾപ്പെടെയുള്ളവർ ശ്രദ്ധിക്കണം, ഉണ്ടായിരുന്ന ധാരണ തിരുത്തുകയാണ്. P.S.U's-ന് പണം കൊടുത്തില്ല എന്ന ധാരണ ശരിയല്ല.

LIBRARY ARCHIVES Kerala Legislative Assembly

പ്രൊപ്പോർഷണേറ്റായിട്ട് നോക്കുകയാണെങ്കിൽ എൽ.ഡി.എഫ്. ഗവൺമെന്റ് 5 വർഷം കൊണ്ട് കൊടുത്തതിനേക്കാൾ പണം രണ്ടു വർഷം കൊണ്ട് ഞങ്ങൾ കൊടുത്തു. പക്ഷെ പണം കൊടുത്തത് സാലറി പർപ്പസ്, അതുപോലുള്ള വർക്കിങ്ങ് ക്യാപ്പിറ്റലിനു മാത്രമല്ല. ശരിക്കും പ്രൊഫഷണൽ അഡ്വൈസിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് കൊടുത്തത്. അതുകൊണ്ട് ഇപ്പോഴത്തെ P.S.U.s-ന്റെ സ്ഥിതി എന്തെന്നു വച്ചാൽ നേരത്തെ 1996-ൽ 29 കമ്പനികൾ ലാഭത്തിൽ ഉണ്ടായിരുന്നു. കഴിഞ്ഞ അഞ്ചു വർഷം പന്ത്രണ്ടേ ഉണ്ടായുള്ളൂ. ആ പന്ത്രണ്ടും നമുക്ക് പ്രോഫിറ്റിൽ നിലനിർത്താൻ കഴിയുന്നു എന്നു മാത്രമല്ല എട്ട് കംപനികൾ നഷ്ടം കുറഞ്ഞ് പ്രോഗ്രസിൽ വന്നിട്ടുണ്ട്. ഇതൊക്കെ സ്ഥായിയായ അക്കൗണ്ടുകളാണ്. വി.ആർ എസ്സും., ഒ.ടി.എസും. ഇന്ന് നിർബന്ധം ആവശ്യമാണ്. അത് കൂടാതെ കഴിയില്ല. അതിന് സാമ്പത്തിക വിദഗ്ദ്ധൻമാരുടെ ഉപദേശം ആവശ്യമാണ്. കുന്നുകൂടി കിടക്കുന്ന കടവും വാസ്തവത്തിൽ ഓവർ ആയിട്ട് ആളുകളും ഉണ്ടായി. ആ വ്യവസായത്തെ സംരക്ഷിക്കാൻ ആരെക്കൊണ്ട് പറ്റും ? അതുകൊണ്ട് P.S.U's-ന്റെ കാര്യത്തിൽ വളരെ ആരോഗ്യകരമായ സ്ഥിതി , ചരിത്രത്തിൽ ആദ്യമായിട്ടാണ് ബഡ്ജറ്റിൽ ഇത്രയും തുക, 84 കോടി രൂപയാണ് P.S.U's -ന് കൊടുക്കാൻ വേണ്ടി വച്ചിരിക്കുന്നത്. എല്ലാ P.S.U. ഉം അടച്ചു പൂട്ടുമെന്നധാരണ തെറ്റാണ്. പ്രചരണം നടക്കുന്നതൊക്കെ ആസ്ട്രൽ വാച്ചസും, അസ്പിരിൻ പ്ലാന്റും ഒക്കെയാണ്. എന്റെ മണ്ഡലത്തിലെ ഡിറ്റർജന്റ് ഫാക്ടറിയൊക്കെയെടുത്തു പ്രചരണം നടത്തിയാൽ എന്തു ചെയ്യും ? ആ കമ്പനികൾ ആരു വിചാരിച്ചാലും ലാഭത്തിലാക്കാൻ പറ്റില്ല. ചില പ്രോബ്ളം ഉണ്ട്. അതുകൊണ്ട് വ്യവസായ രംഗത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്ന് ഇവിടെ ഇരുന്നപ്പോഴും എന്നോടു പറയുകയായിരുന്നു പൊളിറ്റിക്കലായിട്ട് ഒരു അറ്റ്മോസ്ഫിയർ വന്നിട്ടുണ്ട്. കൂടുതൽ യോജിപ്പുണ്ട്. പ്രതിപക്ഷവും നിയമസഭയിൽ കൂടുതൽ പോസിറ്റീവാണ്. 'ജിം'-ന് മുൻപ് നടന്ന ഒരു ഓൾ പാർട്ടി മീറ്റിംഗിന് ശേഷം ഏറ്റവും അഡ്വൈസായ അവസ്ഥയിലാണ് ഒരു ഓൾ പാർട്ടി മീറ്റിംഗ് നടന്നത്. ഏറെക്കുറെ കേരളത്തിന്റെ മെച്യൂരിറ്റി കാണുന്നു നമ്മൾ എന്നുള്ള ഒരു തോന്നൽ പുറത്തുണ്ടായിട്ടുണ്ട്. നിയമസഭയിലും, വ്യവസായ രംഗത്തും വളരെ ആരോഗ്യകരമാണ്. അതുപോലെ തന്നെ തുടർന്നും വളരെ നല്ല നിലയിൽ ചർച്ച നടത്താം. 'ജിം'-ന്റെ വിജയം പോലെ തന്നെ കേരളത്തിന് വ്യാവസായികവൽക്കരണവും ഈ സ്റ്റേറ്റ് ഇൻഡ്യയിലെ ടോപ്പ് സ്റ്റേറ്റ് എന്നുള്ള ഖ്യാതി നേടാൻ കഴിയും എന്നുള്ള പ്രതിജ്ഞ എടുക്കാൻ നമുക്ക് കഴിയണം. അതിന് ഗവൺമെന്റ് തയ്യാറാകണമെന്ന് പറഞ്ഞുകൊണ്ട് ഈ ഡിമാന്റ് പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ : ധനാഭ്യർത്ഥന നമ്പർ XXXVII- വ്യവസായം

സർവ്വശ്രീ കെ. പി. രാജേന്ദ്രൻ, ബിനോയ് വിശ്വം, പി. നാരായണൻ, മാങ്കോട് രാധാകൃഷ്ണൻ, കെ. രാധാകൃഷ്ണൻ, മഞ്ഞളാംകുഴി അലി. കെ. വി. കുഞ്ഞിരാമൻ, കോടിയേരി ബാലകൃഷ്ണൻ, കെ. പി. മോഹനൻ, വി. കെ. ചന്ദ്രൻ. ടി. കെ. ദേവകുമാർ, വി. സി. കബീർ, കെ. കെ. ജയചന്ദ്രൻ,

LIBRARY ARCHIVES Kerala Legislative Assembly

മത്തായി ചാക്കോ, വി. കെ. സി. മമ്മത് കോയ, എ. എ. അസീസ്. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ എന്നീ അംഗങ്ങൾ അവതരിപ്പിച്ച കട്ട്മോഷനുകൾ സഭ വോട്ടിനിട്ട് നിരാകരിച്ചു.

മി. സ്പീക്കർ : വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ ഏഴാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2003-2004 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെ പറയും പ്രകാരം വോട്ടു രേഖപ്പെടുത്തി)

AYES :72

1. Shri Kalathil Abdulla
2. Shri P. K. Abdu Rabb
3. Shri C. T. Ahammed Ali
4. Shri A. K. Antony
5. Shri E. M. Augusthy
6. Shri K. Babu
7. Shri Babu Divakaran
8. Shri R. Balakrishna Pillai
9. Shri P. K. K. Baya
10. Shri K. A. Chandran
11. Shri M. A. Chandrasekharan
12. Shri Domenic Presentation
13. Shri V. K. Ebrahim Kunju
14. Shri M. P. Gangadharan
15. Shri Prayar Gopalakrishnan

LIBRARY ARCHIVES Kerala Legislative Assembly

16. Smt. K. R. Gouri Amma
17. Shri M. M. Hassan
18. Shri T. M. Jacob
19. Shri P. J. Joy
20. Shri Varkala Kahar
21. Shri K. K. Nair
22. Shri P. K. Kunhalikkutty
23. Dr. M. A. Kuttappan
24. Shri K. Kutty Ahammed Kutty
25. Shri Ludy Luiz
26. Shri Mammen Mathai
27. Shri C. Mammootty
28. Shri K. M. Mani
29. Smt. Mercy Ravi
30. Shri K. Mohammed Ali
31. Shri E. T. Mohammed Basheer
32. Shri K. Mohan Kumar
33. Shri A. K. Moni
34. Shri C. Moyinkutty
35. Shri M. K. Muneer
36. Shri M. Murali
37. Shri K. Narayana Kurup
38. Shri Ezhukone Narayanan
39. Shri Oommen Chandy
40. Shri V. J. Poulose
41. Shri Adoor Prakash

LIBRARY ARCHIVES Kerala Legislative Assembly

42. Shri T. N. Prathapan

43. Shri G. Prathapa Varma Thampan

44. Shri Thiruvanchoor Radhakrishnan

45. Smt. Radha Raghavan

46. Shri M. V. Raghavan

47. Shri A. N. Rajan Babu

48. Shri K. K. Ramachandran Master

49. Shri U. C. Raman

50. Shri Thampanoor Ravi

51. Shri Roshi Augustine

52. Shri T. P. M. Sahir

53. Shri N. Sakthan

54. Shri P. Sankaran

55. Shri K. Sankaranarayanan

56. Shri V. D. Satheesan

57. Prof. Savithri Lekshmanan

58. Shri Kadavoor Sivadasan

59. Smt. Sobhana George

60. Shri Nalakathu Soophy

61. Shri K. Sudhakaran

62. Shri D. Sugathan

63. Shri A. Sujanapal

64. Shri C. F. Thomas

65. Prof. K. V. Thomas

66. Shri P. T. Thomas

LIBRARY ARCHIVES Kerala Legislative Assembly

67. Shri Thomas Chazhikadan

68. Shri Umesh Challiyil

69. Shri M. A. Vaheed

70. Shri K. C. Venugopal

71. Shri B. Vijayakumar

72. Shri K. P Viswanathan

NOES :28

1. Shri V. S. Achutanandan

2. Shri A. A. Azees

3. Shri Kodiyeri Balakrishnan

4. Shri A. K. Balan

5. Shri T. K. Balan

6. Shri Binoy Viswam

7. Shri V. K. Chandran

8. Shri T. K. Devakumar

9. Shri K. K. Jayachandran

10. Shri M. V. Jayarajan

11. Shri P. Jayarajan

12. Shri M. Kumaran

13. Shri K. V. Kunhiraman

14. Shri V. K. C. Mammed Koya

15. Shri Mathai Chacko

16. Shri K. P. Mohanan

17. Shri Pirappancode Murali

LIBRARY ARCHIVES Kerala Legislative Assembly

18. Shri C. K. Nanu

19. Shri K. Radhakrishnan

20. Shri Mankodu Radhakrishnan

21. Shri N. Rajan

22. Shri K. P. Rajendran

23. Shri Raju Abraham

24. Shri T. P. Ramakrishnan

25. Shri Saju Paul

26. Shri K. P. Satheesh Chandran

27. Smt. P. K. Sreemathi Teacher

28. Dr. Thomas Issac

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

അനുകൂലിക്കുന്നവർ -72

പ്രതികൂലിക്കുന്നവർ -28

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

പ്രമേയം പാസായിരിക്കുന്നു. ഗ്രാന്റ്, അനുവദിച്ചിരിക്കുന്നു.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2003 ജൂൺ മാസം 27-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 2 മണിക്ക് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly